
# ദൊന്ത്യ്

Christ College Magazine
08 - 09



# Christ College

Irinjalakuda

08-09

www.christcollegeijk.edu.in




# CHRIST COLLEGE MAGAZINE

## STUDENT UNION 2008-2009

| | | |
|---|---|---|
| Staff Editors | : | A.J. Thankachan |
| | : | B.P. Aravinda |
| Student Editor | : | Mahesh R. |
| Sub Editors | : | Vivek E.C. |
| | | Ajith Johnson |
| | | Shruthy K. |
| | | Nevin Jose Antony |
| Art Advise | : | Leo Paul |
| Design & Layout | : | Soju Kuriakose, Sarath Kumar |
| | | Anoop P.J. |
| Printing | : | Ebenezer, Tcr, Tel: 2360992 |
| Cover Page | : | Soju Kuriakose |

The opinions expressed in this publication are those of the writers concerned and not necessarily those of the college. The Christ College 2008-2009 Magazine of Christ College, Irinjalakuda, statement about ownership and other particulars about "DHENDHOOTTA" from IV (see rule - 8)

| | | |
|---|---|---|
| Place of Publication | : | Irinjalakuda |
| Periodicity of Publication | : | Annual |
| Publisher's Name | : | A.R. Davis |
| Nationality | : | Indian |

Published under the authority of magazine committee 2008-2009

DECLARATION

I hereby declare that the particulars given above are true to the best of my knowledge and belief

Sd/-

..........................



Principal

Rev. Fr. Dr. Jose Thekkan CMI




# IELM

PERFECT ENGLISH POINT

The purpose of IELM is to help students, teachers and people from all walk's of life communicate fluently in English, for it's just not all about what you speak, but it's also all about how you speak. We at IELM have professionals and motivating faculties from Bangalore, who trained and well equipped with the knowledge and skills of training and teaching fluently in communicative English to students/teachers/IT sectors and a wide range of professionals. In todays day to day life where competition is on the rise, it has become a requirement globally for people from all walk's of life to be able to have an absolute fluency in English, for those who lack these ingredient fall behind.

## Class Room and Assembly Activity (For Students)



- News Reading (Headlines)
- Sports News
- Thought of the day
- Quote of the day
- G. K. Question
- Words and Phrases
- Riddles
- Amazing Facts
- Situational Conversation
- Debate
- Group Discussion
- Speech
- Teachers time on the mike
- Flag of Honour
- Rolling Trophy
- Teachers Interview
- Time on the Mike
- Sentence Structure
- Questions and Answer Sessions
- Telephonic Conversation
- Voice Modulation and Tone
- Tenses/Parts of Speech/Vowels (Grammar)
- Reading Skills
- Readers Traffic Signals
- Student and Teacher
- Learning with Fun (Puzzles, games, quiz, riddles, outdoor activities)
- Mock Interview Sessions
- Reading Sessions
- Share Your Thought
- Mother Tongue Influence







**Classes now started in**

Christ College, St. Joseph College, Ijk.
Academic Director
Christopher Gotting
Contact No - 09645487749 (Kerala)

Christ College Magazine



Manager
Rev. Fr. Jose Stephen Menachery CMI



Bursar
Rev. Fr. Anil Konkoth CMI



Prof. A.J. Thankachan
Staff Editor



Prof. B.P. Aravinda
Staff Editor




Prof. K.J. Babu
Staff Advisor



Prof. V.A. Thomas
Fine Arts Co-ordinator




P.B. Rameshkumar
9847314444
0484-2484259
0484-2484249
0484-2484269
0484-2482449 (R)
LAKSHMI
GRANITE & MARBLES
MOOTHAKUNNAM, ERNAKULAM Dt., KERALA, PIN-683 516
Wholesale Dealers in:-
MARBLES, GRANITES, MIRROR POLISHED TILES

# 'മരണത്തിലും നീതി കിട്ടാത്തവർ'






ഞാൻ അപ്പൂപ്പൻ താടി...

അമ്മയുടെ ശാസനകളും
സ്നേഹോപദേശങ്ങളും മറികടന്നു
മുന്നിൽ കണ്ട പാതയിൽ
നിറഞ്ഞ കൗതുകത്തിലേക്ക് ഞാൻ
യാത്ര തുടങ്ങുന്നു. കൂട്ടിനായി
പക്വതയുടെ ഈ നരച്ചതാടിയുണ്ട്.
മുന്നോട്ടു നയിക്കാൻ അപരിചിതമായ
കാഴ്ചകളും ചിത്രങ്ങളും.

ഒരു ജീവച്ഛവമായി, വളർച്ചയെത്താതെ
അമ്മയുടെ ഗർഭപാത്രത്തിൽ
മുരടിച്ചിരിക്കാൻ എനിക്കിഷ്ടമില്ല.
മറ്റുള്ളവരെപ്പോൽ പറന്നേറെ ദൂരം
ചെല്ലുമ്പോൾ വീണ് വള്ളിയായ് പടരാനും...

മുന്നിൽ തെളിയുന്ന ഓരോ ദൃശ്യങ്ങൾക്കും
കാതിൽ പതിക്കുന്ന ഓരോ
സ്വരങ്ങൾക്കും പുതിയ മാനങ്ങൾ
തിരയാൻ ഞാൻ കൊതിക്കുന്നു.
സ്വയം തിരഞ്ഞെടുത്ത പാതയിലൂടെ
സ്വയം നയിക്കപ്പെട്ട് അറിയാനും,
അറിയപ്പെടാനും കൊതിക്കുന്ന പുതിയ
തലമുറയുടെ ഭാഗമാണ് ഞാൻ.
വരുംകാലത്തിന്റെ ചരിത്രം കുറിക്കാനായി
നിയോഗിക്കപ്പെട്ടവരിൽ ഒരാളാണ് ഞാൻ.
നിങ്ങളിൽ ഒരാളായ
അപ്പൂപ്പൻ താടിയാണ് ഞാൻ.





സന്ദീപ്,

ഭാരതത്തിലെ •

ലക്ഷക്കണക്കിന് യുവാക്കൾക്ക്

നീ മാതൃകയായി.

നിന്റെ മരണത്തോട്

ഞങ്ങൾക്ക് നീതി പുലർത്താനായില്ല...


മാപ്പ്...

# SANDHEEP UNNIKRISHNAN



MADHAVIKUTTY


“ഞാൻ മരിച്ചാൽ
മാംസാസ്ഥികൾ ദൂരെയെറിയരുത്
പകരം, അവ കുന്നുകൂട്ടി വയ്ക്ക,
അവയുടെ ഗന്ധത്തിലൂടെ
അവ പറയട്ടെ;
ഈ ഭൂമിയിൽ
ജീവിതത്തിന് എന്തുമൂല്യമുണ്ടായിരുന്നുവെന്ന്
അന്ത്യത്തിൽ
സ്നേഹത്തിന് എന്ത് വിലയുണ്ടായിരുന്നുവെന്ന്”


സ്മൃതിയായെങ്കിലും മഹാരഥരെ
ജീവിച്ചിരിപ്പൂ ഹൃദയങ്ങളിൽ നിങ്ങൾ



# Inspiration



വിദ്യാർത്ഥികൾക്ക്
എന്നും പ്രോത്സാഹനമായ
വ്യക്തിത്വമാണ്
നമ്മുടെ മുൻ രാഷ്ട്രപതി
ഡോ. എ.പി.ജെ. അബ്ദുൾകലാം.
അദ്ദേഹവുമായുള്ള
ഒരു അഭിമുഖം ഞങ്ങളുടെ
വലിയ സ്വപ്നമായിരുന്നു.
അതിപ്പോഴും
സ്വപ്നമായി തന്നെ
അവശേഷിക്കുന്നു.
യുവാക്കളോടുള്ള
അദ്ദേഹത്തിന്റെ സന്ദേശവും
വികസിത ഇന്ത്യയ്ക്കായുള്ള
അദ്ദേഹത്തിന്റെ വീക്ഷണവും
ഈ മാഗസിനിലൂടെ
ഞങ്ങൾ നിങ്ങൾക്ക് സമർപ്പിക്കുന്നു.



വിദ്യാർത്ഥികളുടെയും യുവാക്കളുടെയും പ്രാഥമിക ശ്രദ്ധ ഊന്നപ്പെടേണ്ടത്, തങ്ങളുടെ പഠനത്തിൽ മികവ് പുലർത്തുന്നതിനായിരിക്കണം. രാജ്യത്തിന്റെ വികസനത്തിന് അവർക്ക് നൽകാവുന്ന ആദ്യത്തെ സംഭാവനഇതാണ്. അന്വേഷണപരവും സൃഷ്ടിന്മുഖവും സാങ്കേതികത്വവും സംരംഭകത്വപരവും ധാർമ്മിക നേതൃത്വം സംബന്ധിച്ചതുമായ ത്വരകൾ വിദ്യാർത്ഥികളുടെ മനസ്സുകളിൽ സന്നിവേശിപ്പിക്കുന്നതാവണം വിദ്യാഭ്യാസ വ്യവസ്ഥ. ഈ അഞ്ച് കഴിവുകൾ എല്ലാ വിദ്യാർത്ഥികളിലും നമുക്ക് വികസിപ്പിച്ചെടുക്കുവാനായാൽ സ്വയം നിയന്ത്രിതനും സ്വയം ഗതി നിർണ്ണയിക്കുന്നവനും ആജീവനാന്തം പഠിപ്പ് തുടരുന്നവനുമായ "സ്വന്തം നിലയ്ക്ക് പഠിക്കുന്ന" വിദ്യാർത്ഥിയെ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. അയാൾക്ക് അധികാരശേഷിയും ശരിയായ രീതിയിൽ അധികാരത്തെ ചോദ്യം ചെയ്യുവാനുമുള്ള കഴിവും ഉണ്ടാകും. സംഘടിതമായി 'സ്വയം സംഘടിത ശൃംഖലയെന്നോണം' ഇന്ത്യയെ വികസിത രാജ്യമാക്കുവാൻ യോജിച്ചു പ്രവർത്തിക്കുന്ന നേതാക്കളാവുക ഇവരത്രെ. 2020 ന് മുമ്പ് ഇന്ത്യയ്ക്ക് വ്യതിരിക്തമായ രൂപം നേടുവാനും ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുവാനുമുള്ള ചുമതല നമുക്കുണ്ട്. സംയോജിത പ്രവർത്തനത്തിൽ തികഞ്ഞ കാര്യക്ഷമത പുലർത്തേണ്ടുന്ന അഞ്ച് മേഖലകൾ നമ്മൾ നിശ്ചയിച്ചിട്ടുണ്ട്.

1. കൃഷിയും ഭക്ഷ്യസംസ്ക്കരണവും
2. രാജ്യത്തിന്റെ എല്ലാ ഭാഗത്തെയും വിശ്വസനീയവും മെച്ചപ്പെട്ടതുമായ വൈദ്യുതി, ഉപരിതല ഗതാഗത സൗകര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ
3. വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും
4. വിവര-വാർത്താ വിനിമയ സാങ്കേതിക വിദ്യ
5. സുപ്രധാനസാങ്കേതിക വിദ്യകളിൽ സ്വാശ്രയത്വം

പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഈ അഞ്ച് മേഖലകളിൽ സംയോജിതമായ പുരോഗതി നേടാനായാൽ അത് ഭക്ഷ്യ-സാമ്പത്തിക-ദേശീയ സുരക്ഷിതത്വത്തിലേക്ക് നയിക്കും. നമ്മുടെ മുഖ്യ ദൗത്യം, ഗ്രാമീണ അഭിവൃദ്ധി സാദ്ധ്യമാക്കുവാനായി നാഗരിക സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുവാനുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ്. നഗര-ഗ്രാമ-സാമ്പത്തിക ബന്ധം സാധ്യമാവുക ഭൗതിക-ഇലക്ട്രോണിക്-വിജ്ഞാനബന്ധങ്ങളിലൂടെയാണ്.

ഈ രാജ്യത്ത് 100 കോടി ജനങ്ങളും 200 ദശലക്ഷം വീടുകളുമുണ്ട്. പൊതുവെ എല്ലായിടത്തും നല്ല മനുഷ്യരുണ്ട്. പക്ഷെ ഏതാനും ദശലക്ഷം വീടുകളിലെ ആളുകൾ സുതാര്യത പുലർത്താത്തവരും രാജ്യത്തെ നിയമങ്ങൾ അനുസരിക്കുന്നവരുമല്ലെന്ന് കാണുമ്പോൾ നമ്മൾക്ക് എന്തു ചെയ്യുവാൻ കഴിയും. ഈ വീടുകളിലെ രക്ഷിതാക്കൾ സുതാര്യമായ പാത വിട്ട് നീങ്ങുകയാണെന്ന് കണ്ടാൽ കുട്ടികൾക്ക് തങ്ങളുടെ സ്നേഹവും മമതയുമാകുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് രക്ഷിതാക്കളെ ശരിയായ പാതയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ കഴിയും.

വീടുകളിൽ സുതാര്യത സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രസ്ഥാനം ആരംഭിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. യുവാക്കളുടെ ക്ഷുബ്ധമനസ്സുകൾക്ക് നല്ല കാര്യങ്ങൾ ധീരമായി ചെയ്യാനാകുമെന്ന് എനിക്ക് ബോധ്യമുണ്ട്.

Dr. A.P.J. ABDHUL KALAM

# KIDS CAMPUS
## (DIOCESE OF KOTTAPURAM)

# JNANA DEEPA VIDYAPEEDHAM

**COURSES**
MBA
MCA
BBA
BCA
B COM-Computer Application

**KIDS ITC(NCVT)**
ELECTRONIC
ELECTRICIAN

**MIIT COMPUTER CENTRE**
DOEACC' SOCIETY'S (GOVT. OF INDIA)
O LEVEL COURSE
AICTE (Certified) : PGDCA, DCPA... courses

**INSTITUTE OF MANAGEMENT & TECHNOLOGY**
**National Study Centre of M.G.University**

KIDS CAMPUS
(Diocese of Kottapuram)
Kodungallur
Phone no: 0480-2807639,2807638



# NATURAL FIBRE CRAFT CENTRE



ECO FRIENDLY CRAFT PRODUCTS

Kottapuram Integrated Development Society(KIDS)

KIDS CAMPUS,KOTTAPURAM,
THRISSUR DT,KERALA-680667TEL:0480 2807638,2803165

EMAIL: Kidskottapuram@sify.com WEBSITE:www.kidskerala.org





# ഇരിങ്ങാലക്കുട ടൗൺ കോ–ഓപ്പറേറ്റീവ് ബാങ്ക്
# കോർ ബാങ്കിംഗ് സൊലൂഷൻ (CBS) ആരംഭിച്ചിരിക്കുന്നു.

91 Years of Trust & Service

കോർ ബാങ്കിംഗും, ഡാറ്റാ സെന്ററും അവതരിപ്പിക്കുന്ന
**കേരളത്തിലെ ആദ്യത്തെ അർബൻ ബാങ്ക്.**

ഈ സംവിധാനത്തിലൂടെ ബാങ്കിന്റെ എല്ലാ സേവനങ്ങളും ബാങ്കിന്റെ ഏത് ബ്രാഞ്ചിൽ നിന്നും, ഏറ്റവും എളുപ്പത്തിലും ഏറ്റവും വേഗത്തിലും ലഭ്യമാക്കാം.





**സവിശേഷതകൾ**

- 270 കോടി രൂപ ബിസിനസ്സ്.
- Net NPA രണ്ട് ശതമാനത്തിൽ താഴെ.
- മൂലധന പര്യാപ്തത (CRAR) 12.5%.
- ഡെപ്പോസിറ്റുകൾക്ക് DICGC പരിരക്ഷ.
- 25000 ത്തിലധികം മെമ്പർമാർ.
- റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേരിട്ടുള്ള നിയന്ത്രണം.
- മുകുന്ദപുരം താലൂക്ക് മുഴുവൻ സേവനസൗകര്യം.
- 130 ലക്ഷം രൂപ വരെ ബിസിനസ്സ് വായ്പയും ക്യാഷ് ക്രെഡിറ്റ് സൗകര്യവും.

**IRINJALAKUDA TOWN CO-OPERATIVE BANK LTD.**

H O : Tana, Irinjalakuda, Thrissur Dist.
Ph : 0480 - 2825379, 2827379. Fax : 0480 - 2823479

M.P.JACKSON (Chairman) T.K.DILEEPKUMAR (General Manager)

**Branches :** Main - Ph : 2827279, Nada - Ph : 2825079, Market - Ph : 2826379, Kattungachira - Ph : 2826879, Cheloor - Ph : 2822679, Karukulangara - Ph : 2823779, Thanissery - Ph : 2821779



# എഡിറ്റോറിയൽ

യുവത്വം; ഏറ്റവും അധികം
തെറ്റിദ്ധരിക്കപ്പെടുന്ന ജീവിതാവസ്ഥ.
അതിന്റെ വക്താക്കളാണ് നാം.
സത്യത്തോട് കൂടുതൽ അടുത്തവരാണ് നാം.
ഇന്ത്യയുടെ ഭാസുരമായ ഭാവിയെന്ന
വലിയ ഉത്തരവാദിത്വം ചുമലുകളിൽ ഏന്തുമ്പോഴും
നാം ആഘോഷിക്കുകയാണ്.
നിയന്ത്രണങ്ങളില്ലാതെ,
കെട്ടുപാടുകൾ കണക്കിലെടുക്കാതെ...
അപ്പൂപ്പൻ താടികളെ ശ്രദ്ധിക്കുക.
കായയിൽനിന്നും പൊട്ടിയടർന്ന്,
കാറ്റിന്റെ ഗതിയിൽ പറന്നുയരുന്ന അപ്പൂപ്പൻ താടികൾ.
വരിഞ്ഞു മുറുക്കുന്ന ചങ്ങലക്കെട്ടുകളില്ലാതെ,
അനന്തമായ ലോകത്തിന്റെ അർത്ഥങ്ങൾ തേടി
അവ പറന്നുയരുകയാണ്.
ആ അപ്പൂപ്പൻ താടികളാണ് നാം.
ജീവിതയാഥാർത്ഥ്യങ്ങൾ തേടി നാം പറന്നുയരുന്നു.
ഒടുവിൽ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാനാകാതെ,
ഒരിക്കലും കഴിയാത്ത തിരിച്ചുപോക്കിനെക്കുറിച്ച്
നാം സ്വപ്നം കാണുന്നു.
എങ്കിലും യാത്ര അവസാനിക്കുന്നില്ല.
അത് വീണ്ടും തുടരുക തന്നെയാണ്.

മഹേഷ് ആർ.



# Beneath the folios...






## OTTAYADIPATHA


ഠഹയ് ........................................21
പുഴ ........................................23
ദൂരെ ........................................24
Lullaby........................................26
രണ്ടാം ലോകം........................................27
ഒരു തുള്ളി സൂര്യൻ........................................29
മരം കൊത്താൻമാർ........................................30
ചേച്ചി മിത്രചേച്ചിയല്ലേ?........................................32
ഓർമ്മച്ചിറക്........................................35
Is This She?........................................36
അവൻ........................................37
ഉണക്കാനിട്ട നീല ഷെഡി കാണ്മാനില്ല.......40
കണ്ണുനീർ ........................................42
പ്രതീക്ഷകളുടെ വീടുതേടി ........................................43
Mind's Agony........................................45
എലിച്ചതി........................................46
കൊല്ലന്റെ ആലയിൽ സൂചി വിറ്റ കഥ.......47
ഒരു ദുഃഖം, പ്രണയത്തെക്കുറിച്ച് ............49
Titan........................................50
Campus Pulse........................................54
Reports........................................57


## NARICHEERUKAL


ആകാശവീക്ഷണം........................................103
എന്തായീ അമേരിക്കേ? ........................................104
പട്ടിപെറ്റപ്പോൾ........................................106
An Unforgettable Journey........................................108
അന്തിക്കാട്ടേയ്ക്ക്........................................111
എന്റെ ആമിയ്ക്ക്........................................116
മാറ്റം, സുന്ദരി........................................118
ഈ അമ്മയ്ക്ക് മാപ്പുതരൂ........................................119
मानव और दानव ........................................121
എല്ലാ പുരുഷൻമാരും ഇങ്ങനെയാണ്........123
The Suicide Song ........................................125








The Suicide Song ............................... 125
ഭാരതം ഒരു വിജ്ഞാന സാഗരം ............... 127
Vague Sketches of True Love................. 130
അങ്ങനെ പ്രവർത്തിക്കണമെങ്കിൽ ............ 131
കാലൻ കീറിയ ചീട്ട്............................ 133
The Mute Witness .............................. 134
ഇതൊക്കെയാണോ ഡവലപ്മെന്റ്............ 136
എന്തിനാ ഇങ്ങനെ? ............................ 139
ഗുജറാത്തിനും മാറാടിനും ശേഷം ............. 141
Portraits.......................................... 142




## PARAKKUMBOL




## EE JEEVITHAM KONDU ITHRAMATRAM


ചാത്തൻസ് കളി................................ 145
King of Pops .................................... 147
ഒരു നിമിഷം.................................... 149
Interesting party of Scientists................ 150
तमस............................................. 151
ഒരിക്കൽ, സൂര്യൻ, എളുപ്പം.................... 153
End of a Day .................................... 154
സോദരർ....................................... 155
Realities of Unreal World .................... 156
രക്ഷപ്പെടാൻ അറിയാത്തവർ.................. 158
Three drops of tear ........................... 160
With Tharoor ................................... 161
കാക്കകൾ...................................... 163
Will you remember me?....................... 164
വിത്തെടുത്ത് തിന്നുമ്പോൾ..................... 166
A Stranger ....................................... 168
ഇനിയും വാല്മീകി............................. 169
ജാതയോഗം.................................... 170
Shame............................................ 171
മൃത്യുഞ്ജയനം................................ 172
A Blessed woman .............................. 174
മരിക്കാത്ത ഓർമ്മകൾ ......................... 175
കഥ ............................................. 176
അഥർവ്വം ...................................... 177
Being your mother ............................ 179
ആദിതാളം..................................... 181
No answer ....................................... 183
മരണത്തിന്റെ ബ്രാൻഡ്.......................... 184

# DEPARTMENT OF DESIGN

## (INTERIOR & FASHION)

CHRIST COLLEGE, IRINJALAKUDA - 680 125

PH:(OFFICE) 0480-3257746, 9349003443

' For Colourful Careers in designs **JOIN** Interior and Fashion Designing Courses'





Advanced Diploma in
Computerised Interior Design(ADCID)
Duration: 1 Year
Eligibility: SSLC/ITI/+2in Any Group

Advanced Diploma in
Computerised Fashion Design (ADCFD)
Duration: 1 Year
Eligibility: SSLC/ITI/+2in Any Group



Dr.Kanaka's

## Shahnaz HERBAL

THE ONE & ONLY APPROVED FRANCHISEE IN THRISSUR DISTRICT

KOKKALAI, THRISSUR,
Ph: 0487 2442361, 0487 6990181

BASEMENT FLOOR, CITY CENTRE, THRISSUR
Ph: 0487 6990180, 0487 2323778

GROUND FLOOR, CITY CENTRE, THRISSUR
Ph: 0487 6990179

**Our Specialities**

Diamond gem-Gold Facials
Pimple treatments
24 hour staying bridal Make up
Advanced Hair cuts Lazer cuts
Warts Removal
Electrolysis
Permanent Eyebrow colouring etc...
Woman's World International beauty Diploma & Course

Beauty Consultant :


Dr. Kanaka Prathap Trichologist
Ph-D, PG,
Teaching Diploma in beauty therapy



# ഒറ്റയടിപ്പാത

ഗർഭപാത്രത്തിൽ
തടവിലിരിക്കുമ്പോഴും
എനിക്ക് കൗതുകം
മുന്നിൽ നീളുന്ന വഴിയായിരുന്നു.
തുടങ്ങിയാൽ
ഒടുക്കം കാണാത്ത വഴി

# Healthy Eyes
# Beautiful Eyes



*Best wishes from*

**i VISION**
eye hospital

Smart City Building, Kinar Stop, **KOORKENCHERY**
Thrissur-7. PH: 0487-24256555, 94477 7449
E-mail: mail@i-vision.in

*Lighting up lives*





കിരൺ പി.ജി.
രണ്ടാം വർഷ സുവോളജി

# ഹേയ്...

ഹേയ് സുന്ദരി ! ഒരു നിമിഷം നില്ക്കൂ. ഈ കോളേജിലേക്ക് ആദ്യമായി വന്നതല്ലേ. ഈ ക്യാംപസ് പരിചയപ്പെടുത്തുവാനുള്ള അവകാശം എനിക്കാണ്. ഹ.... ഹ..ഹ... ഞാനാരാണെന്നോ ! ഞാൻ ഞാൻ.... വെറും ഒരു ആത്മാവ്. ക്രൈസ്റ്റിനു വേണ്ടി മാത്രം ഭൂമിയിലേക്കിറങ്ങി വന്നവൻ. താൻ പേടിക്കണ്ട. ഞാൻ വളരെ പാവലുവാണ്.

താൻ ഇപ്പോൾ നില്ക്കുന്നത് വിശ്വപ്രസിദ്ധമായ ക്രൈസ്റ്റ് കോളേജിന്റെ മുഖ്യകവാടത്തിലാണ്. ഇടതുവശത്തായി നമ്മുടെ സെക്യൂരിറ്റിചേട്ടൻ നില്ക്കുന്നുണ്ട്. ചേട്ടന്റെ മൗനാനുവാദത്തോടുകൂടി നമുക്ക് പ്രവേശിക്കാം.

താന്റെ മുൻപിൽ മൂന്നുവഴികൾ കാണാം. നേരെയുള്ള വഴിയിലൂടെയാണ് നമുക്കു പോകേണ്ടത്. ഈ വീഥിയുടെ ഇരുവശത്തുമായി ആമസോൺ കാടുകളെ പോലും ലജ്ജിപ്പിക്കുന്ന രണ്ടു വൻ കാടുകളെ



കാണാം. ഇടതു ഭാഗത്തായിട്ടാണ് ഈ ക്യാംപസിലെ യക്ഷികളെ കുടിയിരുത്തിയിരിക്കുന്നത്. *അപ്പോൾ സ്വാഭാവികമായും വലതു വശത്ത് പാലമരച്ചോട്ടിലും* മറ്റും ഗന്ധർവ്വന്മാരെയും കുടിയിരുത്തണമല്ലോ. എന്ത്? തന്നെ നോക്കി ആരോ പുഞ്ചിരിച്ചെന്നോ മണ്ടി! അത് ഈ ക്യാംപസിലെ കുരങ്ങനാണ്.

ഇനി താനൊന്ന് തലയുയർത്തി നോക്കൂ. ഇതാണ് താജിനോട് സദൃശ്യമായ മുഖ്യകെട്ടിടം. ഇംഗ്ല ണ്ടിലെ ബെൻ ക്ലോക്കാണ് താൻ അവിടെ കാണുക. എന്ത്? സമയം തെറ്റാണെന്നോ. ലജ്ജാവഹം! ഇംഗ്ലണ്ടിലെ ക്ലോക്ക് ഇംഗ്ലണ്ടിലെ സമയമല്ലാതെ ഉഗാണ്ടയിലെ സമയം കാണിക്കുമോ? ഏറ്റവും മുകളിൽ വച്ചിരിക്കുന്ന തോട്ടി യെന്താണെന്നോ? കഷ്ടം അത് മിന്നൽ രക്ഷാചാലകം ആണ്.

ആ കാണുന്ന നാല് പടികൂടി കയറിയാൽ താൻ ക്രൈസ്റ്റിന്റെ പോർട്ടിക്കോയിൽ എത്തി. ഇവിടെ യാണ് ചരിത്രപ്രസിദ്ധമായ പോർട്ടിക്കോബോയ്സ് ഇരി ക്കുന്നത്. അവർക്കൊരു ചെറു പുഞ്ചിരി കൊടുക്കൂ. ചെറിയത് മാത്രം മതി കേട്ടോ.

വലതുവശത്തു കാണുന്നതാണ് മുഖം നോക്കാ നുള്ള കണ്ണാടി അഥവാ നോട്ടീസ് ബോർഡ് ഷോർട്ടേജ് ലിസ്റ്റ് ഇടുന്ന ദിവസം ഇവിടം ജനസമുദ്രമായിരിക്കും.

ആ കാണുന്ന കോണി കൂടി കയറിയാൽ തനിക്ക് കൈവിരിച്ചു നില്കുന്ന ഈശോയെ കാണാം. സാധാരണ ദിവസങ്ങളിൽ ഈ പ്രതിമ ഇവിടെ നില്ക്കു ന്നുണ്ട് എന്നുപോലും ആരും അറിയില്ല. എന്നാൽ പരീക്ഷാദിവസങ്ങളിൽ യേശുവിനെതൊടാൻ ക്യൂ നിൽക്കും.

ആ ഇടതു വശത്തെ കോണികയറിയാൽ തനിക്ക് ഈ കോളേജിലെ വളരെ നിഷ്കളങ്കനായ, തുറന്ന ഹൃദയവും ഉരുക്കു മുഷ്ടികളുള്ള പ്രിൻസിപ്പാള ച്ചനെ ഒരു നോക്കു കാണാം. വലതു വശത്തെ വരാന്ത യിലാണ് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റും സെക്കന്റ് ലാംഗ്വേജ് ഡിപ്പാർട്ടുമെന്റും മാത്സ് ഡിപ്പാർട്ടുമെന്റും ഉള്ളത്. ഇടതു വശത്തായിട്ടാണ് ഓഫീസും മറ്റും നിലകൊള്ളുന്നത്.

അടുത്ത നിലയിലാണ് ലോകോത്തര സെമിനാ റുകൾ അരങ്ങേറുന്ന സെമിനാർ ഹാൾ. ഇനി താൻ ഇട തുവശത്തെ കോണി ഉപയോഗിച്ച് താഴേക്കിറങ്ങൂ. ആ മതി, ഇനി ആ നേരെയുള്ള വഴിയിലൂടെ നടക്കാം. ഇവി ടെയാണ് ഈ കോളേജിന്റെ പലചരക്കുകട.

ഹേയ് താൻ ഒരു പക്ഷിയെപോലെ നിന്നു ചില യ്ക്കാതെ ആ മൊബൈൽ ഫോൺ ഓഫാക്കി നടന്നു വരൂ. ആ കാണുന്നതാണ് സുവോളജി ഡിപ്പാർട്ടുമെന്റും ഹിസ്റ്ററി ഡിപ്പാർട്ടുമെന്റും. തൊട്ടപ്പുറത്ത് കുറച്ചു *ഗവേഷണം നടത്തുന്നുണ്ട്. അവരെ ബുദ്ധിമുട്ടിക്കരു എന്ത്!തന്നെ നോക്കി ഒരു അസ്ഥിക്കൂടം ചിരിച്ചെന്നോ* സുവോളജി മ്യൂസിയത്തിൽ അസ്ഥിക്കൂടമല്ലാതെ ച യാണോ ഉണ്ടാവുക. നേരേ നോക്കൂ, ആ കാണു താണ് മീനുകളുടേയും തവളകളുടേയും മോർച്ചറി.

ഇനി ആ താജ് ഇടനാഴിയിലൂടെ പുറ ക്കിറങ്ങി യാൽ കാണുന്നതാണ് ഭാരതിയർ യൂണി ഴ്സിറ്റി. വലിയ അടുപ്പമൊന്നും കാണിക്കേണ്ട. കാണുന്ന ടാറിട്ട റോഡിലേക്ക് ഒന്നിറങ്ങുക. റോഡാണ് പുലിമടയിലേക്ക് പോകുന്നത്. ഒരു വർ മുൻപുവരെ ആൺ പുലികൾ സ്വൈര്യവിഹാരം നട യിരുന്നു. പക്ഷെ ഇപ്പോൾ പെൺ പുലികളും രംഗ ക്കിറങ്ങി. ഈ റോഡിന്റെ അറ്റത്തു പോയാൽ ബി.പി ചേട്ടന്മാരെയും അടുത്ത ഒളിംപിക്സിനുള്ള ഗ്രൗണ്ട കാണാം. പക്ഷെ താൻ ഓട്ടോറിക്ഷ വിളിക്കേണ്ടി വരും.

എന്ത് നല്ല മണം വരുന്നുണ്ടെന്നോ? അ 7 സ്റ്റാർ ഹോട്ടലാണ് സർവ്വശ്രീ കുട്ടപ്പൻ അവർകളു ക്യാന്റീൻ. ചായ കുടിക്കാമെന്നോ, ഏയ് ഞാനി അവിടെ ടോമിച്ചൻ മുളകുപാടം ഉണ്ടാകും.


തന്റെ വലതു വശത്തു കാണുന്ന കെട്ടിട ലാണ് ബോട്ടണി ഡിപ്പാർട്ടുമെന്റും കൊമേഴ്സ് ഡിപ്പാർ മെന്റും സ്ഥിതി ചെയ്യുന്നത്. പിന്നെ അവിടെയാണ് മു ഗ്രന്ഥശാല സ്ഥിതിചെയ്യുന്നത്. ഞാനില്ല. അവിടു ഗ്രന്ഥങ്ങളുടെ പൊടി എനിക്കലർജിയാണ്.

ആരോ ടോർച്ചടിച്ചെന്നോ? അതാ ഫിസിക് ലാബിലെ ഭാവി ഐസക് ന്യൂട്ടൻമാരാണ് മോളേ. ഇട വശത്താണ് കെമിസ്ട്രിയും ജിയോളജിയും സം ക്കുന്ന കെട്ടിടം. ഇവിടെ അധികം നേരം നില്ക്ക കെമിസ്ട്രി ലാബിലെ സുഗന്ധം നിന്റെ മൂക്കിന്റെ ഫ്യൂ ടിച്ചു കളയും.

അടുത്തതായി നീ കാണുന്നതാണ് തൃശ്ശൂരി ജോർജേട്ടൻസ് രാഗം തിയ്യറ്ററിനെവെല്ലുന്ന ഡി.ട്ടി.എ ശബ്ദമുള്ള കോളേജ് ഓഡിറ്റോറിയം. അയ്യോ അതാ മുതല കിണർ. ഇവിടുത്തെ ബി.പി.ഇ. ക്കാർക്ക് മ ടുത്തം നടത്താനുള്ളതാണ്. എന്ത് മീൻപിടിക്കാന വലയാണെന്നോ, വോളിബോൾ ടീം കേൾക്കേണ്ട. നി തല അവര് പന്തിനുപകരം ഉപയോഗിക്കും.

അപ്പുറത്തെ സൈഡ് അയ്യോ! അവിടെയാ പള്ളി എനിക്കവിടെ പ്രവേശനം നഹി. അതുകൊണ്ട് തന്നെ പോയാൽ മതി.

"Good bye..."



**അശ്വതി ആനന്ദ്**
രണ്ടാം വർഷ ബി.കോം റെഗുലർ

# പുഴ



ഞാൻ വീണ്ടും പറഞ്ഞു
പുഴ വേണം പുഴക്കരയിലിരുന്ന് എനിക്കും
കല്ലുകളെറിയണം
കല്ലേറുകൊണ്ട് പുളയുന്ന പുഴകാണാൻ
എന്തു ഭംഗിയാണെന്നോ?
അവൻ ഒരു നിമിഷം നിശബ്ദമായിനിന്നു

പിന്നെ സ്വന്തം ഹൃദയം കീറി എനിക്കു പുഴവെട്ടിത്തന്നു
കീറിയ മുറിവിലെ രക്തം കണ്ടു ഞാൻ കൈകൊട്ടിച്ചിരിച്ചു
'വെള്ളം' പുഴ ഒഴുകുന്നൂ.....!
ഞാൻ പുഴയിലേയ്ക്ക് കല്ലുകളെറിഞ്ഞു
പുഴ പുളയുകയായിരുന്നു
ലോകം കീഴടക്കിയവന്റെ ചിരി അവനിൽ ഞാൻ കണ്ടു





**പ്രജിത്ത് മുരളി**
രണ്ടാം വർഷ രസതന്ത്രം

# ദൂരെ

എന്നും ഒറ്റക്കായിരുന്നു നടന്നത് ഇടക്കെ
ടെയോ ആരൊക്കെയോ കൂടെ ഉണ്ടായിരുന്നു എന്ന
ഒരു തോന്നൽ മാത്രമായിരുന്നു. ഇടുങ്ങിയ വഴികളു
വീർപ്പുമുട്ടലിൽ നിന്ന് തുറന്ന ഒരു മൈതാനത്ത
എത്താൻ മനസ്സു കൊതിച്ചിരുന്നു. ദിശ അറിയാതെ
ഒഴുകിയ മഴവെള്ളപാച്ചിൽ പോലെ നടന്നു. നടന്ന വ
യിൽ കണ്ട മുഖങ്ങൾ പലതും മനസ്സിൽ ആഴത്തിൽ പ
ഞ്ഞിരുന്നു. ഉറക്കമുണർന്നപ്പോൾ കണ്ടുമറന്ന സ്വപ്നങ്ങ
ളുടെ അനുഭൂതിപോലെ പലതും മനസ്സിൽ സുഖമു
ണർത്തുന്ന നോവുകളാണ് സമ്മാനിച്ചത്. ജീവിത
ത്തിന്റെ തിരക്കുകൾക്കിടയിൽ എവിടെയോ നഷ്ടപ്പെ
സൗഹൃദങ്ങളുടെ പേരുകൾ തെളിയിച്ചുകൊണ്ട് എന്റെ
മൊബൈൽ ഫോൺ ഒരിക്കൽ പോലും ചിലക്കുകയു
ണ്ടായില്ല. എഴുതിയടച്ചു വച്ച ഓട്ടോഗ്രാഫ് ഡയറികൾ
ആരും പിന്നീട് തുറക്കുകയും ഉണ്ടായില്ല.

പോളിഷ് ചെയ്തു മിനുക്കിയ ഷൂസിൽ ചെളി
തെറിപ്പിച്ച മഴക്കാലത്തെ വെറുത്തു കൊണ്ടാണ് ഞാൻ
നടന്നത്. പണ്ടു മഴനനയാൻ കൊതിച്ച കുട്ടിക്കാലം
പിന്നിൽ നിന്നു കരയുന്നത് കേൾക്കാതെ ഓഫീസിന്റെ
ഒരറ്റത്ത് ബൈക്ക് വച്ച് മഴയുടെ പിടിയിൽപ്പെടാതെ വരാ
ന്തയിലൂടെ ഓഫീസ് മുറിയിൽ കയറി പൊടി പിടിച്ച ഫയ
ലുകളുടെ ഗന്ധത്തിൽ ഒരു പ്രത്യേക ഊർജ്ജമാണ്
മാസാവസാനം കൈയിൽ അമരാനിരിക്കുന്ന
പച്ചനോട്ടുകളുടെ ഊർജ്ജം പക്ഷേ കൂട്ടാനും കു
യ്ക്കാനുമുള്ള ആ കടലാസുകഷ്ണങ്ങളുടെ അക്ക
ങ്ങൾക്കിടയിലും അയാൾ ഒറ്റക്കിരുന്നു.

ATM കൗണ്ടറിനു മുൻപിലെ ക്യൂവിലും പിസാ
കോർണറിലും പിന്നെ നരച്ചമുടി ചായം തേച്ചു പിടിപ്പി
ക്കാൻ ബ്യൂട്ടിപാർലറുകളിലുമായി അയാളുടെ സമയം
ഒന്നു നടന്നു നീങ്ങാൻ കൊതിച്ചു. പണ്ടു പാടിയ പാട്ടു
കൾക്ക് പോലും അകാലത്തിൽ വാർദ്ധക്യം ബാധിച്ചതു

പോലെ ഒരു രാത്രി ഇരുണ്ടു വെളുക്കുമ്പോൾ ജീവിതം [illegible]ങ്ങും പഴയതുപോലെ മാറിയിരുന്നു.

അല്ല ! ഒരിക്കലും പണ്ടത്തെപോലെയല്ല, കാരണം അന്നു ഞാൻ മഴ നനഞ്ഞിരുന്നു. എന്റെ സുഹൃത്തുക്കൾ എന്റെ സഹയാത്രികർ എന്റെ കൂടെ ഉണ്ടായിരുന്നു. ഞാൻ പ്രണയിച്ചിരുന്നു. പിന്നെ ഒരി[illegible]ൽ ബഷീറിന്റെ ബാല്യകാലസഖി വായിച്ച് അറിയാതെ [illegible]ഞ്ഞിരുന്നു. അതെ ജീവിതം ഒരിക്കലും അന്നത്തെ പോലെയാകുന്നില്ല. നല്ല സൗഹൃദങ്ങൾ എന്നേ നഷ്ടപ്പെ[illegible]ന്നു. ഒന്നിച്ച് നനഞ്ഞിറങ്ങിയ മഴയിൽ ഇപ്പോൾ ഞാൻ മാത്രം ഒറ്റപ്പെട്ടതുപോലെ. മഴതോർന്നപ്പോൾ [illegible]ക്ക് നടന്നു. എത്തിപ്പെട്ടത് ജീവിതത്തിന്റെ തുരു[illegible]ലാണ് പക്ഷെ ഒരു നല്ല ജീവിതം കൈപ്പിടിയിൽ ഒതു[illegible]മ്പോൾ പലപ്പോഴും ജീവിക്കാൻ മറന്നു പോകുന്നത് തിരിച്ചറിഞ്ഞു.

സോഡിയം വേപ്പർ ലാമ്പിന്റെ മഞ്ഞ വേളിച്ച[illegible]ൽ ഫാസ്റ്റ് ഫുഡിന്റെ മസാല കൂട്ടുകളിൽ ജീവിത[illegible]ന്റെ രസം കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. [illegible]ുത്തി ഇട്ട വെള്ളകാറിന്റെ ഡോർ തുറന്ന് അവൻ പുറ[illegible]ക്കിറങ്ങി പെട്ടെന്നു കണ്ടതിന്റെ ആശ്ചര്യത്തോടെയല്ല, ഉള്ളിൽ തികട്ടി വന്ന വെറുപ്പോടു കൂടി തുറിച്ചുനോക്കി അവനെ മഞ്ഞ വെളിച്ചത്തിന്റെ വലയങ്ങൾക്കുള്ളിൽ പരസ്പരം കണ്ടുമുട്ടിയ മുഖങ്ങൾ കുറച്ചു നേരം നോക്കി നിന്നു. "ഓർമ്മയുണ്ടോ? അവന്റെ ചോദ്യത്തിന്റെ പ്രഹരം നെഞ്ചത്തു തുളച്ച് കയറുന്നതിനു മുൻപ് കഴുത്തിന് കുത്തി പിടിച്ച് പറഞ്ഞു. "നിന്റെ തന്തയോട് ചോദിക്ക്"

മഴപെയ്യുന്നുണ്ടായിരുന്നു, എക്സിക്യൂട്ടിവ് ലെതർ ബാഗിന്റെ കൈപ്പിടി പെയ്ത മഴയിൽ കുതിർന്ന് അറ്റുപോയി. ചെമ്മണ്ണ് കുതിർന്ന മഴവെള്ളം കറുത്ത ഷൂ കൊണ്ട് ചവിട്ടിതെറിപ്പിച്ച് ഞങ്ങൾ നടന്നു. ഇടക്കെപ്പോഴോ കൈകൾ പരസ്പരം തോളിൽ പിടിച്ചിരുന്നു. മൊബൈലിലെ മെസേജ് മെനു തന്ന വാർണിംഗ് ബെൽ നോക്കി അതിൽ മിന്നിമറഞ്ഞ നമ്പറുകൾ വർഷങ്ങൾക്കു മുമ്പ് പരിചിതമായിരുന്നു, വായിച്ചു നോക്കി "അളിയാ ഞങ്ങൾ ബസ്സ് സ്റ്റോപ്പിലുണ്ട് " മഴ കുതിർന്ന വാച്ചിന്റെ ഡയലിൽ നിന്നുവെള്ളം തുടച്ചു കളഞ്ഞ് ഞങ്ങൾ സമയം നോക്കി. അതു കോളേജുവിടുന്ന സമയമായിരുന്നു.






**Sarika .V**
II DC Maths

# Lullaby




From the unknown world of God
I stepped into the world of hoard.
Knowing no one familiar in the realm,
With a loud din I started to scream.
A pair of hands pressed me to the bosom
She, with a sweet tune sung a lullaby.
Another pressed his lips to my chest
And with immense joy, he uttered-"the baby queen"
I flew over the world
In their wings of love;
I swam across the ocean
In their waves of love;
Cut my heart deep down the middle
You would see nothing but my love for them.



വിജി പി.എം.
നാലാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി

# രണ്ടാം ലോകം



"രമണൻ" തനിച്ചായിരുന്നില്ല. കൂട്ടിന് ഒരുപാടു പേരുണ്ടായിരുന്നു. പക്ഷേ രമണന് ഒരുപാടിഷ്ടം മരിയയോടായിരുന്നു. അവൾ ആദ്യമായി ആ മതിൽ കെട്ടിനകത്തെത്തിയ ദിവസം അവനിടയ്ക്കിടയ്ക്ക് ഓർക്കാറുണ്ട്. അവളുടെ നെറ്റിയിലെ, വെള്ളയും, ചുവപ്പും, മഞ്ഞയും കലർന്ന ചന്ദനക്കുറികളും, തിളങ്ങുന്ന കണ്ണുകളും, മാതളപ്പഴത്തിന്റെ നിറവും "ഹൊ" ഒന്നും പറയണ്ട. ആദ്യത്തെ ദിവസം മരിയയെ മുഴുവനായും കാണാൻ സാധിച്ചില്ല കാരണം രമണന്റെ ഇടത്തുകണ്ണിന് കാഴ്ച ശേഷിയില്ലായിരുന്നു. പിറ്റേ ദിവസം അവളെ പോലീസുകാർ വലത് വശത്ത് കൊണ്ട് പാർക്ക് ചെയ്തു. അന്ന് രമണൻ അനുഭവിച്ച നിർവൃതി പറഞ്ഞറിയിക്കാനാവില്ല. പണ്ട്, കൂട്ടിയിടിച്ച് ഇടത് ഭാഗം തകർത്ത ആ ലോറിയോട് ആദ്യമായി രമണന് നന്ദിയും സ്നേഹവും തോന്നി.

മരിയയെ പലതവണ മത്സരപാച്ചിലിനിടയിൽ രമണൻ കണ്ടിട്ടുണ്ട്, അന്നൊരു ദിവസം മൂന്ന് സെക്കന്റ് വൈകിയെന്ന് പറഞ്ഞ് മരിയയുടെ കണ്ടക്ടർ രമണന്റെ മുതുകിൽ നാല് ചവിട്ട് കൊടുത്തതും, പിന്നീട് ആ ചവിട്ട് ഡ്രൈവറും കണ്ടക്ടർമാരും തമ്മിലായതും 'ദാ' ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു.

അന്നേ • മരിയയെ രമണൻ നോട്ടമിട്ടിരുന്നു. പിന്നീടൊരിയ്ക്കൽ തരം കിട്ടിയപ്പോൾ ഒരു വളവിൽ വച്ച് അവളുടെ മുതുകിൽ ഒന്നു "സ്ക്രാച്ച്" ചെയ്തതും, എതിരേ വരുന്ന ലോറിയെ ഇടിച്ച് തെറിപ്പിച്ചതും എല്ലാം ഓർക്കുമ്പോൾ, രമണന്റെ മനസ്സിൽ മധുരമൂറുന്ന ഒരു വേദന നിറയും.

പക്ഷേ മരിയ പിന്നീട് മതം മാറി "മാലിനി ട്രാൻസ്പോർട്ട്" ആയി ഒരിയ്ക്കൽ മുൻപിൽ പോകുന്ന കണ്ടെയ്നറെ കറക്കി യെടുക്കാൻ നോക്കിയതും, ബ്രേക്കില്ലാതെ കണ്ടെയ്നറിന്റെ പുറകിലിടിച്ചതും രമണൻ അറിഞ്ഞിരുന്നേയില്ല.

പക്ഷേ രമണൻ അവളെ ഇപ്പോഴും " മരിയ" എന്നേ വിളിയ്ക്കാറുള്ളൂ. "തിരിച്ചു കിട്ടാത്ത സ്നേഹം മനസ്സിന്റെ വിങ്ങലാണ്" എന്ന് പാണ്ടിലോറി കയറി നടു വൊടിഞ്ഞ "കിച്ചുമോൻ ഓട്ടോ"യുടെ പുറകിൽ എഴുതി വെച്ചിരിക്കുന്നത് രമണൻ എന്നും നോക്കി നെടുവീർപ്പി ടും. പക്ഷേ മരിയ വന്നപ്പോൾ എല്ലാ വിഷമവും മാറി.

ഈയിടെയായി പോലീസുകാർക്ക് നമ്മളെ തീരെനോട്ടമില്ല അല്ലേ ഒരിയ്ക്കൽ മരിയ ചോദിച്ചു. "ഹും" അവർക്ക് നോട്ടമില്ലെങ്കിലെന്താ, നമ്മുടെ ആന്തരാവയ വങ്ങൾ ഓരോ ദിവസവും ഓരോ സാമൂഹ്യദ്രോഹികൾ അടിച്ച് മാറ്റി കൊണ്ടു പോകുന്നില്ലേ, ടയറില്ലാത്ത ഈ ബോഡിവെച്ച് ഞാനെന്തുചെയ്യാനാ... രമണൻ സങ്കടം കൊണ്ട് കരഞ്ഞു. കണ്ണുനീർ വീണ് വീണ് രമണന്റെ ബോഡി തുരുമ്പെടുത്ത് തുടങ്ങിയിരുന്നു. ആഴ്ച്ചകളും മാസങ്ങളും വർഷങ്ങളും കഴിഞ്ഞുപോയി. തൊണ്ടി മുതൽ സൂക്ഷിക്കാൻ സ്ഥലം തികയാതെയായി. അപ്പോ ഴേയ്ക്കും, മരിയയ്ക്കും രമണനും ഒരുപാട് കുഞ്ഞു ങ്ങൾ പിറന്നിരുന്നു. "ഷക്കലക്കട്രാവൽസ്, ബ്ലോക്ക് ബസ്റ്റർ ട്രാവൽസ്, ജോസ്മോൻ I, II, III etc.

രമണൻ കുറച്ച് നാളായി കിടപ്പിലായിട്ട്. ശരീരം മുഴുവൻ പുല്ല് വന്ന് വീർത്തു. വലത്തേകണ്ണ് കവലയിലെ ആരോ കല്ലെടുത്തെറിഞ്ഞുടച്ചു. ആ ഇരുട്ടിൽ രമണൻ തനിച്ചായിരുന്നു. മരിയ അടുത്തിടെ വന്ന ജോസ്മോൻ രണ്ടുമായി എന്തോ കൈവിട്ട അടുപ്പത്തിലാണ്. ഒരു ദിവസം അവൾ ജോസ്മോൻ II ന്റെ മുതുകിൽ ചാരിക്കിട ക്കുന്നത് രമണൻ ആരോ പറഞ്ഞ് അറിഞ്ഞു. അതിനേപറ്റി ചോദിച്ചപ്പോൾ "ബോഡി വളരെ വീക്കാണ്" അറിയാതെ ചെരിഞ്ഞുപോയതാണെന്നാണ് മരിയ പറ ഞ്ഞത്.

രമണൻ കവലയിലെ ശബ്ദങ്ങൾക്ക് കാതോർക്കുകയായിരുന്നു. "സോഷ്യലിസം ജനാധി പത്യം" മുദ്രാവാക്യം വിളികൾക്ക് ശക്തിപോരാ. രമണന് കമ്മ്യൂണിസ്റ്റ്കാരോട് വലിയ സ്നേഹമാണ്. ചെറുപ്പ ത്തിൽ ഒരുപാട് സഖാക്കളേയും കൊണ്ട് എത്രയെത്ര സമ്മേളനങ്ങൾക്ക് പങ്കെടുത്തിട്ടുണ്ടെന്നറിയാമോ. സമ്മേ ളനം കഴിയുമ്പോൾ, ചായയുടേയും പരിപ്പുവടയു ടേയും ഇടകലർന്ന ഒരു ഗന്ധം അവിടമാകെ പരക്കും. എത്രയെത്ര മധുരസ്മൃതികൾ. പക്ഷേ ഈയടുത്താണ് മതിലിന്നരികിൽ റോഡിൽ പാർക്ക് ചെയ്തിട്ടിരിയ്ക്കുന്ന സമ്മേളനക്കാരുടെ ഒരു ജീപ്പ് പറഞ്ഞത്, ഇപ്പോൾ പരിപ്പു വടയ്ക്കുപകരം ഇടയ്ക്ക് "വിഭാഗീയത"യാണ് വിളമ്പുന്ന ത് എന്നാണ്.

രമണൻ ഒരുപാടാലോചിച്ചു. ഈ വിഭാഗീയത എന്നുവെച്ചാൽ സാധാരണക്കാരന് കഴിയ്ക്കാവുന്ന എന്തെങ്കിലുമാണോ, അതോ ആശയങ്ങൾ മാത്രമുള്ള വർക്ക് കഴിയ്ക്കാൻ പാർട്ടികൾ വച്ച് വിളമ്പുന്ന വിശിഷ്ട മായ എന്തോ ഭക്ഷണമാണോ?.

പകൽ കിനാവിൽ മുഴുകി കിടക്കുമ്പോൾ രമ ണന് ഒരു വല്ലാത്ത് അസ്വസ്ഥത തോന്നി. വാതം പിടിച്ച ബോഡിയുടെ പിറകുവശം മഴുകൊണ്ട് വെട്ടിപൊളി യ്ക്കുന്ന വേദന... ഒരുമരവിപ്പ് ...രമണൻ പതുക്കെ നിലത്ത് കിടന്നു. ചുറ്റും ബൂട്ടുകളുടെ ശബ്ദം കേൾക്കു ന്നുണ്ടായിരുന്നു.... "ലേലത്തിന് പുതിയ വണ്ടികൾ മതി ഒന്നിനും കൊള്ളാത്തത് ഇവിടെതന്നെ കിട ക്കട്ടെ... വായുവിൽ ഒരുപാട് ഒരുപാട് ശബ്ദങ്ങൾ.

രമണൻ മരിയയെ തിരഞ്ഞു. പക്ഷേ മരിയയും മക്കളും എങ്ങോട്ടോ പോയ് മറഞ്ഞിരുന്നു. മരിയ പറ യുന്ന പരദൂഷണങ്ങൾ കേട്ടാലേ രമണന്റെ വയർ നിറ യുമായിരുന്നുള്ളൂ. ഈ അവസ്ഥയിൽ ഒരു വിഭാഗീയത യെങ്കിലും തിന്നാൻ കിട്ടിയിരുന്നെങ്കിൽ രമണൻ ഉറക്കെ പറഞ്ഞു. റോഡിലെ സമ്മേളനക്കാരുടെ ജീപ്പ് വിളിച്ച് പറ യുന്നുണ്ടായിരുന്നു, "ചായയും പരിപ്പുവടയും ഇനിയും തീർന്നിട്ടില്ല.... വേണമെങ്കിൽ തരാം.

രമണന്റെ കണ്ണിൽ ഇരുട്ട് കയറി ബോഡി മുഴു വനായും മണ്ണിൽ വീണു, ചുറ്റും പരതിനോക്കി. ഇല്ല.. ആരുമില്ല. രമണൻ ചെവിയോർത്തു കിടന്നു. ഇല്ല.. ഈ തകരപാട്ടയെ ആർക്കും വേണ്ട.


LUNA Institute of Engineering Technology & I.T.C

(Recognised by Government of Kerala & Affiliated to N.C.V.T. Govt. of India)
Affiliated to I.T.E.S.(Mumbai) (Govt. Regd.), Affiliated to AITES (Govt. Regd.)
Conducting 3 Year Diploma-Equvt.to Govt. Poly Technic Diploma.

**IRINJALAKUDA P.O., THRISSUR DIST.**

**JOB ORIENTED DIPLOMA & CERTIFICATE COURSES.**

Phone: 0480-2826896



**കൃഷ്ണ പ്രസാദ് എ.ജെ.**
രണ്ടാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്

# ഒരു തുള്ളി സൂര്യൻ



ഇങ്ങിനെപോയാൽ
ഇനിയിവിടെ
താരാട്ടും അന്ത്യകൂദാശയും
ഒന്നാകും
വാക്കുകൾ നെഞ്ചിനു നേരെ
തിരിച്ചടിക്കുന്നു

ഇവിടെ നമ്മൾ
പരസ്പരം ഭയപ്പെടുന്നു
ഈ ഭയപ്പാടുകൾ മാറണമെങ്കിൽ
സ്വർഗ്ഗത്തിൽ നിന്നും
ഭൂമിയിലേക്ക് ശിക്ഷിക്കപ്പെടുന്നവർ
കരയാതെ കടന്നുവരണം





**അരുൺ ഡ്രൈവിംഗ് സ്കൂൾ**
മധുര കോഡ്സിന് എതിർവശം
കൊരട്ടി പോലീസ് സ്റ്റേഷൻ റോഡ്, ചാലക്കുടി

ഇപ്പോൾ ആളൂരിലും, ചാലക്കുടിയിലും
പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

വനിത ഡ്രൈവർ വനിതകളെ പഠിപ്പിക്കുന്നു.



**കാശ്മീര എൻ.എ.**
ഒന്നാം വർഷ സുവോളജി



# മരക്കോത്തന്മാർ
## (യൂ ടൂ (ബ്രൂട്ടസ്.....?)

ചീശ്... ചീശ്... ചീശ്...

പരീക്ഷാടെൻഷനുമായി പരീക്ഷാഹാളിലെത്തി ഞാൻ ഈ അപസ്വരം കേട്ട് തരിച്ചു നിന്നു. ങേ, സ്ഥ മാറിയോ? അകത്ത് കാര്യമായ മരപ്പണിനടക്കുകയ ണെന്ന് വ്യക്തം.

ഏതാനും നേരത്തെ തരിച്ചു നില്പിനു ശേ ഞാൻ വലതു കാൽ വെച്ച് അകത്തേക്കു കയറ അവിടെ കണ്ട കാഴ്ച എനിക്ക് അറ്റാക്കുണ്ടാക്കി. രണ്ട മൂന്ന് വല്ല്യേട്ടന്മാരും എന്റെ ഒരു മാന്യ സഹപാഠിയു കൂടി ഡസ്ക് ചീവുകയാണ്. കോളേജിൽ സെക്ക ബെല്ലടിച്ച് പ്രാർത്ഥനകഴിഞ്ഞാലും എത്താത്ത മാ ദേഹം ഇത്ര നേരത്തെ എത്തിച്ചേർന്നത് എന്നെ അത തപ്പെടുത്തി.

ആ മഹാന്മാർ ചടഞ്ഞിരുന്ന് ഡസ്ക്കെഴുത തുടങ്ങി. പിന്നീട് വന്ന ലവന്മാരും പകർച്ചവ്യാധി പിടിപ്പെ പ്പോലെ ചീവലും എഴുത്തും തുടങ്ങി. ലവന്മാരിൽ ഒ വല്ല്യേട്ടൻ ഹൈടെക്ക് കോപ്പിയടി വിദഗ്ദ്ധനാണ്. ത ഡെസ്ക്കും ബെഞ്ചും പരമാവധി ഉപയോഗപ്പെടുത്തി തിനു ശേഷം മുങ്ങിയ പുള്ളിക്കാരൻ രണ്ട് ഈർക്കി കഷ്ണങ്ങളുമായി പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ ജൂനിയേഴ് വായും പൊളിച്ച് നോക്കിനില്ക്കേ പുള്ളി പാന്റി പോക്കറ്റിൽ നിന്നും പീസുകൾ പുറത്തേക്കിട്ടു (ഇ ലത്തെ രാത്രിയിലെ കഠിനാധ്വാനത്തിന്റെ ഫ അതിവിദഗ്ദ്ധമായി അദ്ദേഹം അത് ഡസ്ക്കിനടിയി ഫിറ്റു ചെയ്തു. ഡസ്ക്കെഴുത്തിന് ഇടവേള കൊടുത വല്ല്യേട്ടന്റെ 'പെർഫോമൻസ്' ആരാധനയോടെ നോക്ക യിരുന്ന ഒരു ജൂനിയറോട് അദ്ദേഹം സഹതാപത്തോട മൊഴിഞ്ഞു. " എടാ മോനെ ജെൽ പെന്നോണ്ടെഴുത ടാ. അതാവുമ്പം ക്ലിയറായി വായിക്കേം ചെയ്യാം, നാ ഈസിയായി ചീവേം ചെയ്യാം." ഇതു കേൾക്കേ താമസം ലവൻ എഴുത്തുമതിയാക്കി ജെൽപെൻ തെ പോയി.

അപ്പോഴാണ് ഒരു തരുണീമണി ഹാളിലേക്ക് കടന്നുവന്നത്. കോപ്പിയടി വിദഗ്ദ്ധന്റെ കയ്യിൽ നിന്നും വെപ്പൺ (ബ്ലേഡ്) കടം വാങ്ങി പുള്ളിക്കാരിയും പരിപാടി തുടങ്ങി.( കോപ്പിയടി രംഗത്തെ സ്ത്രീ സാന്നിധ്യം ; അഭിമാനപൂരിതമാകുന്നെന്നന്തരംഗം).

അവിടെയെത്തിയ സഹപാഠിയോട് ഞാൻ കോപ്പിയടി ദൃശ്യങ്ങൾ വിവരിച്ചു."യെവളാര് ഹരിശ്ചന്ദ്രിയോ? നീ കോപ്പിയടിച്ചിട്ടില്ലേ?" ലവളുടെ ചോദ്യങ്ങൾ എനിക്കു ബുഷിന് കിട്ടിയ ചെരിപ്പേറു പോലെയായിരുന്നു. കൊണ്ടു കൊണ്ടില്ല. എന്റെ അന്തരംഗം പത്തു വർഷം പിന്നോട്ടോടി ( ഫ്ളാഷ് ബാക്ക് ) മൂന്നാം ക്ലാസിൽ. അതെ അന്നാണ് ഞാൻ ആദ്യമായും അവസാനമായും കോപ്പിയടിച്ചത്. അന്നെന്നെ ഒറ്റിക്കൊടുത്ത ദുഷ്ടനെയും ഞാൻ സ്മരിച്ചു (നന്ദിയോടെ) അന്ന് കോപ്പിയടിക്കാൻ നടത്തിയ 3 ശ്രമങ്ങളും അവൻ തകർത്തു.

ചീശ്... ചീശ്....

ഞാൻ വർത്തമാനകാലത്തെത്തി. എന്റെ കൂട്ടുകാരി തിരക്കിട്ട പണിയിലാണ്. ഞാൻ അറിയാതെ ചോദിച്ചു പോയി " യൂ ടൂ ബ്രൂട്ടസ്.... ? "

FACTORY OUT LET
Thekkiniyedath *Casual Wear for Men*
തെക്കിനിയേടത്ത് കാഷ്വൽ വെയർ
ടൗൺഹാൾ റോഡ്, Opp.കല്ലട റീജൻസി
ഇരിങ്ങാലക്കുട.
നിങ്ങൾക്കായി ഒരുക്കുന്ന
വമ്പിച്ച
ആദായവിൽപ്പന
PH: 9846948048
Associated Companies: Tiripur, Irinjalakuda, Columbo. UAE, Ajman UAE. Online Shopping: www.starsuae.com, E-mail:info@starsuae.com

Roshan C.R
9656002426
MASCOT
ENGLISH ACADEMY
Neelathukattil Building
Opp. Town Hall, Irinjalakuda - 680 121
Phone: 0480-3246070, 9846704653, 9995478524
Spoken English • Personality Development
Career Counseling • TOEFL • IELTS



# "ചേച്ചി മിത്രചേച്ചിയല്ലേ?"

നമുക്ക് മുന്നിൽ മിന്നിത്തിളങ്ങുന്ന പല പ്രതിഭകളുടെയും ഉദയത്തിന്റെ ഫ്ളാഷ് ബാക്കിൽ യാദൃശ്ചികത മറഞ്ഞിരുന്ന് വെളിച്ചം വീശിയിട്ടുണ്ട്. റസൂൽ പൂക്കുട്ടി, ഗായകൻ പി. ജയചന്ദ്രൻ, കവിയൂർ പൊന്നമ്മ തുടങ്ങി പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കുന്ന പലർക്കും ഓർമ്മകളിൽ യാദൃശ്ചികത ഒരു കൈത്താങ്ങായിട്ടുണ്ട്. ഈ വർഷത്തെ സിവിൽ സർവ്വീസ് പരീക്ഷയിൽ 10-ാം റാങ്ക് നേടിയ ടി. മിത്രയുമായി ഞങ്ങൾ നടത്തിയ അഭിമുഖത്തിലും യാദൃശ്ചികതയുടെ വലിയൊരു കളിയുണ്ട്. അമൃത എക്സ്പ്രസ്സിന്റെ ജനറൽ കംപാർട്ട്മെന്റിനുള്ളിൽ, ട്രെയിനിലെ ടോയ്ലറ്റിനു മുമ്പിൽ 2nd year question papers വിരിച്ചു കിടന്ന്, മഴച്ചാറലേറ്റ് മാഗസിൻ ചർച്ചകളുമായി തലസ്ഥാനനഗരിയിലെത്തി, നാല് മസാല ദോശയ്ക്കും ചായയ്ക്കും 300 രൂപ നൽകി, ഞങ്ങൾ തുടക്കം ഗംഭീരമാക്കി. തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ സന്ദർശിച്ച് മനസ്സ് മരവിച്ച ഞങ്ങൾക്ക് മിത്രചേച്ചിയുമായി ഫോണിൽ ബുക്ക് ചെയ്ത അപ്പോയ്ന്റ്മെന്റ് വലിയൊരു പ്രതീക്ഷയായിരുന്നു. എന്നാൽ മിത്രചേച്ചിയുടെ വീട്ടിലെ ലാന്റ് ഫോണിൽ ഞങ്ങളുടെ കോളുകൾ മണിയടിച്ച് അകാലചരമമടഞ്ഞുവെന്നല്ലാതെ മറുപടി ലഭിക്കാതെയായപ്പോൾ മനസ്സിൽ നേരിയ പകപ്പിന്റെ കാർമേഘം ഉരുണ്ട് തുടങ്ങി. പിന്നീടങ്ങോട്ട് ഫോൺ വിളിയുടെ ബഹളമായിരുന്നെങ്കിലും ഫലം പഴയതുതന്നെ. തമ്പാനൂരിലെ സൂര്യന് ചൂട് കൂടുതലാണെന്ന് ഞങ്ങൾക്ക് മനസ്സിലായിതുടങ്ങി. മിത്രചേച്ചിയുടെ സ്വദേശമായ പേട്ട അന്വേഷിച്ച് ഞങ്ങൾ അലയാൻ തുടങ്ങിയപ്പോൾ, ഞങ്ങളുടെ തിരുവനന്തപുരം യാത്ര അപൂർണ്ണമാകുമോ എന്ന ഭീതി എല്ലാവരിലും പടർന്ന് പന്തലിച്ചിരുന്നു. ഒടുക്കം ഞങ്ങളിൽ മൂന്നുപേർ തമ്പാനൂർ ബസ് സ്റ്റാന്റിലേക്കും മറ്റൊരാൾ ഒരു ബന്ധുവിനെയും കാണുവാൻ യാത്ര തിരിച്ചു. ബന്ധു ജോലി ചെയ്യുന്ന ബഹുനില കെട്ടിടത്തിന്റെ ലിഫ്റ്റിനു മുന്നിൽ കാത്തുനിന്ന് ക്ഷമ നശിച്ച് ഒടുവിൽ ലിഫ്റ്റിനെ ചീത്ത വിളിച്ച് മുകളിലേക്കുള്ള പടികൾ ആയാസപ്പെട്ടു കയറുമ്പോൾ ഒരു പെൺകുട്ടി ഇറങ്ങിവരുന്നു. എവിടെയോ കണ്ട് നല്ല പരിചയം. പോട്ടെ, തോന്നിയതാകാം. ഒടുക്കം

ആ പെൺകുട്ടി താഴെയെത്തിയപ്പോഴാണ് മിന്നലടിച്ചത്. ഓടി താഴെയെത്തി ആ പെൺകുട്ടിക്ക് മുന്നിൽനിന്ന് കിതച്ചുകൊണ്ട് ചോദിച്ചു.

'ചേച്ചി മിത്രചേച്ചിയല്ലേ!'

(ആരോ പറഞ്ഞുവെന്ന് തോന്നുന്നു കേട്ടില്ല)

'എന്റെ മനസ്സിലായോ, ഞാനാ അന്ന് വിളിച്ചത്, എത്ര നേരമായി ചേച്ചിയെ ഫോൺ ചെയ്യുന്നുവെന്നറിയാമോ, ചേച്ചിയെന്ത് പണിയാ കാണിച്ചെ, ശ്ശൊ, ടെൻഷനടിച്ച് ചാവാറായി'-

ഒറ്റശ്വാസത്തിൽ ചോദിച്ച് നിർത്തിയെങ്കിലും ഞങ്ങളുടെയെല്ലാവരുടെയും നെടുവീർപ്പിന്റെ ശബ്ദം അഗ്നിപോലെയായിരുന്നു. പിന്നീടെല്ലാം പെട്ടെന്നായിരുന്നു. ടി. വിക്രമന്റെയും സീതാലക്ഷ്മിയുടെയും മകൾ, ഈ വർഷത്തെ ഇന്ത്യൻ സിവിൽ സർവ്വീസിലെ പത്താമത്തെ നക്ഷത്രം, ടി. മിത്ര താമസിക്കുന്ന, തിരുവനന്തപുരം പേട്ട ഗോപാലപുര ലെയിനിലെ 20-ാം നമ്പർ വീടിനു മുന്നിൽ ഞങ്ങൾ വന്നിറങ്ങി.

ഒരുപക്ഷെ ഞങ്ങളിലെ ആ ഒരാൾക്ക് ബന്ധുവിനെ കാണാൻ തോന്നിയിരുന്നില്ലെങ്കിലോ, 2 മിനിറ്റുകൂടി കഴിച്ച് ലിഫ്റ്റ് വന്ന് അതിൽ കയറിയാണ് അയാൾ മുകളിലെത്തിയതെങ്കിലോ, എവിടെയോ കണ്ട മുഖപരിചയം അവഗണിച്ചിരുന്നെങ്കിലോ?

ഇന്റർവ്യൂവിനാണ് വന്നതെന്ന കാര്യമോർത്ത് സീരിയസ്സായി ഞങ്ങൾ ചോദ്യം തൊടുത്തു തുടങ്ങി.

**ചേച്ചിക്ക് തോന്നുന്നുണ്ടോ രാഷ്ട്രീയ ഇടപെടലുകൾമൂലം ബ്യൂറോക്രാറ്റ്സിന് അവരുടെ ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥതയോടെ നിറവേറ്റാൻ സാധിക്കാതുണ്ടെന്ന്?**

"നമ്മൾ തിരഞ്ഞെടുക്കുന്ന മാർഗ്ഗം നമുക്ക് ചെയ്യാൻ സാധ്യമാക്കി തരുന്ന ചില കാര്യങ്ങളുണ്ട്. അതുപോലെതന്നെ നമ്മൾ ഈ പദവിയിലിരിക്കുമ്പോൾ ചെയ്യേണ്ടതായ കാര്യങ്ങളുമുണ്ട്. രാഷ്ട്രീയ ഇടപെടലുകൾ മറ്റൊരു തലമാണ്. രാഷ്ട്രീയ പ്രവർത്തകരാണ് പോളിസി നിർമ്മാതാക്കൾ. അതിനാൽ നമ്മളവരെ അനുസരിക്കേണ്ടതായുണ്ട്. അതിനർത്ഥം അവരെ കണ്ണുമടച്ച് വിശ്വസിച്ച് അനുസരിക്കണമെന്നല്ല."

മിത്രേച്ചിയും അതേ സീരിയസ്സ്നെസ്സോടെ മറുപടി പറഞ്ഞു.

സീരിയസ്സായി വന്ന് തുടങ്ങിയില്ല അതിനുമുമ്പേ വന്ന മഹേഷിന്റെ ചോദ്യം എല്ലാ ശ്രമങ്ങളും വിഫലമാക്കി.

**"ചേച്ചി ചേച്ചിക്കെത്ര വയസ്സായി?"**

"അത് വല്ല്യോരു രഹസ്യമാണ്. ഏയ് വെറുതെ പറഞ്ഞതാ. എനിക്കിരുപത്തിയാറ് വയസ്സായി. ഞാൻ ഈ വഴിതിരഞ്ഞെടുക്കാനുള്ള തീരുമാനത്തിലെത്താൻ അല്പം വൈകി. നിങ്ങളൊരുപാട് ഭാഗ്യമുള്ള കുട്ടികളാണ്. കാരണം ഇതിനുവേണ്ടി പ്രത്യേകം കോച്ചിങ്ങിനും എൻട്രൻസ് തയ്യാറെടുപ്പിനും സൗകര്യങ്ങളുണ്ട്. ഞാൻ ഡിഗ്രി ചെയ്യുന്ന സമയത്ത് എനിക്ക് നല്ല രീതിയിലുള്ള guidance കിട്ടിയിരുന്നില്ല.

മറുപടിക്ക് ശേഷമുള്ള ചിരിയൊന്നൊതുങ്ങി തുടങ്ങിയപ്പോഴേക്കും അടുത്ത ചോദ്യം. "എന്നാ കല്ല്യാണം?" I.A.S. കിട്ടിയ ബുദ്ധിജീവി ഗണത്തിൽപ്പെട്ട ഒരാളോടാണ് ഇത്ര കൂളായി ചോദിക്കുന്നതെന്നോർക്കണം. ചോദ്യം ചോദിക്കുന്ന ഞങ്ങൾക്ക് വകതിരിവില്ല, ബോധവും സമ്മതിച്ചു. പക്ഷേ ഞങ്ങളെ കടത്തിവെട്ടുന്ന മറുപടികൾ മിത്രേച്ചിയിൽനിന്ന് കിട്ടിയപ്പോൾ മനസ്സിലായി ജീവിതത്തിന് ഞങ്ങൾക്കും scope ഉണ്ടെന്ന്.

(I.A.S. preparation നിടയ്ക്ക് മാതാപിതാക്കളെ നഷ്ടപ്പെട്ടിട്ടും അവരുടെ സ്വപ്നമായ I.A.S. Rank കരസ്ഥമാക്കി ജീവിതത്തിൽ വിജയിച്ച് കാണിച്ച മിത്രേച്ചിയെക്കുറിച്ചറിഞ്ഞപ്പോൾ ആദ്യം "തന്മാത്ര" സിനിമയാണ് ഓർമ്മവന്നത്. തോന്നിയ വികാരം respect ആയിരുന്നു. ചേച്ചി എടുത്തത് M.A. Eng. Lit. ആയിരുന്നു, കോച്ചിംഗ് നടത്തിയത് കേരളത്തിലും. അതാണ് ഈ ചോദ്യം ഞങ്ങൾ ഞങ്ങളുടെ ഒരുപാട് കൂട്ടുകാർക്ക് വേണ്ടി ചോദിച്ചത്.)

**"കേരളത്തിന് പുറത്ത് കോച്ചിംഗിന് പോകുന്നതിനെക്കുറിച്ച് ചേച്ചിയുടെ അഭിപ്രായമെന്താണ്? കേരളത്തിൽ നിന്നുകൊണ്ടുള്ള കോച്ചിംഗ് മതിയാകുമോ?"**

"അത് ഓരോരുത്തരുടെയും താല്പര്യമനുസരിച്ചിട്ടാണ്. കേരളത്തിൽ കോച്ചിംഗ് നടത്തിയതുകൊണ്ട് പരീക്ഷ ക്ലിയർ ചെയ്യാൻ പറ്റില്ല എന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ഞാനിന്ന് നിങ്ങളുടെ മുൻപിൽ ചിരിച്ചുകൊണ്ട് ഇരിക്കില്ലായിരുന്നു.

**മെഡിസിനും എഞ്ചിനിയറിംഗും പോലുള്ള പ്രൊഫഷണൽ കോഴ്സുകൾ കഴിഞ്ഞശേഷം പലരും ഇതിൽനിന്ന് വ്യത്യസ്തമായ സിവിൽ സർവ്വീസ് പാത ഇപ്പോൾ പിന്തുടരാറുള്ളത് സർവ്വസാധാരണമാണ്. ഇതേക്കുറിച്ചെന്താണ് ചേച്ചിക്ക് പറയാനുള്ളത്?**

ഇപ്പോഴത്തെ പുതിയ trend അനുസരിച്ച് ഒരു professional degree course complete ആക്കുക. ശേഷം സിവിൽ സർവ്വീസിന് ശ്രമിക്കുക; അതുകൊണ്ടുതന്നെ

സിവിൽ സർവ്വീസ് പരീക്ഷയിൽ ശോഭിക്കാൻ കഴിഞ്ഞില്ലെങ്കിലും നമുക്ക് മുന്നിൽ വേറൊരു option ഉണ്ടാകും. നിങ്ങളുടെ ജോലിയാണ് യുവ മലയാളികളെ ഉദ്ബോധിപ്പിക്കുക എന്നത്. എനിക്കുറപ്പാണ് വരും വർഷങ്ങളിൽ educational preference ൽ വളരെയധികം മാറ്റം വരുമെന്ന്.

**സിവിൽ സർവ്വീസ് തെരഞ്ഞെടുക്കുകയാണെന്ന് പറഞ്ഞപ്പോൾ അതിനുവേണ്ടി സൂര്യനു കീഴിലുള്ള എല്ലാം അറിഞ്ഞിരിക്കേണ്ടി വരുമെന്ന് പറഞ്ഞ് ആരെങ്കിലും കളിയാക്കിയതായി ചേച്ചിക്കനുഭവമുണ്ടോ?**

ഇല്ല, എനിക്കങ്ങനെയൊരു അനുഭവമുണ്ടായിട്ടില്ല. എല്ലാവരും എന്നെ support ചെയ്തിരുന്നു. പ്രത്യേകിച്ച് അച്ഛനും അമ്മയും. അവരാണെന്നെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ചത്.

നിങ്ങളുടെ മുന്നിലെപ്പോഴും വേറൊരു alternative ഉണ്ടായിരിക്കണം. കാരണം C.S. ൽ എപ്പോഴും ഭാഗ്യത്തിന്റെ ഒരു കളിയാണ്. ഭാഗ്യം ഇതിലെ വലിയൊരു ഘടകമായതിനാലാണ് ആളുകൾ ആദ്യം professional course complete ചെയ്തശേഷം ഇതിലേക്ക് വരുന്നത്. ആദ്യത്തെ ശ്രമത്തിൽ തന്നെ entrance clear ചെയ്ത ആൾക്കാരും അതുപോലെതന്നെ നാലു ശ്രമങ്ങളും കഴിഞ്ഞിട്ടും കിട്ടാതെപോയ ആൾക്കാരുമുണ്ട്. ഇതിൽ കുറെയേറെ ദൈവത്തിന്റെ കളിയുണ്ട്. നിരന്തരമായ ക്ഷമയും കഠിനാദ്ധ്വാനവും ഇതിൽ വിജയം നേടാൻ നമുക്കാവശ്യമാണ്.

**ചേച്ചിക്ക് ഏറ്റവും score ചെയ്യാൻ കഴിയുന്ന subject ഏതൊക്കെയാണ്?**

G.K. യും Current affairs ഉം. പക്ഷെ എല്ലാം അറിഞ്ഞിരിക്കേണ്ടതാണ്.

**ഇന്റർവ്യൂവിന് എങ്ങനെയായിരിക്കും ചോദ്യങ്ങൾ?**

ഇന്റർവ്യൂവിൽ എന്തു വേണമെങ്കിലും ചോദിക്കാം. ഞാൻ നാലാമത്തെ candidate ആയിരുന്നു. എന്നോടു ചോദിച്ചത് ഓണസദ്യ എങ്ങനെയാണ് വിളമ്പേറ് എന്നായിരുന്നു (കറികളുടെ ഓർഡറനുസരിച്ച്). എന്റെ കഴിഞ്ഞ് കയറിയ പുള്ളിയോട് ചോദിച്ചത് ദോശ എങ്ങനെ ഉണ്ടാക്കാമെന്നായിരുന്നു. ഇന്റർവ്യൂവിൽ എന്തും പ്രതീക്ഷിക്കാം.

**ചേച്ചി Class cut ചെയ്തിട്ടുണ്ടോ?**

ഇല്ല (ചിരിച്ചുകൊണ്ട്) ഞാൻ നല്ലകുട്ടിയാണ്. ഒരിക്കൽ മാത്രമേ ക്ലാസ്സ് കട്ട് ചെയ്തിട്ടുള്ളു. ക്ലാസ് ഇല്ലെന്ന് കരുതി വീട്ടിൽ പോയതാണന്ന്.

**ചേച്ചി exceptionally brilliant ആയിരുന്നോ?**

ചുമ്മാ പറയല്ലേ. ഞാൻ അങ്ങനെപഠിക്കാറൊന്നുമില്ല (അത് ഞങ്ങൾക്ക് മനസ്സിലായി)

**പെൺകുട്ടികൾക്കായുള്ള ചേച്ചിയുടെ message**

കൂടുതൽ പെൺകുട്ടികൾ സിവിൽ സർവീസ് പോലുള്ള challenging job fields ലേക്ക് കടന്നുവരണം. വനിതയും ഗൃഹലക്ഷ്മിയുമല്ലാതെ മറ്റു നല്ല പുസ്തകങ്ങൾ അവർ വായിക്കണം. നമുക്ക് ചുറ്റുമുള്ള കാര്യങ്ങളെ കുറിച്ച് അറിയാൻ ശ്രമിക്കണം.

**C.S. ന് prepare ചെയ്യുന്നവർക്കായുള്ള ചേച്ചിയുടെ tips എന്താണ്?**

6-10 വരെയുള്ള NCERT Text book കൾ thorough ആയി/നന്നായി പഠിക്കണം. പിന്നെ ഹിന്ദു ന്യൂസ് പേപ്പർ must ആണ്. Quiz competitions ഉം Quiz programmes ഉം കാണുന്നത് നല്ലതാണ്. പിന്നെ എന്ത് Information എവിടെ കേട്ടാലും ഒന്ന് കുറിച്ചു വയ്ക്കുന്നത് നല്ലതാണ്.

നമ്മൾ ഒരു വലിയ ലക്ഷ്യത്തിനുവേണ്ടിയാണ് ശ്രമിക്കുന്നത്. അത് കിട്ടുമെന്ന് ഉറപ്പുമില്ല. ഉറപ്പുള്ള മറ്റൊരു ജോലി കിട്ടുമ്പോൾ ചിലർ ആ ശ്രമമുപേക്ഷിക്കുന്നു. നമ്മൾ ചിലപ്പോൾ പരാജയപ്പെട്ടേക്കും. പക്ഷെ വിജയിക്കാമെന്ന പ്രതീക്ഷയിലാകണം നീങ്ങേണ്ടത്. പ്രിലിമിനറിയും മെയിനും ഇന്റർവ്യൂവും കഴിഞ്ഞിട്ടും കിട്ടാത്തവരുണ്ട്. പടിവാതിലിൽ കൈവിട്ടാലും ഒരു വട്ടം കൂടി ശ്രമിക്കാനുള്ള ധൈര്യം വേണം.

മാനസികമായി കരുത്തുള്ള വ്യക്തി ആയിരിക്കുകയും ശുഭാപ്തി വിശ്വാസം ഉണ്ടായിരിക്കുകയും ചെയ്താലേ പരീക്ഷയുടെ കടമ്പ കടക്കൂ.

ബാക്കി എല്ലാം ദൈവത്തിന്റെ കയ്യിലാണ്. എല്ലാവർക്കും നല്ലത് വരാനായി ഞാൻ പ്രാർത്ഥിക്കാം.

(ഇത്ര കൂളായി ഞങ്ങൾ ഇന്റർവ്യൂ ചെയ്തത് ഇതാദ്യം. ഇനി അതിന് ഭാഗ്യമുണ്ടാവുമെന്നും തോന്നുന്നില്ല. മിത്രേച്ചിയെ പോലെയാവാൻ മിത്രേച്ചിക്കേ പറ്റൂ).




**നീതു അജയ്**
രണ്ടാം വർഷ രസതന്ത്രം

# ഓർമ്മച്ചിറക്



ഓർമ്മതൻ വീഥിയിൽ പാറിപ്പറന്നീടു
മെൻ ഹൃത്തിലുള്ളൊരാ തിരയിളക്കം
അമ്മതൻ മാറിൻ അള്ളിപിടിച്ചീടും
എന്റെ മനസ്സിലെ ബാല്യകാലം
അരുതെന്ന് പറയുമ്പോൾ ചെയ്യുന്നനേരത്തു
ആത്മ സംതൃപ്തിതൻ പുഞ്ചിരിയും
അമ്മതൻ ശാസനവാക്കുകൾ കേട്ടുഞാൻ
അലറിപ്പൊളിച്ചു കരഞ്ഞീടുമ്പോൾ
വാരിയെടുത്തെന്നെ പുണരുന്ന നേരത്തു
കണ്ടുഞാൻ കൺകളിൽ സ്നേഹ വായ്പ്
ഓർമ്മതൻ വീഥിയിൽ പാറിപ്പറക്കുമ്പോൾ
ഓർത്തോർത്തിരിക്കുവാൻ ഏറെയുണ്ട്
വിദ്യാലയത്തിൽ പോകാതിരിക്കുവാൻ
ശാഠ്യം പിടിച്ചൊരാ കുട്ടിക്കാലം
വിദ്യാലയത്തിൽ എത്തിയ ഞാനന്നു
വിസ്മയം കണ്ടു തരിച്ചു നിന്നു
എന്നുടെ മാതിരി വസ്ത്രം ധരിച്ചവർ
എത്രയുണ്ടെന്ന് പറയാൻ വയ്യ
ആഹാ, കളിച്ചു ചിരിച്ചു നടന്നീടു
മൊരുപാട് ചങ്ങാത്തമുണ്ടിവിടെ
ആകാശം ഭൂമിയും, ഒളിച്ചു കളിക്കലും
കുട്ടികുശുമ്പും പിണക്കമിണക്കവും
പോയി കഴിഞ്ഞ്ുടൻ പത്തുവർഷങ്ങൾ
പത്തു ദിവസങ്ങളെന്ന പോലെ
ടീച്ചർ ഓർമ്മിപ്പിച്ചു ഭാവിതൻ ഭാവി
ഞങ്ങൾ തൻ കയ്യിൽ നിക്ഷിപ്തമെന്ന്
ക്ലാസു കഴിഞ്ഞെന്നും ഇനി വരേണ്ടായെന്നും
ടീച്ചർ പറഞ്ഞീടു-മാനിമിഷം
ദുഃഖം തളം കെട്ടി അശ്രു ബിന്ദുക്കളാൽ തൻ
പുസ്തക താളു നനഞ്ഞനേരം
ഗുരുവന്നു ചൊല്ലി ഞങ്ങൾ തൻ മുന്നിൽ
ഇതു തന്നെ ജീവിത യാഥാർത്ഥ്യങ്ങൾ
ഓർമ്മതൻ വീഥിയിൽ പാറിപ്പറന്നൊരാ
ചിറകുകൾ വാടി കരിഞ്ഞു പോയി.



**Mohammed Kifil**
2nd B.Com Self

# Is this she...?



IF U TREAT her nicely, she says
U are IN LOVE with her ;
If U don't, she says U are PROUD

If U argue with her, she says U are STUBBORN
If U keep QUIET, she says u have no BRAINS

If U are smarter than her, she'll lose FACE
If she's smarter than U, she is GREAT

If U don't love her, she tries to POSSESS U;
If U love her, she will try to LEAVE U.

If U tell her your PROBLEM, she says U are TROUBLESOME;
If you don't, she says you don't TRUST her.

If U SCOLD her, you are like a CHACHA to her
If she scolds you, it is because she CARES for U

If U break your promise, U cannot be TRUSTED
If she BREAKS'S hers, she is FORCED to do so

If U SMOKE, you are a BAD BOY
If she smokes, she is a GENTLE LADY

If U do well in your exams, she says its LUCK
If she does well, its BRAINS

If U HURT her, U are CRUEL
If she HURTS U, you are too SENSITIVE



**സ്റ്റാലിൻ രാജു**
രണ്ടാം വർഷ ജിയോളജി



# അവൻ

ക്രൈസ്റ്റ് കോളേജിൽ B.S.C. Geology എന്ന കോഴ്സ് പഠിക്കുവാൻ എനിക്കു അവസരം ലഭിച്ചു. ക്ലാസുകൾ ആരംഭിച്ച് ആദ്യദിനങ്ങളിൽ ഞാനും, സഹപാഠികളും വളരെയധികം അടുത്തു കഴിഞ്ഞു. ദിവസങ്ങൾക്കുള്ളിൽ ഞങ്ങളുടെയെല്ലാം കണ്ണിലുണ്ണിയായി അവൻ വന്നു. അവന്റെ വരവ് ഞങ്ങൾക്ക് ഉത്സവമായിരുന്നു. ജയ് വിളികളോടും ആർപ്പുവിളികളോടും കൂടിയാണ് ഒരു കൂട്ടർ അവനെപൊക്കിയെടുത്ത് ഞങ്ങളുടെ ഇടയിലേക്ക് കൊണ്ടുവന്നത്. ഇത് കണ്ട് ഞങ്ങൾ അവന് ഒരു നായകസ്ഥാനം നൽകി. അന്ന് ഞങ്ങൾ അവന്റെ കൂടെ അടിച്ചുപൊളിച്ചു. അങ്ങനെ അന്നത്തെ ക്ലാസ് കഴിഞ്ഞു. പിന്നീട് അവൻ ഒരാഴ്ച്ച ക്ലാസിൽ വന്നില്ല. ഞങ്ങൾക്ക് വളരെയധികം വിഷമമായി. അങ്ങനെയിരിക്കുമ്പോൾ അവൻ ഞങ്ങളുടെ ഇടയിലേക്ക് ഓടിവന്നത് ഒരു ഡബ്ബിൾ ഹാട്രിക്കിന്റെ തിളക്കത്തോടെയായിരുന്നു. അങ്ങനെ ആറു ദിവസം ഞങ്ങൾ അവന്റെ കൂടെ അടിച്ചുപൊളിച്ചു. പിന്നീട് അവന്റെ വരവ് ക്രമാതീതമായി വർദ്ധിച്ചുവന്നു. മാസങ്ങൾ പലതും കഴിഞ്ഞുപോയി. അപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത് ഇലക്ഷൻ അടുത്തിരിക്കുന്നു എന്ന കാര്യം. ഇലക്ഷൻ കഴിഞ്ഞ് ഒരാഴ്ച്ച കഴിഞ്ഞില്ല അതാ ഉഗ്രൻ തല്ല്.

ക്ലാസ് തുടങ്ങി മാസങ്ങൾ കടന്നുപോയി ഇതിനിടയിൽ, ആർട്സ്, സ്പോർട്സ്, ഇവയെല്ലാം കടന്നുപോയി. അപ്പോഴും അവൻ ഇടക്കിടെ വന്നു കൊണ്ടിരുന്നു. എല്ലാവരേയും ഞെട്ടിച്ചുകൊണ്ട് പെട്ടെന്ന് അതാ മറ്റൊരാൾ കടന്നുവരുന്നു. അത് മറ്റാരുമായിരുന്നില്ല. ഒന്നാം വർഷ പരീക്ഷ.

ഒന്നാം വർഷം അങ്ങനെകടന്നുപോയി. രണ്ടാം വർഷം ക്ലാസ് തുടങ്ങി. പെട്ടെന്നാണ് അവൻ അത് അറിഞ്ഞത്, ഇലക്ഷൻ അടുത്തുവരുന്നു എന്ന കാര്യം. ഇതു കണ്ട് പൂർവ്വാധികം ശക്തിയോടെ അവൻ ഓടിവന്നു.

ആഴ്ചയിൽ മൂന്നും നാലും ദിവസങ്ങൾ അവൻ ക്ലാസിൽ വന്നു തുടങ്ങി. അങ്ങനെ വോട്ടെടുപ്പും അതിന്റെ ഭാഗമായ തല്ലും കഴിഞ്ഞു. 'അവന്റെ' വരവ് കുറഞ്ഞു തുടങ്ങി. പെട്ടെന്നാണ് ഞങ്ങളെയെല്ലാം ഞെട്ടിച്ചു കൊണ്ട് ഞങ്ങളുടെ രണ്ടാം വർഷ പരീക്ഷ വന്നെത്തിയത്. പരീക്ഷ എഴുതണമെങ്കിൽ 75% ഹാജർ വേണം. മിക്കവർക്കും അത്രയും ഹാജർ ഇല്ല. പരീക്ഷയെഴുതണമെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പ്രിൻസിപ്പാളിന്റെ അറിയിപ്പു കിട്ടി. ഞങ്ങൾക്ക് സമാധാനമായി ഇത് അധികം ബുദ്ധിമുട്ടില്ലാതെ കിട്ടുന്ന സാധനമാണല്ലോ. ഇത് ഞങ്ങൾ രണ്ടും, മൂന്നും, ഹാജരാക്കി. എന്നാലും ചിലർക്ക് പരീക്ഷ എഴുതുവാൻ കഴിഞ്ഞില്ല. ഇതെല്ലാം കണ്ട് ഉള്ളിൽ ചിരിയൊതുക്കി 'അവൻ' അപ്പോഴും പുറത്തു നിൽക്കുന്നുണ്ടായിരുന്നു. അന്നാണ് ഞങ്ങൾക്ക് ആ സത്യം മനസ്സിലായത് നായകനായി ഞങ്ങൾ കരുതിയ അവൻ ഞങ്ങളെ വഞ്ചിക്കുകയായിരുന്നുവെന്ന്. 'അവൻ' ആരാണെന്ന് നിങ്ങൾക്ക് അറിയാമോ?

'സമരം' എന്ന മൂന്നക്ഷരം !










# Drawings

**Vinay Varghese**
2nd Physics









**Leo Paul**
2nd Physics











# ഉണക്കാനിട്ട നീല ഷഡ്ഡി കാണ്മാനില്ല

ഈ പേര് നിങ്ങൾ ഏതെങ്കിലും സിനിമയിൽ കണ്ടിട്ടുണ്ടാകാം. ഞാനും കേട്ടിട്ടുണ്ട്. ഇത് അശ്ലീലമാണെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. എനിക്ക് തോന്നിയിട്ടുണ്ട് പക്ഷെ എന്തു ചെയ്യാം.

ബർമുഡ ട്രയാംഗിളിന്റെ രഹസ്യവും, പ്രപഞ്ച ഉൽപത്തിയും കണ്ടുപിടിക്കാൻ ശാസ്ത്രലോകം മുഴുവനുമുണ്ട്. ബിൻലാദനെപിടിക്കാൻ അമേരിക്കയുണ്ട്, ലാവ്‌ലിൻ കേസിൽ കുറ്റം പറയാൻ കോൺഗ്രസ്സുകാരും, കേസ് നടത്താൻ കമ്മ്യൂണിസ്റ്റുകാരും ഉണ്ട്. പക്ഷേ കാണാതെപോയ എന്റെ ഷഡ്ഡി കണ്ടു പിടിക്കാൻ എന്റെ കൂടെ ആരുമില്ല. ഒരു ഷഡ്ഡിക്ക് പോലും സുരക്ഷയില്ലാത്ത ഈ ലോകത്തിന്റെ പോക്കിതെങ്ങോട്ടാണ്. ഞാനീ ലോകത്തെ വെറുക്കുന്നു ത്ഫൂ....

നമുക്കിതിനെ ജോക്കിയെന്ന് വിളിക്കാം, മാക്രോമാനെന്നോ വി.ഐ.പി. എന്നോ വിളിക്കാം. ഞാനൊരു ഫുഡ്പാത്തിൽ നിന്നുമാണ് ഇവനെ സ്വന്തമാക്കിയത്. നാനാ വർണ്ണങ്ങൾക്കിടയിൽ എന്നെ നോക്കി ചിരിച്ച ആ നീലക്കുറുക്കനെ അഭിമാനത്തോടെ ഞാൻ സ്വന്തമാക്കി.

ഊരുക പതിവുണ്ടായിരുന്നില്ല. ആഴ്ചയിൽ 5 ദിവസവും അവനെയുംകൊണ്ട് കഴിച്ചുകൂട്ടാൻ എനിക്ക് പ്രത്യേക കഴിവായിരുന്നു.

ഏത് നശിച്ചദിവസമാണ് പോയതെന്നെനിക്കറിയില്ല. നിലാവുള്ള രാത്രിയിൽ, ശാന്തമായൊഴുകുന്ന ഒരു പുഴയുടെ തീരത്ത്, പുഴയ്ക്ക് കുറുകെ നാട്ടിയ പാലത്തിനടിയിലിരുന്ന് കൂട്ടുകാരൻ വാങ്ങിയ ഓൾഡ് മോക്ക് റം കുടിച്ച് കുടിച്ച് ബോധമില്ലാതെ എന്തൊക്കെയോ കാട്ടി കൂട്ടിയെന്ന് ഞാൻ അറിഞ്ഞു. മുഴുവനായിട്ടോർമ്മയില്ലെങ്കിലും അതായിരുന്നു അവന്റെ അവസാനദിവസം.

മാനസികമായി ഞാനാകെ തകർന്നുപോയി ചുരുക്കം ചില ദിനങ്ങളിൽ, ഉറക്കം വരാത്ത രാത്രികളിൽ അവനെയെടുത്ത് വെള്ളത്തിൽ മുക്കി ഫാനിനടിയിലിട്ട് ഉണക്കിയെടുക്കുമ്പോൾ അവന്റെ ഭംഗി ഞാൻ ആസ്വദിക്കുമായിരുന്നു. ദിവസങ്ങൾ കഴിഞ്ഞു, അവനെ കാണുന്നില്ല. എന്തെല്ലാം ശീലങ്ങളാണ് തെറ്റിക്കേണ്ടിയിരിക്കുന്നത്. എടുത്തയാളെനിക്ക് തിരിച്ചു തരാൻ ഉള്ളുരുകി ഞാൻ പ്രാർത്ഥിച്ചു. കിട്ടിയില്ല. പ്രധാനമന്ത്രി രാജ്യത്തിന്റെ പുരോഗതി സ്വപ്നം കാണുമ്പോൾ, ഭാര്യ കാമ

[illegible]യയും, ഭർത്താവ് കാമുകിയെയും സ്വപ്നം കാണു [illegible]ോൾ കാണാതായ ഷഡ്ഡിയെക്കുറിച്ചോർത്ത് വിലപിക്കു [illegible] എഴുതുകയും ചെയ്യുന്ന ആദ്യത്തെ ഭാഗ്യഹീനൻ [illegible]ായിരിക്കും. അതൊരു മോഷണം തന്നെയാ [illegible]ന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. കാണാതായ [illegible]ക്കു വേണ്ടി പോലീസ് അന്വേഷണം വേണമെന്നോ, [illegible]ിൻ്റ്സ് അന്വേഷണം വേണമെന്നോ ആവശ്യപ്പെടാൻ [illegible]ിക്ക് ആരുമില്ല. ഇതിന്റെ പേരിൽ ആരും പഠിപ്പുമു [illegible] സമരം ചെയ്യില്ല. ഞാൻ വീണ്ടും ഒറ്റപ്പെടുന്നു.

വീട്ടുകാരുടെ സമീപത്തുകൂടെ പോകുവാൻ [illegible]ാൽ ഞാൻ ഇഷ്ടപ്പെടുന്നില്ല. തെങ്ങുകൾക്കിടയിൽ വലിച്ച് കെട്ടിയ അഴയിൽ കാറ്റിനൊത്താടുന്ന വർണ്ണങ്ങൾ എന്നെ എന്റെ നഷ്ടപ്പെട്ട ഷഡ്ഡിയുടെ ഓർമ്മകളിലേക്ക് അറിയാതെ നയിക്കും. അറിഞ്ഞുകൊണ്ട് വേദനിക്കപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. രണ്ടാഴ്ച്ച നീണ്ട അനിശ്ചിതത്വത്തിനൊടുവിൽ വീണ്ടും എന്റെ പഴയ ഫുട്പാത്തിൽ നിന്നും ഞാൻ പുതിയൊരു ഷഡ്ഡി വാങ്ങിച്ചു. ഒരിക്കലും ഇത് ഊരുകയില്ല എന്ന ദൃഢ പ്രതിജ്ഞയോടെ . ഹ...ഹ...ഹ

ഒരു ഹതഭാഗ്യൻ








ധനേഷ് പ്രിയൻ
രണ്ടാം വർഷ മാത്തമാറ്റിക്സ്

# കണ്ണുനീർ



എനിക്കൊന്നുറക്കെ കരയണം
പക്ഷെ അതാരും കേൾക്കരുത്
കാരണം,
നിങ്ങളെല്ലാം എന്റെ
പുഞ്ചിരിയെ സ്നേഹിക്കുന്നവരാണ്
നിങ്ങളെല്ലാം നല്ല വാർത്തകൾക്കായി
കാതോർത്തിരിക്കുന്നവരാണ്.
നല്ല സ്വപ്നങ്ങൾക്കായി
കാത്തിരിക്കുന്നവരാണ്
എന്റെ ഹൃദയമാണുരുകി
കണ്ണുനീരായ് വാർന്നൊഴുകുന്നത്

എന്നിട്ടും,
നിങ്ങൾക്കായ് ഞാനത്
പനിനീരിതളായ് മാറ്റിടുന്നു
ഞാനൊരു കാപട്യക്കാരൻ
എന്നെത്തന്നെയും പറ്റിക്കുന്ന
ഒരു നാട്യക്കാരൻ...
എന്റേതു മാത്രമായ
ദിനം വരും വരെയും
ഞാനീ പുഞ്ചിരിയെന്റെ
ചുണ്ടിൽ ഒട്ടിച്ചുവയ്ക്കും
എന്റെ സമയം സമാഗതമായാൽ.........



# പ്രതീക്ഷകളുടെ വീടുതേടി...



**അശ്വതി ആനന്ദ് പി.**
രണ്ടാം വർഷ ബി.കോം റഗുലർ

എനിക്കു പറയാനുള്ളത് ക്രൈസ്റ്റ് കലാലയത്തിനു മുന്നിൽ തലയുയർത്തി നിൽക്കുന്ന വെളുത്ത കൊക്കുകളെ കുറിച്ചല്ല. വിശാലമായ ഈ കലാലയത്തിനു മുന്നിലെ ഇടവഴിയിലുറങ്ങിക്കിടക്കുന്ന ചില ജീവിതങ്ങളുണ്ട്. സാമ്പത്തിക മാന്ദ്യം തീർത്തും അവഗണിച്ചവർ, വേഗത്തിൽ നടക്കുന്ന ജനതയ്ക്കൊടുവിൽ ചിരിച്ചുകൊണ്ടവർ നടക്കാൻ പഠിക്കുന്നു.

അറുപതു പേരോളം വരുന്ന കുട്ടികൾക്കു മുന്നിൽ ധൃതിയിൽ നടക്കുന്ന സാറിനെനോക്കി ഒരാൾ പതുക്കെ ചോദിച്ചു, 'ഇവിടെ മാരത്തണുണ്ടോ?' പൊട്ടിച്ചിരിയിൽനിന്ന് പഴയൊരു സിനിമകഥയും ചികഞ്ഞെടുത്ത് ഞങ്ങൾ നടന്നു. ആരും ചുണ്ടിൽ ചൂണ്ടുവിരലമർത്തിക്കാണിച്ചില്ലെങ്കിലും ഉയർന്നുവന്ന ശബ്ദം വെട്ടിനിർത്തിയ പുൽപ്പരപ്പുകളിൽ അവസാനിച്ചു.

ഭാവിയിലെ ഒരു സംവിധായകൻ തന്റെ സിനിമയ്ക്കുള്ള ക്യാമറക്കണ്ണുകൾ അവിടെ പതിപ്പിച്ചു കഴിഞ്ഞിരുന്നു. വെളുത്ത പർദയണിഞ്ഞ ആ വീടു ചൂണ്ടിക്കാട്ടി ആരോ പറഞ്ഞു അതാണ് പ്രതീക്ഷാഭവൻ.

ജനലഴികളിൽപ്പിടിച്ചു നിൽക്കുന്ന കുഞ്ഞുങ്ങളെ അകലെ നിന്നേ കാണാമായിരുന്നു. വിയർത്തൊഴുകിത്തുടങ്ങിയ വീഥി കിതച്ചുകൊണ്ട് തന്റെ ഓട്ടം നിർത്തി. 'ജീവിതം മറന്നു തുടങ്ങിയിടത്തുനിന്ന് ഇവിടെ തുന്നിതുടങ്ങുമത്രേ ഒരുമയുടെ വെളുത്ത നൂലിൽ പ്രതീക്ഷയുടെ പൂക്കൾ വിരിക്കാൻ ഇവർക്കു സാധിക്കുന്നു.'

ഞങ്ങൾ വിടർന്ന കണ്ണുകളുമായി സാറിനെ നോക്കി നിന്നു. അതു സാധിക്കുമോ? സാറു പറഞ്ഞതത്രയും സത്യമാകുമോ?

ജോസഫ് സാറിന്റെ ഇടറിയ ശബ്ദത്തിൽ സ്വാഗതപ്രസംഗം അലിഞ്ഞു തുടങ്ങിയപ്പോഴേക്കും നിശബ്ദത പരന്നു കഴിഞ്ഞിരുന്നു. വെളുത്ത ചുവരുകൾക്കിടയിൽ കൈകോർത്ത് തൂങ്ങിയാടുന്ന പെൻഡുലം താളത്തിൽ

പാടികൊണ്ടേയിരുന്നു. ആ കുട്ടികളിലാരോ കൂടെപാടി ആ പഴയ പെൻഡുലത്തെ പ്രോത്സാഹിപ്പിച്ചു. ആരോടും അനുവാദം ചോദിക്കാതെ നിഷ്കളങ്കതയുടെ മണമുള്ള കാറ്റ് മുറിയിലേയ്ക്കു കയറിവന്നു. ആ കുട്ടികളുടെ ചോദ്യങ്ങൾ പോലെ... അതിനെല്ലാം ഉത്തരം കണ്ടുപിടിക്കാൻ സാധിച്ചില്ലെങ്കിലും പലതിനെകുറിച്ചും ഞങ്ങൾ സംസാരിച്ചു.

എന്നോ വന്നിട്ടുപോയ അമ്മയെക്കാത്ത് ഇന്നും ജനൽക്കമ്പികളിൽ അള്ളിപ്പിടിച്ച് നിൽക്കുന്ന കുട്ടി, അകലെ ശൂന്യതയിലേയ്ക്ക് വിരൽ ചൂണ്ടിപ്പതുക്കെപ്പറഞ്ഞു. ശൂന്യതയിൽ ആ അമ്മയുണ്ടാകുമോ? ആരും പിന്നീടതിനെക്കുറിച്ചൊന്നും ചോദിച്ചില്ല.

അടുത്തതായി ഞങ്ങളുടെ സഹപാഠി പാടുന്നു. കുട്ടികൾ കൂട്ടത്തോടെ കൈയടിച്ചു ചിലർ അവർക്കറിയാവുന്ന പാട്ടുകൾ പാടിത്തുടങ്ങി.ഒരു ചെറിയ താരാട്ടുപാട്ടവർ ഞങ്ങളിൽ നിന്നും പ്രതീക്ഷിച്ചിരിക്കാം. പിന്നീടു നൃത്തമായിരുന്നു ഒരിക്കൽ മറന്നെങ്കിലും പിന്നീടെന്നോ പാടിത്തുടങ്ങിയ സി.ഡി.പ്ലയർ തൊണ്ടപൊട്ടുമാറുച്ചത്തിൽ പാടിത്തുടങ്ങി. എവിടെ നിന്നോ ആർത്തിയോടെ വാരിയെടുത്ത മനോഹരമായ നൃത്തച്ചുവടുകളാണ് ഞങ്ങൾക്കായവർ കരുതി വച്ചിരുന്നത്.

ഒരു കഥപറയാനുള്ള ലാഘവത്തിലായിരുന്നു മറ്റൊരു കുട്ടി. 'നിങ്ങൾ ബൈബിൾ വായിച്ചിട്ടുണ്ടോ?' ഞങ്ങൾ നിഷേധാർത്ഥത്തിൽ തലയാട്ടി. അവൾ വീണ്ടും പറഞ്ഞു, 'നിങ്ങളിവിടെ ചേരുമ്പോ, ഞാൻ പറഞ്ഞു തരാം.'

മനുഷ്യജീവിതം അവസാനം എത്തിച്ചേരുന്നതൊരിടത്താണെന്നുള്ള സത്യം അവൾക്കറിയാമായിരുന്നോ? അതോ നിഷ്കളങ്കതയിൽ മുങ്ങിനിൽക്കുന്ന ചെറിയ മനസ്സിന്റെ തേങ്ങലായിരുന്നോ ഞങ്ങൾ കേട്ടത്?

അനുഭവങ്ങൾ ഇവിടെ തീരുന്നില്ല... ആഴത്തിലുള്ള വേദനകാർന്നുതിന്ന ചെറിയ മനസ്സുള്ളവർ, ജീവിതം അപ്രതീക്ഷിതമായ രാപ്പകലുകളുടെ ഘോഷയാത്രയാക്കിയവർ, ലോകത്തേതു ദുഃഖവും അലിഞ്ഞലിഞ്ഞൊഴുക്കി കളയുന്ന അമ്മയുടെ മായാജാലവിരലുകളിൽ നിന്നൂർന്നു പോയവർ, കൈയ്യെത്തിപ്പിടിക്കാനോടിയ ജീവിതം ഒരിക്കലും കൈപ്പിടിയിലൊതുക്കാനാവാതെ പാതിവഴിയിൽ തരിച്ചു നിന്നവർ, അങ്ങനെദുരന്തകഥകളുറങ്ങുന്ന മനസ്സുമായി പ്രതീക്ഷയുടെ ലോകത്തേയ്ക്കു നടന്നു കയറിയവർ...

ലോകത്തെ നന്മകളെല്ലാം വാരിക്കൂട്ടി തട്ടമിട്ടു മൂടി സ്വന്തമാക്കിത്തീർത്ത സിസ്റ്റർ എല്ലാവരേയും സ്വന്തം സ്ഥലത്തേക്കിരുത്തി. രാഷ്ട്രീയത്തിന്റേയും, ആധുനികവൽക്കരണത്തിന്റേയും, സ്വാർത്ഥതയുടേയും പേരിൽ ഒഴുകിപ്പോയെന്നു കരുതിയ മാനുഷിക മൂല്യങ്ങൾ എന്റെ കൂട്ടുകാരുടെ നിറകണ്ണുകളിൽ ഞാൻ കണ്ടു.

ഒരു ധ്യാനം പോലെ നിശബ്ദമായിരുന്നു മടക്കയാത്ര. തന്റെ സ്വപ്നങ്ങളെക്കുറിച്ചോ, മൊബൈലിൽ വൈകിയെത്തിയ തമാശകളെക്കുറിച്ചോ ആരുമൊന്നും പറഞ്ഞില്ല. എല്ലാവരും ഇപ്പോഴും ആ പെൻഡുലത്തിൽ കണ്ണുംനട്ടിരിക്കുകയാവാം. അസഹനീയമായ നിശബ്ദതക്കൊടുവിൽ വരണ്ട ചിരിചിരിച്ച് നടന്നു പലവഴി പിരിഞ്ഞു പോകുമ്പോൾ എല്ലാവരും മനസ്സിൽ ജോസഫ് സാറിനോടു നന്ദിപറഞ്ഞിരിക്കണം. ഐ.ടി. കമ്പനികളുടെ പോരാട്ടത്തിനപ്പുറത്തേയ്ക്കൊരു ലോകം കാണിച്ചുതന്നതിന്. ദൈവത്തിൽ പഴിചാരി ഓരോ നഷ്ടങ്ങളും നികത്താൻ ശീലിച്ച ഞങ്ങൾക്ക് ഇതൊരു പുതിയ അറിവായിരുന്നു. ഞങ്ങൾ ദൈവത്തിന്റെ പ്രിയപ്പെട്ടവാണെന്നുള്ള തിരിച്ചറിവ്.

ഇടുങ്ങിയ ബസ്സിന്റെ കമ്പികളിൽ തൂങ്ങിയാടുമ്പോൾ, തണുത്ത കൈകളിൽ എന്റെ വിരലുകളൊതുക്കി നിറയാൻ തുടങ്ങിയ കണ്ണുകടച്ച് എന്റെ പ്രിയപ്പെട്ട കൂട്ടുകാരി വീണ്ടും എന്നെ ഓർമ്മപ്പെടുത്തി,


"ശരിയാടോ, നമ്മളെത്ര ഭാഗ്യം ചെയ്തവരാ..."


T.I.M.E. THRISSUR

CRACKS ALL RECORD IN MBA ENTRANCE 2008



LIMA JAMES
IIM-L (ABM)
B.SC. BIOTECHNOLOGY
ST JOSEPH'S COLLEGE, IJK



10 ADMISSIONS INTO IIMS AND MORE THAN 75 ADMISSIONS INTO TOP 50 B-SCHOOLS

IIND FLOOR, MARVA ARCADE, MACHINGAL LANE, MG ROAD, TCR-1
PH:0487-2321086, 3203993, 9447194690
e-mail:trichur@time4education.com



**Dhana Shajahan**
2nd Functional English

# Mind's agony




Oh, poor mind, why do you suffer?
Bound in shackles of life, I bear all burdens
Chasing rainbow my passion, but
Now only my mind can.

Often I 'm a zombie, a wanderer
Now I mumble for words
Nostalgia haunts my mind
The reason being my deeds alone.

My mind, I know you suffer the most
Though my face is wreathed in a smile
My mind burns like a hearth
In unbearable agony.

I believe
Life is to enjoy, not to embrace sadness
Let my mind elude sadness
Truly, I can, my mind can

Oh , beloved mind you will be by my side
Till eternal silence hugs me.



# എലിച്ചതി

**രശ്മി എം.ആർ.**
മൂന്നാം വർഷ ഇക്കണോമിക്സ്

വിശാലമായ ഒരു കുന്നിൻപ്പുറം. അകലങ്ങളിൽ അനന്തവിഹായസ്സിൽ പാറിനടക്കുന്ന വെൺമേഘങ്ങൾ. താഴ്വരയാകെ പൂത്തുലഞ്ഞു നില്ക്കുന്ന വെളുത്ത പൂക്കൾ. മഞ്ഞിന്റെ കുളിരുമായി ഓടിനടക്കുന്ന ഇളം തെന്നൽ. ആ മൂടൽ മഞ്ഞും പുതച്ച് പൂത്തുലഞ്ഞ താഴ്വരയിലൂടെ ഒരു മാലാഖയെപ്പോലെ ഞാൻ ഓടിനടന്നു. താഴ്വരയിലെ മനോഹാരിതയിലും അകലങ്ങളിൽ നിന്നും ഒഴുകിയെത്തിയ കുയിലിന്റെ പഞ്ചമത്തിലും, പതഞ്ഞൊഴുകുന്ന അരുവിയുടെ കളകളാരവത്തിലും മതിമറന്ന് സ്വയം മറന്ന് ഞാൻ നിന്നു. പെട്ടെന്ന് ആരോ പിന്നിൽ നിന്ന് എന്റെ കണ്ണുകൾ പൊത്തി. ആ കരസ്പർശം ഞാൻ തിരിച്ചറിഞ്ഞു. ലജ്ജയോടെ ഞാൻ മെല്ലെ തിരിഞ്ഞു നോക്കി. അവന്റെ കണ്ണുകളുടെ വശ്യതയിൽ ഇമചിമ്മാതെ നോക്കി നിന്നു. ഞാൻ വീണ്ടും വീണ്ടും കേൾക്കാൻ കൊതിക്കുന്ന ആ വാക്കുകൾ... അവൻ മൊഴിയാൻ... തുടങ്ങവെ... പെട്ടെന്ന് ഏതോ ഒരു പനിനീർ മഴ നനഞ്ഞ പ്രതീതി.

• പിന്നീട് എന്റെ ചുറ്റും നിറങ്ങൾ മാത്രം. ഞാൻ കണ്ടു... ഒരു തൂവൽ പോലെ എന്റെ ശരീരം ഭാരമില്ലാതെ പറന്നു. ഞാൻ മെല്ലെ മെല്ലെ എന്റെ കണ്ണുകൾ തുറന്നു... ഞാൻ കണ്ടു. ഞെട്ടലോടെ... എന്റെ മുഖത്ത് പനിനീരുതെളിച്ച സന്തോഷത്തിൽ എന്റെ സുന്ദരസ്വപ്നം തല്ലിക്കെടുത്തിയ ആഹ്ലാദത്തിൽ... ഉത്തരത്തിൽ കണ്ണുരുട്ടിയിരുന്ന് ചിരിക്കുന്നു...

'ആ ചുണ്ടെലി.....'

## കഥകളി നൂററരങ്ങ്




# കൊല്ലന്റെ ആലയിൽ സൂചി വിറ്റ കഥ

കഥകളിയെക്കുറിച്ച് അധികം കേട്ടിട്ടില്ലാത്ത ഒരു നാട്ടിൽ കളിയരങ്ങ് സംഘടിപ്പിച്ചാൽ കൗതുകംകൊണ്ട് കുറച്ചുപേരെ കാണികളായി കിട്ടിക്കൂടെന്നില്ല. എന്നാൽ ഉണ്ണായിവാര്യരുടെ നാട്ടിൽ, ക്ഷേത്രോത്സവങ്ങൾക്കെല്ലാം 'പുലരും വരെ കളിയുള്ള' ഒരിടത്ത്, കഥകളി നൂററങ്ങ് സംഘടിപ്പിച്ച് വിജയിപ്പിച്ചതിന്റെ കഥയാണിവിടെ പറയാൻ പോകുന്നത്.

മലയാളം ഉപഭാഷയായി മാത്രം പഠിപ്പിക്കുന്ന ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ കേരള പഠനവേദി എന്ന സംഘടനയുടെ നേതൃത്വത്തിലാണ് 'നൂററരങ്ങ്' സംഘടിപ്പിച്ചത്. ആദ്യമായി വിപുലമായ ഒരു സംഘാടക സമിതി. ക്രൈസ്റ്റ് കോളേജ് യൂണിയൻ, ഉണ്ണായിവാര്യർ സ്മാരക കലാനിലയം, ചാച്ചുചാക്യാർ സ്മാരക ഗുരുകുലം, കഥകളി ക്ലബ്ബ്, നാദോപാസനസംഗീതസഭ, അക്ഷര ശ്ലോക സമിതി തുടങ്ങിയവയുടെ പ്രതിനിധികൾ, ജില്ലയിലെ വിവിധ കോളേജുകൾ, ഇരിങ്ങാലക്കുടയിലെ പ്ലസ്ടു സ്കൂളുകൾ, സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങൾ, കഥകളി നടന്മാർ, കഥകളിക്കമ്പക്കാർ എന്നിങ്ങനെവിപുലമായിരുന്നു അത്. പ്രൊഫ. സി.പി. ഇളയതും, പ്രൊഫ. എൻ. നാരായണൻകുട്ടിയും, പ്രൊഫ. ജോർജ്ജ് എസ്. പോളും, പ്രൊഫ. എം.കെ. ചന്ദ്രനും രക്ഷാധികാരികൾ.

കളിക്കമ്പം ഉണർത്തുംവിധം ഭാഷാധ്യാപകർ കഥകളിയെക്കുറിച്ച് പറഞ്ഞുപറഞ്ഞ് കുട്ടികളെ രസം പിടിപ്പിച്ചു. ജില്ലയിലെ ഇരുപതോളം വിദ്യാഭ്യാസ സ്ഥാപന



അങ്ങളിൽ - കൊടുങ്ങല്ലൂർ കെ.കെ.ടി.എം. കോളേജു മുതൽ തൃശൂർ കേരളവർമ്മ കോളേജ് വരെ - നൂറോളം ലേസർ പ്രിന്റ് പോസ്റ്ററുകൾ പ്രദർശിപ്പിക്കപ്പെട്ടു. ഇരിങ്ങാലക്കുടയിലെ പത്ര, ദൃശ്യമാധ്യമ, വെബ്ന്യൂസ് പോർട്ടലുകളിൽനിന്ന് നല്ല പിന്തുണ ലഭിച്ചു. കേരള പഠനവേദിയുടെ വിദ്യാർത്ഥികൾ ചുറുചുറുക്കോടെ ഷബിത്തിന്റെയും സൈറ ഷൗക്കത്തിന്റെയും നേതൃത്വത്തിൽ എല്ലാം കേമമാക്കി. അവരുടെ നാട്ടിടവഴികളിൽപ്പോലും കഥകളി നൂറരങ്ങ് - (ആവോ... അതെന്താണാവോ?...) ചർച്ചാവിഷയമായി.

2008 സെപ്റ്റംബർ 29 തിങ്കളാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷൻ കൗണ്ടറുകളെ അക്ഷരാർത്ഥത്തിൽ സ്തംഭിപ്പിച്ചുകൊണ്ട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് അഞ്ഞൂറോളം വിദ്യാർത്ഥിനീവിദ്യാർത്ഥികളും അധ്യാപകരുമാണ് മുഴുവൻ സമയവും കഥകളി നൂറരങ്ങിൽ പങ്കെടുക്കാനെത്തിയത്. വിശാലമായ ഓഡിറ്റോറിയം നിറഞ്ഞിട്ടും അലോസരമുണ്ടാക്കുന്ന ഒരു ശബ്ദം പോലുമില്ലാതെ കാണികൾ സഹകരിച്ചതിന് വിദഗ്ദ്ധാംഗമായി വന്ന കെ.ബി. രാജ് ആനന്ദിന്റെ അവതരണമികവും, ചൊല്ലിയാടിയ പീശപ്പിള്ളി രാജീവിന്റെ മുദ്രവടിവും ഒരുപോലെ കാരണമായി.

ഉച്ചയ്ക്ക് സ്വാമിയുടെ വക ചെറിയൊരു സദ്യയ്ക്ക് ശേഷം നളചരിതം നാലാം ദിവസം. ദമയന്തിയായി പീശപ്പിള്ളി രാജീവനും കേശിനിയായി കലാമണ്ഡലം അരുൺവാര്യരും ബാഹുകനായി കലാമണ്ഡലം മനോജ്കുമാറും അരങ്ങിൽ. കലാമണ്ഡലം ജയപ്രകാശ്, നെടുമ്പുള്ളി രാംമോഹൻ (സംഗീതം), കലാമണ്ഡലം നന്ദകുമാർ (ചെണ്ട), കലാനിലയം പ്രകാശൻ (മദ്ദളം) എന്നിവർ പിന്നണിയിൽ. കലാമണ്ഡലം രവികുമാറിന്റെ ചുട്ടികുത്തൽ കാണാനും അണിയറയിൽ ശ്രീ. കുഞ്ചൻബാലനെകണ്ട് കളിക്കോപ്പുകൾ പരിചയപ്പെടാനും ഏറെപ്പേ





രെത്തി. അങ്ങനെ ഏതായാലും 'കൊല്ലന്റെ ആലയിൽ സൂചി ധാരാളം വിറ്റഴിയുക തന്നെ' ചെയ്തു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ കഥകളി നൂറരങ്ങ് വിജയിച്ചത് രണ്ട് കാരണങ്ങൾകൊണ്ടാണ്. ഒന്നാമത്തേത് ശാസ്ത്രാധ്യാപകനെങ്കിലും ക്യാമ്പസ്സിൽ കലയും സാഹിത്യവും വളരണം എന്നാഗ്രഹിക്കുന്ന ഞങ്ങളുടെ പ്രിൻസിപ്പൽ ഫാ. ഡോ. ജോസ് തെക്കന്റെ നേതൃത്വം. മറ്റൊന്ന് കലാമർമ്മജ്ഞരായ പ്രൊഫ. ജോർജ് എസ്. പോൾ, വേണുജി, പ്രൊഫ. എൻ. നാരായണൻകുട്ടി, പ്രൊഫ. എം.കെ. ചന്ദ്രൻ, എം.കെ. അനിയൻ, ശ്രീ അഗ്നിശർമ്മൻ എന്നിവർ നൽകിയ പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾ.

ഭൂചലനത്തിന് തുടർചലനങ്ങളെന്നപോലെ, ഞങ്ങളുടെ ക്യാമ്പസ്സിൽ കഥകളി നൂറരങ്ങുണ്ടാക്കിയ കമ്പത്തിനും തുടർച്ചയുണ്ടാകണം എന്നാശിക്കുന്നു. മറ്റു ക്യാമ്പസ്സുകളും ഇതുതന്നെ ആഗ്രഹിക്കുന്നുണ്ടാവണം. ഇപ്പോൾ കുട്ടികൾക്ക് കഥകളി ഒരു കൗതുകത്തിൽ കൂടുതൽ ഒന്നുമല്ല. അതിനെ കളിയറിവായി വളർത്താൻ ഉതകുന്ന ലഘുവായ കോഴ്സുകൾ കലാമണ്ഡലത്തിൽ സംഘടിപ്പിക്കണം. കുട്ടികൾ കഥകളിയെ കൂടുതൽ അടുത്തറിയട്ടെ. വളരെ ചിട്ടയോടെയും അച്ചടക്കത്തോടെയും ദിവസം മുഴുവൻ കളിക്കമ്പക്കാരായി മാറിയ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പ്രത്യേക പരാമർശം അർഹിക്കുന്നു. ഒരു പുതിയ ആസ്വാദനസംസ്കാരത്തിന് തുടക്കമിടാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ ആഹ്ലാദമുണ്ട്.



റഹിം
ഒന്നാം വർഷ ബി.പി.ഇ.

# ഒരു ദുഃഖം

ഞാനും ഈ ലോകം കാണാൻ ആഗ്രഹിക്കുന്നു
ഇവിടെയുള്ള കാഴ്ച്ചകൾ... ശബ്ദങ്ങൾ... എല്ലാം
ഈ ആഗ്രഹം എന്നിൽ കുത്തിനിറച്ചതും നിങ്ങളല്ലേ?
ജനിപ്പിക്കാൻ ഇഷ്ടമില്ലായിരുന്നെങ്കിൽ എന്തിനായിരുന്നു???
കാമം അടക്കാൻ പ്രയാസമാണെന്ന് അറിഞ്ഞിരുന്നില്ല, അല്ലേ?
അവിടെയെല്ലാം...
എന്റെ മുഖം കാണാൻ കൊതിക്കുന്ന
എന്റെ ശബ്ദം കേൾക്കാൻ കൊതിക്കുന്ന
മനസ്സുകളായിരിക്കും എന്നാശിച്ചു...
പക്ഷെ...



# പ്രണയത്തെക്കുറിച്ച്

പലവ്യാഖ്യാനങ്ങളൾ... അഭിപ്രായങ്ങൾ...
പ്രണയിക്കാൻ മറന്നുപോയവർ...
പ്രണയം എന്തെന്നറിയാത്തവർ...
പ്രണയത്തെ അറിഞ്ഞവർ...
പ്രണയം പാഴാക്കിയ ജന്മങ്ങൾ..
ഇതിനിടയിൽ...
പാവം! പ്രണയം
അർത്ഥമറിയാതെ എങ്ങോ...





**ലിയോ പോൾ**
രണ്ടാം വർഷ ഫിസിക്സ്

# Titan

*-One who has the force to command*

"Star Wars' - ഈ പേരു കേൾക്കുമ്പോൾ പലർക്കും പലപല ഭാവങ്ങളും വികാരങ്ങളുമാണ് മനസ്സിൽ വരുന്നത്. ചിലർക്കു ദേഷ്യമാകാം, അസൂയയാകാം, സന്തോഷമാകാം, സങ്കടമാകാം. അതെന്തുമാകട്ടെ. എനിക്കും എന്റെയൊപ്പമുള്ള ചിലർക്കും ഈ Star Wars ഒരു നല്ല ഓർമ്മയാണ്. ആ ഓർമ്മയിൽ എല്ലാ വികാരങ്ങളുമുണ്ട്. വിഷമമുണ്ട്. കാരണം ഏകദേശം ഒരു ലക്ഷം രൂപയിൽ കൂടുതൽ ചിലവ് വന്ന ആ 'Reality' ഷോയിൽ 12 സെമി ഫൈനലിസ്റ്റുകളിൽ നമ്മുടെ കോളേജാണ് ഏറ്റവും മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചതെന്ന് അവിടെയുണ്ടായിരുന്ന എല്ലാവർക്കും അറിയാവുന്നതായിരുന്നു. ഫൈനൽ ഫൈവിൽ നമ്മുടെ കോളേജ് കഴിഞ്ഞു ബാക്കി നാലു ടീമുകൾ ഏതാണ് എന്നായിരുന്നു ബാക്കിയുള്ളവർ നോക്കിയിരുന്നത്. പക്ഷേ ചില 'ഉൾക്കളി' യുടെ സഹായത്തോടെ ഏറ്റവും നിലവാരം കുറഞ്ഞ ടീം 'in' പകരം ഞങ്ങൾ 'out'. ജഡ്ജസ്സിൽ ഒരാളായിരുന്ന മ്യൂസിക് ഡയറക്ടർ ശ്രീറാം പറഞ്ഞപോലെ "The electrifying Christ College is out". ഇതുകേട്ട് അവിടെയുണ്ടായിരുന്നവരുടെ കണ്ണുകൾ നിറഞ്ഞെങ്കിലും 'ഇവിടെ *ചിലരുടെ ചുണ്ടുകളിൽ പുഞ്ചിരിയും* പുച്ഛവുമായിരുന്നു. • അവിടെ audition round ൽ in *ആയ ടീമിനു അവ*രുടെ കോളേജിൽനിന്നു ഗംഭീര സ്വീകരണം ലഭിച്ചപ്പോൾ സെമി ഫൈനലിൽ പ്രവേശിച്ചിട്ടും ഞങ്ങൾക്കു ലഭിച്ചത് അവഗണനയായിരുന്നു. ആകെ ഒരാശ്വാസം തെക്കനച്ചന്റെയും ഓഫീസിലെ ചേട്ടന്മാരുടെയും സഹകരണം മാത്രമായിരുന്നു. ഞങ്ങൾക്കെല്ലാവർക്കും വളരെയധികം വിഷമമുണ്ടായിരുന്നു. കാരണങ്ങൾ പലത്. അർഹതയുണ്ടായിട്ടും കിട്ടാതെ പോയ സ്ഥാനം, ധനനഷ്ടം അങ്ങനെപലതും. മേൽപറഞ്ഞ ഒരു ലക്ഷത്തിൽ അധികം വരുന്ന തുകയിൽ യൂണിയൻ തന്ന 4000 രൂപ

ാഴിച്ച് ബാക്കിയെല്ലാം ഇതിലെ 'കോളേജ് ടീം' അംഗങ്ങ ളായിരുന്ന ഞങ്ങൾ തന്നെ ഞങ്ങളുടെ പാരൻസിന്റെ കൈയിൽനിന്നും വാങ്ങി കോളേജിനുവേണ്ടി കോളേജിന്റെ ...ിൽ ക്യാമയ്ക്കു മുന്നിൽ ആടിയും പാടിയും ...ർത്തൊലിച്ചത്. പക്ഷേ പിന്നീട് ഞങ്ങൾ അല്പം ...ന്തോഷിച്ചു. കാരണം D-zone, Interzone കലോത്സവ ...ളിൽ മങ്ങിനിന്നിരുന്ന ക്രൈസ്റ്റ് കോളേജ് വീണ്ടും ...ങ്ങളിലൂടെ ഞങ്ങളുടെ പെർഫോമെൻസുകളിലൂടെ ...യപ്പെട്ടു. അതും കേരളമൊട്ടാകെ. അതിലുപരി ...ാൻ സന്തോഷിക്കുന്നത് എനിക്കു കിട്ടിയ സുഹൃത്തു ...ളെ ഓർത്താണ്. ആ ടീമിലെ എല്ലാവരും എനിക്കു സു ...ത്തുക്കളാണ്. കാരണം ഞങ്ങളുടെ ടീമിൽ സീനിയ ...ന്നോ ജൂനിയേഴ്സെന്നോ ഉണ്ടായിരുന്നില്ല. അതു ...ാലൊരു ടീമിനെഇനി എനിക്കു കിട്ടില്ല. അതുറപ്പ്. ...ിൽ ഇന്നു ചിലർ കോളേജിൽനിന്നു പാസ് ഔട്ട് ...യി. അതിൽ ഇപ്പോൾ കോളേജിലെ എന്റെ പ്ര ...നസുഹൃത്തുക്കളിൽ രണ്ടു പേരാണ് ഷബിത്തും ...ിനും. അല്ലെങ്കിൽ വിബിനും ഷബിത്തും. അതെ ... Wars കാരണം മാത്രം എനിക്കു കിട്ടിയ രണ്ടു ...ുല്യ സുഹൃത്തുക്കൾ. അവരായിരുന്നു D-zone, I-... നാളുകളിൽ എന്റെ പ്രധാന ആശ്വാസം. ...ർക്കെന്നെയും എനിക്കവരെയും അറിയാം. ...രെ എനിക്ക് എപ്പോഴും വേണമെന്നായി, അതെ ...ിലായാലും അല്ലാതായാലും. അവർ നൽകുന്ന ...ന്തോഷവും സൗഹൃദവും എനിക്കൊരിക്കലും മറക്കാ ...വില്ല. അവരെല്ലാവരും കൂടി എനിക്ക് തന്ന പേരാണ് ...y. അതിന് അവർ പറയുന്നത് ഇങ്ങനെ. എന്തും ...യ്യും ഫോർ Candy man.

അങ്ങനെഞങ്ങൾക്കു താഴെ ജൂനിയേഴ്സ് വന്നു. ...ാ എന്റെ ബാച്ച് II years ആയി. ലിങ്ങ്ദോ കമ്മീഷൻ ...മപ്രകാരം ഇലക്ഷൻ നേരത്തെയാണെന്നറിഞ്ഞു. ...ാനെഅതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. I years ...ങ്ങിനു പകരം എല്ലായിടത്തും ആന്റി റാഗിംങ്ങ് ...്വാഡ് സജീവം. അങ്ങനെ എനിക്കാണു സുകു ... കലാ സജീവന്റെ സ്ഥാനത്തു മത്സരിക്കാൻ നറുക്കു ...ത്. മനസ്സിലായില്ലേ... Fine Arts Secretary' Post. ...ാൻ പപ്പയോടു ചോദിച്ചു, പപ്പ OK. Then ഞാൻ ഇവന്മാ ...ല്ലേ... നമ്മുടെ രണ്ടു ദോസ്തുക്കൾ, അവരോടു ചോദി ... അപ്പോൾ അവർ പറഞ്ഞതിങ്ങനെ, "ഞങ്ങളൊപ്പമു ...ാകും, നീ നിക്കടാ മോനേ. പിന്നെയെന്ത് നോക്കാനി ...ക്കുന്നു. ഞാൻ നിന്നു. വോട്ടു ചോദിക്കലും ക്യാംപ ...ിങ്ങും മറ്റും കഴിഞ്ഞ് ഇലക്ഷൻ ദിവസമെത്തി. എന്റെയൊപ്പം നമ്മുടെ ഷബിത്തും Geology association secretary ആയി മത്സരിച്ചു. അങ്ങനെവോട്ടിങ്ങൊക്കെ കഴിഞ്ഞ് ഉച്ചയ്ക്കു ഫലം വന്നു. എന്റെയൊപ്പം ഷബിത്തും വിജയിച്ചു. അവനും ഞാനും വിബിയു മൊക്കെ അപ്പോൾ മനസ്സിൽ ഒന്ന് ഉറപ്പിച്ചു. അതാണ് 'D-zone', D-zone കലോത്സവത്തിൽ ഇപ്രാവശ്യം നമ്മുടെ കോളേജിന്റെ പേര് ഉയർന്നു കേൾക്കണം.

അങ്ങനെയിരിക്കെ ഞങ്ങൾക്കു കിട്ടിയ ആദ്യ പരി പാടിയായിരുന്നു club FM സംഘടിപ്പിച്ച inter collegiate fest. അധികമൊന്നും പരിശീലനമില്ലാഞ്ഞിട്ടുകൂടി ഒരു ടീം വർക്കിന്റെയും അതിലുപരി ഈശ്വരാനുഗ്രഹത്തി ന്റെയും പിൻബലത്തിൽ ഞങ്ങളുടെ ആദ്യ സംരംഭം ഒരു പരാജയമായില്ല. പകരം അതൊരു വൻ വിജയമായി ത്തീർന്നു. ഈ വിജയം ഞങ്ങളെ ഡി. സോൺ പ്രവർത്ത നങ്ങൾ ഒന്നുകൂടി ഊർജ്ജസ്വലതയോടെ നടത്തുവാൻ സഹായിച്ചു. രക്ഷയില്ല... ആരൊക്കെ എന്തൊക്കെ ഏതൊക്കെ പരിപാടികളിൽ Talent ഉള്ളവരാണെന്നറിയാ തെയും എന്തു ചെയ്യണമെന്നറിയാതെയും ഒരേ ചോദ്യ ചിഹ്നവുമായി ഞങ്ങൾ മൂവരും canteenil...?

പിറ്റേ ദിവസത്തെ പ്രെയറിനുശേഷം "There is an announcement. D-zone പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള 5 ക്ലബ്ബുകളായ Dance and Music club, Actino club, Drawing and Literary club കളിൽ ചേരുവാൻ താല്പര്യമുള്ള കുട്ടികൾ ഇന്നു ഉച്ചക്ക് ഓഡിറ്റോറിയ ത്തിൽ എത്തേണ്ടതാണ്. Thank you have a nice day. കാന്റീനിൽവച്ചു നടന്ന നീണ്ട നേരത്തെ ചർച്ചകൾക്കു ശേഷം ഞങ്ങളുടെ മുന്നിൽ തെളിഞ്ഞ 5 വഴികൾ. D-zone ഐറ്റംസിനെ പ്രധാനമായും 5 കേറ്റഗറിയാക്കി അതു ക്ലബ്ബ് രൂപത്തിലാക്കി അതിൽനിന്നും ടാലന്റ് ഉള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു D-zone ൽ പങ്കെടുപ്പി ക്കുക. അങ്ങനെ ഞങ്ങളുടെ പകുതി ടെൻഷൻ കുറ ഞ്ഞു. അങ്ങനെ ആ ക്ലബ്ബുകളിൽ നിന്നെല്ലാം സെലക്റ്റ് ചെയ്ത 24 കുട്ടികളെ ഉൾപ്പെടുത്തി ഞങ്ങൾ യൂണിയൻ ഇനോഗ്രേഷനുവേണ്ടിയുള്ള രംഗപൂജ ഒരുക്കി. സാധാ രണ ഗതിയിൽ മൂന്നും നാലും ഏറിവന്നാൽ അറു പേരടങ്ങുന്ന രംഗപൂജക്കെന്തിനാകും 24 പേരെന്നാകും നിങ്ങൾ ചിന്തിക്കുന്നുണ്ടാകും ഇപ്പോഴത്തെ 1st years. പക്ഷേ ആ രംഗപൂജ കണ്ട III years, II years നും അങ്ങ നെയൊരു സംശയമുണ്ടാകില്ല. കാരണം ആ രംഗപൂ ജക്ക് അവരും സാക്ഷികളായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന 12 ഡാൻസേഴ്സും 8 സിംഗേഴ്സും 4 ഓർക്കസ്ട്രേഷനുംകൂടി ഒരുമിച്ചു മാറ്റു

തെളിയിച്ചു. 'എന്തൊരു മഹാനുഭാവലു...?' എന്ന ഗാനം ലൈവ് ആയി പാടുകയും ഓർക്കസ്ട്രേഷനും അതീവം നൃത്തഭംഗിയുമേകിയപ്പോൾ കൂകുമെന്നുറപ്പിച്ചു പറഞ്ഞവരടക്കം കയ്യടിക്കുകയാണുണ്ടായത്. (അന്നത്തെ ആ രംഗപൂജ ഈയടുത്തൊന്ന് ഒരു സംഘം 'ഞങ്ങൾക്കും പറ്റും" എന്നു കാണിക്കാൻ ശ്രമിച്ചു. എന്താ ചെയ്യാ... തെക്കനച്ചൻ സ്റ്റീഫൻ സാറിനെ വിളിച്ചുവരുത്തി പ്രെയർ സോങ്ങ് പാടിക്കേണ്ടിവന്നു. കാരണം ഓഡിറ്റോറിയം മൊത്തം കൂ... കൂ... എന്ന ശ്രുതിലയരാഗതാളത്തോടുകൂടിയ ആ ശബ്ദം മാത്രമേ കേൾക്കാനായുള്ളുവെന്നു തോന്നുന്നു.) അങ്ങനെരംഗപൂജ കഴിഞ്ഞുള്ള പ്രസംഗത്തിൽ അച്ചൻ പറഞ്ഞു. ആദ്യമായാണിങ്ങനെയൊരു രംഗപൂജ ക്രൈസ്റ്റ് കോളേജിൽ കാണുവാൻ കഴിഞ്ഞതെന്നും അതിൽ സന്തോഷമുണ്ടെന്നുമൊക്കെ. ഒപ്പം പറഞ്ഞു ഈ കൊല്ലത്തെ D-zone ലും തെക്കനച്ചനു പ്രതീക്ഷയുണ്ടെന്ന്. അന്ന് അതിനെക്കുറിച്ചുമാത്രം സംസാരിച്ച അച്ചൻ സുകുമാര കലാ സജീവൻ എന്നു സ്ഥാനത്തിരിക്കുന്ന എനിക്ക് ഒരു പേരും നല്കി. അതാണ് "Titan...means, one who has the force of command" അച്ചന്റെ ഈ വാക്കുകൾ ഞങ്ങൾക്ക് ഞങ്ങളിൽ തന്നെ ഒരു വിശ്വാസം നൽകി.

D-zone തിരക്കിലേക്ക്

D-zone നെക്കുറിച്ചു പറയുന്നതിനു മുമ്പേ എടുത്തു പറയേണ്ട ഒന്നുണ്ട്. S-zone കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽവെച്ച് നടന്ന S-zone കോമ്പറ്റീഷനിൽ Skit നും Mime നും 'A' grade നേടി തിരിച്ചു പോന്നു. പിറ്റേ ദിവസം തുടങ്ങിയുള്ള D-zone പ്രവർത്തനം ചെന്നവസാനിച്ചത് കലോത്സവത്തിനുവേണ്ടിയുള്ള Off-stage items കളുടെ സെലക്ഷനുശേഷമുള്ള Fine arts day യിലാണ് വിദ്യാർത്ഥികൾ നയിക്കുന്ന ഗാനമേളയും സിനിമാറ്റിക് ഡാൻസും അതിനുശേഷം അതിഗംഭീരമായ വെടിക്കെട്ടും ഉണ്ടായിരുന്നു. വെടിക്കെട്ട് എന്നു കേൾക്കുമ്പോൾ നിങ്ങൾക്ക് ഓർമ്മ വരുന്നത് തൃശൂർ പൂരത്തിലെ വെടിക്കെട്ടായിരിക്കും അല്ലേ! നമ്മുടെ വിദ്യാർത്ഥികൾ നയിച്ച കൂട്ടത്തല്ലായിരുന്നു അത്. ആ തല്ലിന്റെ ബേക്ക് ഗ്രൗണ്ടായി അതിനു വന്നത് നാക്ക് മുക്ക് എന്നു തുടങ്ങുന്ന തമിഴുഗാനം ഞങ്ങൾ സ്റ്റേജിൽ കളിക്കുമ്പോഴായിരുന്നു. അതിനുശേഷം പോലീസ് പ്രൊട്ടക്ഷനോടുകൂടി രണ്ടു ഗാനങ്ങൾക്കുശേഷം Fine arts day അവസാനിച്ചു. അവിടുന്നു നേരെ on stage items കളുടെ പ്രാക്റ്റീസ് സെക്ഷൻ ഞങ്ങൾ ക്രിസ്തുമസ് വെക്കേഷനിൽ സ്റ്റാർട്ട് ചെയ്തു. അതിന്റെ ഭാഗമായി മുൻപ് ഉണ്ടായിരുന്ന ലിസ്റ്റിൽ ചെറിയ മാറ്റം വരുത്തി. അങ്ങനെ ഗ്രൂപ്പ് ഡാൻസിനുവേണ്ടി ജോബ് സാറിനേയും ഒപ്പനക്കുവേണ്ടി ജീഹാസിക്കയേയും ടാബ്ലോയ്ക്കുവേണ്ടി ബിജു സാറിനേയും തീരുമാനിച്ചു വിളിപ്പിച്ചു. തിരുവാതിരക്കളി പഠിപ്പിച്ചിരുന്ന ഗിരിജ ടീച്ചറേയും മാപ്പിള പാട്ടിന്റെ ബാപ്പു മാഷിനേയും മാറ്റം വരുത്തിയില്ല. അതിലുപരി ഞങ്ങൾക്ക് ഏറ്റവും വിഷമകരമായത് ശശിയേട്ടന്റെ കുറവായിരുന്നു. കാരണം 15 കൊല്ലങ്ങളോളമായി ക്രൈസ്റ്റ് കോളേജിന്റെ നാടകം Inter-zone ന്റെയും S-zone ന്റെയും തട്ടകത്തിൽ കയറ്റിയിരുന്നത് ശശിയേട്ടനും കൂട്ടരുമായിരുന്നു.പക്ഷേ ഇപ്രാവശ്യം അദ്ദേഹത്തിന്റെ ഒഴിവാക്കുവാൻ കഴിയാത്ത തിരക്കുകൾമൂലം ശശിയേട്ടനു വരുവാൻ സാധിച്ചില്ല. അങ്ങനെ D-zone മത്സരത്തിനു നാലു ദിവസം മുൻപ് ഞങ്ങൾ മറ്റൊരാളെ വിളിച്ചു. അങ്ങനെവെക്കേഷൻ കാലത്തു കോളേജ് മുഴുവൻ D-zone തിരക്കിലേക്കു മുങ്ങി. അങ്ങനെ ഞങ്ങൾ പത്തു ദിവസത്തെ വെക്കേഷനും അതിനുശേഷമുള്ള രണ്ടോ മൂന്നോ ദിവസത്തെ പ്രാക്ടീസിനുശേഷം ഞങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി D-zone കലോത്സവത്തിന്റെ വേദിയായ ശ്രീകൃഷ്ണ കോളേജിലേക്ക് ക്രൈസ്റ്റിന്റെ 200-ഓളം പേരടങ്ങുന്ന വിദ്യാർത്ഥി സംഘത്തോടൊപ്പം യാത്രയായി


ഇനി മാറ്റുരക്കലിന്റെ നാളുകൾ...

ജനുവരി രണ്ടും മൂന്നും തീയതികളിലായി M. D. കോളേജിൽവച്ചു നടന്ന Off stage items ൽ മറ്റു മുൻനിര കോളേജുകൾ 52 ഉം 67 ഉം പോയന്റുകളുമായി മുൻനിരയിൽ വിജയപ്രതീക്ഷകളുമായി നിൽക്കുമ്പോൾ നമുക്ക് ഗ്രീഷ്മ അശോകനും ജസ്നയുംകൂടി നേടിത്തന്ന 13 പോയന്റിന്റെ അത്യുജ്ജ്വല തിളക്കവുമായി നമ്മൾ On stage items ന്റെ ഒന്നാം ദിവസത്തിലേക്കു കടന്നു. ആദ്യം സ്റ്റേജിൽ കയറിയ മൈമിൽ നമ്മുടെ പ്രതീക്ഷക്കു വിപരീതമായി മൂന്നാം സ്ഥാനമേ നമുക്കു ലഭിച്ചുള്ളൂ. മുൻകാലങ്ങളിൽ Inter-zone വേദികളിൽ 1st ഉം II ഉം സ്ഥാനങ്ങൾ കരസ്ഥമാക്കിയിരുന്ന നമ്മുടെ മൈം ടീം D-zone ൽ മൂന്നാം സ്ഥാനത്തേക്കു തള്ളപ്പെട്ടതു കുറച്ചൊന്നുമല്ല ഞങ്ങളിൽ വിഷമമുണ്ടാക്കിയത്. അങ്ങനെ നമ്മുടെ രണ്ടാമിനമായ ടാബ്ലോ സ്റ്റേജിൽ കയറിയിറങ്ങിയപ്പോൾ നമുക്കു ലഭിച്ചത് 'അത്ഭുതദ്വീപ്' എന്ന ചിത്രത്തിന്റെ ദൃശ്യാവിഷ്കരണത്തിനു അത്ഭുതകരമായ ഒന്നാംസ്ഥാനം ആയിരുന്നു. പിന്നീട് ഗ്രൂപ്പ് സോങ്ങിനു ലഭിച്ച മൂന്നാം സ്ഥാനവും ലൈറ്റ് മ്യൂസിക്കിൽ രഞ്ജിത്തിന്റെ മികവിൽ ലഭിച്ച രണ്ടാം സ്ഥാനത്തിനുശേഷം നമുക്കു പിന്നീടങ്ങോട്ട് കഠിനാദ്ധ്വാനത്തിന്റെയും ആത്മാർത്ഥതയുടെയും അതിലുപരി ഈശ്വരാനുഗ്ര

...ാലും ഒപ്പം നമ്മുടെ വിദ്യാർത്ഥികളുടെ പ്രാർത്ഥ...ക്കും കഠിനാദ്ധ്വാനത്തിൽനിന്നും പൊഴിഞ്ഞ ...ോരുത്തരുടേയും വിയർപ്പിന്റേയും ഫലമെന്നോണം ...ന്നങ്ങോട്ട് ഒന്നാം സ്ഥാനങ്ങളുടെ ഒരു ഘോഷ... തന്നെയായിരുന്നു. ടാബ്ലോയുടെ വിജയത്തി...ഷം നമ്മൾ കയറിയ മലയാളം നാടകത്തിലും ...കുട്ടികളുടെ ഗ്രൂപ്പ് ഡാൻസിലും മറ്റാർക്കും അവ...പ്പെടാൻ കഴിയാത്ത ഒന്നാംസ്ഥാനം കരസ്ഥമാക്കി ... നാടകത്തിൽ ബെസ്റ്റ് ആക്റ്റർ അവാർഡും. ...നെഒന്നാം ദിവസം അവസാനിക്കുമ്പോൾ 13 ...യന്റുമായി ജൈത്രയാത്ര ആരംഭിച്ചു. നമ്മൾ 52 ...യന്റിൽ വന്നുനിന്നു. അതിൽ on stage ൽ നമുക്കു ...യത് 39 പോയന്റ്. ഒന്നാം വെളുപ്പിനു 2 മണിയോടെ ...പാടികൾ അവസാനിച്ചു.

രണ്ടാം നാൾ വളരെയധികം പ്രതീക്ഷയോടുകൂടി ...റിയ കോൽക്കളി മുഴുമിപ്പിക്കാതെ ഇറങ്ങേണ്ടിവന്നു. ...ിട്ടും നമുക്ക് മൂന്നാം സ്ഥാനം. അതിൽനിന്നും ...മായിരുന്നു നമ്മുടെ ഭാഗത്തല്ല തെറ്റെന്ന്. പിന്നീട് ...ാരംഭിച്ച ഒപ്പനതുടങ്ങുംവരെ നമുക്കു പ്രത്യേകി...ു നേട്ടവുമുണ്ടായില്ല. നമ്മൾ കോൽക്കളിക്കു ലഭിച്ച ...യന്റ്സ് കൂടി കൂട്ടി 55 പോയന്റിൽ നിൽക്കുമ്പോൾ S. Krishna യും SKVC യും 85 പോയിന്റ് കടന്നിരുന്നു. ഞങ്ങൾ പ്രതീക്ഷ കൈവിട്ടില്ല. ഒപ്പനയും, ബോയ്സിന്റെ ഗ്രൂപ്പ് ഡാൻസും, ഹിന്ദി നാടകവും, തിരുവാതിരക്കളിയും, കഥാപ്രസംഗവും, ഫോൾക്ക് ഡാൻസും, ഓട്ടംതുള്ളലും കഴിഞ്ഞപ്പോൾ നമ്മുടെ പോയിന്റ് 100 കടന്നിരുന്നു. അപ്പോൾ മുൻപ് 85 പോയന്റിൽ നിന്നവർ 90 പോയന്റിലും ഇനി നമുക്ക് അവശേഷിക്കുന്ന പ്രതീക്ഷ മാപ്പിളപ്പാട്ടായിരുന്നു. അതിനു ചില തരികിടകൾ നടന്നതുകൊണ്ട് പിറ്റേ ദിവസം നമുക്ക് അതിനു ലഭിച്ചത് രണ്ടാം സ്ഥാനം. Overall പ്രതീക്ഷ കൈവിട്ട നമുക്ക് on stage overall championship ലും Overall II ലും ഒതുങ്ങേണ്ടിവന്നു. അതെ, 3 പോയന്റിനു നമുക്ക് overall championship നഷ്ടപ്പെട്ടു. ഇനിയും എഴുതാൻ സമയവുമില്ല, സ്ഥലവുമില്ല.ന മാഗസ്സിന്റെ അവസാന മിനുക്കുപണിയുടെ അവസാനമണിക്കൂറിൽ ദാ... ഈ വിവരണം ഇങ്ങനെഅവസാനിപ്പിക്കുന്നു. D-zone കഴിഞ്ഞു നമ്മുടെ കോളേജ് Inter-zone on stage overall championship win ചെയ്ത് ഒപ്പം overall II ഉം. ഇനി എഴുതിയാൽ എന്റെ അപ്പുറത്തും മുൻപിലും നില്ക്കുന്ന മാഗസിൻ എഡിറ്റർ മഹേഷും ടോണിയും എന്നെ കൊല്ലും. അതുകൊണ്ട് നിർത്തുന്നു.








# Campus Pulse
## 2008-2009

സാമ്പത്തിക മാന്ദ്യം നിങ്ങളെ എന്തെങ്കിലും തരത്തിൽ ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

| ബാധിക്കും | ബാധിക്കില്ല | ബാധിച്ചേക്കാം | അറിയില്ല |
|---|---|---|---|
| 6% | 4% | 20% | 70% |

*"ആടറിയുമോ അങ്ങാടി വാണിഭം"*




രാഷ്ട്രപിതാവ് ഉപയോഗിച്ച വസ്തുക്കൾ ലേലം ചെയ്തതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?


| ഉണ്ട് | ഇല്ല | അഭിപ്രായമില്ല |
|---|---|---|
| 10% | 65% | 25% |


*"ദൈവത്തിനുള്ളത് ദൈവത്തിനും;
സീസറിനുള്ളത് സീസറിനും."*

കലാലയ ചർച്ചകളിൽ മുന്നിട്ട് നിൽക്കുന്ന വിഷയം?

| രാഷ്ട്രീയം | സിനിമ | സ്പോർട്സ് | ഗോസിപ്പ് |
|---|---|---|---|
| 5% | 30% | 5% | 60% |

*"പട്ടിയുടെ വാല് പന്തീരാണ്ടുകൊല്ലം
കുഴലിലിട്ടാലും വളഞ്ഞേ ഇരിക്കൂ."*






രാജ്യം കൂടുതൽ മുൻഗണന നൽകേണ്ടത്?


| പ്രതിരോധം | ദാരിദ്ര്യനിർമാർജ്ജനം | വികസനം | മറ്റുള്ളവ |
|---|---|---|---|
| 10% | 60% | 20% | 10% |


*"അർപ്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയിലും കുട പിടിക്കും."*

[redacted]തിരപ്പിള്ളി മുരിയാട് പ്ലാച്ചിമട തുടങ്ങിയ പ്രകൃതി [redacted]സംരക്ഷണ ജനകീയ സമരങ്ങൾ വികസനത്തിന് വില [redacted]ങ്ങുതടിയാകുമെന്ന് തോന്നുന്നുണ്ടോ?

[redacted]ട് 35% ഇല്ല 10% അഭിപ്രായമില്ല. 55%

*"കാടും വേണ്ടൊരു പുല്ലും വേണ്ട കറണ്ടു മാത്രം മതി."*




ദയാവധം സമൂഹത്തിൽ വിലക്കപ്പെടേണ്ട ഒന്നാണെന്ന് തോന്നുന്നുണ്ടോ?


ഉണ്ട് 20% ഇല്ല 10% അഭിപ്രായമില്ല 70%


*"ആരാന്റമ്മയ്ക്ക് ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല ചേലാണ്."*

[redacted]ളുടെ തിരക്കിട്ട യാത്രക്കിടയിൽ അപകടത്തിൽപ്പെട്ട ഒരാ[redacted]ടുള്ള സമീപനം

അപകടത്തിൽപ്പെട്ടയാളെ ആശുപത്രിയിലാക്കും 5%
നോക്കി നിൽക്കുകയോ ചിത്രം പകർത്തുകയോ ചെയ്യും 35%
ശ്രദ്ധിക്കാതെ യാത്ര തുടരും 40%
മറ്റുള്ളവരോട് രക്ഷിക്കാൻ ആവശ്യപ്പെടും 20%

*"ഇന്നു ഞാൻ നാളെ നീ."*






സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനുള്ള കാരണം?

അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത 20%

പ്രതികരിക്കുന്നതിനുള്ള ഭയം 40%

പുരുഷൻമാരുടെ ആധിപത്യം 30%


അവകാശങ്ങൾ നിഷേധിക്കപ്പെടുന്നില്ല 10%


*"തിന്നാൻ വിളിച്ചാലും കീയോ കീയോ;
കൊല്ലാൻ വിളിച്ചാലും കീയോ കീയോ."*

നിങ്ങൾക്ക് കൃഷിചെയ്യാൻ താൽപര്യമുണ്ടോ?

ഉണ്ട് 20% ഇല്ല 60% അഭിപ്രായമില്ല. 20%

*"പത്തായം പെറും ചക്കികുത്തും
അമ്മവയ്ക്കും ഞാനുണ്ണും"*




ഓസ്ക്കാർ പുരസ്ക്കാരം നേടിയ സ്ലം ഡോഗ് മില്ല്യണയറിൽ ഇന്ത്യയെ മോശമായി ചിത്രീകരിച്ചിട്ടുണ്ടെന്ന് തോന്നിയിട്ടുണ്ടോ?

ഉണ്ട് 17% ഇല്ല 33% അഭിപ്രായമില്ല. 50%


*"അമ്മയെ തല്ലിയാലും രണ്ടുപക്ഷം"*

നിങ്ങൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നത് എന്തിന്?

ഓർക്കൂട്ട് പോലെയുള്ള നേരമ്പോക്കുകൾക്ക് 60%

പഠന ആവശ്യങ്ങൾക്ക് 20% അശ്ലീലം 10% ഉപയോഗിക്കാറില്ല 10%

*"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും;
ചോര തന്നെ കൊതുകിനു കൗതുകം."*



# COLLEGE REPORT 2008-09

Distinguished guests, respected teaching and non-teaching staff members and my dear students,

This is the second report that I present before you and I am happy to announce that we are in the right direction to regain the glory of our past, of course through the sustained and strenuous efforts from the part of the staff and students. Still we have to go miles before we sleep.

## I. ACADEMIC ACHIEVEMENTS

**1. Staff members**

Our staff members Davis Antony Mundassery & K.J Varghese have been awarded with the Ph.D degree. Congratulations!

Dr. A.V.George of Geology & Env. Sc. Dept and Dr. K.T Thomas of Zoology Dept were honoured with the Dr. K.M. Ghani award for the best teachers for the years 2005-06 and 2006-07 respectively. Dr. S Sreekumar was presented Dr. S Shivaprasad foundation award for the best teacher in Kerala. All these three teachers have done our college proud by winning these prestigious awards. Congratulations!

Dr V.P Joseph was awarded the Guide ship of MG University. He was also awarded a major project funded by Kerala State Council for Science and Technology and Environment. Congratulations!

This year at the UG level we have only one rank, in Geology, Haseena T.H bagged II rank in the University. Hearty Congratulations!

The pass percentage are the following: Maths- 82.05 (57.8); Physics- 83.33 (95); Chemistry-92.1(89.18); Zoology- 88.23 (95.6); Geology- 58.33 (56.5); Functional English- 100 (91.66); Economics- 88.23 (80.7); B.Com (Aided)- 86.79 (96.61); B.Com (SF)- 64.1; BPE- 65.21 (76.19).

At the PG level, we have 10 ranks this year. It is a historical achievement by any standard. Of our 7 PG departments, 5 have 1st rank, three have 2nd rank and two have third rank also. The rank holders are: Physics- Keerthy M.V. I rank, Nees Paul-II rank; Commerce- Femy O.A-I rank, Jasmine Mary A.J- II rank; Chemistry: Anu M.A-I rank, Anupama C.S-III rank; Economics- Liji Maliekkal- I rank; Env. Science- Alex C.J- I rank, Shabbir Khan II rank & Magesh-III rank.

The percentage of pass are: Physics- 90.1- 4 Distinction and Six 1st class; Chemistry: 100- 2D and 10 1st; Zoology- 90.91- 5D and 5 1st; Env. Science- 45.45- 5 1st; M.Com- 82.35 (7D+7 1st); M.A. Eco.- (1D+16 1st ); M.A History- 87.5 (7 1st+7 2nd ).

The following teachers have research publications to their credit:

1. Tessy Paul P- Journal- Nature, Environment and Pollution Technology
2. Dr. K.T. Thomas- Proceedings of Indian History Congress- Economic Roots of US Intervention in Afghanistan.

Paper presentations show that teachers are still in the field of active research and study. Following teachers have paper presentations to their credit:

1. Sudheer Sebastian- International Conference on Nonlinear Dynamical Systems and Turbulence.
2. Dr. John Thomas- Workshop on Stress Physiology and Endocrinology
3. Sareena P Muhammed and Joshy K Simon- & Saritha M.K and Tessy Paul P- International Symposium on Marine Eco Systems.
4. Dr. K.T Thomas- National Seminar on Colonial Heritage in Cochin. 69th session of Indian History Congress-Geo politics and Energy Strategies: The US in the Middle East
5. Dr. K. J. Varghese, National Seminar held at Thrissur. Again, another paper at a State Seminar organized by SNM College, Maliankara.

As part of their ongoing pursuit of academic excellence, the following teachers attended various seminars, conferences and workshops.

1. Mr. K.A. Davis- Indian Derivative Markets- held at NSS

College,Nenmara

2. Mr. K.O. Francis- Global Business Environment held at St Alberts College, Ekm. Also attended the seminar on Corporate Social Responsibility: Issues and Challenges, held at Devamatha College, Kuravilangad.
3. Mr. K.Y Shaju- Workshop on Machine learning in Astronomy held at IUCAA, Pune.
4. Mr. Sudheer Sebastian- Workshop on Non linear Dynamics, held at IISC, Bangalore.
5. Ms Tessy Paul P- Workshop on GIS and Remote Sensing Application, Workshop on Research Methodology and Application of SPSS for Data Analysis, Seminar on Significance of Wetlands in Kerala's Development.
6. Dr. K Chandran- 29th session of South Indian History Congress held at Thirunelveli.

The following staff members attended the Refresher courses as a requirement for their career advancement.

1. Dr. C.J. Unni. 2. Mr. P.R. Bose. 3. Mr. Xavier Joseph

Dr. T Vivekanandan was the coach of Calicut University Volleyball Team for the South Zone Inter University Matches held at Manglore.

- Mr. K. J. Thomas was the manager of the Calicut Uty football team which went to Goa for the Inter University Matches.

Dr K.J Varghese was elected as the Secretary of the English Language Teachers Association, Thrissur Chapter.

For all the achievements of our staff members, I sincerely congratulate them and wish a still more successful year.

After their meritorious service in the college for long periods, four of our eminent teachers retired from the service this year. They are Prof. P.V. Rappai, Prof. C.L. Baby John, Prof. C.V. Francis, and Prof. M.T. Kochappan. Also, three of our NTS members retired from the service- Mr K.M John, Mr. K.V. Wilson and Mr. T.V. Devassykutty. I sincerely thank them once again for their selfless service to the college and wish them all the best in the retired life.

After serving the college for nearly a decade, Ms Liz Job Mundakkal resigned from service this year for personal reasons. Sincere thanks to her for all the service she has rendered to the college.

It is with a sad note that I remember Prof. Babu Jaco who left us all of a sudden, without a farewell, without goodbye, to the land of eternity. May his soul rest in peace.

## II. DEPARTMENTAL ACTIVITIES

Our PG Dept of Economics celebrated its golde jubilee. The jubilee year was marked with seminars Dr. Justin Avittappilly, Dr. V.K Vijayakumar an Dr Lakshmydevi. Apart from the Alumni gathering organize last week, they are planning to conduct a national semin too. Let the Dept garner more achievements and contin with its endeavors for the welfare of the society.

This year, the Depts of Zoology, Chemistry an Commerce concluded their jubilee celebrations. The ye was marked with a National Seminar in Chemistry Dept workshop for the Biology teachers of HSS and HS of th district (Zoology Dept) and a seminar on "Career Banking" (Commerce Dept). Congratulations to the staff an students for making these programs a success.

The following programs were also conducted various departments for the enrichment of our students.

1. National Seminars and Work shops Conducted by:

Physics Dept- Physics experiments using Phoen Chemistry Dept- Innovative Teaching methods in Chemist Besides these, Physics, Zoology, Commerce, Economics an English departments have conducted endowment lecture presentation contests, workshop for high school teachers e Congratulations to all of you for your extension activities.

## III. ACHIEVEMENTS OF OUR STUDENTS

Students who have won inter collegiate qu competitions on several occasions at several venue Narayanan P.A and Greeshma Ashokan of II Mat Prasanth Krishnan of III Physics and Suhair N of II Physic Jesna K.A & Manju Mahipalan of II BCom.

Nearly 73 of our passed out students were selected various firms for various posts- a rare feature which is first the history our college. Special mention to Career Guidan and Placement Cell ably directed by Dr.Davis Anto Mundassery.

### D-Zone Arts Festival.

Congrats to our artists who brought glory to o

college through their success at D-Zone stage. The names of the events and the students will be elaborated by the Gen. Secretary. One thing to be noted is that our students stood I or II or III in almost all the Group items which is a manifestation of the collective work and the able coordination between them. Special mention should be made of Prof. V.A Thomas, the fine arts coordinator and Leo Paul, the fine arts secretary.

**Sports and Games**

This year we have lesser number of titles at the inter zone level- Winners in Women's Hockey & Women's Football; Winners in Gymnastics, Runners up in soft ball. In other items we fared well, but were not enough to clinch the title. Our Men's football team won the Kandamkulathy Trophy. In athletics, the participation and medals won are on the rise. Congrats to all.The individual names are left out for fear of time lag.

Under the auspices of various clubs and cells, there were a number of activities and classes for the benefit of the students. I thankfully remember the services of Film Club, Women's Cell, Enviro Club, Tourism Club, Quiz Club, E&D Club, Malayala Paddana Vedi etc which organized various programmes.

The NSS had a number of novel programmes this year. Under the guidance of Dr EM Thomas, V.O Davis and Tessy Paul, the NSS volunteers were involved in programmes like, Ente Maram, Anti Drug Campaign, Student Policing, NSS Orchestra, Free Tuition for Poor Students, Human Chain for National Integration, NSS help line in addition to their usual programmes of work and national service schemes.

NCC units also organized their usual programmes. The special ceremony organized to honour the martyrs of Mumbai siege deserves a special mention. Hats off to Cpt.Dr Jacob George.

True to their charisma, the CSA members were also actively involved in value inculcation programmes. Their new venture "Santhwana Sparsam" shows their commitment to the uplift of the poor and the marginalised. Congrats to Dr. C J Unni and Babu Antony for their able guidance of CSA.

The services of the PTA in the development of the college are worth mentioning. The present functionaries under the leadership of Prof. K.J. Joseph were always in the forefront in all the programes assigned to them.

Our strength and support come from our alumni. Prof T.I Johnson organized the activities very well and is planning for more programmes which will help us to keep a touch with our alumni always.

My dear staff and students, let me mention some of the new ventures of this year- we have started a Civil Services Academy and a Remedial Coaching Center for the students. We have started coaching for the CA Course. We have now a Digitalized Language Lab and a full fledged Computer Lab. We have moved a few steps forward to give a few more amenities to our student community. The students should derive maximum benefit out of them to reach their destiny. Then only this premier institution for higher education will be fulfilling its mission.

Let me wind up this report with a note of gratitude. It is you my dear staff members, it is you my dear students I thank sincerely. Whatever we have achieved, is through the combined and collective efforts by you, the staff and students. Let us stand united for a better future of our college. I had support from the Management, the College council, Staff adviser K. J Babu Sir, Discipline Com. Chairman Dr. V. D John, Examination Chiefs, K.J. Joseph and E.J. Vincent, office Supdt. V.D. Varghese and each and every one of the staff. Let there be constructive criticism, affectionate correction and cooperative encouragement. Then we will march ahead, with pride in what we are, for the second accreditation process by the NAAC. Let us be charged enough for those challenging days.

With a heart, full of thanks to God almighty, whose only son Christ Jesus is the patron of this college, I submit this report before you.

Thank you

Fr. Dr. Jose Thekkan CMI
Principal

Irinjalakuda
20-02-2009


ഓരോ പുലരിയും പൊന്നോണമാക്കാൻ...
KSFE
കെ.എസ്.എഫ്.ഇ.
പൊന്നോണ ചിട്ടികൾ 2009
3rd Edition
2009 ജൂലൈ 15 മുതൽ സെപ്റ്റംബർ 15 വരെ മാത്രം
സമ്മാന പെരുമഴ
7 മാരുതി ആൾട്ടോ കാറുകൾ
5000
സ്വർണ്ണ നാണയങ്ങൾ
(5 കിലോ സ്വർണ്ണം)
നിരവധി സമ്മാനങ്ങളും ആനുകൂല്യങ്ങളും...
ഓരോ ചിട്ടിയിലും ഒരു സമ്മാനം ഉറപ്പ്.
TOOL FREE HELPLIN
1800 425 3455
THE KERALA STATE FINANCIAL ENTERPRISES
SIGN OF SECURITY AND SERVICE
KSFE
ദി.കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
രജി. ഓഫീസ്: 'ഭദ്രത്', മ്യൂസിയം റോഡ്, പി.ബി നമ്പർ: 510, തൃശ്ശൂർ – 20.
Ph : 0487 - 2332255. Fax : 0487 - 2336232.
E-mail: ksfeltd@sancharnet.in Visit us at: www.ksfe.com
വളരുന്ന കേരളത്തിന്റെ വിരലടയാളം

# Rankholders



Anu M.A.
M.Sc. Chemistry Ist Rank

ആചാര്യാത്പാദമാദത്തേ
പാദം ശിഷ്യസ്വമേധയാ
പാദം സത്ബ്രഹ്മചാരിഭ്യോ
പാദം കാലക്രമേണതു



Keerthy M.V.
M.Sc. Physics Ist Rank



Femy O.A.
M.Com Ist Rank



Alex C.J.
M.Sc. Env. Sc. Ist Rank



Liji Maliakkal
M.A. Economics Ist Rank



Anupama C.S.
M.Sc. Chemistry 3rd Rank



Jasmin Mary A.J.
M.Com 2nd Rank



Nees Paul
M.Sc. Physics 2nd Rank



Magesh N.S.
M.Sc. Env. Sc. 2nd Rank



Shabeer K.K.
M.Sc. Env. Sc. 3rd Rank



Neetha Raj
B.Sc. Geology Ist Rank



Nimmy
B.Sc. Chemistry 2nd Rank



Devi
B.Com 2nd Rank



Jiji V.C.
B.A. F. E. 2nd Rank



Ragi
B.Sc. Geology 3rd Rank

## Phd Awardees



K.J. Vargheese



Davis Antony Mundassery



Binoy V.B.

# D-Zone & Inter Zone

## Victorious Inter Zone Team




Seena M.
Folk Dance D-zone Ist, Inter Zone 2nd


Remya R Menon
Kathaprasangam D-zone Ist, Inter Zone 2nd


Ranjith N. Pillai
Lightmusic D-zone 2nd, Inter Zone 2nd


Sreeraj
Best Actor Hindi


Jasna K.A.
English Elocution


Haritha V.A.
Best Actress Hindi


Greeshma Asokan
Sanskrit Elocution Inter Zone Ist


Leo Paul
Best Actor Malayalam


Kolkali Inter Zone 3rd


Mappilapattu Interzone Ist


Tablo D-Zone Ist


Oppana Inter Zone Ist


Group Dance Inter Zone Ist





Group Dance Inter Zone Ist


Drama D-Zone Ist


BabilNath - Ottamthullal D-Zone Ist


Subadhra Devi - Veena D-Zone Ist, Inter Zone 2nd


Subash - Thabala D-Zone Ist Inter Zone 2nd



# Sports



Jinshad M.J.
State Wrestling 1st

Jimmi George
Football Uty

Jinu Gopi
Snr National, State, Uty Boxing 2nd

Jibin Raphel
Boxing Uty

Amala C. Baby
Discus State 1st

Ali K.K.
Gymnastic Individual 2nd

Kannan
Volley Ball Snr State

Linoy C.J.
Hockey Uty



Anil K. Ravi
Boxing Uty

Mary Varghese
Football State, Hockey Uty

Mithun Jacob
Member of Snr Inter Dist. Football Winners

Ziyad P.M.
Volley Ball Uty

Mohamed Safar Iqbal
State Soft Ball 1st

Bismi
Hockey Uty

Rathimol P.R.
Polevolt

Ranjith K.K.
Snr Santhosh Trophy



Premjith P.
Handball Uty

Ramyamol K.A.
Handball, Football Uty

Nibin K.N.
Snr,National Baseball

Arun Francis
Snr State Hockey 1st

Francis Fernandez
Athletics Uty

Jaison K.J.
Power Lifting State Uty 2nd

Bintu T Kalyan
Gym. Individual Champ. Wt. lifting 1st, Judo 2nd

Jaleel Khan
Hockey Uty



Thomas Jickson
Hockey Uty

Ebenezer Jose
Hockey Uty, State Winner

Vinshob M.M.
Football Uty

Veenus Paul C.
Football Uty, State

Binoy Varghese
Badminton Uty

Umesh M.P.
Volleyball Uty

Umesh Krishnan
Boxing Uty 3rd

Sinesh L.V.
Power Lifting State, National Champ



Roy

Sam V.S.
Wrestling 2nd

Albin C.T.
Football Uty

Sumesh N.
Football Uty

Sudheer M.
Cross Country Uty
Half Marathon Uty


Sarath Kumar K.K.
Football Uty

Thushara I.
Football, Hockey Uty

Suja Sajan
Football Uty



Divya D.
Hockey Uty



Softball Uty 2nd




Gymnastics Uty Winners




Football Kandamkulathy Memmorial Trophy Winners



Football Uty 1st


College Activities
ഇനിയെന്തു
വിൽക്കാൻ ?
നമ്മെയല്ലാതെ...


CAMPUS INTEGRATION DAY
YAMAHA
RECEPTION TO
Dr. A.V.GEORGE, Dr. JOHN THOMAS K., & Dr. S.SREEKUMAR
BEST TEACHER AWARDEES
GANGAN PRATHAP
FAREWELL TO THE RETIRING STAFF
Premier Function of Musical Album
A Collection of Prayer Songs

# College PTA



Fr. Jose Thekkan CMI
PTA President



Nandakumar
PTA Vice President



Prof. K.J. Joseph
PTA Secretary

# Retired Staff



Prof. P.V. Rappai
Chem. Dept. HOD



Prof. M.T. Kochappan
Mathematics HOD



Prof. C.V. Francis
Eng. Dept. HOD



K.M. John
Office Superintendent



T.V. Joseph
Physics Lab Asst.



T.V. Devasikutty
Botany Lab Asst.

# Non Teaching Staff



# കോളേജ് യൂണിയൻ റിപ്പോർട്ട്



**കോളേജ് യൂണിയൻ ഉദ്ഘാടനം**

2008-2009 വർഷത്തെ കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾക്ക് ഒക്ടോബർ 7 ന് സുപ്രസിദ്ധ ഇടയ്ക്ക കലാകാരൻ ഞരളത്ത് ഹരിഗോവിന്ദൻ ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ചു. പ്രശസ്ത സിനിമാ സംവിധായകനായ സുന്ദർദാസ്, ഹാസ്യതാരം ബിജുക്കുട്ടൻ, പ്രശസ്ത എഴുത്തുക്കാരൻ ബക്കർ മേത്തല എന്നിവരുടെ സാന്നിധ്യം ചടങ്ങ് വർണ്ണാഭമാക്കി. തുടർന്ന് വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളും കൊച്ചിൻ സ്റ്റാർ വോയ്സ് ഒരുക്കിയ ഗാനമേളയും ഉദ്ഘാടനദിനത്തിന് ചാരുതയേകി.

**കരോൾ മത്സരം**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കോളേജ് യൂണിയൻ നടത്തിയ കരോൾ മത്സരവും ആഘോഷങ്ങളും ഏറേ ഹൃദ്യമായിരുന്നു. ഒന്നാം സമ്മാനം ബി.പി.ഇ ഡിപ്പാർട്ട്മെന്റും രണ്ടാം സ്ഥാനം കോമേഴ്സ് ഡിപ്പാർട്ട്മെന്റും പതിവുപോലെ നിലനിർത്തി. കോളേജിൽ വെച്ച് നടന്ന എൻ.എസ്.എസ്. ദശദിനക്യാമ്പ് ഒരു ദിവസം യൂണിയൻ ഭാരവാഹികൾ സന്ദർശിക്കുകയും അവരോടൊപ്പം സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്തു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായ നിറഞ്ഞ വിദ്യാർത്ഥിപങ്കാളിത്തത്തോടെയും കൗതുകത്തോടെയും രസകരമായ രീതിയിൽ ആവേശം ഒട്ടും ചോർന്ന് പോകാതെ സംഘടിപ്പിക്കാൻ സാധിച്ചു. Intro- mural. ഈ വർഷം അട്ടിമറികളുടെ വർഷമായിരുന്നു. ഫുഡ്ബോളിൽ വർഷങ്ങളായി നിലനിന്നിരുന്ന ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കുത്തക തകർത്തുകൊണ്ട് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് വിജയിച്ചു. അതേസമയം കോമേഴ്സിൽ നിന്നും വോളിബോൾ കിരീടം ഇക്കണോമിക്സ് പിടിച്ചെടുക്കുകയും ചെയ്തു. വമ്പൻ അട്ടിമറിയോടെ Intro - Mural ഓവറോൾ കിരീടം കൊമേഴ്സ് ഡിപ്പാർട്ട്മെന്റിനെ മറികടന്ന് ഫംങ്ഷണൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് നേടി.

ഫെബ്രുവരി 11,12,13 തിയ്യതികളിലായി നടന്ന ഫിലിം ഫെസ്റ്റിവൽ കോളേജ് പ്രിൻസിപ്പാൾ Rev. Fr. Jose Thekkan ഉദ്ഘാടനം ചെയ്തു. ഒരേസമയം കലാമൂല്യമുള്ളതും പൊതുജനശ്രദ്ധ ആകർഷിച്ചതുമായ സിനിമകൾ പ്രദർശിപ്പിച്ചതുവഴി ഫിലിം ഫെസ്റ്റിവൽ വളരെയേറെ വിദ്യാർത്ഥികളുടെ ശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റി.

ഈ വർഷം ക്രൈസ്റ്റ് കോളേജിലെ മുഴുവൻ ക്ലബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ യൂണിയനു സാധിച്ചു. മുൻവർഷത്തെ യൂണിയന്റെ പ്രവർത്തനത്തിന്റെ തുടർച്ചയെന്ന നിലയിൽ വിദ്യാർത്ഥികളെ South Zone ൽ പങ്കെടുപ്പിച്ചു.

**കോളേജ് ഡേ**

ഴ്ത്തി. അങ്കിളിന്റെ തൊഴിൽ എന്താണെന്നു ചോദിച്ചാ
അങ്കിളിനു തന്നെ അറിയില്ല. ആദ്യം അങ്കിളിന് കൃ
ആയിരുന്നു. പിന്നെ അങ്കിള് വ്യാപാരം തുടങ്ങി.

വ്യാപാരം തുടങ്ങുന്നത് ഒന്നാം ലോകവെടിക്കെ
ട്ടിന്റെ ഇടയിലായിരുന്നു. പൂച്ചഭാഗ്യത്തിൽ അങ്കിള് ഉണ്ടാ
ക്കിയ വേലിപ്പടക്കം മുഴുവനും ചിലവായി. ബ്രിട്ട
ചേട്ടന്റെ അസിസ്റ്റന്റായി അങ്കിള് വെടിക്കെട്ടിന്റെ പതി
ട്ടടവും പഠിച്ചെടുത്തു. ഒന്നാം ലോകവെടിക്കെട്ടിന്റെ ലാഭ
മുഴുവൻ എണ്ണിയിരിക്കുമ്പോൾ ആണ് രണ്ടാം ലോക
ടിക്കെട്ട് തുടങ്ങുന്നത്. ഒരു ഭാഗത്ത് മുറി മീശക്കാരനു
മറുഭാഗത്ത് ചുരുട്ട് ചുണ്ടോട് ഒട്ടിയ ഒരാളും.

അവര് തമ്മിൽ പൊരിഞ്ഞ മത്സരം. ഒരാള് ക
ത്തിരി കത്തിക്കുമ്പോൾ മറ്റെയാള് മത്താപ്പൂ കത്തിക്കു
അങ്ങനെതുടർന്നപ്പോൾ അങ്കിളിന്റെ വേലിപ്പടക്കം ഒന്നു
ചിലവായില്ല. അങ്കിള് പിന്നെ ഒന്നും നോക്കിയില്ല, നിറ
അമിട്ടും ഗുണ്ടും കുറച്ച് ലിറ്റിൽ ബോയികളും ഉണ്ടാ
വച്ചു. അങ്കിളിന്റെ പടക്കങ്ങൾ രണ്ടു ടീമുകളും ഇഷ്ട
പോലെ വാങ്ങികൂട്ടി. അങ്കിളിന്റെ വ്യാപാരം അടിവച്ചടിവ
ഉയർന്നു വന്നു. അങ്ങനെഅങ്കിള് രണ്ട് വഞ്ചിയിലും കാ
വെച്ച് പോകുമ്പോൾ ജപ്പാനിൽ നിന്നൊരുത്തൻ അ
ളിന്റെ മർമ്മസ്ഥാനം നോക്കി ഒരടി കൊടുത്തു. ( അവ
കുങ്ങഫൂ പഠിച്ചിട്ടുണ്ടായിരുന്നു) അതോടെ അങ്കിള് ഒ
വഞ്ചിയിലേക്ക് വീണു. പിന്നെ അങ്കിള് ഒന്നും നോക്കിയി
പൊരിഞ്ഞ വെടിക്കെട്ട് നടത്തി. അവസാനം ബാ
വന്നത് രണ്ട് ലിറ്റിൽ ബോയ് കുട്ടൻമാരായിരുന്നു. അ
ജപ്പാന്റെ നെഞ്ചത്തും ഇട്ടു കൊടുത്തു. കാരണം അ
നല്ലേ അങ്കിളിന്റെ കച്ചവടം തകർത്തത്.

ഒന്നാംലോക വെടിക്കെട്ടിൽ അങ്കിള് തൊണ്ണൂറ് ലക്ഷം കുഴികളുണ്ടാക്കി. അതുകഴിഞ്ഞ് രണ്ടാം ലോക വെടിക്കെട്ടു മഹാമഹത്തിൽ ഒരു കോടിയോളം കുഴികളുണ്ടാക്കി. ഒന്നാം ലോക വെടിക്കെട്ടും രണ്ടാം ലോകവെടിക്കെട്ടും അങ്കിളിനെ തനി മുതലാളിയാക്കി മാറ്റി. വെടിക്കെട്ടു മത്സരം കഴിഞ്ഞ് ലാഭം അയവിറക്കിക്കൊണ്ടിരിക്കുമ്പോഴാണ് 'പച്ചവിപ്ലവം' വരുന്നത്. വെടിക്കെട്ടു മത്സരത്തിൽ ബാക്കി വന്ന വെടിമരുന്നു മുഴുവൻ നനച്ച് വളമാക്കി വിറ്റു. അതോടുകൂടി അങ്കിള് സൂപ്പർ മൾട്ടി മുതലാളിയായി. പത്തു പുത്തൻ കയ്യിൽ കിട്ടിയതോടെ അങ്കി[illegible]ു ചുവപ്പുനിറം കണ്ടാൽ ഹാലിളകും. വിയറ്റ്നാം കോളനിയിൽ ആരോ ചുവപ്പു കമ്പിത്തിരി കത്തിച്ചു എന്നറിഞ്ഞ അങ്കിള് അവിടെപ്പോയി ആകാശത്തു നിന്നും കുറെ അമിട്ട് താഴേക്ക് പൊട്ടിച്ചു. പക്ഷെ [illegible]വൻമാര് മാളത്തിലിരുന്ന് ഒറ്റപ്പടക്കം ആണ് പൊട്ടി[illegible]ുക എന്നറിഞ്ഞ അങ്കിള് അവിടെ നിന്ന് ഓടിയ വഴിക്ക് [illegible]ുപോലും മുളച്ചിട്ടില്ല.

സോവിയറ്റ് ചേട്ടനുമായുള്ള മത്സരത്തിൽ ഒരു [illegible]ടിയുള്ള ചെക്കനെവെടിക്കെട്ടു മുഴുവൻ പഠിപ്പിച്ചതാ[illegible]ുന്നു. അവൻ തിരിഞ്ഞു നിന്ന് അങ്കിളിന്റെ ട്രേഡ് സെന്ററിലേക്ക് പ്ലെയിൻ കേറ്റി കളിച്ചു. അത് അങ്കിളിന് ഇഷ്ടമായില്ല. അവന്റെ ഗുഹയിലേക്ക് അങ്കിള് കുറെ എലി[illegible]ണം അയച്ചു. ഒന്നും കൊണ്ടില്ല. അവനിപ്പോഴും ടി.വി.യിലൂടെ അങ്കിളിനെപേടിപ്പിക്കുന്നു.

അങ്കിളിനുള്ള ഏക ദുശ്ശീലം എണ്ണ കുടിയായിരു[illegible]ു. അത് നിർത്താൻ ധ്യാനം, യോഗ, ഒറ്റമൂലി, പച്ചമരുന്ന് എല്ലാം ചെയ്തു നോക്കി. ഒരു രക്ഷയുമില്ല. എണ്ണ[illegible]ക്കാകട്ടെ ദിവസം കൂടും തോറും വിലവർദ്ധിച്ചും വരു[illegible]ു. ഒരു ദിവസം എണ്ണ കിട്ടാഞ്ഞിട്ട് കൈവിറച്ചു നില്ക്കു[illegible]ോഴാണ് ഹുസൈനിന്റെ കയ്യിൽ കുറെ നാടൻ ഉണ്ടെന്നറിഞ്ഞത്. ചോദിച്ചപ്പോൾ അവൻ തന്നില്ല. പിന്നെ അങ്കിള് കൈയ്യിലുണ്ടായിരുന്ന എല്ലാ അമിട്ട്, കതിന, കുഴിമിന്നൽ തുടങ്ങിയവ ഉപയോഗിച്ച് ഭീഷിണിപ്പെടുത്തി കാര്യം സാധിച്ചു. അപ്പോഴാണ് ഹുസൈൻ പത്തൊമ്പതാമത്തെ അടവെടുത്ത് എല്ലാ എണ്ണ വാറ്റൽ കേന്ദ്രത്തിനും തീയിട്ടത്. അത് അങ്കിളിന്റെ പരിസ്ഥിതി മലിനീകരണബോധം ഉണർത്തി. ഒരു കഷ്ണം കയറുകൊണ്ട് ഹുസൈനിന്റെ കാര്യവും തീർത്തു.


ലോക പഞ്ചസാര പാത്രത്തിലെ ഒരു കാസ്ട്രോ യുറുമ്പ് കുറേ നാളായി അങ്കിളിന്റെ മൂക്കിനു താഴെ കിടന്നു കളിക്കുന്നു. അങ്കിളവനെ 456 പ്രാവശ്യം കൊല്ലാൻ നോക്കിയതാണ്. പക്ഷെ നടന്നില്ല.

അങ്കിളിനെതിരായി പലരും ഒരു കുറ്റം പറഞ്ഞു പരത്തുന്നത് അങ്കിള് ഒളിച്ചുനോക്കുന്നുവെന്ന്. അത് അങ്കിള് ജനിച്ചപ്പോൾ തന്നെ കോങ്കണ്ണായത് കൊണ്ടാണ്. നേരെ നോക്കാൻ പറ്റില്ല. വെറുതെ നോക്കുമ്പോഴേക്കും നോട്ടം അപ്പുറത്തെ രാജ്യത്തെത്തും. ജന്മനാ ഉള്ള അസുഖം ആയതു കൊണ്ട് മാറ്റാനും സാധിക്കില്ല.


ലാദൻ എടയ്ക്കിട്ട് ഒരു പ്ലെയിൻ അമിട്ട് തന്ന കാരണം ഇപ്പോഴും അങ്കിളിന് ഉറങ്ങാൻ പറ്റുന്നില്ല. അതുകൊണ്ട് എവിടേക്കു പോയാലും ആ സ്ഥലം പട്ടിയെ കൊണ്ട് പരിശോധിപ്പിച്ചതിനു ശേഷം മാത്രമേ പ്രവേശിക്കാറുള്ളൂ. അത് ഗാന്ധിയമ്മാവന്റെ അടുത്തായാലും, പള്ളിലച്ചന്റെ അടുത്തായാലും ആ ശീലം അഥവാ പേടി ഒരിക്കലും മാറില്ല.

അങ്കിൾ ഇപ്പൊ ഒരു സിക്കുചേട്ടനുമായി ചേർന്ന് ആറ്റം ഗുണ്ട് ഉണ്ടാക്കാൻ വൺ, ടു, ത്രീ പറഞ്ഞിട്ടുണ്ട്. കമ്മട്ടം പണയത്തിലായതുകൊണ്ട് ബാങ്കുകളൊക്കെ എട്ടുനിലയിൽ അമിട്ടു വിരിയുന്നതുപോലെ പൊട്ടുന്നുണ്ട്. അങ്കിളു തകർന്നു എന്നാണ് അസൂയക്കാർ പറഞ്ഞു പരത്തുന്നത്. പക്ഷെ സത്യം അതല്ല. അശോക ചക്രവർത്തിക്കുണ്ടായ മാറ്റം പോലെ അങ്കിളിന്റെ മനസ്സും മന്ത്രിച്ചു തുടങ്ങി.

"ഓം ശാന്തി ഓം !"

PH : 95-480-2769852
2784126
Mob : 9446864408
Member Discount Card
Greenvalley
Motels &
Beer /wine
Govt. Approved Classified Restaurant
Athirappilly, Vattilapara P.O., Thrissur Dist.
E-mail: panikulangara@hotmail.com





ശ്രുതി കെ.
ഒന്നാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്

# പട്ടി പെറ്റപ്പോൾ

രണ്ടുനാഴികയായിക്കാണും അവൾ കണ്ണൊന്നടച്ചിട്ട്. ക
ത്തവാവിന്റെ നിഴൽ നേരിട്ടവളുടെ കണ്ണിനു ചുറ്റും വീ
പോലെ കാണപ്പെട്ടു. കൺപോളകൾ ഉറക്കം നിഷേധിക്ക
പ്പെട്ട ദേഷ്യത്തിൽ പ്രതിഷേധത്തോടെ നീറുന്നു. ആകെ
ഇരുണ്ടുമൂടിയ മുഖവും, ചുണ്ടപ്പൂവ് എഴുതിയപോലെ
ചുവന്ന മിഴികളും.

എട്ടരമാസമായി ഉദരത്തിൽ ഒരു കുഞ്ഞു വളരുന്ന
ഒരു യുവതിക്ക് ചേർന്നതായിരുന്നില്ല മൂദേവി കളിയാ
ടുന്ന പോലുള്ള ആ ഭാവം.

***

ദിവസങ്ങൾ മുമ്പ് വരെ സൂര്യൻ ഉദിച്ചുവരുന്നപോലെ
തെളിഞ്ഞ മുഖത്തോടെ ഭർതൃഗൃഹത്തിന്റെ ഐശ്വര്യമാ
യിരുന്ന അവൾ അവിടം ഭയക്കാൻ തുടങ്ങിയിരിക്കുന്നു
കട്ടിലിൽ ശാന്തമായുറങ്ങുന്ന, എപ്പോഴും അവൾക്കഭ
മായിരുന്ന അവളുടെ ഭർത്താവിന്റെ രൂപമെന്തോ അ
ളിൽ അകാരണമായ ഭീതിയുളവാക്കി...

***

കുഞ്ഞൻ വന്ന് പറഞ്ഞിട്ടാണറിഞ്ഞത്. കാളിയേയു
കൂട്ടിയവൾ തൊട്ടാവാടികളും, കടലാടിയും, ഊരകവു
ഈയാംപുല്ലും നിറഞ്ഞ വഴികടന്ന് അതിനെകാണാ
പോയി.

മൂന്ന് കുട്ടികൾ. ഒന്ന് തവിട്ടും രണ്ടെണ്ണം വെള്ളയു
കറുപ്പും ഇടകലർന്ന പാണ്ടൻകുട്ടികളും. ഉണ്ടകുട്ടികൾ.

അവളെ കണ്ട് പട്ടി അനങ്ങിയില്ല. കടിക്കുമോ എ
വൾ പേടിച്ചു. എന്തോ, ആ പട്ടിക്ക് മനസ്സിലായിരിക്കണ
അവളെയും ആശ്രയിച്ച് ജീവൻ വളരുന്നുണ്ടെന്ന്.

അവൾ പറഞ്ഞതനുസരിച്ച് ചിരട്ടയിൽ ഒഴിച്ച് അ
പട്ടിക്ക് കൊടുക്കാൻ അല്പം പാലും ചോറും കരുതി
രുന്നു കാളി. തിളങ്ങുന്ന കണ്ണുകൾകൊണ്ട് അവ

...നാക്കി നന്ദി പറഞ്ഞതല്ലാതെ ആ പെൺപട്ടി മുരണ്ടതു ...പാലുമില്ല. കൊടുത്തത് നക്കി കഴിച്ചു. വിശപ്പടങ്ങിയിട്ടി ...ല്ലന്ന് തോന്നി. മൂന്നുകുട്ടികളെ പാലൂട്ടേണ്ടതല്ലേ?

പണികഴിഞ്ഞ് പോകുംവഴി എന്നും അടുക്കളയിൽ ...ിന്നല്പം ചോറുംപാലും പട്ടിക്ക് കൊടുക്കാൻ അവൾ ...കാളിയെ ഏൽപിച്ചു. മടങ്ങും വഴി വയറിനെമറച്ചു കിട ...ക്കുന്ന നേരിയതിനുമേൽ അവളുടെ വലതുകൈ ...താനെതഴുകി. രക്തചന്ദനക്കുറിയും, മഞ്ഞളും അഴകെ ...ഴുതിയ ആ മുഖത്ത് എന്തെന്നില്ലാത്തൊരു നിർവൃതി ...തെളിഞ്ഞിരുന്നു.

അന്നത്താഴത്തിനിരിക്കുമ്പോഴാണ് അവളുടെ ...ർത്താവ് പറയുന്നത് കേട്ടത്. കുഞ്ഞനെകൊണ്ട് കുരു ...ടാൻ കൊടുപ്പിച്ച് ആ തള്ളപട്ടിയെ കൊന്നത്രേ. കർക്കിട ...കമാസമായതുകൊണ്ടാണ് ഇല്ലെങ്കിൽ കാഞ്ഞിരപ്പലക ...യിൽ പച്ചിറച്ചി വെട്ടി കൊടുത്താലും മതിയായിരുന്നു. ...നാളെ ആ മൂന്നു കുട്ടികളേം തോട്ടിലോ, കനാലിലോ ...കൊണ്ടുപോയി ഒഴുക്കിക്കളയണം.

ആ ചർച്ചയങ്ങനെപുരോഗമിക്കുമ്പോൾ മുറിയുടെ ഇരുട്ടുള്ള മൂലയിലേക്ക് ചുരുണ്ടുകൂടുകയായിരുന്നു കരിന്തിരി കത്തിയ നിലവിളക്ക് പോലെ ഒരു പെണ്ണ്.

തന്നെ ചേർത്ത് നിർത്തി സംരക്ഷിച്ചിരുന്ന കരുത്തുറ്റ കൈകളിലെ രോമങ്ങൾ പുഴുക്കളെപോൽ അവളിൽ അറപ്പുളവാക്കി, ഉറങ്ങാൻ കിടക്കുമ്പോൾ ശ്വാസം കിട്ടുന്നില്ലെന്ന് തോന്നി ഞെട്ടിയെഴുന്നേറ്റു. ചുവരിനുള്ളിൽ ഒളിക്കാനെന്നപോലെ ഭിത്തികളുടെ ഇരുളടഞ്ഞ മൂലകളിലേക്ക് അവൽ കൂടുതൽ കൂടുതൽ ചേർന്ന് നിന്നു.

***

അവൾ നടന്നകലുമ്പോൾ വരമ്പേത്, വയലേതെന്ന് കാട്ടാൻ ഒരു നക്ഷത്രംപോലും തെളിഞ്ഞില്ല.
മണ്ണിലും വാവ് പടർന്നിരുന്നു. കടന്നുവന്ന വഴികളിലെ അസ്വസ്ഥമായ എന്തോ തണുപ്പ് അവളെ മൂടാൻ അടുക്കുന്നതായി അവൾക്കനുഭവപ്പെട്ടു.

അകന്നകന്ന് പോകുന്ന ചൂടിൽ അഭയം തേടാനായി നിറവയറുമായി അവൾ കൊതിയോടെ പാഞ്ഞു.


ചാൾസ് ട്രേഡേഴ്സ്

പേപ്പർ പ്ലെയ്റ്റ്, ഡിസ്പോസിബിൾ കപ്പ്, ഡ്രൈഫ്രൂട്ട്സ്, പ്ലാസ്റ്റിക് കവറുകൾ, പിക്-അപ്പ് ബാഗ്സ്, കറിമസാലകൾ, ഹോട്ടൽ ഐറ്റംസ്, ചൈനീസ് ഐറ്റംസ്, വനസ്പതി

ബിരിയാണി സെന്റർ
പാർക്ക് റോഡ് - ഠാണ - ഇരിങ്ങാലക്കുട
Ph: 2827670; 2825285





Tel: 0487 - 2423254
3291821

FREEZE LINK
Hafisha Arcade, XI/590/5, Chettiyangadi Jn.
(Near Mathrubhumi) Thrissur - 680 001
freezelink@hotmail.com




Air Conditioner Authorised Sales and Service Dealer

Whirlpool SAMSUNG LG VOLTAS Godrej ONIDA MITSUBISHI ELECTRIC TCL Panasonic BLUE STAR VIDEOCON Electrolux Haier Carrier



# An Unforgettable Journey

**Joseph Joy**
1st Functional English

Tours and journeys are always mind gratifying. Pilgrimages fill our mind with peace. Last year, I got a chance to visit Israel, a land area mostly engulfed by war and terror. It's just a side of the sacred land but there is another side which is worth mentioning and this is an account of that visit.

After a long wait the most awaited day came. I started my journey from Cochin International Airport. My flight took off at five in the morning and the first announcement I heard on board was that our flight would last for about five hours before reaching our destination. A thousand flight disasters and mid air collisions came into my mirror of thoughts, the landing announcement smashed the mirror of my thoughts and brought me back to reality. The plane landed in the holiness of Israel. My first footstep on the soil of Israel made me feel to kiss the pure land blessed by the footprints of Jesus Christ and Prophet Muhammad.

The capital of old Israel, Jerusalem plays a central role in the spiritual and emotional perspectives of three major monotheistic religions. For Jews Israel is the epitome of age old yearning and a living proof of ancient grandeur and renaissance, for Christians it is the scene of their savior's agony and triumph, for Muslims it is the goal of the prophet Muhammad's night journey and the site of one of Islam's most sacred

shrines. Israel- the birthplace of Jewism, Christianity and Islam. After safely landing at Jerusalem airport, I moved to the famous hotel named Qurol where I was provided with a deluxe suite. After the tiring journey I decided to take rest and spend the whole day in the hotel. Next morning after breakfast I phoned up a local travel agency for a guide cum driver. I started my journey to the places of historical importance by car. My guide took me to various tourist places. Being a multilinguist, he could use English, French, Arabic and Hebrew very fluently. On my way I observed the diverse and cosmopolitan culture of Israel. The diversity in dressing style of Israel is worth mentioning. My journey through Israel was a fascinating one. To the east, the city looks down on the Dead Sea and across the Jordan River, to the arid mountains; to west it faces the coastal plain and the Mediterranean Sea.

The Jordan River is ascribed in the holy Bible about fifty times. When the car traversed along the river side my mind wondered through the instances that happened in the life of Jesus when he was on the banks of Jordan River.

My first aim was to visit Bethlehem known for the birth of Jesus Christ. On the way to Bethlehem we stopped at two most famous Islamic structures-the magnificent gold capped dome of the Rock, built around AD 691 and the silver domed and Al-Asqa Mosque, built in early 8th century, I was dumb struck looking at the beauty of these historical buildings. From there we again resumed our journey for Bethlehem. When we reached the city I was shocked to see the sea of pilgrims swarming towards the place where Christ was born. Now, there stands a chapel at the real birthplace. After spending sometime here and offering prayers at the chapel I left for Nazareth where Christ is believed to have grown up. After nearly a half days halt I was on my return journey to hotel. We stopped in front of a restaurant and alighted to have some high quality wine which made me feel giddy and I couldn't stand straight. My driver helped me into the car and later back to the hotel. I bade goodnight to my guide and went straight to bed. Next day I jumped out of my bed and packed with energy I quickened myself to attend a camp in Tel Aviv which lasted for five days, camp was about history and the influence of World War Second on Israel. The camp was a great experience for me and had filled me with missing pieces of history. During the last day I found some time to visit the Muslim mosques and Jewish synagogues. I also visited the Knees et building, the Israel Museum, the Jerusalem Theatre and the Hebrew Union College which were outstanding examples of modern architecture. My last day was also gratified by visit to the church of holy sepulcher. This is the tomb of Christ, the place where he is buried. With this came the end of my ten days most memorable stay in Israel. On my homeward journey, I glanced through the glass panes of the aircraft to see the city gradually disappearing into a speck and I got absorbed in a wonderful novel with thousands of moments crossing my mind.



# Computer Sale & Service Point



Ph:0487 3291044, 0480 2832494
Mobile: 94471 80479

## Zeon Computers


1 st Floor, VRH Complex, East Nada P.O. Irinjalakuda-680 121, Thrissur
E-mail: zeon@sancharnet.in www.zeoncomputer.com

TVS ELECTRONICS

TVS E Channel Distributers ◆ Intel Genuine Dealer
V-Guard UPS Dealer ◆ L.G. My PC Dealer
Epson & Canon Channel Partner ◆ HP Authorised Dealer

# FASHION PAINTS

THRISSUR ROAD, IRINJALAKUDA,
THRISSUR - 680 125, KERALA
E-mail: fashionpaints444@rediffmail.com




PH: 0480-2827785,2822785
Mob: 9249144462 ( Accts)
RAJAN : 9495927785

*With best compliments from:*

Fashion paints irinjalakuda ph: 0480 2827785
Asian paint collection irinjalakuda 0480 2822785
Fashion paint world irinjalakuda 0480 2820085
Fashion colour world Thrissur ph: 0487 2323185
Fashion paint collection Thrissur 0487 2325485
Fashion paint city edappilly 0484 2342285
Fashion paint point aluva 0484 2620085

asianpaints





# അന്തിക്കാട്ടേയ്ക്ക്...

അത് ഊർജസ്വലതയുള്ള ഞായറാഴ്ചയായിരുന്നു, അവധി ദിവസമായിരുന്നിട്ടും അതിരാവിലെയുള്ള തയ്യാറെടുപ്പ് കണ്ട് പുരികമുയർത്തിനിന്ന അമ്മയോട് ഞാൻ അഭിമാനത്തോടെ പറഞ്ഞു.

"അന്തിക്കാട്ടേക്കാണ്"

മൊബൈൽ തുടരെ ചിലച്ചുകൊണ്ടിരുന്നു. സംഭാഷണം കേട്ടിട്ടാകണം ഉറക്കച്ചടവിൽ കണ്ണു തിരുമ്പി വന്ന ചേട്ടൻ ചോദിച്ചു" സത്യൻഅന്തിക്കാടിനെ ഇന്റർവ്യൂ ചെയ്യാൻ പോകുവാണോ നീ" ആ വാക്കുകളിൽ നിറഞ്ഞുനിന്ന അത്ഭുതം പകർന്നുതന്ന ആവേശത്തോടെ ഞാൻ മൂളി.

ഭാഗ്യവാൻ, ജാടയില്ലാത്ത സംവിധായകനാണദ്ദേഹം.

വണ്ടിയെടുത്ത് അന്തിക്കാട്ടേക്കു തിരിച്ചു. ഉള്ളിൽ പരിഭ്രമമായിരുന്നു, അപരിചിതമായ സ്ഥലമാണെങ്കിലും ലാളിത്യത്തിന്റെ സംവിധായകന്റെ വീട്ടിലേക്കുള്ള വഴിയന്വേഷണങ്ങൾക്ക്, ആർക്കും ഉത്തരമില്ലാതിരുന്നില്ല.

സംഗമേശന്റെ സന്നിധിയിലൂടെ യാത്ര തുടരുമ്പോൾ മനസ്സിലായി ലക്ഷ്യം അടുത്തുകഴിഞ്ഞുവെന്ന്.

വഴിയിലുടനീളം പാടങ്ങളും, പള്ളികളും.

വീണ്ടും ചില വീട്ടുകാര്യങ്ങളുടെയും മനസ്സിനക്കരെയുടെയുമെല്ലാം രംഗങ്ങൾ കൊളാഷ് ആയി മനസ്സിൽ മിന്നിമറഞ്ഞു.

തീരെ ചെറുതല്ലാത്ത ജംഗ്ഷൻ എത്തി. അന്തിക്കാട് എന്നു വലിയക്ഷരത്തിൽ എഴുതിയ കടയുടെ മുമ്പിൽ പരന്നുനിന്ന ഓട്ടോറിക്ഷക്കാരിലൊരാൾ തലയുയർത്തി. ചേട്ടാ പാന്തോട് എവിടെയാണ്?

മോനേ അടുത്ത സ്റ്റോപ്പ്. 1/2 കിലോമീറ്ററേ ഉള്ളൂ.

നഗരവാസികളായ സഹപ്രവർത്തകരോട് നിശ്ചയിച്ചതിലും 1/2 മണിക്കൂർ നേരത്തെ എത്തിയ വിവരം വിളിച്ചറിയിക്കുമ്പോൾ, അവർ യാത്രയിലായിരുന്നു.

ഞാൻ ചുറ്റും നോക്കി, ഇരുപതു വർഷത്തോളം പഴക്കമില്ലാത്തതായി അവിടെ വീണുകിടന്ന ബദാം കായ്ക

ANTHIKKATTEKKU...

ളം, ഇലകളും, പാതി പണിതുയർത്തിയ ഇരുനിലക്കെട്ടിടവും മാത്രമേ കണ്ടുള്ളൂ.

അത്ഭുതം തോന്നി, നാഗരികത തീണ്ടപ്പാടകലെ നില്ക്കുന്ന ഈ ഗ്രാമം തന്നെ യല്ലേ അദ്ദേഹത്തിന്റെ സിനിമയും.

അരികെ കണ്ട പെട്ടിക്കടയിൽനിന്നും അച്ചാർ വാങ്ങി നുണഞ്ഞുകൊണ്ടിരിക്കു മ്പോൾ വിളികേട്ടു.

ടോ...

മരച്ചുവട്ടിലിരിക്കുന്ന അന്തിക്കാടിന്റെ യുവത്വമാണ് വിളിച്ചത്. പക്ഷേ എന്നെയല്ല ഉയർത്തിക്കുത്തിയ മുണ്ടും, പാതി തുറന്ന ഷർട്ടും ധരിച്ച ആ കേരളീയനെയാണ്. ഒരു കൈക്കൊണ്ട് നരസിംഹത്തിലെ മോഹൻലാലിനെപ്പോലെ തുടരോമവും, മറു കൈക്കൊണ്ട് ബാലചന്ദ്രമേനോനെപ്പോലെ നരച്ച നെഞ്ചും രോമവും ചുരുട്ടി അയാൾ അവർക്കരികിലേക്കു ചെന്നു.

"സത്യനന്തിക്കാട് വീട്ടിലുണ്ട്. ഒടുവിലിന്റെ റോളഭിനയിക്കാൻ ഒരു വേക്കൻസി ഉണ്ട്. ഒന്നുപോയി കണ്ടുനോക്ക്"

അവർ പറഞ്ഞു.


മൂക്കിൽനിന്നും ഒലിച്ചിറങ്ങുന്ന മൂക്കട്ട തടയാനെന്നവണ്ണം ഉയർന്നുനിന്ന കറുത്ത പല്ലുകൾ കാട്ടി അയാൾ ചിരിച്ചു

ഒടുവിലുണ്ണികൃഷ്ണൻ എന്ന മഹാനായ കലാകാരന് പകരക്കാരനോ ഇയാൾ! ഒടുവിലിന്റെ കഥാപാത്രങ്ങൾ മനസ്സിൽ അഭിനയിച്ചു തകർക്കുമ്പോൾ, കൈ പിടിച്ചു വലിച്ച സഹപ്രവർത്തകരോടൊത്ത് അന്തിക്കാട്ടുകാരുടെ അഭിമാനഭാജനത്തിന്റെ വീട്ടിലേക്കു നടന്നു.

രണ്ടു കാറുകൾക്കു പിന്നിൽ നിവർന്നുനിന്ന രണ്ടുനില കെട്ടിടത്തിൽ സംവിധാ യകഗൃഹങ്ങളുടെ പതിവ് അഹങ്കാരവും കണ്ടില്ല, കോളിംഗ് ബെൽ അടിക്കാൻ എഡി റ്റോറിയൽ ബോർഡ് അംഗങ്ങളായ ഞങ്ങളഞ്ചുപേർക്കും ഭയം, പതിവുപോലെ എന്തിനും ധൈര്യപൂർവ്വം മുമ്പിൽനില്ക്കുന്ന ചീഫ് എഡിറ്ററുടെ ബെല്ലടികേട്ട് ഇറങ്ങി വന്ന അദ്ദേഹം ഞങ്ങളെ സ്വീകരിച്ചിരുത്തി.

സോഫാക്കു പിറകിൽ ഷോകേസ് നിറയെ പുരസ്കാരങ്ങൾ. ചുണ്ടു തുടച്ച് അദ്ദേഹം ഞങ്ങൾക്കഭിമുഖമായി ഇരുന്നു. അതു സ്വപ്നമാണോ യാഥാർത്ഥ്യമാണോ എന്നു തിരിച്ചറിയാതെ പകച്ചുനിന്നു ഞങ്ങൾ. ഇതു മനസ്സിലാക്കിയിട്ടാകണം പരിച യപ്പെടലുകൾക്ക് അദ്ദേഹം തന്നെ നേതൃത്വം നല്കി.

മഹാനായ സംവിധായകനോട് എന്ത് ചോദിച്ചുതുടങ്ങണമെന്നും അറിയില്ലായി രുന്നു, ചോദ്യത്തിനു കാത്തുനില്ക്കാതെ അദ്ദേഹം തുടങ്ങി. നമുക്കു formal ആയി ട്ടുവേണോ, അല്ലെങ്കിൽ സൗഹൃദസംഭാഷണമാണോ ഉദ്ദേശിക്കുന്നത്. Informal മതി യില്ലേ. എന്റെ സിനിമ ഭാഗ്യദേവത വിജയകരമായി ഓടിക്കൊണ്ടിരിക്കുന്നു, പുതിയ സിനിമയുടെ വർക്കുകൾ ഒക്ടോബറിൽ ആരംഭിക്കും, അദ്ദേഹം തുടർന്നു.



**സർ, സംസ്ഥാനഅവാർഡ് ദാനച്ചടങ്ങിലാണെന്നു തോന്നുന്നു താങ്കൾ പറ ഞ്ഞു. "പത്മരാജനും, ഭരതനുംശേഷം നല്ല സംവിധായകരുണ്ടാകുന്നില്ല എന്ന പരാതിക്ക് അറുതിവന്നിരിക്കുന്നു; ബ്ലെസ്സി" എന്താണ് ഇങ്ങനെപറഞ്ഞതിലെ ചേ തോവികാരം?**

ഉ. പുതിയ സംവിധായകരെ നോക്കിയാലറിയാം. എല്ലാവരും commercial success മാത്രം മുന്നിൽ കണ്ടുകൊണ്ട് ഏതെങ്കിലും താരത്തിനു പിന്നിൽ നടക്കുക യാണ്. സിനിമയിൽ മാറ്റം അനിവാര്യമാണ്. ആർട്ടിസ്റ്റിന്റെ കാര്യത്തിലോ പ്രമേയ ത്തിലെ പുതുമ കൊണ്ടുവരാൻ പുതിയ സംവിധായകർക്കു കഴിയണം. എൺപതുക

ളിൽ അങ്ങനെഉണ്ടായിരുന്നു. ഇപ്പോ അങ്ങനെകാണുന്നില്ല. ബ്ലസ്സിയെ സംബന്ധിച്ചി ടത്തോളം അയാൾ committed ആണ്, subject ൽ വ്യത്യസ്തത കൊണ്ടുവരാൻ ശ്രമിക്കുന്നുമുണ്ട്. മുഖധാരാ സിനിമകളിൽ നിന്നുകൊണ്ടുതന്നെ ഭരതനും പത്മ രാജനും ഒക്കെ തെളിച്ച പാതയിലൂടെ സഞ്ചരിക്കാൻ അദ്ദേഹത്തിനു കഴിയുന്നുണ്ട്. അതുപോലെ പാസഞ്ചർ സംവിധാനം ചെയ്ത രഞ്ജിത് ശങ്കറും വ്യത്യസ്തതയ്ക്കു വേണ്ടി പരിശ്രമിക്കുന്നുണ്ട്.

**താങ്കളുടെ സിനിമകളിലെ കറി?**

ഉ: കറി, ഞാനിപ്പോതന്നെ പുട്ടും കടലക്കറിയും കഴിച്ചിട്ടാണു വരുന്നത് (ചിരിക്കുന്നു). അതു നമ്മുടെ നിത്യജീവിതത്തന്റെ ഭാഗമാണ്. ഒരു സംവിധായകന്റെ സൃഷ്ടി അയാളുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു മദ്യപാനിയാണ് സംവിധായകനെങ്കിൽ അയാളുടെസിനിമയിൽ മദ്യത്തിന്റെ അതിപ്രസരമുണ്ടാകും. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഏറ്റവും കൂടുതൽ കാണുന്നത് ബസ് സ്റ്റോപ്പും പലചരക്കുകടയും പച്ചക്കറികടയും ചായപ്പീടികകളും അടുക്കളയും കരിയുമൊക്കെയാണ്. എന്റെ ജീവിത സാഹചര്യമാണ് അതിലേക്കു നയിക്കുന്നത്. ഒരു ടൗണിൽ ബംഗ്ലാവ് പണിത് മുൻപിൽ ഖൂർക്കയും വച്ച് ജീവിക്കാൻ എനിക്ക് ഒരുപക്ഷേ കഴിഞ്ഞെന്നു വരില്ല. സിനിമ പലപ്പോഴും എത്തുന്നത് മിഡിൽ ക്ലാസ്സിലേക്കാണ്. അവർക്കു തോന്നണം അത് അവരുടെ ജീവിതമാണെന്ന്.

**താങ്കളുടെ സിനിമയിൽ അച്ഛനും മകനും, അമ്മയും മകനും, അമ്മയും മകളും ഒക്കെത്തമ്മിലുള്ള ബന്ധത്തിനു പ്രാധാന്യം കൊടുക്കുന്നതായി കാണാം.**

ഉ: തലമുറകൾ മാറുന്നതനുസരിച്ച്, അച്ഛനും അമ്മയും മക്കളും തമ്മിലുള്ള ബന്ധത്തിന് വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്. എനിക്കു ചെറുപ്പത്തിൽ അച്ഛനെപേടിയായിരുന്നു. എന്റെ ആവശ്യങ്ങൾ അമ്മ വഴി അച്ഛനെ അറിയിക്കാറാണ് പതിവ്. അച്ഛൻ മുമ്പിലുണ്ടെങ്കിൽ ആ വഴിക്കു പോകാറുമില്ല. ഇപ്പോൾ അച്ഛനും മക്കളും തമ്മിൽ വളരെ friendly യാണ്. 10-20 വയസ്സ് കഴിഞ്ഞാൽ മക്കളോട് friendly യായി ഇടപഴകണം. ഞാൻ എന്റെ മക്കളോടു പ്രണയത്തെക്കുറിച്ചു സംസാരിക്കാറുണ്ട്. പെൺകുട്ടികളെ കാണുമ്പോൾ നോക്കാൻ പറയും. അപ്പോൾ റിലേഷൻഷിപ്പിന്റെ ആഴം കൂടും. കാലത്തിനു വരുന്ന മാറ്റങ്ങൾ സിനിമക്കും വരുന്നുണ്ട്. അച്ഛനോ അമ്മയോ നല്ല സുഹൃത്തുക്കളാണെങ്കിൽ നാം മോശം കൂട്ടുകെട്ടിലൊന്നും ചെന്നു പെടില്ല. വീട്ടിൽ വലിയ restriction ആകുമ്പോൾ സ്വാതന്ത്യത്തിനായി അവർ കൊതിക്കും.

**80 കളിലെ മലയാളികളും ഇപ്പോഴുള്ള മലയാളിയും തമ്മിൽ ഇപ്പോഴുള്ള വ്യത്യാസം?**

ഉ: വ്യക്തിപരമായി പറയുകയാണെങ്കിൽ അന്ന് ആളുകൾക്കു കുറേക്കൂടി സമയമുണ്ടായിരുന്നു. ഇന്ന് ആധുനിക ലോകത്തിന്റെ കണ്ടുപിടുത്തങ്ങൾ നമ്മുടെ സമയത്തെ കവരുകയാണ്. പണ്ട് സിനിമയുടെ വിവരം അറിയുന്നതിന് 11/2 കിലോമീറ്റർ അകലെയുള്ള പോസ്റ്റ് ഓഫീസിൽ പോയി Trunk call book ചെയ്യണം. ഇപ്പോൾ ഞാൻ എന്റെ ഒരു ഫോൺ സൈലന്റ് ആക്കി വച്ചിരിക്കയാണ്. എല്ലാ കോളും അറ്റന്റ് ചെയ്യുകയാണെങ്കിൽ ദിവസം ബാക്കിയുണ്ടാവില്ല. പിന്നെ ടി.വിയും ഇവക്കൊപ്പം spend ചെയ്യുകയാണെങ്കിൽ നമ്മുടെ സർഗ്ഗാത്മകശേഷി, ആസ്വാദനക്ഷമത എന്നിവ മുരടിച്ചു പോകുന്നു. ഇപ്പോഴത്തെ തലമുറക്കു ക്ഷമ കുറവാണ്. ക്ഷമക്കുറവും സമയക്കുറവും ആസ്വാദനശേഷിയെ കുറച്ചിട്ടുണ്ട്.

ANTHIKKATTEKKU...

**താങ്കളുടെ സിനിമയിൽ modern technology അധികമായി ഉപയോഗിച്ചു കാണുന്നില്ല.**

ഉ: പ്രമേയത്തിനനുസരിച്ച് അനുയോജ്യമായ രീതിയിൽ technology യുടെ സാധ്യതകൾ ഞാൻ ഉപയോഗിക്കാറുണ്ട്. അതു മുഴച്ചുനില്ക്കുന്നില്ല എന്നേയുള്ളൂ ക്യാമറയിലും ലെൻസിലും സൗണ്ടിലും എല്ലാം കാലാനുസൃതമായി മാറ്റം ഞാൻ ഉപ യോഗിക്കാറുണ്ട്. അത് ആളുകളെ അമ്പരപ്പിക്കാനല്ല. ഞാൻ ആഗ്രഹിക്കുന്ന സിനിമാജീവിതവുമായി ബന്ധപ്പെട്ടിരിക്കാനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്ക് feel ചെയ്യണം. തമാശയായാലും ദുഃഖമായാലും.

**വളരെ മികവുള്ള പല ചിത്രങ്ങളും പാസഞ്ചർ, തിരക്കഥ, തലപ്പാവ് മുതലായവ commercial ആയി പരാജയപ്പെട്ടു. ഇതൊന്നും കാണാൻ മെനക്കെടാത്ത രല്ലെ നല്ല സിനിമകളില്ല എന്നു പരാതിപ്പെടുന്നത്.**

ഉ: ഒരു സിനിമയും വെറുതെ പരാജയപ്പെടുന്നില്ല. കൽക്കത്ത ന്യൂസിൽ കുറച്ചു പൊള്ളത്തരങ്ങളുണ്ട്. തിരക്കഥക്കു അതിനർഹിക്കുന്ന കളക്ഷനും ലഭിച്ചിട്ടുണ്ട് അതിനുമപ്പുറം നമ്മളെ സ്വാധീനിക്കുന്നത് media ആണ്. ഒരു സിനിമക്ക് ഇല്ലാത്ത പരിവേഷം കൊടുക്കുന്നത് media ആണ്. Passenger എന്ന സിനിമ ഒരു സൂപ്പർ സൂപ്പർ hit ആയില്ല എന്നേയുള്ളൂ. അതു ലാഭകരമായ സിനിമയാണ്. എല്ലാ നല്ല സിനിമയും അങ്ങനെയാണുണ്ടായിട്ടുള്ളത്. 20-20 പോലെ passenger ഓടണ മെന്നു നാം വാശിപിടിക്കാൻ പാടില്ല. അത് ഓഡിയൻസിന്റെ നിലവാരത്തിന്റെ പ്രശ്നമാണ്. പ്രേക്ഷകന്റെ നിലവാരം അറിഞ്ഞു സിനിമ ചെയ്യുക എന്നതാണ് commercial സിനിമകളുടെ അടിസ്ഥാനതത്വം.


ഞാൻ സിനിമ ചെയ്യുമ്പോൾ എന്റെ മനസ്സിൽ theatre ഉണ്ട്, പ്രേക്ഷകർ ഉണ്ട് ഒരുപക്ഷേ കാണികൾ കൂവിയേക്കാം എന്ന ഒറ്റ കാരണംകൊണ്ട് പല മികച്ച സീനു കളും ഞാൻ മാറ്റിയിട്ടുണ്ട്.

**അപ്പുണ്ണി സംവിധാനം ചെയ്ത സത്യൻ അന്തിക്കാടും ഇപ്പോഴത്തെ സത്യൻ അന്തിക്കാടും തമ്മിലുള്ള വ്യത്യാസം.**

ഉ: അതു വ്യക്തികൾക്കു വരുന്ന മാറ്റം പോലെയാണ്. ഒരു സീനിയർ ആ സംവിധായകൻ എന്ന നിലയിൽ കുറച്ചു പക്വത വന്നിട്ടുണ്ട്. യുവത്വത്തിന്റേതാ ചോരത്തിളപ്പും risk എടുക്കാനുള്ള മനസ്സും ഇപ്പോഴില്ല. ഇന്നു കുറച്ചുകൂടി bothered ആണ്.

**തീർച്ചയായും ഏതു സർഗ സൃഷ്ടിക്കിടയിലും മാനസ്സിക സമ്മർദ്ദം അനുഭവി ക്കേണ്ടിവരും?**

ഉ: ഉവ്വ്. ആ സമ്മർദ്ദം അനുഭവിച്ചാണ് പത്മരാജനും, ഭരതനും, ലോഹിയുമെല്ലാം മരിച്ചത്. M. T. വാസുദേവൻ നായർ എഴുതാനിരിക്കുമ്പോൾ ഇപ്പോഴും കൈ വി ക്കുമെന്നാണു പറയുന്നത്. ഏറ്റവും മികച്ച സംവിധായകരിലൊരാളായ മണിരത് ത്തിനു മൂന്നു പ്രാവശ്യമാണു ഹൃദയാഘാതം വന്നത്. ഇത് sincere ആയി ജോ ചെയ്യുന്നവർക്കു മാത്രമാണ് ഉള്ളത് കേട്ടോ...



**താങ്കളുടെ ചിത്രങ്ങളിൽ അഭിനേതാക്കളെയും തിരക്കഥാകൃത്തുക്കളെയു തിരഞ്ഞെടുക്കുന്നത് മാനസ്സിക പൊരുത്തം നോക്കിയിട്ടാണോ?**

ഉ: അതെ, കൂടെ കഴിവും നോക്കിയിട്ട്. ലോഹിതദാസ് പറഞ്ഞിട്ടുണ്ട് ഒരാൾ മ ക്കുമ്പോഴാണ് അയാളുടെ വിലയറിയുന്നതെന്ന്. K.P.S. ലളിത, മാമുക്കോയ എ വരെയൊന്നും നാം ശരിയായ രീതിയിൽ ഉപയോഗിച്ചിട്ടില്ല. എത്ര പ്രതിഭാധനരാ നമുക്ക് നഷ്ടപ്പെട്ടത്. ശങ്കരാടി, ഒടുവിൽ. പിന്നെ തീർച്ചയായും മാനസ്സികപ്പൊരു





മുള്ള ആളെയാണ് ഞാൻ തിരക്കഥയെഴുതാൻ ഏല്പിക്കുക. ശ്രീനിവാസൻ, രഘുനാഥ് പലേരി, ഇവരെയൊന്നും ലഭിക്കാത്ത അവസ്ഥ വന്നപ്പോഴാണ് തിരക്കഥ സ്വയം എഴുതാമെന്ന് ഞാൻ തീരുമാനിക്കുന്നത്.

**സിനിമാപ്രവേശനമോഹികളായ ഒരുപാട് പ്രതിഭകളുണ്ട് ക്രൈസ്റ്റ് കോളേജിൽ, സിനിമയ്ക്ക് എന്നും പറയാനുള്ളത് ചൂഷണങ്ങളുടെ കഥകളാണെന്നിരിക്കെ, നേരായ മാർഗ്ഗത്തിലൂടെ സിനിമാ പ്രവേശനം ആഗ്രഹിക്കുന്ന ക്രൈസ്റ്റിലെ പെൺകുട്ടികളോട് താങ്കൾക്ക് എന്താണ് പറയാനുള്ളത്?**


ചൂഷണം എല്ലാ മേഖലകളിലുമുണ്ട്, സിനിമയിൽ മാത്രമല്ല. ഇന്റേണൽ മാർക്കിനുവേണ്ടി വിദ്യാർത്ഥിനികളെ ചൂഷണം ചെയ്യുന്ന അദ്ധ്യാപകർ, കീഴുദ്യോഗസ്ഥരെ ചൂഷണം ചെയ്യുന്ന മേലുദ്യോഗസ്ഥർ, ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ അത് എല്ലാ മേഖലകളിലും പ്രകടമാണ്.


പിന്നെ, കഴിവുള്ളവർ എന്തായാലും അംഗീകരിക്കപ്പെടും, അതിന് കുറുക്കുവഴികൾ അന്വേഷിക്കുന്നവരാണ് ചൂഷണങ്ങൾക്കിരയാകുന്നത്. എന്റെ സെറ്റുകളിൽ വാതിലടയ്ക്കാതെ കിടന്നുറങ്ങാം എന്നാണ് പറയാറ്, പല പ്രമുഖ സംവിധായകരെക്കുറിച്ചും ഫെഫ്കയ്ക്ക് മുമ്പിൽ പരാതി വന്നിട്ടുണ്ട്. ഇവർക്കൊക്കെ മറുപടി കൊടുക്കേണ്ടത് നിങ്ങൾ തന്നെയാണ്, നേരായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുക, നിങ്ങൾക്ക് കഴിവുണ്ടെങ്കിൽ തീർച്ചയായും അംഗീകരിക്കപ്പെടും. എന്നിട്ട്, ആരെങ്കിലും ചൂഷണത്തിന് ശ്രമിക്കുകയാണെങ്കിൽ ചെകിടടച്ച് ഒരെണ്ണം കൊടുത്തോ. ബാക്കിയുണ്ടാകുന്ന പ്രശ്നങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം.

O.K. Best wishes

അഭിമാനമായിരുന്നോ നിർവൃതിയായിരുന്നോ എന്നറിയില്ല, പറഞ്ഞറിയിക്കാനാവാത്ത വികാരത്തോടെ ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.





ശ്രുതി കെ.
ഒന്നാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്

# ആമിക്ക്

രാവിലെ തന്നെ ആമിയെ കാണാനെന്ന്
പറഞ്ഞ് പോയതാണേട്ടൻ. ഞാനും കൂടെ വരുന്നെന്ന്
പറഞ്ഞിട്ട് കേട്ടില്ല. കീമോ, കഴിഞ്ഞ് ഹോസ്പിറ്റൽ
ബെഡിൽ കിടക്കുന്ന എന്റെ രൂപം എന്നിൽ തന്നെ പേടി
യുളവാക്കി, പിന്നെ എന്റെ ശരീരത്തോടൽപ്പം സഹതാ
പവും ഈ കോലത്തിൽ ആമിയെ കാണണ്ട, ആദ്യമായി
അങ്ങോട്ട് പോയി കാണുമ്പോൾ നല്ല ടിപ്പ് ടോപ്പായി
പോകണം. ഏട്ടനും എന്റെ ആമിയെ ഇഷ്ടമാണ്, പക്ഷേ
എന്റെയത്രയ്ക്ക് വരില്ല്യ. ആമിക്ക് കൊടുക്കാനായി
ഞാനൊരു വെള്ള റോസ് കൊടുത്തു വിട്ടിരുന്നു
ഏട്ടന്റെ കൈയ്യിൽ റോസ് വാങ്ങുമ്പോൾ ഏട്ടന്റെ കണ്ണ്
നിറഞ്ഞിരിക്കുന്നത് കണ്ടു. എന്താണെന്ന് ചോദിച്ച
പ്പോൾ മൃദുവായി ചിരിച്ചു. പിന്നെ തിരിഞ്ഞുനോക്കാതെ
ധൃതിയിൽ വരാന്ത കടന്ന് പോകുന്നത് കണ്ടു.

മേശപ്പുറത്ത് മരുന്നുകളുടെ കൂമ്പാരം കഴി
ഞ്ഞാൽ ഏറ്റവും കൂടുതൽ എന്റെ ആമി കുത്തിക്കുറിച്ച
പുസ്തകങ്ങളാണ്. അവളെന്നും എന്നെകാണാൻ
ഇങ്ങോട്ട് വരാറുണ്ട് അവളുടെ ഏട്ടന്റെ ഷർട്ടും ട്രൗസറു
മിട്ട് ചിലപ്പോൾ ഫ്രോക്കിട്ട്, സാരിയുടുത്ത്, പിന്നെയിടക്ക്
പർദ്ദയിട്ടും.എന്തിലും എന്റെ ആമി സുന്ദരിയാണ്
ഇന്നലെ വന്നിരുന്നു എന്നിട്ട് കുറെ സങ്കടം പറഞ്ഞു
അവളുടെ ഏട്ടൻ ഉണ്ടാക്കിവച്ച മന്ത്രജലം ചീത്തമണം
വന്നത്കൊണ്ട് വീട്ടുകാർ എടുത്ത് കളഞ്ഞത്രേ. അത്
മന്ത്രജലമൊന്നുമല്ലെന്ന് ആരോ പറഞ്ഞു. പക്ഷേ ഏട്ടൻ
അങ്ങനെ നുണ പറഞ്ഞ് പറ്റി
ക്കില്ല. അവൾ തന്നെത്താൻ കിടക്കക്കരികിലിരുന്ന് പി
പിറുക്കുന്നത് മയക്കത്തിനിടയിൽ ഞാൻ കേട്ടിരുന്നു.

ഏട്ടൻ പോയി, അഞ്ച്മിനിറ്റ് കഴിഞ്ഞപ്പോ
ഴേക്കും നഴ്സ് വന്നു. റെഗുലർ ചെക്കപ്പിന് ഡോക്ടർ

...ന്നതിന് മുമ്പ് മരുന്നെല്ലാം എടുത്ത് തരണം. ഇല്ലെ ...വർക്ക് ചീത്തയുടെ പൊടിപൂരമാണ്. നഴ്സിനെ ...ധികം ബുദ്ധിമുണ്ടിക്കേണ്ടെന്ന് കരുതി ബെഡ്ഡിലെ ...ഡും മാറ്റുന്നതും മറ്റും ഏട്ടൻ തന്നെയാണ്. അവർ ...നയുടനെ പറഞ്ഞു. ഏട്ടൻ ആ പുസ്തകമെഴുതുന്ന ...മ്മയെ കാണാൻ പോയല്ലേ?

(ഹും... അമ്മയോ ഇവളുടെ പേരക്കുട്ടിയാവാ...ള്ള പ്രായം പോലുമില്ല എന്റെ ആമിക്ക്.) കഷ്ടായി ...തിന്റെ കാര്യം. പിന്നെ 72 ഇളം പ്രായമൊന്നുമല്ലല്ലോ.... ...മടക്ക് തിരുവനന്തപുരത്താണെന്ന് കേട്ടു. അവർ ...ന്നയും പറഞ്ഞുകൊണ്ടിരുന്നു. ആരുടെ കാര്യാ...ങ്ങളീപറയുന്നേ? പേപ്പറിലൊക്കെ ഉണ്ടായിരുന്നല്ലോ?.. ആയമ്മ മരിച്ചു. ഈയിരിക്കുന്ന പുസ്തകമെഴുതിയ അമ്മ.... മോന്റെ വീട്ടിൽ വച്ചായിരുന്നു

എനിക്ക് ചിരിയാണ് വന്നത്. എന്നെ പറ്റിക്കാൻ ...വിലെ തന്നെ കഥയായിട്ട് ഇറങ്ങിയിരിക്യാ. എനി...മാധ്യേ വല്ല്യ ഇഷ്ടാന്നറിയാം. അതിന്റെ കുശുമ്പാ. ...ട്ടൻ വരട്ടെ പറഞ്ഞ് കൊടുക്കുന്നുണ്ട്. ബെഡിൽ തല...ണയുടെ സഹായത്തോടെ നിവർന്നിരുന്ന് ഞാൻ " ...ly the soul knows how to sing " വായിക്കാൻ തുടങ്ങി.

ഏട്ടൻ വന്നപ്പോഴേക്ക് വൈകുന്നേരമായിരു...ു. വന്നയുടൻ ഞാൻ പറഞ്ഞു. " ആ നഴ്സിനെ ഇനി ...വിടേക്ക് വിടണ്ടാന്ന് ഡോക്ടറിനോട് പറയണം. ഏട്ടൻ ...ത് ഒരു ജാതി പിശാശാ ആമീനെക്കുറിച്ച് ആവിശ്യല്ല്യാ...തൊക്കെ പറയ്യാ. മരിച്ചൂന്നോ മറ്റോ.. എന്നെ ഫൂൾ ...ക്കാന്നാ അവരുടെ വിചാരം. ഉം..... എന്നെയുണ്ടോ ...ിക്കാൻ പറ്റുന്നു. ഇപ്പൊകൂടെ ആമി വന്ന് ഒരു നാടകം ...യ്യാൻ പ്ലാൻ ഇടുന്ന കാര്യം പറഞ്ഞതേയുള്ളൂ. അവൾടെ ഏട്ടന്റെ ഒപ്പാത്രേ.... ഏട്ടൻ കണ്ടിരുന്നോ അവളെ. അവള് കുറച്ച് നേരത്തെ പോയേള്ളൂ. ഏട്ടനിരുന്നൂച്ചാ പൂവാതെ തന്നെ കാണായിരുന്നല്ലോ. ഞാൻ തന്ന റോസ് കൊടുത്തോ അവൾക്ക്?

ചോദ്യം ഒരുപാടായെന്ന് തോന്നിയപ്പോൾ ഞാൻ നിർത്തി. ഏട്ടൻ മേശപ്പുറത്തിരിക്കുന്ന ഇസ്തിരിയിട്ട പോലുള്ള പേപ്പർ ഒന്ന് മടക്ക് നിവർത്തി. പിന്നെ ചുരുട്ടി കയ്യിൽ വെച്ചു. ഞാൻ പേപ്പർ തുറന്ന് നോക്കാതെയിരുന്നാൽ സ്വപ്നജീവിയാവുമെന്ന് അമ്മയും അച്ഛനും എപ്പോഴും പറയുമായിരുന്നു. തുറന്നാൽ ആകെ ഒരു ബഹളമാണ് മസ്തിഷ്കത്തിൽ. അവിടെ യുദ്ധം, ഇവിടെ കൊല,ഒരിടത്ത് ചൂടുപിടിപ്പിക്കുന്ന് വിവാദം. ടെൻഷൻ വാങ്ങിവായിക്കുന്നതിനേക്കാൾ സ്വസ്ഥമായി ഒരു പുസ്തകം കൈയ്യിലെടുത്ത് സന്തോഷത്തോടെ ഇരിക്കുന്നതല്ലേ നല്ലത്.

കുറച്ച് കാത്തിരിക്കേണ്ടിവന്നു. കാണാത്തത്കൊണ്ട് പൂവവിടെ ആരെയെങ്കിലും ഏൽപ്പിച്ച് പോരാമെന്ന് കരുതീതാ ഞാൻ. പക്ഷേ അപ്പോഴേക്കും വന്നു ആമി കൊടുത്തിട്ടാണ് ഞാൻ വന്നത്. നീ റെസ്റ്റ് ചെയ്യ്തോ.. ഞാൻ പുറത്തുണ്ടാവും. ആവശ്യണ്ടെങ്കിൽ വിളിച്ചാമതി" ഏട്ടന്റെ ചിരിയൊക്കെ കൃത്രിമമാണെന്ന് തോന്നി. ഒരു സെക്കന്റിന്റെ തോന്നലായിരുന്നു ഏട്ടൻ ആശുപത്രി വരാന്തയിലേക്കിറങ്ങി. എന്തെങ്കിലുമാകട്ടെ.

ആമിക്ക് റോസ് കിട്ടിലോ..... അതുമതി.., പുസ്തകം തുറന്ന് വായിച്ച് നിർത്തിയ പേജ് ഞാൻ തിരഞ്ഞു. അപ്പോൾ പൊട്ടിച്ചിരിയോടെ വാക്കുകൾക്കിടയിൽ ഒളിച്ചു കളിക്കുകയായിരുന്നു എന്റെ ആമി.






**സുമി പി.എസ്**

ഒന്നാം വർഷ ജിയോളജി


# മാറ്റം

പെണ്ണേ
ജനിച്ചപ്പോൾ നീ വെളിച്ചത്തിനായി കരഞ്ഞു
പിന്നീടു നീ ഭക്ഷണത്തിനായി കരഞ്ഞു
വളർന്നു വലുതായപ്പോൾ
സ്വന്തം മാനത്തിനായി കരഞ്ഞു



# സുന്ദരി

അന്ന് ഞാൻ കേട്ടു. നിൻ പാദസരത്തിന്റെ നാദം
നിന്റെ കരിവളയുടെ കിലുക്കം
ചുവന്ന ചുണ്ടിലെ പുഞ്ചിരി
ലാഘവത്തോടെയുള്ള നിന്റെ നോട്ടം
എന്നാൽ ഇന്ന്
ഞാൻ കേട്ടത് നിന്റെ ചങ്ങലയുടെ കിലുക്കമാണ്
കരഞ്ഞുടയുന്ന കരിവളകളെയാണ്
നോവിക്കുന്ന നിന്റെ വിലാപമാണ്
എന്തു പറ്റിയെന്റെ സുന്ദരിക്ക്

ഹുസ്ന കെ.
രണ്ടാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്



# ഈ അമ്മക്ക് മാപ്പ് തരൂ

ഞാനൊരു അമ്മയാകാൻ പോകുന്നു.....

ശരിക്കും..... എനിക്ക് കൊഞ്ചിച്ച് ഓമനിച്ച് വളർത്താൻ ഒരുണ്ണിവാവ വരുന്നു. അവളൊരു നൂറു പ്രാവശ്യമെങ്കിലും അങ്ങിനെ മനസ്സിൽ പറഞ്ഞു കാണും. അമ്മയാകാൻ പോകുന്നു എന്ന കാര്യം അവളെ വല്ലാതെ കോരിതരിപ്പിച്ചു. " ഒരു കുഞ്ഞു ജനിക്കുമ്പോൾ ഒരു അമ്മ ജന്മമെടുക്കുന്നു." എന്ന് ബേബി സോപ്പിന്റെ പരസ്യത്തിൽ കേൾക്കാറുള്ളത് അവൾ ഇടക്കിടെ മനസ്സിൽ പറഞ്ഞു കൊണ്ടിരുന്നു. ഞാനൊരു അമ്മയാകാൻ പോകുന്നു........

മോനായിരിക്കോ....? മോളായിരിക്കോ....?
ആരെപ്പോലെയായിരിക്കും? എന്തു പേരിടണം...?

ഓമനപ്പേരു വേറെ വേണ്ടേ? ഇത്തരം ഒരു പാട് ചോദ്യങ്ങൾ അവളുടെ മനസ്സിൽ ഉണ്ടായിരുന്നു. ഓരോ ദിവസവും ഓരോരോ സ്വപ്നങ്ങൾ .വെളുപ്പാൻക്കാലത്തു കാണുന്ന സ്വപ്നം നടക്കുമെന്നാ. പെൺകുട്ടിയാ..... ഞാനിത്തിരി നിറം വെച്ചൂന്ന് അപ്പുറത്തെ വീട്ടിലെ ജാനുചേച്ചി പറഞ്ഞല്ലോ. പെൺകുട്ടിയാന്നേൽ അമ്മക്ക് നിറം വെക്കൂത്രെ. ജാനുചേച്ചി പറഞ്ഞു പെൺകുട്ടിയാന്ന്...

അപ്പൊ.... കണ്ണെഴുതിക്കണം.... പൊട്ടു തൊടീക്കണം....പാട്ടു പഠിപ്പിക്കണം... ഡാൻസു പഠിപ്പിക്കണം.... അതു മാത്രം പോരാ വല്ല്യ വല്ല്യ പഠിപ്പൊക്കെ പഠിപ്പിക്കണം. എന്റെ മോളെ ഞാനൊരു ഡോക്ടറാക്കും. ഡോക്ടർ ശ്രീകുട്ടി.

സീരിയലിൽ അഭിനയിക്കാൻ പോയ പെൺകുട്ടിയെ പീഢിപ്പിച്ചെന്നോ കൊന്നെന്നോ ഒക്കെ പറയണൂ. പാവം ആ മോളുടെ അമ്മ എത്ര വിഷമിച്ചിട്ടുണ്ടാവും. എങ്ങിനെനോക്കി വളർത്തിയതായിരിക്കും. ഞാനെന്റെ മോളെ അതിനൊന്നും വിടില്ല.

ചെറിയ ചെറിയ അനക്കൊക്ക കേക്കാം കുറുമ്പിയാന്ന് തോന്നുന്നു. മോൾക്ക് അമ്മ നല്ലൊരു ഉടുപ്പ് തുന്ന്ണ്ട്ട്ടോ..


ഓരോ ദിവസോം എത്ര കുട്ട്യോളാ മരിക്കണ്. ദുഷ്ടന്മാര് എങ്ങിനെയൊക്കെയാ കൊല്ലണ്. സ്കൂളിൽ പോയ ഒരു മോളെ കാണാനില്ലത്രെ. രണ്ടു ദിവസം കഴിഞ്ഞപ്പോ ചാക്കിൽ കെട്ടിയിട്ടേക്കണ കണ്ടൂത്രേ. ഞാനെന്റെ മോളെ പുറത്തേക്കൊന്നും വിടില്ല. ഒരാളേം വിശ്വസിക്കാൻ പറ്റാത്ത കാലാ. ഈ വിട്ടില് അവൾടെ അച്ഛന്റെയും അമ്മയുടേയും അടുത്തല്ലാതെ വേറെ എവിടെയാ അവൾക്ക് സുരക്ഷിതത്വം?

ഹൊ! എന്തൊരു ചവിട്ടാ ഈ പെണ്ണ് ചവിട്ടണ് ഹും കുറുമ്പി തന്നെയാ. എന്തൊരു വേദനാന്നറിയോ എന്നാലും ന്റെ മോളല്ലെ ? ഞാനങ്ങു സഹിക്കും അ വാവേ?

എന്റീശ്വരാ... എന്താ ഈ കാലം. സ്വന്തം വീട്ടുകാരെപോലും വിശ്വസിക്കാൻ പറ്റില്ലാന്നേ. എന്തിനാ വീട്ടുകാര്. അച്ഛനെപോലും ! ഓരോന്നൊക്കെ കേക്കുമ്പോ പേ യാവാ. ഞാനെന്റെ മോളെ എങ്ങിനെയാ വളർത്താ മോളെ മര്യാദക്ക് വളർത്താൻ പറ്റീലെങ്കിപ്പിന്നെ ഞാ ങ്ങിനെയാ അവൾടെ അമ്മയാവാ? ദൈവമേ... മോൾക്കെന്തെങ്കിലും സംഭവിച്ചാൽ ഇല്ല... ഒമ്പതുമാസം അവൾ ജീവിച്ച എന്റെയീ വയറിലല്ലാതെ അവൾക്ക് വെ യെവിടേം രക്ഷയില്ല. ഈ ഒമ്പതു മാസം മാത്രേ ഞാ വൾടെ അമ്മയാകൂ.

മോളേ... ഈ അമ്മയോട് പൊറുക്കണേ അടുത്ത ജന്മത്തിലെങ്കിലും മോൾടെ ഒപ്പം ജീവിക്കാൻ അമ്മ ഈശ്വരനോട് പ്രാർത്ഥിക്കാം. മോളെ അമ്മ യാത്ര യാക്കുവാ....ആരെയും പേടിക്കണ്ടാത്ത സുരക്ഷിതമായ ഒരു ലോകത്തേക്ക്, ഈ അമ്മക്ക് മാപ്പു തരണേ....



**Saranya Narayanan**
2nd Functional English

# मानव और दानव



मैं सो रही थी पीपल की छाया में
आँखे मूँदे हुए थे,
सोच रही थी आज के मानव के बारे में
ढूँढ रही थी मानव और दानव में फ़र्क।

उस मानव को देखना चाहा
जिसे हँसना आता था खुशी में
दूसरों का दर्द देखकर
जिसको आता था रुदन

देखा मगर उस मानव को
जिससे घट रही थी मनवता
जिसे बनना था मानव
आज बन गया वह दानव।

देखा उस मतलबी मानव को
जो सिर्फ अपनेलिए जी रहा है,
न है उसे कोई जानकारी
भूखे-नंगे पडोसियों की।

आज का मानव अपने में व्यस्त है
नहीं बाँटता वह सुख-दुख,
मानव से वह दानव बनके
करने को तुला है सत्यानाश।

भूल गए हम उन लोगों को
जो थे हमारे जन्म के हेतु
भूल गए हम उन प्राणों को
जिस में सब थे हमारे भाई-बंधू।

धन-दौलत कमाना ही
बन गया जीवन का एकमात्र लक्ष्य,
दूसरों से आगे निकलना ही
बन गयी जीवन की एकमात्र इच्छा।

नहीं देखा मुडकर कभी
उस पथ को जहाँ से गुज़रे थे,
भूल गए उन राहों को
जिसपर चलकर निकले थे।


नहीं मिला मुझे कोई फर्क
मानव और दानव में,
दोनों हैं छल-कपट में पारित
पहनाया धर्ती को अशांति का मुकुट।

याद रहें, दुनिया की पहिया
है हमारे हाथ में
दानव से मानव बनके
करना है हमें उसका पालन।

वही सच्चा मानव है जो
मानव केलिए ही मरे,
गूँज उठे यह नारा जग में
सारा जगत हमारा है।

സ്വർണ്ണത്തിളക്കമുള്ള 40 സേവന വർഷങ്ങൾ
Since 1969
ലക്ഷ്മി ജ്വല്ലറി
( Gold - Diamonds - Birthstones)
ഗോൾഡ് സൂപ്പർമാർക്കറ്റ്
കൊടുങ്ങല്ലൂർ Ph: 0480-2802750, 2811750
N. പറവൂർ Ph: 0484 2445050


Mathews
Mob: 9447237556
Resi: 0487 2348779
സാധാരണക്കാരുടെ കൊടുങ്ങല്ലൂരിലെ ഏക ജ്വല്ലറി
Since 1987
തെക്കിനിയത്ത്
ജുവല്ലേഴ്സ്
Gold Super Market
Near Bus Stand, Kodungallur
Ph: 0480 2803808
DDM JEWELS, UAE, Fax: 06-5570990, Mobile: 050-8972534,5399750,E-mail: ddmfzc@eim.ae



# എല്ലാ പുരുഷന്മാരും ഇങ്ങനെയാണ്



**വിവേക് ഇ.സി.**
രണ്ടാം വർഷ രസതന്ത്രം

ഞാൻ സാധാരണ മൂത്രമൊഴിക്കുന്നത് കക്കൂസിലാണ്, അറ്റാച്ച്ട് ബാത്ത്റൂം ഉള്ളതിന്റെ അഹങ്കാരമാണെന്ന് തെറ്റിദ്ധരിക്കരുത്. സ്വന്തമായി സൃഷ്ടിച്ചെടുത്ത ലോകങ്ങളുടെ ആധിക്യം പേശികൾക്ക് താങ്ങാൻ കഴിയാത്തതായിരുന്നു പ്രശ്നം; പാതിയടഞ്ഞ കണ്ണുകൾക്കും അതായിരുന്നു ഇഷ്ടം. അരികെ പോകുന്ന പ്രകാശത്തിന്റെ ദുർബല കണികകളെ രക്തമൂറ്റിക്കുടിച്ച് ഇരുൾ കക്കൂസിനുള്ളിൽ വിടുന്ന ഏമ്പക്കങ്ങളെ ഭയന്നിട്ടല്ല, കോടിക്കണക്കിനായ ജലതന്മാത്രകളുടെ ബലാൽസംഗത്തിൽ പിഴച്ചുപെറ്റ പായലുകളെ ഭയന്നിട്ടുമല്ല, ഞാൻ മുറ്റത്തിറങ്ങി മൂത്രമൊഴിച്ചു തുടങ്ങി, ഒരാഴ്ചയായി. അതും ദിനം അഞ്ചും ആറും തവണ

ആർഷഭാരത സംസ്കാരത്തോളം പൈതൃകമുള്ള ആര്യവേപ്പിന്റെ വേരുകൾ തുമ്പ്രന്റെ പശുവിനെ സൂര്യാഘാതം കൊന്ന ദിനത്തിലും നനഞ്ഞിരുന്നു. മീതെ കടിഞ്ഞാണിൽക്കിടന്നു കിതക്കുന്ന നൈട്രജന്റെ സ്വതന്ത്രമാവാനുള്ള ത്വര, തേട്ടിയ നുരയും പതയും.

അവിടെ ദുർമാർഗിയായ സ്ത്രീ കിടന്നു കുരക്കുകയായിരുന്നു. ആര്യവേപ്പ് കരിഞ്ഞുപോകുമത്രെ. അവർ എന്റെ പെറ്റതള്ളയാണ് എന്നാണ് പറയുന്നത്. എങ്കിലും അസൂയയാണ്, തളിരിടുന്ന പ്രണയത്തിൽ ആഘോഷിക്കുന്ന കൗമാരത്തോടുള്ള വാർദ്ധക്യത്തിന്റെ അസൂയ. അതെ, പ്രണയം തളിരിട്ടുതുടങ്ങിയിരിക്കുന്നു. ഒരാഴ്ചമുമ്പ് അയൽവക്കം കല്യാണവീട്, നിറയെ കൂടിയതും കുറഞ്ഞതുമായ സുന്ദരികളും വിരൂപകളും പാളിനോക്കുന്നു. രോമാവൃതമായ അർദ്ധനഗ്നശരീരം ഞാൻ പരുപരുത്ത ആര്യവേപ്പിൻതടിയിലൊളിപ്പിച്ചു. വേനൽമഴയുടെ കുളിരോടെ ഞാൻ പിൻവാങ്ങാനോങ്ങുമ്പോൾ, പടിഞ്ഞാറൻ കാറ്റിന്റെ താളത്തിൽ അവർ തെളിഞ്ഞുവരുന്ന എന്റെ പുറംപേശികളിൽ തലോടി,

ഞാൻ ഇക്കിളികൊണ്ടു പുളഞ്ഞു. പുരുഷന്മാർക്ക് ഇക്കിളി വർജ്ജ്യമാണ്, നാണവും; സഹജമായ സ്ത്രൈണ തയിൽ പക്ഷെ ഞാൻ നാണിച്ചു. അകത്തേക്കോടിക്കയ റുകയും ചെയ്തു. തള്ളവിരൽകൊണ്ട് ഞാൻ പുസ്തക ത്തിൽ കവിത രചിച്ചു. ആദ്യാനുരാഗത്തിന്റെ നിശബ്ദത യിൽ അവളീണമിട്ട എന്റെ കവിത പാടാൻ ഞങ്ങൾ ഗായ കരെ അന്വേഷിക്കുകയാണ്.

നീ തയ്യാറാണോ?

അയൽവക്കത്തെ വിരൂപയോടും ഞാൻ ചോദിച്ചു. 'ഹും' മുഖം തിരിച്ചു കടന്നു കളഞ്ഞു അവർ.

എനിക്ക് ചിരിവന്നു, നഷ്ടപ്രണയത്തിന്റെ അരി ശവും അസൂയയും

അവളെ ഒന്നു കാണാൻ, ആ തലോടലിൽ കോരി ത്തരിക്കാൻ, ഓരോ നിമിഷവും ഞാൻ കൊതിച്ചു. ഭക്ഷ ണമുപേക്ഷിച്ച്, വെള്ളം മാത്രം കുടിച്ചുതുടങ്ങി, കണ്ണട ക്കുമ്പോഴും തുറക്കുമ്പോഴും മുമ്പിൽ അവളാണ്. കവി ളെല്ലുകൾ തെളിഞ്ഞു, കണ്ണുകൾ കുഴിയിലാണ്ടു. എങ്കിലും കൂടുതൽ തവണ അവളെ കാണാനാകുന്ന തിന്റെ സംതൃപ്തി, തിളക്കമായിത്തന്നെ മുഖത്തുണ്ടായി രുന്നു.

നാണത്താൽ മുഖം കുനിച്ചുകൊണ്ട് ഇന്നലെ വൈകീട്ട് അവൾ ചോദിച്ചു.

"ഇന്നിതുപത്താമത്തേതല്ലേ? "

ഞാൻ പുഞ്ചിരിച്ചു.

അനുരാഗത്തിന്റേതല്ലാത്ത ഒരു ഭാഷ ഞാൻ അവിടെ കേട്ടില്ല.

"ക്ഷീണിച്ചിരിക്കുന്നല്ലോ?" അവൾ പരിതപിച്ചു

ഞാൻ വീണ്ടും ചിരിച്ചു, യാത്ര പറഞ്ഞു പിൻവാ ങ്ങാനൊരുങ്ങുമ്പോൾ ഓളവും, തീരവും പ്രണയബദ്ധ രായി ആലിംഗനത്തിലേർപ്പെടുകയായിരുന്നു, നാണിച്ചു ചുവന്നു തുടുത്ത സൂര്യൻ കടലിലൊളിച്ചു.

എന്തോ നഷ്ടപ്പെട്ട വേദന തളം കെട്ടിനില്ക്കുന്നു. പറയാമായിരുന്നു, എന്നെ പട്ടിണിക്കിടുന്ന, ഉറക്കം കവ രുന്ന, മനസ്സിൽ നുരഞ്ഞുപൊന്തുന്ന പ്രണയം നീയാ ണെന്ന്.

ദുർമാർഗിയായ സ്ത്രീ പുലർച്ചെതന്നെ കുരക്കുക യാണ്. മൂത്രമൊഴിച്ചിട്ടാണത്രേ ക്ഷീണിക്കുന്നത്. ഡോക്ടറുടെ അടുത്ത് പോകണമത്രേ ഞാൻ എന്നിട്ടു വേണം ഹിപ്നോട്ടൈസ് ചെയ്ത് എന്റെ പ്രണയത്തെ ത്തകർക്കാൻ, അസൂയാലു. എന്റെ പ്രണയത്തിനെതി രെയുള്ള ഗൂഢാലോചനകളെല്ലാം ഞാനിന്നു തകർക്കും, എന്റെ അനുരാഗം ഞാനിന്നവതരിപ്പിക്കാൻ പോകുന്നു. സമ്മർദ്ദം മാനസികമായി ഹൃദ യത്തെപ്പിഴിഞ്ഞു സത്തൂറ്റിക്കുടിക്കുന്നു. വിയർപ്പൊ ഴുകി ഷർട്ട് നനഞ്ഞു. പിൻവാങ്ങുന്നത് ഭീരുത്വമാണ്. ഞാൻ ലൈബ്രറിയിലേക്ക് നടന്നു. ആത്മാവിനെയും ഈശ്വരനെയുമെല്ലാം ഗവേഷണ വിഷയമാക്കിയ എന്റെ കൈകളിൽ പുനർജന്മങ്ങളുടെ കഥയുമായി ഒ.വി. വിജ യന്റെ തലമുറകൾ ഉടക്കി, ഒറ്റയിരുപ്പിൽ വായിച്ചു തീർത്ത് സമ്മർദ്ദത്തെ ആവിയാക്കി ഞാൻ പിന്തിരിഞ്ഞു. സഹൃദയത്വം നൽകിയ ഊർജ്ജം എന്നെ വീട്ടിലെത്തിക്കു മ്പോൾ, ഇളംകാറ്റിൽ നൃത്തമാടുന്ന എന്റെ കാമുകി എന്നെ നോക്കി പുഞ്ചിരിച്ചു, അവളുടെ നോട്ടം മുഴുവൻ എന്റെ കക്ഷത്തിലിരിക്കുന്ന പുസ്തകത്തിലായിരുന്നു. ചോദ്യത്തിനു കാത്തുനിൽക്കാതെ ഞാൻ പറഞ്ഞു

"തലമുറകൾ ഒ.വി. വിജയന്റേതാണ്"

"നന്ന്" അവളുടെ കണ്ണുകൾ എന്റേതുമായി ഉടക്കി

"എന്താണിങ്ങനെതുറിച്ചുനോക്കുന്നത്."

എന്റെ വിറക്കുന്ന കരങ്ങളുടെ കമ്പനം അവളുടെ തളിർമേനിയിൽ തലോടി നെറ്റിത്തടത്തിൽ നിന്നുമൊലി ച്ചിറങ്ങിയ വിയർപ്പുതുള്ളി വിറയാർന്ന ചുണ്ടിലുപ്പു പുരട്ടി.

"എനിക്ക് നിന്നെ ഇഷ്ടമാണ്."

ദീർഘനിശ്വാസത്തോടെ പറഞ്ഞുതീർത്ത് ഞാൻ പരുപരുത്ത ആര്യവേപ്പിൻ തടിയിൽ ഭാരമിറക്കി, ഒരു സന്യാസിയേപ്പോലെ അത് പുഞ്ചിരിച്ചു. എന്റെ അമ്മായി അച്ഛനാകാനുള്ള സമ്മതമായിരുന്നു എന്ന് പ്രതീക്ഷിക്കു മ്പോഴായിരുന്നു അവൾ എന്റെ കക്ഷത്തിൽനിന്നും വലി ച്ചെടുത്ത പുസ്തകം നിവർത്തി വായിച്ചത്.


" എന്റെ പോത്തുമുത്തച്ഛാ"

വർഷംമുമ്പ് കണ്ണോടുചേർന്ന ശബ്ദവീചികളായി രുന്നു ആ ശ്രോതസ്സെന്ന് എനിക്കുതോന്നി.


'മുത്തശ്ശീ', ഞാൻ നീട്ടി വിളിച്ചു.

എന്റെ മുഖമടച്ച് അവർ കാറിത്തുപ്പി, പടിഞ്ഞാറൻ കാറ്റ് ദിശമാറി വീശി, പശ്ചാത്താപത്തോടെ പിൻതിരിയു മ്പോൾ അവർ പിറുപിറുക്കുന്നത് ഞാൻ കേട്ടു

"എല്ലാ പുരുഷന്മാരും ഇങ്ങനെയാണ്"




# The Suicide Song



**Nevin Jose Antony**
1st Functional English

In December, 1932, a down and out Hungarian named Reszo Seress was trying to make a living as a songwriter in Paris, but kept failing miserably. All of his compositions failed to impress the music publishers of France, but nevertheless Seress carried on chasing his dream. He was determined to become an internationally famous songwriter. His girlfriend had constant rows with him over the insecurity of his ambitious life. One afternoon, things finally came to a head. Seress and his fiancée had a fierce row over his utter failure as a composer, and the couple parted with angry words. The very day after they had the fight, he composed a song on a really melancholy and gloomy day… which was a Sunday.

"What a gloomy Sunday?" Seress said to himself as he played about on the piano's ivories, and quite suddenly, his hands began to play a strange melancholy melody that seemed to encapsulate the downhearted way he was feeling over his quarrel with his girl and the state of the dispiriting weather. Thus he named his new song as "Gloomy Sunday…"

But a few months after "Gloomy Sunday" was printed, there were a spate of strange occurrences that were allegedly sparked off by the new song. In Berlin, a young man requested a band to play "Gloomy Sunday", and after the number was performed, the man went home and blasted himself in the head with a revolver after complaining to his relatives that he felt severely depressed

by the melody of a new song which he couldn't get out of his head. That song was "Gloomy Sunday."

A week later in the same city, a young female shop assistant was found hanging from a rope in her flat. Police who investigated the suicide found a copy of the sheet-music to "Gloomy Sunday" in the dead girl's bedroom.

But several days later came the most awful, shocking news. Seress learned from the police that his sweetheart had poisoned herself. And by her side, a copy of the sheet music to "Gloomy Sunday" was found.

At the end of the 1930s, when the world was plunged into the war against Hitler, Seress's inauspicious song was quickly forgotten in the global turmoil, but the sheet-music to the dreaded song is still available (on the Net too) to those who are curious to know if the morbid melody can still exert its deadly influence.


ഇരിങ്ങാലക്കുട
സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

സവിശേഷതകൾ

* സാധാരണ വായ്പ
* കാർഷിക വായ്പ (2 ലക്ഷം വരെ)
* വസ്തുപണയ വായ്പ (10 ലക്ഷം വരെ)
* സ്വർണ്ണപണ്ട പണയവായ്പ
* ബിസിനസ്സ് വായ്പ
* പലിശരഹിത കാർഷിക വായ്പ
* സ്ഥിരനിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും ഇൻഷുറൻസ് പരിരക്ഷയും
* മുതിർന്ന പൗരന്മാർക്ക് പലിശയിൽ വർദ്ധനവ്

ഞങ്ങളുടെ മറ്റു സ്ഥാപനങ്ങൾ
1.നീതി സഹകരണ സൂപ്പർ മാർക്കറ്റ്, എ.കെ.പി. ജംഗഷൻ. ഫോൺ: 2828551
2.നീതി മെഡിക്കൽ സ്റ്റോർ, ടെമ്പിൾ റോഡ്, ഇരിങ്ങാലക്കുട. ഫോൺ: 2821317
3.നീതി മെഡിക്കൽ സ്റ്റോർ, ടൗൺ ഹാൾ റോഡ്. ഫോൺ: 2828378
4.നീതി മെഡിക്കൽ സ്റ്റോർ, ആർ.എസ്. റോഡ്, ഠാണ, ഇരിങ്ങാലക്കുട. ഫോൺ: 2822641

ഇരിങ്ങാലക്കുട
സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
പട്ടമാളി റോഡ് ജംഗ്ഷൻ, ശ്രീ കൂടൽമാണിക്യം ടെമ്പിൾ റോഡ്
ഇരിങ്ങാലക്കുട
Class I Computerised Bank
Phone: 2821317 (4 Line), Fax: 2832535

ബ്രാഞ്ച്: AKP Junction ഇരിങ്ങാലക്കുട
Phone: 2832809 (Fully Computerised)

ശ്രീ. എം.എസ്. കൃഷ്ണകുമാർ
പ്രസിഡണ്ട്

ശ്രീമതി റൂബി ഫ്രാൻസിസ്
സെക്രട്ടറി ഇൻ ചാർജ്



ഇൻഫ്ലോറ
ഡിസൈൻ സെന്റർ
മതിൽമൂല, പി.ഒ. മതിലകം
(പഴയ ഇലക്ട്രിസിറ്റി ഓഫീസ്),
ഫോൺ: 0480 3200625



ദിവസം വെറും 2 മണിക്കൂർ മാത്രം
ഉപയോഗപ്പെടുത്തി, ഒരാഴ്ച്ച മുതൽ
6 മാസം വരെ നീണ്ടുനിൽക്കുന്ന
വിവിധ രീതിയിലുള്ള
കോഴ്സുകളിൽ പരിശീലനം.
നിങ്ങളുടെ സമയത്തിനും
അഭിരുചിക്കുമനുസരിച്ച്
കോഴ്സുകൾ തെരെഞ്ഞെടുക്കാം.
നല്ല നാളേക്കായ് മാറ്റത്തിന് തയ്യാറാവൂ.

JOB WORKS

നിങ്ങളുടെ അഭിരുചികൾക്കനുസരിച്ച് ലേഡീസ് & കിഡ്സ് വസ്ത്രങ്ങൾ സ്റ്റിച്ച് ചെയ്യാനും ഡിസൈൻ ചെയ്യാനും ഇൻഫ്ലോറയിൽ ആധുനിക സൗകര്യം

◇ സ്റ്റിച്ചിങ്ങ് (ലേഡീസ് & കിഡ്സ്)
◇ സാരി ഫേബ്രിക് പെയിന്റിങ്ങ്, എംബ്രോയ്ഡറി, സ്വീക്വൻസ് &
◇ സ്റ്റോൺ വർക്സ്
◇ ഫാഷൻ ഡിസൈനിങ്ങ്
◇ വെഡ്ഡിങ്ങ് നെറ്റ് ഡിസൈനിങ്ങ്

കോഴ്സുകൾ

ഫേബ്രിക് പെയിന്റിംഗ്
ജ്വല്ലറി മേക്കിങ്
ഫാഷൻ ഡിസൈനിങ്
ഫേബ്രിക് പ്രിന്റിങ്
ഹാന്റ് എംബ്രോയിഡറി
മെഷീൻ എംബ്രോയ്ഡറി
ടെക്സ്റ്റയിൽ ഡിസൈനിങ്
ഗ്ലാസ്സ് പെയിന്റിങ്
സർഫസ് ഓർനമെന്റേഷൻ
സാരി ഡിസൈനിങ്
ഹോം സയൻസ്
സ്റ്റിച്ചിങ്ങ് & ടൈലറിങ്
കംപ്യൂട്ടർ ഡിസൈനിങ്
ഫ്ളവർ മേക്കിങ്
ഫ്ളവർ അറേഞ്ച്മെന്റ് & ബൊക്കേ മേക്കിങ്
വെഡ്ഡിങ്ങ് നെറ്റ് ഡിസൈനിങ്





# ഭാരതം: ഒരു വിജ്ഞാനസാഗരം



**ഹരി**
ഒന്നാം വർഷ ജിയോളജി

ഭാരതം എന്ന പേരിന്റെ അർത്ഥം തന്നെ ഭാസിൽ രമിക്കുന്നത്, പ്രകാശത്തിൽ രമിക്കുന്നത്, അറിവിൽ രമിക്കുന്നത് എന്നാണ്. വേദഭൂമിയായ ഭാരതത്തെക്കുറിച്ച് മിസ്സ്. വീലർ കോക്സ് ഇങ്ങനെ പറയുന്നു. "പൂർണ്ണജീവിതത്തെക്കുറിച്ചുള്ള ആശയങ്ങൾ മാത്രമല്ല ശാസ്ത്രം നാളിതുവരെ തെളിയിച്ചിട്ടുള്ള സത്യങ്ങളൊക്കെയും ഉൾക്കൊള്ളുന്ന വേദങ്ങളുടെ നാടാണ് ഭാരതം".

വരാഹമിഹിരൻ, ഭാസ്കരാചാര്യൻ, കണാദൻ തുടങ്ങിയ അതുല്ല്യ ശാസ്ത്രകാരന്മാർക്ക് ജന്മം കൊടുത്ത നാടാണ്. വേദങ്ങളേയും മറ്റുപുരാണങ്ങളേയും അടിസ്ഥാനമാക്കിയ ഒരു സംസ്കാരമാണ് ഭാരതത്തിന്റേത്. ആ ഭാരതത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? അറിവിൽ രമിക്കുന്ന ഭാരതമല്ല നമുക്കിന്ന് കാണാൻ കഴിയുന്നത്, മറിച്ച് പൈതൃകം സംഭരിച്ചുവച്ച അറിവിനെകൈവിട്ട് പുതുമയുടെ ഉപഭോഗസംസ്കാരത്തിൽ രമിച്ച് തന്റെ അസ്ഥിത്വം അറിയാതെ ജീവിക്കുന്ന ഒരു ജനസമൂഹത്തെയാണ് നാം ഇന്ന് കാണുന്നത്.

ശാസ്ത്രത്തിന്റെ സർവ്വശാഖകളിലും അപാരമായ വിജ്ഞാനസമ്പത്ത് ഭാരതത്തിനുണ്ടായിരുന്നു. ഗണിതശാസ്ത്രം, ഊർജ്ജശാസ്ത്രം, വാനശാസ്ത്രം, വൈമാനികശാസ്ത്രം, നൗകശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം തുടങ്ങി നിരവധി മേഖലകളിൽ ഭാരതീയർ അറിവുള്ളവരായിരുന്നു. എന്നാൽ ഇന്നത്തെ സമൂഹം ഇത്തരം ഒരു മഹത്തായ പൈതൃകം അല്ലെങ്കിൽ വിലമതിക്കാനാവാത്ത ഈ വിജ്ഞാനശേഖരം അറിയാതെപോകുന്നു, അംഗീകരിക്കാതെപോകുന്നു. ഇത്തരമൊരു വിജ്ഞാനസാഗരത്തെ ഒരു ലേഖനത്തിനുള്ളിൽ ഒതുക്കുന്നത് അസാധ്യമാണെന്ന് എനിക്കറിയാം, അതുകൊണ്ടുതന്നെ ഈ വിജ്ഞാനസമ്പത്തിലൂടെ വെറുതെയൊന്ന് കണ്ണോടിക്കാം.

ആദ്യം തന്നെ ഗണിതശാസ്ത്രത്തിന്റെ കാര്യമെടുക്കാം. "എണ്ണാൻ പഠിച്ചതിനെനാം ഭാരതീയരോട് കടപ്പെട്ടിരിക്കുന്നു." എന്ന് ആൽബർട്ട ഐൻസ്റ്റീൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. 1, 2, 3 തുടങ്ങിയ സംഖ്യകൾ ബി.സി. മൂന്നാം നൂറ്റാണ്ടിൽ അശോക ശാസനത്തിൽ കണ്ടെത്തിയിരുന്നു. പിന്നെയും ആയിരം കൊല്ലം കഴിഞ്ഞാണ് അറബി സാഹിത്യത്തിൽ ഇത് കാണുന്നത്. ദശാംശസംഖ്യകൾ ഭാരതത്തിന്റെ സംഭാവനയാണെന്നത് ലോകം അംഗീകരിച്ച വസ്തുതയാണ്. പ്രസിദ്ധമായ ശൂൽബസൂത്രത്തിൽ ക്ഷേത്രഗണിതം (Geometry) ത്രികോണമിതി (Trigonometry) മാപനശാസ്ത്രം (Mensuration) എന്നിവ ഉൾക്കൊള്ളുന്നു. ബൗദ്ധായനൻ, കാർത്ത്യായൻ, മനു, മൈത്രായനൻ, വരാഹൻ, മാതുലൻ എന്നിവരാണ് പ്രശസ്തരായ ശൂല്ബശാസ്ത്രകാരന്മാർ. പൈതഗോറസ് തിയറം അഥവാ കർണ്ണവർഗതത്വം (ബി.സി. മൂന്നാം നൂറ്റാണ്ട്) പൈതഗോറസിനുമുമ്പ് ശൂല്ബസൂത്രത്തിൽ ബൗദ്ധായനൻ (ബി.സി. ഒമ്പതാം നൂറ്റാണ്ട്) നിർവചിച്ചിരിക്കുന്നു. ആര്യഭടന്റെ ആര്യഭടീയത്തിൽ വർഗ്ഗം, വർഗ്ഗമൂലം, ഘനം, ഘനമൂലം എന്നിവയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു.

ഊർജ്ജതന്ത്രത്തിന്റെ കാര്യത്തിലും ഭാരതം ഒട്ടും പിറകിലായിരുന്നില്ല. കണാദന്റെ വൈശേഷിക ദർശനവും ഗൗതമന്റെ ന്യായദർശനവും ഊർജ്ജതന്ത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ആറ്റം കണ്ടുപിടിച്ചത് കണാദമഹർഷിയാണെന്ന് ലോകം അംഗീകരിച്ച കാര്യമാണ്. അതിനുപുറമെ ഊർജ്ജതന്ത്രത്തിൽ പലതും നമുക്ക് കൈമുതലായുണ്ട്. ശക്തിതന്ത്രം (Mechanics), പ്രകാശശാസ്ത്രം (Optics), നാദശാസ്ത്രം (Accoustics) എന്നീ വിജ്ഞാനശാഖകളുടെ മൂലതത്ത്വങ്ങൾ വൈശേഷിക സാഹിത്യത്തിൽ കാണപ്പെടുന്നു.

വായുവിൽ പ്രചയവും (Condensation), അപചയവും (Rarefaction) ഉണ്ടാക്കിയാണ് ശബ്ദം സഞ്ചരിക്കുന്നത് ന്യായവൈശേഷിക ദർശനങ്ങൾ വ്യക്തമാക്കുന്നത്. പ്രകാശം നേർവഴിയിലൂടെ സഞ്ചരിക്കുന്നു, എന്ന് ന്യായവൈശേഷികദർശനം അഭിപ്രായപ്പെടുന്നു. ഒമ്പതാം നൂറ്റാണ്ടിൽ വാചസ്പതി മിത്രൻ താത്പര്യടികയിൽ പ്രകാശത്തിന് കണങ്ങളായി നിൽക്കാൻ കഴിയുമെന്ന് പറയുന്നു. എന്നാൽ യൂറോപ്പിൽ ഈ തത്വം കണ്ടെത്തുന്നുത് പതിനേഴാം നൂറ്റാണ്ടിലാണ്. (Corpuscular Theory of Light). ഭൂഗുരുത്വാകർഷണവും ഭാസ്കരാചാര്യൻ വ്യക്തമായി വിവരിക്കുന്നു. എന്നാൽ യൂറോപ്പിൽ ന്യൂട്ടൺ ഇവ മനസ്സിലാക്കുന്നത് പതിനേഴാം നൂറ്റാണ്ടിൽ മാത്രമാണ്. ഭൂകമ്പശാസ്ത്രത്തിന്റെ (Siesmology) ഉപജ്ഞാതാവ് ഭാരതീയനായ വരാഹമിഹിരനാണ്.

വാനശാസ്ത്രത്തിലും ഭാരതത്തിനു അപാരമായ വിജ്ഞാനസമ്പത്തുണ്ട്. വ്യാഴം കണ്ടെത്തിയത് വാമദേവനാണെന്ന് ഋഗ്വേദത്തിൽ പറയുന്നു. വീനസ് എന്ന നക്ഷത്രത്തെ കണ്ടുപിടിച്ചത് വേനൻ എന്നാണ് പേര്. നക്ഷത്രസമൂഹങ്ങളുടെ എണ്ണം ആദ്യം തിട്ടപ്പെടുത്തിയത് ഗാർഗ്യൻ എന്ന മഹർഷിയാണ്. ചന്ദ്രന്റെ പദത്തിൽ 27 നക്ഷത്രസൂഹങ്ങളുണ്ടെന്ന് കണ്ടെത്തി. സൗരവർഷവും ചാന്ദ്രമാസവും ആവിഷ്കരിച്ചത് ദീർഘതമസ്സ് എന്ന ഋഷിയാണ്. ഭൂമി ഗോളാകാരമാണെന്ന് ഇദ്ദേഹം ഋഗ്വേദത്തിൽ പറയുന്നു. ഗലീലിയോക്ക് ആയിരകണക്കിന് വർഷം മുമ്പാണ് ദീർഘതമസ്സിന്റെ ജീവിതഘട്ടമെന്ന് നാം ഓർക്കണം.

റൈറ്റ് സഹോദരന്മാർ വിമാനം കണ്ടുപിടിച്ചതിന് കാലങ്ങൾക്ക് മുമ്പ് ഭാരതീയർ വിമാനത്തെക്കുറിച്ച് മനസ്സിലാക്കിയിരുന്നു. ഈ കണ്ടുപിടിത്തവും ഇന്ന് നമ്മുടെ പേരിലല്ലല്ലോ! ഭരദ്വാജമഹർഷിയുടെ വൈമാനികശാസ്ത്രത്തിൽ വിമാനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ഇതിൽ എട്ട് അദ്ധ്യായങ്ങളിലായി മൂന്നുവിധത്തിലുള്ള വിമാനത്തെക്കുറിച്ചും അതുണ്ടാക്കാനുപയോഗിക്കുന്നു 16 വസ്തുക്കളെക്കുറിച്ചും വിമാനത്തിന്റെ 31 ഭാഗങ്ങളെക്കുറിച്ചും വിവരിക്കുന്നു. ഋഗ്വേദത്തിൽ ജലയനം - വെള്ളത്തിലും വായുവിലും സഞ്ചരിക്കുന്ന വാഹനം, വായുരഥ - കാറ്റിന്റേയും വിവിധ വാതകങ്ങളുടേയും സഹായത്താൽ ചലിക്കുന്ന വാഹനം എന്നിങ്ങനെയുള്ള വിമാനങ്ങളെക്കുറിച്ചും പറയുന്നു. ആഫ്രിക്കയെ ശംഖുദ്വീപ് എന്നാണ് പുരാതനകാലത്ത് ഭാരതീയർ വിശേഷിപ്പിച്ചിരിക്കുന്നത്. ആഫ്രിക്കയുടെ ഈ ആകൃതി ഭാരതീയ വിമാനയാത്രയിലൂടെ മനസ്സിലാക്കിയാതാവാനെ തരമുള്ളൂ. രാമായണത്തിലെ പുഷ്പകവിമാനം വൈമാനികശാസ്ത്രത്തിലുള്ള ഭാരതത്തിന്റെ അറിവിന് തെളിവാണ്.


നൗകശാസ്ത്രത്തിലും ഭാരതീയർ അഗ്രഗണ്യരായിരുന്നു. നവഗതി എന്ന സംസ്കൃത പദത്തിൽനിന്നാണ് നാവിഗേഷൻ (Navigation) എന്ന വാക്ക് രൂപപ്പെട്ടതത്രെ. ശതിരാത്രം എന്നുപേരായ നൂറുതുഴകളുള്ള നൗകകളെക്കുറിച്ച് ഋഗ്വേദത്തിൽ പറയുന്നു. രസതന്ത്രത്തിലും ഭാരതത്തിന് അഗാധമായ പാണ്ഡിത്യമു

ണ്. രാസപ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാമർശം ന്യായവൈശേഷികദർശനങ്ങളിൽ കാണാം. തെക്കൻ ഡെക്കാനിൽനിന്ന് കണ്ടെടുത്ത മൺപാത്രങ്ങളും തവികളും (ബി.സി. 2325 - 1500) അക്കാലത്തെ രസതന്ത്രവളർച്ചക്ക് തെളിവാണ്.

വൈദ്യശാസ്ത്രത്തിൽ ഭാരതത്തിന് അപാരമായ വിജ്ഞാനസമ്പത്തുണ്ടായിരുന്നു. ഋഗ്വേദത്തിൽ ആയിരം ഔഷധചെടികളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഋഗ്വേദത്തിന്റെ ഉപവേദമാണ് ആയുർവേദം, അഥർവ്വവേദത്തിൽ രോഗലക്ഷണം, രോഗകാരണം, രോഗമനോപാധികൾ എന്നിവ വിശദീകരിക്കുന്നു. ലോകത്തിലെ ആദ്യത്തെ സർജ്ജൻ എന്ന് ശുശ്രുതനെവിശേഷിപ്പിക്കാം. ശുശ്രുതസംഹിതയിൽ 1220 തരം രോഗങ്ങൾ, [illegible] തരം ഓപ്പറേഷൻ ഉപകരണങ്ങൾ, മുറിവ് തുന്നികെട്ടുന്ന നൂൽ, പ്ലാസ്റ്റിക് സർജറി തുടങ്ങി വിവിധതരം ശസ്ത്രക്രിയകൾ എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു. ലോകത്തിലെ ആദ്യത്തെ ഫിസിഷ്യൻ ആരാണെന്ന് ചോദിച്ചാൽ ചരകൻ എന്നാവും ഉത്തരം. ചരകന്റെ പ്രശസ്തമായ ചരകസംഹിതയിൽ മുഖ്യമായി പ്രതിപാദിക്കുന്ന വിഷയം ഔഷധനിർമ്മാണമാണ്. 391 തരം സസ്യജന്യ ഔഷധങ്ങളെക്കുറിച്ച് ഇതിൽ പരാമർശിക്കുന്നു.

പുരാതനകാലത്ത് ജാതി-മത ഭേദമന്യേ വിദ്യ അഭ്യസിക്കാൻ സൗകര്യമുള്ള സർവ്വലാശാലകൾ ഭാരതത്തിലുണ്ടായിരുന്നു. എ.ഡി. 425 മുതൽ എ.ഡി. 1205 വരെ നിലനിന്നിരുന്ന നളന്ദ സർവ്വകലാശാലയിൽ ദർശനങ്ങളായിരുന്നു മുഖ്യവിഷയം. പതിനായിരം വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുവാനുള്ള സൗകര്യം ഇവിടെയുണ്ടായിരുന്നു. 5:1 ആയിരുന്നു അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം. ബി.സി. 1000 ൽ തുടങ്ങി ബി.സി. 700 ൽ പ്രശസ്തിയാർജ്ജിച്ചു. സർവ്വകലാശാലയിൽ വൈദ്യശാസ്ത്രത്തിനായിരുന്നു പ്രാധാന്യം. ചരകൻ, ശുശ്രുതൻ, എന്നിവർ ഇവിടത്തെ അദ്ധ്യാപകനായിരുന്നു. ഉജ്ജയിനിയിൽ ജ്യോതിശാസ്ത്രമായിരുന്നു മുഖ്യവിഷയം. അമരാവതിയിൽ രസായനശാസ്ത്രവും, മധുരയിൽ ഇതിഹാസം, ചരിത്രം എന്നിവയും, കാശി സർവ്വകലാശാലയിൽ വേദാന്തവും മുഖ്യവിഷയമായിരുന്നു.

ആഴമളക്കാൻ കഴിയാത്തതും ലോകത്തിലെ സർവ്വമേഖലകളിലും സ്പർശിക്കുന്നതുമായ വിജ്ഞാനസമ്പത്ത് വേദങ്ങളായും ഉപനിഷത്തുക്കളായും ഭാരതത്തിലുണ്ടായിരുന്നു. വൈദേശികാക്രമണത്തിന്റേയും തുടർന്ന് വന്ന് പാശ്ചാത്യരുടെ ദുരുദ്ദേശപരമായ പ്രവർത്തനങ്ങളും കാരണമാകാം. അതിൽ പലതും മോഷ്ടിക്കപ്പെട്ടതും ലോകം അറിയാതെപോയതും ഇതിനൊരുത്തമ ഉദാഹരണമാണ്. എന്തൊക്കെയായാലും തുടർന്ന് വന്ന ഭാരതത്തിലെ തലമുറകൾക്ക് തന്റെ പാരമ്പര്യം അറിയാതെ പോയതും തന്റെ പൂർവ്വികന്മാർ കണ്ടുപിടിച്ച പകർന്നുനൽകിയ പല അറിവുകളും മറ്റു പല സംസ്കാരത്തിന്റേതെന്ന് മറ്റുചില വ്യക്തികളുടേതെന്നും പറഞ്ഞുപഠിക്കേണ്ടിവന്നത് ഖേദകരം തന്നെ. നാനാതരത്തിലുള്ള പ്രതിസന്ധികളും മറ്റും അതിജീവിച്ച് ഇന്നും ലോകത്തിലെ സകല കണ്ടുപിടുത്തങ്ങൾക്കും അറിവുകൾക്കും അടിസ്ഥാനമായി നിലനിൽക്കുന്ന ഭാരതത്തിന്റേതു മാത്രമായ ഈ വിജ്ഞാനസാഗരം ലോകത്തിനെതന്നെ പുരോഗതിയിലേക്കുമെന്നത് സംശയമില്ല.



കവിത



**Sukhimol K.S.**
1st Functional English

# Vague Sketches of A True Love



My subtle hands on him
Like the un gripped feet of an infant
Waved the breeze that lapsed
For not to intrude
But showered to soak the fears
And took the sun with shy far
Stars glimmered with envy
Moon gratefully glinted to sparkle
Those eyes which bewitched
My heart long past just
When others, slept for long time
So never could disown
One life's season of love
Treasured by me to unearthern
The same idyllic spring of the lost heart
To autumn the eyes longing to vision
And ears to imbibe with rhythm
Of this unusual love bloomed in the heart
Like the unsheltered candle flame
Not knowing the path of small tempest
Made me take my hands off once
Letting the heart turn till next rain
Never could dismay this worthful life
That adhered myself to him
Like the sun to day and
Stars to night
For all these being signed universally.






**മുഹമ്മദ് യൂസഫ്**
മൂന്നാം വർഷ രസതന്ത്രം

# "അങ്ങനെ പ്രവർത്തിക്കണമെങ്കിൽ പത്രം അവന്റെ അപ്പന്റേതായിരിക്കണം"

പത്രമാധ്യമങ്ങൾ ഒരു സംസ്കാരത്തിന്റെ മുഖമുദ്രയാണ്. സമൂഹത്തിലെ മൂല്യച്യുതികളിലേക്ക് വെളിച്ചം വീശി അവയെ നേർവഴിക്ക് നടത്തേണ്ട വഴിവിളക്കുകൾ. പത്രധർമ്മം പാലിക്കുന്നവനേ ഒരു യഥാർത്ഥ പത്രപ്രവർത്തകനാകൂ എന്നായിരുന്നു ഈ അടുത്തിട വരെ നമ്മുടെ അറിവ്. എന്നാൽ ഇന്നത്തെ ജനതയ്ക്കിടയിൽ പത്രധർമ്മം എന്ന വാക്കിന്റെ അർത്ഥംപോലും ചോദ്യചിഹ്നമാണ്. അത്രയ്ക്കും തരംതാഴ്ന്ന രീതിയിലേക്കാണ് നമ്മുടെ പത്രസംസ്കാരം ഇന്നു നീങ്ങിക്കൊണ്ടിരിക്കുന്നത്. കാലത്തിനൊപ്പം കോലം മാറുക എന്ന ചൊല്ലിനെഅർത്ഥവത്താക്കി മാറ്റാനുള്ള ശ്രമത്തിലാണ് ഇന്നത്തെ പത്രമാധ്യമങ്ങൾ. അതിനിടയിൽപെട്ട് കഴുത്തിറുകി ശ്വാസംമുട്ടുന്ന പത്രധർമ്മത്തിന്റെ പ്രാണനുവേണ്ടിയുള്ള പിടച്ചിൽ യാന്ത്രിക ലോകത്തിന്റെ ശീൽക്കാരങ്ങൾക്കിടയിൽ ജല്പനങ്ങളായി തീരുന്നു.

പത്രസംസ്കാരത്തിന്റെ പ്രാരംഭ കാലഘട്ടത്തിൽ പത്രമെന്നാൽ ജനതയിലേക്ക് തന്റെ നാടിന്റെ ആത്മാവെത്തിക്കലായിരന്നു. നാട്ടിൽ നടക്കുന്നതെന്തും വളരെ തന്മയത്തത്തോടും അങ്ങേയറ്റം സത്യസന്ധതയോടും കൂടി ജനതയിലേക്കെത്തിക്കുക. അതും ജനശ്രദ്ധയിൽ പെടുത്തേണ്ട കാര്യമുണ്ട് എന്നു തോന്നുന്ന കാര്യങ്ങൾ മാത്രം. എന്നാൽ ഇന്ന് കഥയാകെ മാറി. സത്യസന്ധത കൈമുതലായുള്ള പത്രപ്രവർത്തനം അങ്ങ് അകാലത്തിൽ പൊലിഞ്ഞ് പോയിരിക്കുന്നു. എല്ലായിടത്തും പൊടിപ്പും തൊങ്ങലും മേമ്പൊടിയായി ചേർത്ത് തന്മയത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത വാർത്താവിശേഷണങ്ങൾ മാത്രം. ഇതായിരുന്നോ നമ്മുടെ പത്രസംസ്കാരം? എവിടെയാണ് നമുക്കത് നഷ്ടപ്പെട്ടത്? ഇനിയെങ്കിലും നാമത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഇന്ന് എല്ലാം കച്ചവടവത്കരിക്കപ്പെട്ടിരിക്കുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന് പറയുന്നതു പോലെ ഇന്ന് പണമുള്ളവന് തന്റെ താല്പര്യങ്ങൾക്കനുസരിച്ച് എന്ത് വേണേലും എഴുതിപ്പിടിപ്പിക്കാവുന്ന കടലാസു കഷണങ്ങളായി അധഃപതിച്ചിരിക്കുന്നു നമ്മുടെ ഇന്നത്തെ പത്രസംസ്കാരം. പീഢനം, കൊലപാതകം മുതലായവ ഇന്ന് നമ്മുടെ പത്രത്തിന്റെ മുൻപേജുകൾ കൈയ്യടക്കാൻ മുറവിളികൂട്ടുമ്പോൾ മൂല്യമുള്ള വാർത്തകൾ പത്രത്തിന്റെ ഉൾത്താളുകളിലായി ഏതെങ്കിലും ഒരുകോണിൽ തലചായ്ക്കുന്നു, ആരെയാണ് നാമിവിടെ പഴിചാരേണ്ടത്? പീഢനങ്ങളും കൊലപാതകങ്ങളും മാത്രം ആസ്വാദ്യതയോടെ വായിക്കാൻ വെമ്പൽകൂട്ടുന്ന വായനക്കാരന്റെ തത്പരതയെയോ അതോ വിപണനതന്ത്രത്തിന്റെ ശ്രേഷ്ഠപീഠത്തിലിരുന്ന് സാധാരണ ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്ന പത്രപ്രവർത്തകരെയോ?

പത്രധർമ്മം വെടിഞ്ഞ് പൊടിപ്പും തൊങ്ങലും ചേർത്ത വാർത്തകൾ തന്റെ പത്രങ്ങളിൽ കുത്തിനിറച്ച് ആരുടെയോ കൈയിലെ കളിപ്പാവകളായി ചാടികളിക്കുന്ന പത്രപ്രവർത്തകന് എന്നെങ്കിലും ഒരിക്കൽ കുറ്റബോധം തോന്നുകയാണെങ്കിൽ തന്റെ മനഃസാക്ഷിയെ ബോധിപ്പിക്കാൻ മുകളിൽ പറഞ്ഞ പ്രേക്ഷകതത്പരതയെ പഴിചാരാം. അല്ലാതെ ഇത്തരത്തിലുള്ള പത്രപ്രവർത്തകർ പത്രസംസ്കാരത്തിന്റെ ശാപസന്തതികളാണ്, ലജ്ജിക്കേണ്ടിയിരിക്കുന്നു അവർ, എന്തെന്നാൽ ആർഷഭാരതം കെട്ടിപ്പടുത്ത പത്രസംസ്കാരത്തെ തീക്കൂനയിലേക്ക് തള്ളിയിട്ടതിന് ഒരു യഥാർത്ഥ പത്രപ്രവർത്തകനാണെങ്കിൽ അവനു ഈ വായനക്കാരന്റെ തല്പരതയ്ക്കു മുൻതൂക്കം നൽകേണ്ട ആവശ്യമില്ല. സത്യസന്ധമായ രീതിയിൽ വെട്ടിതുറന്നു എഴുതിയാൽ കിട്ടുന്ന വായനക്കാർ, അത് വളരെ വിരളമായാൽപോലും തന്നെ അതിനൊരന്തസ്സുണ്ട്. അല്ലാതെ ഈ സത്യത്തിന്റെ കണിക ലവലേശംപോലും തൊട്ടുതീണ്ടിയിട്ടില്ലാത്ത വാർത്തകളാൽ ജനങ്ങളെ വിഡ്ഢികളാക്കി നേടുന്ന സർക്കുലേഷൻ പത്രസംസ്കാരത്തെ തന്നെ ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതാണ്.

രാഷ്ട്രീയവും നമ്മുടെ ഈ പത്രധർമ്മത്തെ പെരുവഴിയിലെത്തിക്കാൻ മുൻപന്തിയിലുണ്ട്. ഇന്ന് നമുക്കിടയിലുള്ള ഓരോ ദിനപത്രവും ഓരോരോ രാഷ്ട്രീയ പാർട്ടികളുടെ കൈമുതലാണ്. അവർക്ക് സ്വന്തം രാഷ്ട്രീയപാർട്ടിയെ ഉദ്ധരിക്കാനും എന്തെങ്കിലും തെറ്റുകൾ തന്റെ പാർട്ടിക്ക് സംഭവിച്ചാൽ ജനങ്ങളുടെ കണ്ണിൽ അക്ഷരങ്ങളാൽ മുളകുപൊടി വിതറി രക്ഷപ്പെടാനും വേണ്ടിയുള്ള വാതായനമാണ് ഈ പത്രപ്രവർത്തനം. അവർ ഊന്നൽ നൽകുന്നത് ജനങ്ങൾ അനുഭവിക്കുന്ന ദുഃഖങ്ങളും ദുരിതങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താനല്ല മറിച്ച് തങ്ങളുടെ പാർട്ടിയുടെ അഭിവൃദ്ധിക്കു വേണ്ടി ജനങ്ങളെ ആകൃഷ്ടരാക്കാനുള്ള വെമ്പലിലാണ് ഇക്കൂട്ടർ ഇവിടെ പ്രാണവായു കിട്ടാതെ മരിച്ചുപോകുന്ന പത്രധർമ്മത്തെ ഇവർ തിരിച്ചറിയുന്നുപോലുമില്ല.

സ്വന്തം പത്രത്തിന്റെ സർക്കുലേഷൻ കൂട്ടാൻവേണ്ടി ജനങ്ങൾക്കു താത്പര്യമുള്ള വാർത്തകളാണെന്നു പറഞ്ഞ് മുൻതാളുകളിൽ വെണ്ടയ്ക്ക അക്ഷരത്തിൽ നിരത്തുന്ന കച്ചവടതന്ത്രജ്ഞരെ നമുക്കിവിടെ പഴിചാരാനാവില്ല. അപ്പോൾ പിന്നെ ആര് അതെ നാം തന്നെ. പീഢനങ്ങളും കൊലപാതകങ്ങളും വായിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന വായനക്കാരന്റെ തത്പരതകളെ ചൂഷണം ചെയ്യലാണ് യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നത്. ഇവിടെ യഥാർത്ഥത്തിൽ നഷ്ടപ്പെടുന്നത് നമുക്കല്ല മറിച്ച് നമ്മുടെ ഭാവി തലമുറയ്ക്കാണ്. നമ്മുടെ പത്രസംസ്കാരത്തിന്റെ പൈതൃകമാണ്. ഇനിയെങ്കിലും നാം ആ സത്യത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

അല്ല, ഇനിയും ഇതേ സ്ഥിതി തുടർന്നുപോകുകയാണെങ്കിൽ വരുംകാലങ്ങളിൽ അപ്പനു പ്രസ്സ് ഉള്ളവർക്കു മാത്രം നടത്താൻ പറ്റുന്ന സംരംഭമാകും ഈ പത്രപ്രവർത്തനം. അതിനാൽ പീഢനങ്ങളും കൊലപാതകങ്ങളും വായിച്ചു രസിക്കാൻ നാം കാണിക്കുന്ന ആ ജിജ്ഞാസ രാഷ്ട്രം നേരിടുന്ന വെല്ലുവിളികളും ജനങ്ങളുടെ കഷ്ടതകളും സത്യസന്ധമായി ജനങ്ങളിലേക്കെത്തിക്കുവാൻ തക്കതായ ഒരു പത്രസംസ്കാരത്തെ വാർത്തെടുക്കാനും നാം കാണിക്കണം. നാം അതിനു പ്രതിജ്ഞാബദ്ധരാണ്. ഇനിയെങ്കിലും ഭാരതത്തിന്റെ പൈതൃകമായ ആ പത്രസംസ്കാരം നിലനിർത്താൻ നമുക്ക് ഒറ്റക്കെട്ടായി പോരാടാം...




**സ്മിഷ അശോകൻ**

ഒന്നാം വർഷ മാത്സ്


# കാലൻ കീറിയ ചീട്ട്

വഴിയരികിലെ കശാപ്പുശാലയുടെ മുൻവശത്തു ബന്ധനസ്ഥനായി കിടന്നിരുന്ന പോത്ത് ആകെ ധർമ്മസങ്കടത്തിലായി. ഇന്നു ഞായർ. ഉച്ചയ്ക്കു തന്റെ മാംസം പലരുടേയും പല്ലുകൾക്ക് ഹോബിയാകേണ്ടതാണ്. കശാപ്പുകാരൻ ഇന്നലെ തനിക്ക് എന്തോ വെള്ളം കലക്കിത്തന്നിട്ടു പോയതാണ്. അത് കുടിച്ചപ്പോൾ തന്റെ ആമാശത്തിനുള്ളിൽ എന്തോ കത്തിയമണം ഇതുവരെ പോയിട്ടില്ല.

കുടിച്ചു കൂത്താടി, എപ്പഴോ നഗ്നനായി തന്റെ അരികിൽ കിടന്നുറങ്ങുന്ന കശാപ്പുക്കാരനെകണ്ടപ്പോൾ പോത്തിനു കലിയിളകി. അയാളെ മുള്ളിയുണർത്താൻ നോക്കി, കടിച്ചുണർത്താൻ നോക്കി. നോ രക്ഷ. അപ്പോഴാണ് പത്രക്കാരൻ ചൂടുള്ള വാർത്തയുമായി വന്നത് -'മദ്യ ദുരന്തം: നൂറു മരണം.' അതുകേട്ട് പോത്ത് ഒരു ആതുര പ്രവർത്തകനെപ്പോലെ കശാപ്പുകാരന്റെ നെഞ്ചിൽ തന്റെ "മുൻകാലെടുത്തുവച്ച് ഹൃദയതാളം നോക്കി " ഈശ്വരാ...." പോത്തിന്റെയുള്ളിൽ നിന്നൊരു തേങ്ങലുയർന്നു. കൂടാതെ, മനസ്സിൽ കശാപ്പുകാരന്റെ ദാരിദ്ര്യക്കോലങ്ങളായ കുടുംബചിത്രവും തെളിഞ്ഞു.

തന്റെ മാംസത്തിനായി ക്യൂ നിന്നവരുടെ പിറകിലായി മറ്റൊരു പോത്തിന്റെ പുറത്ത് കയറുമായിരിക്കുന്ന കാലനെകണ്ടപ്പോൾ പോത്തിന്റെ ഉള്ളിൽ ഡിജിറ്റിൽ സൗണ്ടിൽ ആ ശബ്ദമുയർന്നു.

" വിഷമദ്യം : മരണം നൂറ്റിയൊന്ന്."

കവിത



**Prince Pereira**
3rd Physics

# The Mute Witness




Once the river pulsated
As the nevers of the land
Flourishing the wilting fields
bearing age old promises
She flowed in her pomp,
Full of youth and plump,
All her way, humming and chatting,
Giggling at the shingles
Kissing the shoal
River passed hills and woods
On her lap, ages peeled down the tire,
On her back, civilisations withered away
The grand old treasure house,
who witnessed
the drooping buds, the tender leaves
and paling yellows falling down
She moved gracefully
With the cool breeze
Past the floried plains
and thatchy lanes.
But fade out those fabulous days
and set in the days of pain
chopped and robbed by the biped beasts
They grabbed her flush in vampire whims
she cried for help with woeful eyes
whimpering on her shrunken bed
still making a vague attempt
to quench the thirst of dry bank!


Draupadi Siva (7 Years)
& Mrs. Shini Dinesan
അഷ്ടാംഗഹൃദയത്തിലെ പ്രധാന ഔഷധക്കൂട്ടുകളായ ത്രിഫല, ഭൃംഗരാജ്, ഷിലാജിത്ത്, കേര തൈലം, ക്ഷീരം, ഖദിരം എന്നിവയടങ്ങിയ സീതാറാം നരസിംഹം ഓയിൽ, നിങ്ങളുടെ മുടിക്ക് പ്രകൃതിദത്തമായ നിറവും ഗുണവും വളർച്ചയും നൽകുന്നതോടൊപ്പം മുടികൊഴിച്ചിൽ തടയുകയും താരനിൽ നിന്ന് മോചനവും നൽകുന്നു.
സ്ഥിരമായ തലനീരിറക്കം തടയുവാനും സുഖനിദ്ര ലഭിക്കുവാനും സീതാറാം നരസിംഹം ഓയിൽ ഉപയോഗിക്കൂ. ഞങ്ങൾ നൽകുന്നത് 5000 വർഷങ്ങളുടെ പാരമ്പര്യമുള്ള അഷ്ടാംഗ ഹൃദയം നൽകുന്ന ഉറപ്പാണ്.
കേശസംരക്ഷണത്തിനായി
എനിക്കും എന്റെ മകൾക്കും....
SITARAM®
Narasimham Oil
കേശസമൃദ്ധിക്കും അഴകിനും സീതാറാം നരസിംഹം ഓയിലിനൊപ്പം നരസിംഹം ടാബ്ലറ്റും.
Sitaram Ayurveda Pharmacy Ltd.
Nedupuzha P.O., Thrissur - 680 015. Ph: 0487 3256668.
Mob: 98957 11778, 98472 27991. E-mail: sitamark@sancharnet.in
SITARAM®
SINCE 1921
FUTURE OF AYURVEDA
Access/SAP
സീതാറാം നരസിംഹം ഓയിൽ എല്ലാ മെഡിക്കൽ ഷോപ്പുകളിലും, സൂപ്പർമാർക്കറ്റുകളിലും, സീതാറാം ആയുർവേദ ഏജൻസികളിലും ലഭ്യമാണ്.









എഡിറ്റോറിയൽ ബോർഡ്



കുഷ്ഠം
പിടിച്ച ഭൂമിയുടെ
പഴുപ്പും ചലവുമായി
ഒഴുകുന്ന തോടിനെ
എന്തു വിളിക്കണം.

# ഇതൊക്കെയല്ലേ ഡവലപ്പ്മെന്റ്

ഈ വർഷത്തെ മാഗസിൻ കമ്മറ്റിയുടെ അന്വേഷണവിഷയമായിരുന്നു മലിനീകരണവും പകർച്ചവ്യാധികളും. പകർച്ചവ്യാധികൾ ഒരിക്കലും ഒറ്റ രാത്രികൊണ്ട് ഉണ്ടാകുന്നതല്ല. സാർസിനും പക്ഷിപ്പനിയ്ക്കും പിന്നാലെ പന്നിപ്പനിയും മനുഷ്യനെതേടിയെത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരം പകർച്ച വ്യാധികളുടെ തുടക്കം മനുഷ്യന്റെ ചില തെറ്റായ നടപടികളുടെ അനന്തരഫലമാണ്.

നിങ്ങൾക്കോർമ്മയുണ്ടോ? സെന്റ് തോമാസ് കോളേജിൽ ജിബിൻ എന്നൊരു വിദ്യാർത്ഥി മഞ്ഞപ്പിത്തം ബാധിച്ചു മരിച്ചു. രണ്ടു മാസത്തിനിടെ മുന്നൂറിലധികം വിദ്യാർത്ഥികൾക്ക് ഈ പകർച്ച വ്യാധി പടർന്നുപിടിച്ചു. ഒരുപാട് വിദ്യാർത്ഥികൾ അതീവ ഗുരുതരാവസ്ഥയിൽ ആശുപത്രിയിലും ആയി. ക്രൈസ്റ്റ് കോളേജിലും എത്തി ഈ രോഗത്തിന്റെ അലയടികൾ.

സെന്റ് തോമാസ് കോളേജിലെ മഞ്ഞപ്പിത്തബാധയുടെ ആരംഭം ജില്ലാ മെഡിക്കൽ ഓഫീസിനോടു ചേർന്നു കിടക്കുന്ന കിണറ്റിൽനിന്നാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ജില്ലയിലെ പൊതു ജനാരോഗ്യം സംരക്ഷിക്കുന്നവവരുടെ മൂക്കിന്റെ താഴത്ത്!

അനവധി പാടശേഖരങ്ങളാൽ ചുറ്റപ്പെട്ട വടക്കുംനാഥക്ഷേത്രം അതായിരുന്നു പണ്ട് തൃശ്ശിവപേരൂർ. പിന്നീട് വികസനത്തിന്റെ കുത്തൊഴുക്കിൽ ആ പാടശേഖരങ്ങൾ ഷോപ്പിങ്ങ് കോംപ്ലക്സുകളായും ഫ്ളാറ്റുകളായും പരിണമിച്ചു. ആ വയലുകളുടെ ബാക്കി പത്രങ്ങളാണ് പുഴയ്ക്കൽ പാടവും കോലോത്തുപാടവും മറ്റും. വികസനത്തിന്റെ തൊട്ടുപിറകെ വരുന്ന വൻ ഭീഷണിയാണല്ലോ മാലിന്യം. തൃശൂർ നഗരം അതിന്റെ ഖരമാലിന്യം മുഴുവൻ ലാലൂർ എന്ന കുപ്പത്തൊട്ടിയിലേക്ക് വലിച്ചെറിയുന്നു. നഗരത്തിലെ മുഴുവൻ മാലിന്യം ചുമക്കാൻ ബാധ്യസ്ഥരാണോ ലാലൂർ നിവാസികൾ?

പഴയകാലത്ത് തൃശൂരിലെ ചരക്കു ഗതാഗതത്തിന്റെ മുഖകേന്ദ്രമായിരുന്നു വഞ്ചിക്കുളം. പൂത്തോളിൽനിന്നും വഞ്ചിക്കുളത്തിലൂടെ പുറപ്പെട്ടാൽ ഏനാമാവു വഴി കാനോലി കനാലിലെത്താം. അവിടെനിന്നും കടലിലേക്കും. അക്കാലത്ത് തൃശൂരിലെ പ്രധാനവാണിജ്യകേന്ദ്രമായിരുന്നു അരണാട്ടുകരയിലേക്ക് ചരക്കുകൾ എത്തിച്ചിരുന്നത്. ഈ ജലപാത വഴിയാണ് ലോകത്തിലെ നാനാഭാഗങ്ങളിൽനിന്നും കച്ചവടക്കാരും സഞ്ചാരികളും ഈ ജലപാത വഴി തൃശൂരിലെത്തിയ കാലമുണ്ടായിരുന്നു.



## സെന്റ് തോമസ് കോളജിൽ മഞ്ഞപ്പിത്തം;വിദ്യാർഥി മരിച്ചു

ഒരു വിദ്യാർഥിയുടെ നില ഗുരുതരം

സ്വന്തം ലേഖകൻ

തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിനു സമീപം സെന്റ് തോമസ് കോളജിലും ഹോസ്റ്റലിലും മഞ്ഞപ്പിത്തം പടരുന്നു. മൂന്നു മാസത്തിനിടെ ഇരുനൂറിലേറെപ്പേർക്കെങ്കിലും രോഗം ബാധിച്ചിട്ടുണ്ട്. ഒരു മാസത്തോളമായി ചികിൽസയിലായിരുന്ന രണ്ടാം വർഷ ബികോം വിദ്യാർഥി വ്യാഴാഴ്ച മരിച്ചതിനെ തുടർന്നു വിദ്യാർഥികളും രക്ഷിതാക്കളും പരിഭ്രാന്തരാണ്. കുടിവെള്ളത്തിൽ നിന്നാണു മഞ്ഞപ്പിത്തം പടർന്നതെന്നാണു സംശയിക്കുന്നത്. കോളജും ഹോസ്റ്റലും അടച്ചിട്ടിരിക്കുകയാണ്.

കല്ലൂർ മുട്ടിത്തടി കയ്യാലപ്പടി [illegible] സുരേഷിന്റെ മകൻ ജിബിനാണു (18) മഞ്ഞപ്പിത്തം ബാധിച്ചു മരിച്ചത്. സെന്റ് [illegible] കോളജിലെ പാരലൽ [illegible] വിദ്യാർഥിയാണ്. സം[illegible] അമ്മ: രമണി. സഹോദരി: ഗീതു.

ജില്ലാ മെഡിക്കൽ ഓഫീസി[illegible]

ജിബിൻ

[illegible] ലി ബ്ലോക്കിലാണു മൂന്നു മാസം മുൻപു രോഗബാധ തുടങ്ങിയത്. പനിയും തളർച്ചയും അനുഭവപ്പെട്ടു കിടപ്പിലായെങ്കിലും മഞ്ഞപ്പിത്തമാണെന്നു പലരും തിരിച്ചറിഞ്ഞിരുന്നില്ല. ഈ ഭാഗത്തെ കിണറ്റിൽ നിന്നാണു രോഗം പകർന്നതെന്ന സംശയത്തിൽ വെള്ളം കഴിഞ്ഞ മാസം പരിശോധിച്ചിരുന്നു. വെള്ളത്തിൽ അപകടകരമായ അളവിൽ കോളിഫോം കണ്ടെത്തിയിട്ടുണ്ട്. വെള്ളത്തിൽ ക്ലോറിൻ കലക്കിയതൊഴികെ മറ്റു പ്രതിരോധ നടപടികളൊ[illegible] യിട്ടില്ല. ആരോഗ്യ വ[illegible]

[illegible] ന്നറിയിപ്പു ബന്ധപ്പെട്ടവർ കാ[illegible] മായെടുത്തില്ലെന്ന് ആരോപണമുണ്ട്. മഞ്ഞപ്പിത്ത ഭീഷണി [illegible] ഗണിച്ചു പരീക്ഷ നടത്തിയ സ്ഥിതിഗതികൾ വഷളാവ[illegible] കാരണമായെന്നും പറയുന്നു.

ഇരുനൂറിലേറെപ്പേർ പല[illegible] യി വിവിധ ആശുപത്രികളിൽ ചികിൽസ തേടിയെത്തിയിട്ടു[illegible] ചിലർ ഇപ്പോഴും ചികിൽസയിലാണ്. ഒരു കുട്ടിയുടെ നില ഗുരുതരമാണ്. രോഗലക്ഷണങ്ങളുള്ളതായി സംശയിച്ച് ഇപ്പോഴും വിദ്യാർഥികൾ ചികിൽസയ്ക്കെത്തുന്നുണ്ട്. ഏതാനും അധ്യാപകരും ചികിൽസയിലാണ്. ഹോസ്റ്റൽ [illegible] നിശ്ചിതകാലത്തേക്ക് അടച്ചിരിക്കുകയാണ്. ക്രിസ്മസ് അ[illegible] ക്കു പൂട്ടിയ കോളജ് തുറ[illegible] കാര്യത്തിലും തീരുമാനമായില്ല.

ജില്ലാ മെഡിക്കൽ ഓഫിസ് [illegible] ദ്യോഗസ്ഥരും കോർപറേഷ[illegible] ആരോഗ്യവിഭാഗവും ഇന്നലെ കോളജ് സന്ദർശിച്ചു കിണർ [illegible] ശോധിച്ചു. കഴിഞ്ഞ മാസം കേരള [illegible] കോളജ് ഹോസ്റ്റലിലും [illegible] പടർന്നിരുന്നു.

എന്നാൽ ഈ ജലപാതയുടെ ഇന്നത്തെ അവസ്ഥയോ? നഗരത്തിലെ മുഴുവൻ ദ്രവമാലിന്യമൊഴുക്കുന്നത് ഈ തോടുകളിലൂടെയാണ്. നഗരത്തിലെ അസംഖ്യം ഫ്ളാറ്റുകളുടെ മാലിന്യകുഴലുകൾ ഈ തോടിലേക്ക് നീങ്ങിയിരിക്കുന്നതായി കാണാം. തൃശൂരിലെ സ്വകാര്യ ക്ലിനിക്കുകളിൽ പലതും മലിനജലവും മറ്റ് അവശിഷ്ടങ്ങളും ഒഴുക്കിവിടുകയാണ്. കിഴക്കേ കോട്ട പരിസരത്തുനിന്ന് ഉത്ഭവിച്ചു ശക്തൻ സ്റ്റാന്റ് പച്ചക്കറി മാർക്കറ്റ്, മീൻ മാർക്കറ്റ്, റൗണ്ട് തുടങ്ങിയ സ്ഥലങ്ങളുടെ മാലിന്യഭാരവും വഹിച്ചു റെയിൽവേ സ്റ്റേഷൻ പരിസരത്തു വന്ന് അരണാട്ടുകര കോൾപാടത്തു പോയി ചേരുന്നു.

ഈ തോട് ഒഴുകുന്നത് നഗരത്തിലെ വിദ്യാസമ്പന്നരെന്നു നാം കരുതുന്ന പല ഉന്നതരുടെയും വീടുകളുടെ പരിസരത്തുകൂടിയാണ്. ഇവരും ഈ മാലിന്യ പുഴയിലേക്ക് അവരുടേതായ 'സംഭാവനകൾ' നൽകുന്നുണ്ട്. ഈ തോടിനു 20-30 മീറ്റർ അകലങ്ങളിലാണ് നഗരത്തിലെ അഞ്ചു വൻകിട ആശുപത്രികൾ സ്ഥിതി ചെയ്യുന്നത്. തോട്ടരികത്ത് ഇത്രയും മലിനീകരിക്കപ്പെട്ട ഒരു തോട് സ്ഥിതി ചെയ്യുമ്പോൾ ആശുപതിയിലേക്കു വരുന്ന രോഗികൾക്കു രോഗം മാറുമോ? അതോ ഇല്ലാത്ത അസു

ഖങ്ങൾ ഉണ്ടാകുമോ? നഗരത്തിലേക്കു പ്രവേശിക്കുന്ന കൊക്കാലെ റോഡ് ഈ തോടിന്റെ കുറുകെയാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിലൂടെ യാത്ര ചെയ്തവർ ഈ തോടിനെഒരിക്കലും മറക്കില്ല.

കറുത്ത പാടകളായി ഒഴുക്ക് കുറഞ്ഞ് തോട്ടിൽ കെട്ടിക്കിടക്കുന്ന മലിനജലം സമീപവാസികളുടെ ജീവിതം ദുസ്സഹമാക്കിത്തീർക്കുന്നുണ്ട്. അസഹ്യമായ ദുർഗന്ധം മൂലം ഈ തോടിന്റെ പരിസരത്ത് നിൽക്കാൻപോലും പറ്റില്ല. കോഴിവേസ്റ്റും മറ്റും രാത്രിയുടെ മറവിൽ ഇതിലേക്കു തള്ളുന്നവരുണ്ട്.

കേരളത്തിലെ അവശേഷിക്കുന്ന തണ്ണീർ തടങ്ങളിലൊന്നായ അരണാട്ടുകര കോൾപാടത്തിലേക്കാണ് ഈ മാലിന്യം മുഴുവൻ ഒഴുകിയെത്തുന്നത്. ഈ തോട്ടിലെ മത്സ്യങ്ങളിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് മത്സ്യങ്ങളുടെ തലച്ചോറിലും ശരീരത്തിലും വളരെ അപകടകരമായ മാറ്റം വന്നിട്ടുണ്ട് എന്നാണ്. ഇത്തരത്തിൽ ജനിതക വ്യതിയാനം സംഭവിച്ച മത്സ്യങ്ങൾ കോൾ പാടങ്ങളിൽ കലരുന്നതുവഴി വലിയൊരു ദുരന്തത്തിന്റെ പടിവാതില്ക്കലാണു നാം.

ഈ മാലിന്യങ്ങൾ മുഴുവൻ കോൾപാടങ്ങളിലെ സ്വാഭാവികതയും ജൈവസന്തുലനവും നശിപ്പിക്കും. ഇപ്പോഴും കൃഷി അവശേഷിക്കുന്ന ചുരുക്കം ചില കോൾപാടങ്ങളാണ് ഇവ. നെൽപാടങ്ങളിലേക്ക് ഇത്രയ്ക്കു മലിനീകരിക്കപ്പെട്ട ജലം ഒഴുക്കിവിടുന്നതുവഴി നമ്മുടെ ഭക്ഷണം വിഷാംശം നിറഞ്ഞതായി മാറും. ഈ സ്ഥലങ്ങൾ ഇപ്പോഴും ധാരാളം ദേശാടനപക്ഷികളുടെ ആവാസകേന്ദ്രം കൂടിയാണ്. ഈ മാലിന്യ പുഴയിലൂടെ അക്ഷരാർത്ഥത്തിൽ നാം ആ ദേശാടനപക്ഷികളെ കൊന്നൊടുക്കുകതന്നെയാണ് ചെയ്യുന്നത്.


ഒരു വലിയ പാരിസ്ഥിതിക ദുരന്തത്തിലേക്കാണ് തൃശൂർ നഗരം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ലാലൂർ ഒന്ന കുപ്പത്തൊട്ടിയും മറുഭാഗത്ത് ഈ മാലിന്യ പുഴയും. ഇന്ന് ഈ അവസ്ഥ തൃശൂർ നഗരത്തിന്റെ മാത്രം അവസ്ഥയല്ല. മിക്ക നഗരങ്ങളുടെയും പിന്നാമ്പുറങ്ങൾ ഇതുപോലെ ചീഞ്ഞളിയുന്നുണ്ട്.

ഇനി നിങ്ങൾ പറയൂ കോഴിയുടെ തലയും പശുവിന്റെയും പോത്തിന്റെയും ചിലപ്പോൾ മനുഷ്യന്റെ കയ്യും കാലും കുടലുമൊക്കെ ചങ്ങാടം പോലെ കെട്ടിക്കിടക്കുന്ന കൃമി അരിക്കുന്ന ദുർഗന്ധം പരത്തുന്ന കുഷ്ഠം പിടിച്ച ഭൂമിയുടെ പഴുപ്പും ചലവുമായി ഒഴുകുന്ന തോടിനെഎന്തു വിളിക്കണം. ദെന്തൂട്ടാ... അല്ലേ!



MAGIC BLOOM
GARMENTS
Christ College Road, Irinjalakuda, Thrissur Dt. Kerala - 680 121, Ph: 0480-2832591


Sree Lakshmi
Lottery Agency
Irinjalakuda, Municipal Building
Mob: 9447513224



# എന്തിനാ ഇങ്ങനെ

ഒരു പെൺകുട്ടി
സഹോദരിമാർക്ക് വേണ്ടി

ഒരു സ്ത്രീപക്ഷവാദിയെന്ന നിലയിലല്ല പക്ഷേ പലതും സഹിക്കാവുന്ന പരിധിവിട്ട് പോകുമ്പോൾ പ്രതികരിക്കാൻ കടമയുള്ള യുവതലമുറയുടെ പ്രതിനിധിയെന്ന നിലയിൽ ഈ അനുഭവക്കുറിപ്പുകൾ സമർപ്പിക്കട്ടെ...

കാൽപനികതയുടെ മായാലോകകാഴ്ച്ചകളല്ല നമ്മുടെ ഇടയിൽ ഈ സാംസ്കാരിക നഗരത്തിൽ നടന്ന അല്ല നടന്നുകൊണ്ടിരിക്കുന്ന ചില ആഭാസങ്ങൾ. ഇത്രയുംകാലം തൃശൂർ എനിക്കമ്മയുടെ ഗർഭപാത്രംപോലെ സുരക്ഷിതമായി തോന്നിയിരുന്നു. പലരും പറഞ്ഞു പേടിപ്പിച്ച അനുഭവങ്ങളൊന്നും ഉണ്ടായില്ല. വീട്ടുകാർക്ക് പേടിയായിരുന്നെങ്കിലും രാത്രി ഇരുട്ടിയിട്ടും D Zone ഉം Film Festivals ഉം കഴിഞ്ഞ് തൃശൂരിൽ നിന്ന് ബസ്സ് പിടിക്കാൻ ഞാൻ ധൈര്യപ്പെട്ടിരുന്നു. പക്ഷേ...

ഒരു ഇന്റർവ്യൂവിനായി ചിറ്റിലപ്പിള്ളിയിലേക്ക് ഒരിക്കൽ പോകേണ്ടിവന്നു. സ്കൂളിലേക്ക് കുട്ടികൾ പോകുന്നതിന്റെ തിരക്കാണെങ്ങും. ശക്തൻ സ്റ്റാന്റിൽനിന്ന് ഒരു അമല-പറപ്പൂർ ബസ്സുകേറി ഞാനിരുന്നു.

"ചെമ്പരത്തിപ്പൂവേ ചൊല്ലൂ ഒരു ദേവനെനീ കണ്ടോ?" ഇത്രയും വൃത്തികെട്ട ശബ്ദത്തിൽ പാടുന്ന മഹാനെ അധികം തിരക്കേണ്ടി വന്നില്ല. സ്റ്റെപ്പിന് താഴെനിന്ന് ആളുകളെ ബസ്സിലേക്ക് ബോധവൽക്കരിച്ച് കേറ്റാനെന്ന മട്ടിൽ നിൽക്കുന്നു ഒരു 'കിളി'. എന്റെ അച്ഛന്റെ പ്രായം കാണും. പാടുന്നത് വേറാരോടുമല്ല. IES Public School -ലേക്ക് പോകുന്ന പത്താം ക്ലാസ്സ് പോലും എത്താത്ത പിള്ളേരെ നോക്കിയാണ്.

പാടിക്കോട്ടെ ഇന്ത്യാമഹാരാജ്യത്തിൽ അതിന് സ്വാതന്ത്ര്യമുണ്ടല്ലോ. പക്ഷേ അടുത്തതായി അയാൾ ഒരു കുട്ടിയോട് പറഞ്ഞത് ഇത്തിരി കടന്നുപോയെന്ന് എനിക്ക് തോന്നി.

"ഡീ, അപ്പറത്തേ ബസ്സിലാരൂല്ല്യ, നീ വാ നമുക്ക് ഒന്ന് പോയിവരാം ആരുമറിയാതെ ഇവിടെ കൊണ്ടാക്കിത്തരാം."

ഇതെല്ലാം കേട്ടിട്ടും പ്രതികരിക്കാനാകാതെ തന്റെ കൂട്ടുകാരുടെ മുഖത്തേക്ക് നോക്കി ആ കുട്ടി നിന്നു. നിസ്സഹായതയാണ് ഞാനവിടെ കണ്ടത്. പ്രതികരിക്കാൻ കഴിവില്ലാഞ്ഞിട്ടല്ല. നാളെയും കേറേണ്ട ബസ്സാണ്. നിർത്താതെ പോയാൽ...?

യുവത്വത്തിന്റെ ചോരത്തിളപ്പ് എനിക്കുമുണ്ട് പക്ഷേ അതിനൊപ്പം കുറച്ച് പക്വതയാർന്ന ചിന്തയുള്ളതുകൊണ്ട് ഞാനും പ്രതികരിച്ചില്ല. ബസ്സ്റ്റാന്റിലെ ബസ് തൊഴിലാളി സംഘടനകൾക്കിടയിൽ ഒരു പെണ്ണിന് ഒറ്റയ്ക്ക് പ്രതികരിക്കാൻ ചോരത്തിളപ്പ് മാത്രംപോര എന്നെനിക്കറിയാം.

കോളേജ് യാത്രകൾക്കിടയിലാണ് മനസ്സിലായത്. സി.ടി. കൊടുക്കുന്നത് ബസ് ജീവനക്കാരുടെ ഔദാര്യം പോലെയാണ്. ഞങ്ങളുടെ അവകാശമാണെന്ന് വിളിച്ച് പറയാൻ ധൈര്യം കാണിക്കുന്നവർ കുറച്ച് വിദ്യാർത്ഥികൾ മാത്രം. സി.ടി. ഉണ്ടായിട്ടുപോലും വിദ്യാഭ്യാസ ചെലവുമൂലം വീടിന്റെ ആധാരം പണയപ്പെടുത്തേണ്ട അവസ്ഥയാണ് ഞങ്ങളിൽ പലർക്കും.

പണ്ട് കീഴ്ജാതിക്കാരെ കണ്ടിരുന്ന പോലെയാണ് ബസ്സുകളിൽ ഞങ്ങൾ. യാത്രക്കാരെല്ലാം കേറി ബസ്സ് പുറപ്പെടും വരെ പുറത്ത് ക്യൂവിൽ Wait ചെയ്യണം. സ്ഥലമുണ്ടെങ്കിൽ കുറച്ച്പേരെ തള്ളികേറ്റും, സീറ്റ് ഒഴിവുണ്ടെങ്കിലും ഇരിക്കാൻ പറ്റില്ല, കണ്ടക്ടറുടെ അശ്ലീല കമന്റുകളും നാണംകെടുത്തലുകളും തൊലിയുരിച്ചുകളയും, അഞ്ച് മിനിറ്റൊന്നു വൈകി അടുത്ത ബസ്സിൽ കയറിയാൽ " നീയെവിടെയായിരുന്നെനിക്കറിയാടീ" എന്ന് ഡയലോഗും ഇളിഞ്ഞൊരു ചിരിയും. പുറകിലോട്ടിറങ്ങി നിൽക്ക് എന്ന് എത്ര സ്ഥലമുണ്ടായാലും പറയും. ബ്രേക്കിടലുകൾക്കിടയിലെ ഇടിപേടിച്ച് പുരുഷന്മാർക്കിടയിലേക്ക് ഇറങ്ങിനിൽക്കാതിരുന്നാൽ പറയും "അവൻ തൊട്ടാ നീ ഉരുകി പോകുമോ", "അവരവിടെ ---------- ഇടാതെയല്ലല്ലോ നിൽക്കുന്നേ". ചില അമ്മായിമാരും പുറകിലുള്ള ചേട്ടന്മാരും എരിതീയിൽ എണ്ണ ഒഴിക്കുന്നതു പോലെ പറയും "എറങ്ങി നിന്നോ എറങ്ങി നിന്നോ, കിട്ടുന്ന അവസരം പാഴാക്കണ്ട, പിന്നെ അർത്ഥം വച്ചിട്ടുള്ള നോട്ടവും ഇരുത്തിമൂളലും. അങ്ങോട്ടും ഇങ്ങോട്ടും പറ്റില്ല, ചെകുത്താനും കടലിനുമിടയിലുള്ള അവസ്ഥ.

പുരുഷന്മാർക്ക് തൊട്ടുമുമ്പിലുള്ള സീറ്റിലിരുന്നാൽ പിന്നെ Safety Pin ന് ഒഴിവുണ്ടാവില്ല. ഉറക്കെ ചീത്തവിളിച്ചാൽ പെങ്ങളെ ഞാനെന്ത് ചെയ്തു എന്ന മുഖഭാവമാണീ മാന്യർക്ക്. ആട്ടും തുപ്പും അശ്ലീലപ്പെരുമഴയ്ക്കും പുറമെ ജീവൻ പണയപ്പെടുത്തി സ്റ്റെപ്പിൽ യാത്ര ചെയ്യേണ്ട ഗതി. അതിനിടയ്ക്ക് പൈസ വാങ്ങാനെന്ന വ്യാജേനകണ്ടക്ടർമാരുടെ അറിയാതെയുള്ള അവിടവിടെ touching ഉം.

യൂണിഫോമുകാരോട് പ്രത്യേക ആകർഷണമാണീ ചേട്ടന്മാർക്കെന്ന് എനിക്കിതിനിടെ മനസ്സിലായിരുന്നു. യൂണിഫോം ധരിച്ച് ഒറ്റയ്ക്കാണു നിൽക്കുന്നതെങ്കിൽ കേൾക്കാറുള്ള ഡയലോഗ് "എവിടേക്കാ മോളേ ഞാൻ കൊണ്ടുപോകണോ" എന്നാണെങ്കിൽ, വടക്കേ സ്റ്റാന്റിലെ അശോകേശ്വരം ക്ഷേത്രത്തിൽ തൊഴുത് പുറത്തുവന്ന് അമ്മൂമ്മയെ കാത്ത് നിൽക്കുമ്പോൾ ടാക്സിയും കൊണ്ട് ഒരമ്മാമൻ വന്ന് പറഞ്ഞത് "കേറ് മോളെ, ഒന്ന് കറങ്ങിവരാം" എന്നാണ്.

വയസ്സന്മാരും വിശ്വാസിക്കാൻ കൊള്ളുന്നവരല്ലെന്ന് മനസ്സിലാക്കി തന്ന ഒരനുഭവവും ഇതിനിടെ ഉണ്ടായി. കോളേജിലെ പരിപാടിക്കായി സാരിയുടുത്ത് വന്ന് ബസ് കാത്ത് നിൽക്കുമ്പോൾ ഒരപ്പൂപ്പൻ കണ്ണുകൾകൊണ്ട് ആംഗ്യം കാണിക്കുന്നു. സഹിക്കെട്ടപ്പോൾ വയസ്സനാണെന്ന ധൈര്യത്തിൽ അടുത്തുപോയി സ്വകാര്യം കണക്കേ പറഞ്ഞു.


"ദേ കിഴവാ, വല്ലാതെ കളിച്ചാലുണ്ടല്ലോ മുട്ടുകാല് കേറ്റികളയും പറഞ്ഞേക്കാം" ഏത് സിനിമയിലെ ഡയലോഗാണെന്നെനിക്കോർമ്മയില്ല. പക്ഷേ തൽക്കാലത്തേക്ക് സുരക്ഷിതയാവാൻ അതെന്നെ സഹായിച്ചു. തിരക്കഥാകൃത്തുക്കളെ നിങ്ങൾക്ക് നന്ദി.

തൃശൂർ ടൗണിലൂടെ ഓടുന്ന ബസുകളിൽ ചെറിയ ആൺകുട്ടികളെപോലും വെറുതെവിടുന്നില്ല ചിലരെന്ന് എന്റെയൊരു കൂട്ടുകാരൻ അമർഷത്തോടെ പറഞ്ഞത് എന്നെ വീണ്ടും ഞെട്ടിച്ചു.

സാംസ്കാരിക നഗരത്തിൽ പറയത്തക്ക സൗന്ദര്യമില്ലാത്ത, അൽപമൊക്കെ ധൈര്യം കാട്ടാറുള്ള എന്നോടീ നിലയ്ക്കാണ് സമൂഹമെങ്കിൽ....

അഞ്ജു എം.എ.
മൂന്നാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്


# ഗുജറാത്തിനും മാറാടിനും ശേഷം



അറുത്തെറിയപ്പെട്ട രക്തബന്ധങ്ങൾക്കപ്പുറം
മായ്ച്ചെഴുതാൻ വയ്യാത്ത ചരിത്രത്തിനപ്പുറം
ഗുജറാത്തിലും മാറാടിലും നഷ്ടങ്ങളാർക്കാണ്?
വാർത്തകൾ വെറും വാർത്തകളായ് മാത്രം കണ്ട്
മനസ്സു മരവിച്ചു പോയ വായനക്കാർക്കോ.
കുറച്ചു വാക്കുകളിൽ ഖേദം പ്രകടിപ്പിക്കാൻ
ശ്രമിക്കുന്ന അധികാര വർഗ്ഗത്തിനോ.
മക്കൾ നഷ്ടമായ അമ്മമാരെ, അച്ഛനെ
നഷ്ടപ്പെട്ട മക്കളെക്കുറിച്ചറിയുമ്പോൾ
നമുക്കാശ്വസിക്കാം, അവർ നമുക്കാരുമല്ലല്ലോ.
വിളികേൾക്കാത്ത കൽദൈവങ്ങൾക്ക് നന്ദിപറയാം.
ഈ നഷ്ടങ്ങൾക്ക് ദൃക്സാക്ഷികളായില്ലലോ.
ഗർഭത്തിൽ നിന്നും വളർച്ചയെത്താത്ത
പിഞ്ചോമനയെ വലിച്ചെടുത്ത് കരിച്ചതു
കണ്ടാർത്തയായ് വീണൊരമ്മയെ നാമറിയില്ലല്ലോ.
ഗുജറാത്തിൽ അമ്മയുടെ ചൂടാറും മടിയിൽ
അവളുടെ മാറിലെ അവസാനത്തെ തുള്ളി
ചോരയും വലിച്ചൂറ്റിയിരിക്കും.


പകച്ച നോട്ടത്തിന്റെ ഉടമ
മാറാടിൽ ആയുധശേഖരം
നിറകണ്ണുകളോടെ വീക്ഷിക്കും ബാല്യം.
ഇവർ ആരാണ്?
നാളത്തെ ഭാരത പൗരൻമാരോ,
ഭാവി കൊലയാളികളോ
അതോ ഒന്നിനുമാകാത്ത
വെറും നോക്കുകുത്തികളോ.

# Portraits...





Nimisha K. Jayan
2nd F.E.




Maneesh
1st Zoology



Jomon
2nd Physics



# ഈ ജീവിതം കൊണ്ട് ഇത്ര മാത്രം

ഇത്തിരി പറന്നു... പിന്നെ നിന്നു
ഞാൻ പേറിയ ഭാണ്ഡം
ജന്മോദ്ദേശങ്ങളുടേതായിരുന്നു
അതുപേക്ഷിക്കാൻ
മുക്തനായി പറക്കാൻ
ഞാൻ മോഹിച്ചിരുന്നു...


RESOURCE INDIA
KURIES PRIVATE LIMITED
RESOURCE-The Total Financial Care
നിങ്ങളുടെ സമ്പാദ്യ സ്വപ്നങ്ങൾ
പൂവണിയിയ്ക്കാൻ
റിസോഴ്സ് ഇന്ത്യാ എന്നും നിങ്ങളോടൊപ്പം
ഷോർട്ട് ടേം
മാസകുറികൾക്ക്
സമീപിക്കുക
Regd. Office; Mars Commercial Centre,
Pallikkulam Road, Thrissur-680001
Ph; 0487-2424127,2422761. Branch: Faridabad
E-mail: resourceindiakuries@yahoo.com


Kanoor Gen. Trad. & Cont. ESt.
Gen. Trading & Industrial Services
KGT
H.O. SAUDI ARABIA, TEL : +966 3 3613675 (5 LINES) FAX: +933 3 3621942, BR. DUBAI, TEL : + 971 4 333 1773 (5 LINES) FAX : +971 4 333 0366
BR. BAHRAIN TEL : +973 17232799 (3 LINES) FAX : +973 17232796
KGT
കർട്ടൻസ് & ഫർണീഷിംഗ്
അഭിമാൻ ടവ്വർ, കത്തീഡ്രൽ ജംഗ്ഷൻ,
ഇരിങ്ങാലക്കുട
Phone : 2824625, 2832838
Fax : 2827783, Mob : 9946824066
എല്ലാ വിധ കർട്ടൺ തുണിത്തരങ്ങൾ, ഏറ്റവും മിതമായ നിരക്കിൽ
ലഭിക്കുന്ന നവീനവും വിശാലവുമായ ഷോറും.
എല്ലാ വിധ കർട്ടൺ വർക്കുകളും കുഷ്യൻ വർക്കുകളും
ഉത്തരവാദിത്വത്തോടു കൂടി ചെയ്തുകൊടുക്കുന്നു.
കൂടാതെ ജനൽ, വെന്റിലേറ്റർ, എയർഹോൾ എന്നിവയിൽ
മോസ്കിറ്റോ നെറ്റ് ഫിറ്റ് ചെയ്തുകൊടുക്കുന്നു.





**സുജിത്ത്**
ഒന്നാം വർഷ സുവോളജി

# ചാത്തൻസ്കളി

അയ്യൻകുന്ന് എന്നാണ് എന്റെ ഓർമ്മകളുടെ ഭാഗമായത്? നന്നെ ചെറുപ്പത്തിൽ വാശിപിടിച്ചു കരയുമ്പോൾ അമ്മ പറഞ്ഞു പേടിപ്പിക്കാറുള്ളപ്പോഴാണോ? ആവോ അറിയില്ല. പക്ഷേ എനിക്ക് അയ്യൻകുന്നിനെ ഇഷ്ടമാണ്. അഞ്ചുകുന്നുകളായി പഞ്ചപാണ്ഡവൻമാരെ പോലെ നിൽക്കുന്ന അവരുടെ തലയെടുപ്പ് വിവരണാതീതമാണ്. നടുക്ക് വലിയൊരു കുന്നിന്റെ മുകളിലായി വലിയൊരു അമ്പലവുമുണ്ടവിടെ.

ചെറുപ്പത്തിൽ അപ്പാപ്പന്റെ ഒപ്പം അയ്യൻകുന്നിന്റെ താഴത്തെപാടത്തുകൂടി നടക്കുമ്പോൾ നിറം പിടിപ്പിച്ച കുറേയേറെ കഥകൾ അപ്പാപ്പൻ പറഞ്ഞുതരുമായിരുന്നു. പണ്ട് കുറേ ചാത്തന്മാർ ആകാശത്തുകൂടി പറന്നുനടക്കുമ്പോൾ അവർ മണ്ണുവാരി കളിച്ചെന്നും അങ്ങനെവാരിയ മണ്ണ് കൂട്ടിയിട്ടാണ് അയ്യൻകുന്ന് ഉണ്ടായതെന്നും, ഈ കഥ വിശ്വസനീയമാക്കാനായി അപ്പാപ്പൻ ചാത്തൻമാർ മണ്ണെടുത്ത് വലിയ കുഴികളാക്കി മാറ്റിയ തവളക്കുളവും കൊക്കിരിണികുളവും കാണിച്ചുതരും.

പാടത്ത് മീൻപിടുത്തം കഴിഞ്ഞ് പിറ്റേന്ന് തന്നെ വിത്തിറക്കാൻ അപ്പാപ്പൻ പാടത്തേക്കിറങ്ങും, വിത്ത് വിതച്ച ദിവസം തൊട്ടുള്ള രാത്രികളിൽ "ക്ടാവേ പടക്കം പൊട്ടിക്കാൻ പൂവ്വാട്ടോ" എന്ന് പറഞ്ഞ് അപ്പാപ്പൻ വീട്ടിൽ നിന്നിറങ്ങും. പാടത്ത് വിതച്ച വിത്തിനെ അപ്പാടെ തിന്നാൻ വരുന്ന എരണ്ടകൂട്ടങ്ങളെ ഓടിപ്പിക്കാനാണ്, പടക്കവുമായുള്ള ആ പോക്ക് ഒരു വടിയും കൂടെയുണ്ടാവും, ഇഴജന്തുക്കളെ പേടിപ്പിക്കാനായി.

തണുത്തുവരണ്ട കാറ്റ് എന്നെ എപ്പോഴും പേടിപ്പിക്കും പാമ്പിന്റെ വായിൽപ്പെട്ട തവളയുടെ കരച്ചിലും, മീൻപിടിക്കാനുള്ള കുരുത്തികളിൽപെട്ട കടുവിന്റെ പിടച്ചിലും ചില ദിവസങ്ങളിൽ നിലാവിൽ കുളിച്ചുകൊണ്ട്

അയ്യൻകുന്ന് ഗാഭീര്യത്തോടെ തലയുയർത്തിനിൽക്കും. എരണ്ടകൾ കൂട്ടമായി ആകാശത്ത് പല ആകൃതികൾ തീർത്ത് പറക്കുന്നത് കാണാൻ നല്ല രസമാണ്.

അയ്യൻകുന്നിന്റെ മുകളിലേക്ക് കയറുവാൻ അപ്പാപ്പന് ഒരാവേശമാണ്. കിതയ്ക്കാതെ, ചെരുപ്പിടാതെ, ചരൽക്കല്ലുകളിലൂടെ ഉപ്പൂറ്റി നിലത്തു കുത്താതെ നടക്കുന്ന അപ്പാപ്പന്റെ രൂപം അയ്യൻകുന്ന് കാണാറുള്ളപ്പോഴൊക്കെ മനസ്സിലേക്കോടിയെത്തും.

കുന്നിന്റെ നെറുകയിൽ കയറിയാൽ തൃശ്ശൂർ മുഴുവനും കാണാം. വൈകുന്നേരങ്ങളിൽ സൂര്യൻ പാടത്തിന്റെ അപ്പുറത്തേക്ക് മറഞ്ഞുവീഴുന്നത് കാണാൻ അപ്പാപ്പനും നിൽക്കും. എന്നിട്ട് പറയും ഇനി അയ്യന് നടക്കാനുള്ള സമയാ നമുക്ക് വീട്ടിലേക്ക് പോവാം.

പിന്നീട് പക്ഷേ അയ്യൻകുന്നിനെകാണാൻ പോകുമ്പോഴൊക്കെ കുന്നിന്റെ ഓരോ ഭാഗങ്ങളായി പതുക്കെ അപ്രത്യക്ഷമാകുന്നത് ഞാൻ കണ്ടു. അപ്പാപ്പൻ ഇല്ലാതായതോടെ പാടത്തേക്കുള്ള പോക്കുകളും കുറഞ്ഞു. പിന്നീടെപ്പോഴോ അയ്യൻകുന്നിനെകാണാൻ പോയപ്പോൾ മുകളിലെ അമ്പലവും അതുനിൽക്കുന്ന ഭൂമിയും മാത്രം ബാക്കിയുണ്ട്. മറ്റു കുന്നുകളും ഇല്ലാതായിരിക്കുന്നു. കുന്നിന്റെ ഓരോ ഭാഗങ്ങളിലും നഖങ്ങൾ ഇറക്കിയതിന്റെ പാടുകൾ കാണാം. തവളകുളവും മറ്റും കണ്ടതേയില്ല.

ഇതും ചാത്തൻമാരുടെ കളിയാണോ ആവോ അറിയില്ല.



RAJ FANTACY

The One Stop Shop
for Mobile Phones
and Accessories


South Jn. Chalakudy, Trichur
Mob: 9539071261
Town Hall Road, Irinjalakuda
Ph: 3293888
E-mail : info@rajfantacy.com
Website: www.rajfantacy.com

Authorised dealers in NOKIA
Motorola, Samsung,Sony Erricson
LG, i-mate, $O_2$ Moblile Phones,
Blackbery, Asus,Orion




# King of Pops

(August 29th 1958 - June 25th 2009)





**Dhanya M. Sunny**
2nd Functional English


American origin Michael Joseph Jackson was crowned as KING of POPS merely because of his sheer brilliance in creating the most powerful music in the history of Pop Music. With a unique voice and sheer brilliance in writing and physically next to impossible dance steps, he created magic for four decades. He was the first black artist to find stardom on MTV, breaking down innumerable boundaries, both for his race and for music video as an art of form. His album named 'Thriller' which came out in 1982 became the biggest selling album of all time. His dance moves such as the 'Robot and Moonwalk' made a great impact on the history of music videos. He changed the music videos from a promotional activity to an art form. As a musician he ranged from 'Motown's snappy dance fare and lush ballads to techno edged New jack swing' to works that incorporate both 'funky rhymes and hard rock guitar.' Jackson had his own style statement and his distinctive wardrobe featured glittery suits and pseudo- military uniforms matched with the single white glove that became his signature. He was a double inductee to the rock and roll hall of fame. He also achieved multiple Guinness World Records including the most successful entertainer of all time; thirteen Grammy awards and 17 number one singles and its been estimated sales of over 750 million records world wide. Jackson received Presidential award from Ronald Reagan in June 1984 in recognition of his contribution to the Government's campaign against drunk driving. He founded "Heal the

World Foundation", through which he spearheaded airlifts of food and medical supplies to war torn Sarajevo, instituted mentoring, immunization and drug abuse education programmes and paid for a Hungarian child's liver transplant. Jackson donated more than a quarter of a billion making him one of the kind humanitarians and he holds record for the most charities supported by a pop star. In 1985 Michael Jackson co-wrote with Lionel Ritchie "We are the World" the theme song for 'America to Africa', reached number one embellishing Michael Jackson's reputation as a humanitarian. The heavenly blessed Jackson is respected world wide for the music he created and for being one of the best humanitarians that the world has ever witnessed. Being a famous pop icon, he always had allegations and controversies revolving around him. But will the world see such an Icon and humanitarian in the years to come???

REST IN PEACE, MJ...... THE WORLD RESPECTS AND ADORES YOU AND THE CONTROVERSIES OF YOUR LIFETIME HAS GONE INTO GRAVE WITH YOU AND YOUR MUSIC WILL STILL REMAIN IN OUR HEARTS AND GENERATIONS YET TO COME WILL APPLAUD YOUR MUSIC.





മഹേഷ് ആർ.
രണ്ടാം വർഷ ഫിസിക്സ്



എം.എൻ. വിജയൻ
1930–2007

# ഒരു നിമിഷം!

നിങ്ങൾ കരുണയുടെ പടിക്കലാണ്...

വലതുകാൽവെച്ച് കയറുമ്പോൾ ഭൂമിയിൽനിന്നും ഉള്ളംകാൽ വഴി നേരിയ ചൂട് പടരുന്നതായി തോന്നുന്നുണ്ടോ?

ശങ്കിക്കേണ്ട... നോക്കിലും വാക്കിലും അഗ്നി ആവാഹിച്ച നേരിന്റെ നെഞ്ചുറപ്പ് മരണംവരെ കാത്തുസൂക്ഷിച്ച പ്രൊഫ. എം.എൻ. വിജയൻ ഉറങ്ങുന്ന മണ്ണാണിത്.

ഈ മണ്ണിൽനിന്നും എന്തുകൊണ്ടെന്ന ചോദ്യവുമായി ആറാത്ത ചൂട് പുറത്തേക്കൊഴുകിയില്ലെങ്കിലേ അത്ഭുതമുള്ളൂ.


കരുണയുള്ള കണ്ണുകളും, കനലുറഞ്ഞ കരളുറപ്പുമായി മലയാളിയുടെ മനസ്സാക്ഷിയായി എം.എൻ. ജീവിച്ചുമരിച്ച കരുണ നമുക്കു മുന്നിൽ തിരിച്ചറിവിന്റെ പ്രതീകമാണ്.


ഇരുളിന്റെ മറവിലൂടെയും, പട്ടുപരവതാനിയിലൂടെയും പലരൂപത്തിലും ഭാവത്തിലും കടന്നുകയറ്റം നടത്തുന്ന മനുഷ്യന്റെ ശത്രുക്കളെ തിരിച്ചറിയാനും അവർക്കു മുന്നിൽ പ്രതിരോധം തീർക്കാനും നമ്മെ പഠിപ്പിച്ച വിജയൻ മാഷ്,

ഏറെ ദൂരം താണ്ടാനിനിയും ബാക്കിയുള്ള പാതയിൽ തന്റെ ജീവിതം തന്നെ വെളിച്ചമാക്കി വിതറിയാണ് ഏകനായി കടന്നുപോയത്. ഒരായിരം ആഗ്നേയാസ്ത്രങ്ങളുടെശേഷിയുള്ള വാക്കുകളിലൂടെയും വരികളിലൂടെയും ചുട്ടുപൊള്ളുന്ന സത്യങ്ങൾ നമുക്കു പറഞ്ഞുതന്ന പ്രൊഫ. എം.എൻ. വിജയൻ ഇന്നു നമുക്കിടയിലില്ലായിരിക്കാം. പക്ഷെ, ആ വാക്കുകൾ കൊളുത്തിയ അഗ്നിനാളം ഇന്നും അണയുന്നില്ല. ചിലർക്ക് പൊള്ളുന്ന ഓർമ്മയാകുന്ന ആ തീനാളം പക്ഷെ സമൂഹത്തിന് വെളിച്ചം പകരുന്ന പ്രകാശമാണ്. നമുക്ക് കരുണയുടെ പടിവാതിലടയ്ക്കാതിരിക്കാം...

ഉറക്കത്തിലും നമ്മെയുണർത്തുന്ന ഓർമ്മകളുമായി നമ്മോടൊത്ത് സംവദിക്കാൻ കരുണയിലെ തെക്കെ തൊടിയിലെ ചൂടാറാത്ത മണ്ണ് സദാ കാത്തിരിക്കുകയാണ്...

# Interesting party of the famous scientists.










**Sreedevi K.N.**
1st Physics

One day the worlds famous scientists decided to get together for a party.

Fortunately, the doorman was a learned man and was able to recognize some of the guests who came.

- Everyone **gravitated** towards Newton but he kept moving at a constant velocity and showed no reaction.
- Einstein thought he had **relatively** a good time.
- Coulomb got a real **charge** out of the whole thing.
- Thompson enjoyed the **plum pudding.**
- Pauli came late so he was mostly **excluded** from things so he split.
- Pascal was under too much **pressure** to enjoy himself.
- Ohm spent most of the time **resisting** Ampere's opinion on current issues.
- Volt thought that the social gathering had a lot of **potential.**
- Curie's were there and just **glowed** the whole time.
- Vanderwaal's **forced** himself to mingle.
- Tesla's **magnetic** personality attracted the dames.
- Watt turned out to be a **powerful** speaker.
- Robert was busy using his **radar** eyes to survey the buffet table.
- Faraday had quite a **capacity** for food.

**Ringu Varghese**
1st Functional English

# तमस



अक्षरों को आज जब इस पन्ने में लिखना था
तो एक भी न आया, सब चले
और छिपे दिल की किसी अंधेरे कोने में
क्यों होता है ऐसे, कलम उडाकर भी कुछ न लिख पाती हूँ


यह तो पहली बार नहीं, जब में सूर्य को हर समय चाहूँ
तो अंधेरा उसे डुबाता है
जब मैं किसी सुझाव टूढूँ
तब मन में सिर्फ अंधेरा होता है

कैसे होंगे अंधेरा न होता तो
कितनी खुशी होती, कितनी रोशनी होती
सबकुछ हर समय नज़र की कब्जे में
खम का साया तक नहीं, मीलों की दूरी में

ऐसे सोचके खुद मुसकुराने लगी मैं
मिटा दिया मगर, उँसे एक के बाद एक सवाल
अंधेरा क्या हकीकत में एक दुश्मन है
उसकी भी होती है ना एक न एक गुण?

दिन भर के मज़दूरि से आराम
करोडों को देते है ना तमस?
पंछियों को खोंसले में छिपकर
सपनें बुनने केलिए भी यह तमस

कोई देखे बिना दिल का दर्द
रो - रोकर मिटाने, उसे शांत करने
हर दिल की तनहाई चाहता है, किसी अनदेखी कोना
जहाँ सिर्फ हम हो और यह अंधेरा भी



कैसे समझ पाते हम इन्द्रधनुष की खूबसूरती
यदी न होता यह कानापन
कैसे तपती धरती को सुकून मिलते
यदी न होते यह मेघ काला?

कैसे कहलाते कन्हैया शाम
और बन पाते राधा की जान?
तारे कैसे चमक पाते, चंद्रमा देखे जाते
इस काले रात की परदा न गिरते तो?

तमस को भी है अपने जादू चलाना
उसे तो चाहे कुछ भी हो जाए, यहाँ है आना
वह दुख से रंगीली, पर साथ ही साया भी
घर सवेरा उडजाता है यारा, एक रात के बाद ही


## Dual Qualification

# College Degree +GNIIT

### GNIIT Industry endorsed. Multi-track Curriculum

SoftwareBusiness Systems • Systems Engineering
Engineering& Information • Management& Networking

With GNIIT, you get admired for all the right reasons. Placements in 17 of the top 20 IT companies are a perfect endorsement. And with over 8,50,000& emerging IT jobs over the next three years, GNIT gives you the chance to change the way the world sees you.

If you have completed Class 12 of are attending college, get the GNIIT advantage.

Industry Collaboration: With the GNIIT Program focusing on the overall development of students, out Industry Collaboration Cell comes in to play by the time you complete it. You can always count on GNIIT's Placement Partnership with India's top companies, as portions of the curriculum have been customized to their precise skill requirements.

Professional Practice: The GNIIT Program also includes one year of work experience at leading IT organizations. It gives you exposure to 'live' case studies and a stipend that lets you earn-while-you-learn.

More than 300 jobs are created for GNIIT students everyday.


"NIIT The 1st Choice of Recruiters" Source Data Quest

An NIIT'ian is placed every 60 seconds!

NIIT placement partnerships with top IT Companies

Benefits of GNIIT Programs:

1. Industry Recognised GNIIT diploma
2. 1 Year Professional Practise which helps the students to convert knowledge to skill.
3. Lateral Entry into Masters Degree.
4. Technology Obsolescence Insurance
5. Industry Orientation Kit
6. Online Learning Support
7. 24/7 Faculty Support
8. Hybrid Methodology
9. Behavioral Skills.
   and you will discover a lot more...!





ബവിത
നാലാം സെമസ്റ്റർ എം..എ. ഹിസ്റ്ററി

# ഒരിയ്ക്കൽ

ഒരിക്കലേ കണ്ടിട്ടുള്ളൂ
അടുത്തിരുന്നിട്ടുള്ളൂ
ഒന്നേ മിണ്ടിയിട്ടുള്ളൂ
ഒരു പേജ്
അതേയുള്ളൂ - ഓർമ്മയ്ക്ക്
ഒരു കൈപ്പട
അതിലതേയുള്ളൂ
എങ്കിലും
ആ പേജിലിന്നും
കിനിഞ്ഞിറങ്ങാൻ
എത്രനോവാണെന്നോ ?
(ഉറവയററത് അറിയാതങ്ങനെ.....)

ലോഹിതദാസിന്

# സൂര്യൻ

ഓറഞ്ചുമഷിയുള്ള ചുണ്ടുമായ്വന്ന്
ഒരൊറ്റയേടിൽ വീണ്
ആകെപ്പടർന്നവൻ




# എളുപ്പം

വളരെയെളുപ്പം
മതിലിടിഞ്ഞ
ഒരൊറ്റച്ചിരി
ഫിലമെന്റ്പൊട്ടിച്ച്
ഒരൊറ്റക്കരച്ചിൽ
രണ്ടേ രണ്ടു ശബ്ദം മതി
ഒരല്പം ഭ്രാന്തനായാൽ മതി
നിഴലുകൾമായ്പ്
കാലടികൾക്കൊപ്പംനടക്കാം
സുഖമായി

**Manju Mahipalan**
2nd B.Com

# End of a Day



The day ended with a clamour
I smiled at my wailing heart
I scrunched it, squeezed it
till it died leaving behind
A smile on its dry lips and a scoopful of blood
I gave both to my blooming red roses
tomorrow they would be brighter, redder...
and I left my bloody lifeless heart
In the trash bin
you beguiler! I yelled
and went to sleep
never to return again.

നീതു പി. ആന്റോ
രണ്ടാം വർഷ ബി.കോം

# സോദരർ




കൂടെപിറപ്പെന്നപോൽ
ഒരുവൻ ജനിക്കുമ്പോൾ
കൂടെ ജനിക്കുന്നു മരണവും
അവരല്ലയോ സോദരർ
തുടർന്നുള്ളകാലമത്രയും
മരണത്തോടു കൂട്ടുകൂടാൻ
വിസമ്മതിച്ചു ജീവനും, ഭയത്താൽ
ജീവൻ മരണത്തെ തനിച്ചാക്കി
തുടർന്നു സ്വന്തം യാത്ര
മരണമൊരു യാത്രയാണ്
ദുഃഖപൂരിതമാമീ ജീവിതത്തിൽനിന്നു-
മൊരു പുതുജീവനിലേക്ക്
സന്തോഷമാം വസന്തത്തിലേക്ക്

എന്നിരുന്നാലും
യാഥാർത്ഥ്യമുൾക്കൊള്ളാൻ കഴിയാതെ
ജീവന്റെ ശത്രുവായിതീർന്നു അവൻ
ജനനം മുതൽ നമ്മോടു
ഒരു നിഴൽപ്പോലെ
പിച്ചവെച്ചു നടക്കുന്നു മരണവും
കാലിടറുന്ന ജീവിതത്തിന്
തിരശീലയെന്നപ്പോൽ
ഒരു കൈതാങ്ങായ്
ഒരു വിരാമമായ്
സോദരനായ് അവൻ കാത്തിരിക്കുന്നു
അതെ അതാണ് മരണം



**Deepak C. Menon**
1st B.Com



# Realities of the UNREAL WORLD

May I call this life an unreal one because of several reasons. We are subjected with a short span of time on this very beautiful earth. And this life which we live is a life which aims something beyond earth. Life is a great journey towards the ultimate destiny and in between we spend a little time here on earth. But the so called intelligent man thinks that this is the real one. We are just the travellers and have to go till the end, who knows when it is going to come; God knows........

Everyday brings a freshness to me. But the same incidents was not new for me yesterday. I could see, perceive everything from a new perspective. I wondered at myself, why does it feel so? I was mistaken It was not my intuition, rather a reality. The nature places before me a bundle of thornful roses. It is fragrant at the same time, thornful and injurious like the experiences in my life and your's too....

The fantastic question arose in my mind is that wh

is the most beautiful person in the world. Is it AiswaryaRai or Susmitha?

To my surprise it is no one else, but me, myself. It is not self appreciation, but self realization. If you realize yourself, you would say that you are the most beautiful one. Each and every person is unique. No one can substitute one another. If you say to me you are 'Useless", I would say that you are ignorant or a fool. Becouse as long as I exist in the world, the world puts before me certain missions to accomplish and that are optional to me alone. Each and every person is sent with a special task. There is no waste, nothing is waste and the very word WASTE' has no place in my dictionary.

As a human being I understood the intensity of love in the absence of our loved ones. When you are joyous, look deep into your heart and you shall find it is only that, which has given you sorrow that is giving you joy. The most bitter thing in your today's sorrow is the memory of your yesterday's joy.

Let me share a famous quote delivered by the eminent philosopher Khalil Gibran. "If winter would say, spring is in my heart, Who would believe winter? How noble is a sad heart, which would sing a joyous song with your heart!"

How meaningful is this? We all used to say that this or that is fate. But fate is an oasis in the heart which will never be reached by the caravan of thinking. When you reach the end of what you should, know you will be at the beginning of what you should sense. If you reveal your secrets to the wind you should not blame the wind for revealing them to the trees. I find this world as an unreal one. We want to be as free as a poor man, as a beggar, but you also want be as secure as a rich man, as safe as an emperor. When teachers came near me and they asked me to maintain silence, I felt disturbed for it is almost impossible. Silence can only exist when all the contradictions have been droped. It needs maturity, effort, penetrating intelligence etc.... And we think by sitting simply and chanting manthras we will get silence. It is totally wrong and meaningless.

Forgive me if I say that both evil and goodness should go hand in hand. God allows evil to happen in order to bring a greater good from them. Both the God and the devil are same person. There is no distinction between them Yes... God and Devil are Same...


You find it difficult to believe... right?

I will give an example. Take the case of a small child is being permitted to fall down by his mother. Whenever a child falls, she allows the child to fall on the ground so that the child may learn to walk. If God had created a world in which natural laws are continuously adjusted for the avoidance of all pain, the more heroic virtues would never be evoked.Remember onething, without contraries there is no progression. Evil is necessary for the growth of good. Without evil, good cannot sustain. If there is no sorrow we don't understand what joy or happiness is, if there is no hate, we cannot understand what love is Like wise, if there are evil persons we cannot find the quality of virtuous people.

Have you ever thought of your death? On that day we will have to give back the keys of our rented house. After that we will have no right to keep it with us and the night will come to an end. The dawn will come and the lamp of the rule will be turned off... I too can hear the voice that beckons me. I can't ignore it. But before I go let me say that whether you are a doctor or an engineering... whatever you are, you won't be the same in your ultimate life. By the end of a person's life this aim should not be limited, because you are not the creature of the real world, You should go beyond...

***This world is not my home***
***I'm just passing through***
***My treasures are laid up***
***Somewhere beyond the blue...***





**നിർമ്മൽ എം.എസ്.**
രണ്ടാം വർഷ ഫിസിക്സ്

# രക്ഷപ്പെടാൻ അറിയാത്തവർ

ഓടിക്കിതച്ച് ഹാർബറിൽ എത്തുമ്പോഴേക്കും ബോട്ട് പോയിരുന്നു. ആ നാട്ടിൻപുറത്തുകാരന് ഇതുവരെയും ആ നഗരത്തിന്റെ താളം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. പുതുതായി രൂപംകൊണ്ട വരിയുടെ പുറകിൽ നിൽക്കുമ്പോൾ അവൻ ആകെ വിയർത്തിരുന്നു. അവന്റെ മാത്രമല്ല അവിടെ ഉണ്ടായിരുന്ന എല്ലാവരിൽ നിന്നും വിയർപ്പിന്റെ മണം ഒഴുകിയിരുന്നു. കൂടാതെ മാലിന്യങ്ങളും ചീഞ്ഞ കുളവാഴകളും മൂടിനിൽക്കുന്ന കായലിൽ തൊടുന്ന കാറ്റിന് ശവത്തിന്റെ ഗന്ധം ഉണ്ടായിരുന്നു. ഇതെല്ലാം കൂടിയായപ്പോൾ വഴിയിൽ നിന്നു വാങ്ങി കഴിച്ച ബജിയും ചായയും അവന്റെ വയറ്റിൽ കിടന്ന് തികട്ടി.

ബോട്ട് തിരിച്ചുവരാൻ അരമണിക്കൂർ കൂടിവേണം. മറുകരയിൽ ചെന്ന് ട്രെയിനിൽ രണ്ടുമണിക്കൂറോളം യാത്ര ഇത്രയും ആലോചിച്ചപ്പോൾ തലയിൽ ചുറ്റിക കൊണ്ടടിക്കുന്നത് പോലെ തോന്നി. കടലിൽ മുങ്ങിതാഴുന്ന സൂര്യൻ ചുവന്നിരുന്നു. തല പൊളിയുന്ന വേദന അവൻ നെറ്റിയിൽ കൈയ്യമർത്തി വച്ചു.

ബോട്ട് വന്നിരുന്നു. ആളുകൾ വരിയിൽനിന്ന് തിരക്കുകൂട്ടി. ചിലർ ബോട്ടിന്റെ വശങ്ങളിലൂടെ ചാടി കയറി. അപ്പോൾ ചിലർ ചീത്ത വിളിക്കുന്നുണ്ടായിരുന്നു. ചിലർ ചിരിക്കുന്നുണ്ടായിരുന്നു. അന്നു തിരക്കു കൂടുതലായിരുന്നു. യാത്രക്കാർ പറ്റിചേർന്നു നിന്നു. അവനോട് ചേർന്ന് രണ്ടു വൃദ്ധന്മാരാണ് നിന്നിരുന്നത്. അവർ അവന് മനസ്സിലാകാത്ത ഭാഷയിൽ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്നു. അതിലൊരാളുടെ എണ്ണയിട്ട മുടിയിൽനിന്ന് വിയർപ്പ് ചാലുകളായി നെറ്റിയിലെ ചുവന്ന പൊട്ട് മായിച്ചുകൊണ്ടിരുന്നു. അവൻ തിരിഞ്ഞു നോക്കി. കരയിലുയർന്ന കെട്ടിടങ്ങൾ തലയുയർത്തി നിൽക്കുന്നു. അവ ഇരുട്ടിന്റെ കാട്ടിലെ രാക്ഷസന്മാരാണ്

എന്ന് തോന്നിപ്പിച്ചു. അവയിലൊരു കെട്ടിടത്തിന്റെ മുകളി ലത്തെ നിലയിലെ ഓഫീസിൽ കഴിഞ്ഞ രണ്ടാഴ്ചയായി താൻ തടവിലാണ്. രാത്രി തുറന്നുവിടും എന്നതൊഴിച്ചാൽ!


ചിന്തകൾ തലയിലൂടെ പാഞ്ഞപ്പോൾ വേദനയാൽ അവൻ കണ്ണുകളടച്ചുപോയി. വേദന പല മനുഷ്യരൂപങ്ങളായി മാറുന്നു. അവയ്ക്ക് തന്റെ ബോസിന്റെ ഛായയാണോ? അവ പല നിറങ്ങളുണ്ടായിരുന്നു. ഒരു ഭ്രാന്തൻ ആശയം ഒരു മഹാ നായ കലാകാരന്റെ ക്യാൻവാസിൽ പിറന്നപോലെ നിറങ്ങൾ ചേർന്ന് വാൻഗോഗ് ജനിക്കുന്നു. പിക്കാസോയും ദാലിയും ജനി ക്കുന്നു. താൻ സ്നേഹിച്ച പെൺകുട്ടി ജനിക്കുന്നു, തന്റെ വീട് ജനിക്കുന്നു. നിറങ്ങളെ സ്നേഹിച്ച താൻ മരിക്കുന്നു! ഉച്ചത്തി ലുള്ള അലർച്ചകേട്ട് കണ്ണുതുറന്നു എല്ലാവരും ഭയന്നു വിറച്ചിരു ന്നു. അപകടം സംഭവിച്ചിരിക്കുന്നു. തന്റെ മുൻപിലുള്ള വൃദ്ധന്മാ രെവിടെ? മറുകരയിൽ ജ്വലിക്കുന്ന ഫ്ളഡ് ലൈറ്റുകളെവിടെ? ആകാശത്തെ നക്ഷത്രങ്ങളെവിടെ? ലോകം തന്റെ മുന്നിൽ മരിച്ചു വീഴുന്നോ? തനിക്കു രക്ഷപ്പെടണം. നാളെ നേരത്തെ ഓഫീസിൽ എത്തണം. പക്ഷെ താൻ താഴ്ന്നുകൊണ്ടിരുന്നു. ഇപ്പോൾ തന്റെ മുഖം ചുവന്നിട്ടുണ്ടോ? കടലിൽ താഴുന്ന സൂര്യനെപ്പോലെ? എന്താണ് രക്ഷപ്പെടാൻ ശ്രമിക്കാത്തത്? എന്ത് തനിക്ക് രക്ഷപ്പെടാൻ അറിയില്ലെന്നോ?







**Anjali K.S.**
1st Chemistry

# 3 drops of tear



Couldn't accept the reality
And never will I
He was my most favourate of all
My mascot of success
A few faces etched in my heart
One was his
My beloved uncle's.
When I search for his presence now
Voidness is what I experience
Smiling is he at my plight
For I bemoan his death
But not a drop of tear has been shed
For was it because he had told me earlier
"Even if I die, not a drop of tear be shed
My death is trivial
Save every drop, it's precious"
Was it that he wasn't precious to me?
Or was it my helplessness?
Best of a few special moments with him
Came rushing.
Shrouded in white
With a cross his corpse lay
Has not lost his smile
Very smile for survival of many.
No regrets, none to be seen
Three drops of tear is all I could
Give him in the end
There he is lowered into the abyss
Of unexplored world
With prayers of all
Near and Dear.



# With Tharoor

For us it was actually much more than just a dream come true. Well, which students in their right mind would dream of a meeting & holding a discourse with the former UN Under Secretary, and to make it come true!! Even the four hour wait before the Trichur DCC Office in the scorching sun could not mar our spirits and when we acutally met him, well, it was both unbelievable and inexplicable.

May we with pride straight away pen down that Interview with Shashi Tharoor

**It was once heard that you started a project to teach English to the youth of our nation. Is it still an ongoing one?**

Well, now the project was my personal project. I felt dejected on seeing the plight of our youth when they face interviews and this was more or less for the Keralites, but unfortunately it didn't have the effect I intended to have. Yes, its more or less still an ongoing project. But the domain covered has been a bit constricted.

**Any special organisation for coming into the field of social service.**

Not really, no specific organisation but during my college days I was very enthusiastic in knowing the society around me, political organisations... Yes I was a full time NSUI worker but later when I went abroad I couldn't devote much time to politics.

**Many say that luck has played a lot in your political career, first you became an MP and then held a MOS post in the external affairs portfolio. Or rather your journey is like, from one air conditioned office to another.**

This is a wrong notion, because for nearly 26 years I was serving in the refugee camps and if my memory serves right, I never had an air conditioner in a refugee camp. (smiling)

**How has criticism influenced the author in Tharoor**

I'm a person with a broad perspective so I take them lightly and my friends do criticise me (smiling), but they are the ones who influenced my writings and for the rest I just lend an ear, if I feel it's worth, I would consider those otherwise I'll just ignore them.

**Sir, How could you remain so confident always?**

It was my father who taught me to remain confident and it was he who encouraged me to participate in debates at school level and it has helped me a lot in NewYork and here.

**As a writer could you share a footstep you would never forget.**

It was due to my close association with books that I turned to writing. Even though I had a great passion for cricket, due to Asthma outdoor games were like nightmares and at that time many historical as well as adventure stories came to my aid. I started writing and adding new characters to the same story. Unexpectedly my father came across it and he gave me a typed copy of my own story, which increased my confidence tremendously.

My first story was published when I was 10 years old and later on many stories and articles were published in various magazines and newspapers. Eventhough I have written about 11 books, still the first time I saw my name in print is the most cherished and most close-to-heart moment in my career.

**Family life?**

I was married at the age of 21 to my college mate at St. Stephen's and after living together for 22 years, we separated. We have twin boys Ishan & Kanishk. Both are Journalists.

I got married to the Canadian Christy two years ago. She is working under the UN.

**What is your strength as an Individual?**

There is nothing special to quote as a strong point. I utilised my God given caliber and intellect according to the available opportunities. Everybody has his/her own qualities and it's not in its quantity but how you utilise those qualities is where the importance lies. My mother never allowed me nor my siblings to sit lazy and the habit of being active has helped me. In every mission I undertake I put my maximum and I never worry about the results.

**Your words of wisdom for students of Christ College.**

I'm not much of a scholar or visionist to give words of wisdom but all I would say is enjoy your college life, reciprocate when situation demands and above all keep a hawk's eye on the competitive world around you and try more to be an optimist always.

Thank you sir for spending your valuable time in between your busy schedule, for Christ College students and wish you all the best for your future endeavours.






അമൃത ടി.വി.
ഒന്നാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്

# കാക്കകൾ



കണ്ണു തുറക്കുമ്പോഴെല്ലാം
മുന്നിൽ കാക്കകളായിരുന്നെങ്കിൽ
എന്നു ഞാൻ വല്ലാതെ ആശിച്ചുപോകുന്നു
ആകെ കറുത്ത ദേഹവും
അലോസരപ്പെടുത്തുന്ന സ്വരവും
ചാഞ്ഞും ചരിഞ്ഞുമുള്ള കള്ളനോട്ടവും
ഒക്കെയാണെങ്കിലും
എനിക്ക് കാക്കകളെ ഇപ്പോൾ ഒരുപാടിഷ്ടം
വൃത്തികെട്ടവയെ കൊത്തിപ്പെറുക്കി
വൃത്തിയാക്കാറുണ്ടവയെന്നും
തന്റെ കുഞ്ഞുപോൽ കുയിലിൻ കുഞ്ഞിനെ
നെഞ്ചിലേറ്റി പോറ്റാറുമുണ്ട്
'അസത്തെന്നു' നൂറുവട്ടമാട്ടിപ്പായിച്ചാലും
ബലിച്ചോറു കൊത്താനായോടി വരാറുണ്ട്
ആരുടെയും കണ്ണു നിറയാതിരിക്കാൻ
സ്വയം വേദനിച്ചാലുമാരെയും നോവിക്കാതെ
പിന്നെയും പിന്നെയും നമ്മുടെ വരാന്തകളിൽ
മുറ്റത്തെ തൈമാവിൽ
അടുക്കളപ്പുറങ്ങളിൽ
എച്ചിൽ കഷ്ണത്തിനോ ബലിച്ചോറിനോ
രണ്ടിനുമൊരുപോലവ ഉണ്ടാകും
ഇന്നെനിക്കവർ ഏറെ പ്രിയമുള്ളവർ
" കാക്കകൾ ആത്മാക്കളാണത്രേ"
സ്നേഹിച്ചു മതിവരാതെ
ഭൂമിയെ വിട്ടകന്ന
നമുക്കു പ്രിയപ്പെട്ട ആരൊക്കയോ.........
മുത്തശ്ശിക്കഥയുടെ വാലിൽ തൂങ്ങി
ഞാനിപ്പോൾ കാക്കകളെ കാത്തിരിക്കുന്നു
ഇനി ചിലപ്പോൾ കാക്കയായി വരുന്നത്
നീയാണെങ്കിലോ........



**Dhanya M. Sunny**
2nd Functional English

# Will You Remember Me???



I am a bud
I dreamt of blooming
Into a flower
To shed my holy incense
To be the focus
Yes I am dreaming, could you hear my giggles?
The earth on which I grew
Loved me clearly
The nurture and nourishment it gave me
Oh! Look I am glowing
Growing in bounds
The gentle greenery of my fresh leaves
Swaying tenderly in the air
My mom and dad are smiling at me
Far from a distance,
Oh, excitement and happiness are around me
I'm growing towards my dream
Taken away from my ground
Slender roots flinced in pain
Was uprooted to be implanted
In a new and bigger garden
I felt queer!


My mom kissed my forehead
And said patting me
"This is for your good"
For one last time without knowing
I nestled on my mother's lap
I am in a new garden now
Looked around
Searched for a kind face
A compassionate glance
Everything seems strange
Even the air I breath
Eyes of suspicion stared at me
Dumping my face in hands
I sat in fear.
Then night came.
The longest night of my life
All the giant plants came swearing in
Started bullying me
I was shed out of my leaves
They tore opened my back
I bled, my vitality oozed out.
I struggled to breath
The thorny plants crushed me
My bones turned to dust
My eyes turned blue
I screamed, yelled in pain.
But, my cries were muffled
I was loosing consciousness
My dreams were dying
End was nearing, slowly but painfully,
Will you ever remember me again???
God with a prayer,
Never should a flower have my fate.











# വിത്തെടുത്ത് തിന്നുമ്പോൾ

ആന്റണി
ഒന്നാം വർഷ ഇക്കണോമിക്സ്

"പ്രിയപ്പെട്ട ദൈവമേ ഒരു കാരണവശാലും ഞാൻ ഭക്ഷണം വെറുതെ കളയില്ല, എത്ര വയർ നിറ ഞ്ഞിരിക്കുകയാണെങ്കിലും എത്ര ചീത്ത ഭക്ഷണമാണെ ങ്കിലും. ഈ കൊച്ചു കുട്ടിയെ എന്നും സംരക്ഷിക്കാനും നയിക്കാനും പട്ടിണിയിൽ നിന്നും അകറ്റുവാനും ഞാൻ പ്രാർത്ഥിക്കുന്നു."

പുലിസ്റ്റർ സമ്മാനം കിട്ടിയ കെവിൻ കാർട്ടർ എന്ന ഫോട്ടോഗ്രാഫറുടെ പ്രാർത്ഥനയാണിത്. കെവിൻ കാർട്ടർ എന്ന അമൂല്യ ഫോട്ടോഗ്രാഫർ പകർത്തി തന്നത് വിശപ്പിന്റെ അതിക്രൂരമായ മുഖമായിരുന്നു.

മനുഷ്യനുമേൽ പതിക്കാവുന്ന ഏറ്റവും വലിയ ശാപങ്ങളിലൊന്നാണ് ക്ഷാമം. ലോകത്തിന്റെ വിവിധ ഭാഗങ്ങൾ വീണ്ടും ഒരിക്കൽ കൂടി ക്ഷാമത്തിന്റെ പിടി യിൽ അകപ്പെടാൻ സാധ്യതയുണ്ട് എന്ന് ഐക്യ രാഷ്ട്രസഭയുടെ മുന്നറിയിപ്പ് വന്നു കഴിഞ്ഞു.

വരൾച്ച, കൃഷിനാശം, കഠിനമായ സാംക്രമിക രോഗങ്ങൾ, മനുഷ്യൻ വരുത്തിവെക്കുന്ന യുദ്ധം, തെറ്റായ സാമ്പത്തിക നയങ്ങൾ തുടങ്ങിയവയെല്ലാ മാണ് ഇതുവരെയുള്ള ക്ഷാമങ്ങൾക്കെല്ലാം കാരണ മായത്.

ലോകചരിത്രത്തിലെ ഏറ്റവും വലിയ ക്ഷാമങ്ങളി ലൊന്നായിരുന്നു, 1840 - കളിലെ ഗ്രേറ്റ് ഐറിഷ് ഫാമിൻ ഐറിഷ് ക്ഷാമത്തിനു കാരണം ഭക്ഷണപദാർത്ഥങ്ങ ളുടെ ഇല്ലായ്മ ആയിരുന്നില്ല. ക്ഷാമത്തിന്റെ മൂർദ്ധന്യ ത്തിലും ഇംഗ്ലണ്ടിലേക്ക് ഭക്ഷണസാധനങ്ങൾ കയറ്റി അയ ച്ചതാണ് അയർലണ്ടിലെ ഭീകരമായ പട്ടിണിമരണങ്ങൾക്ക് കാരണമായത്.

ഇന്ത്യയും ക്ഷാമത്തിൽ നിന്നും മുക്തമല്ല 1770-കളിൽ ബ്രിട്ടീഷ് ഇന്ത്യയിൽ ബംഗാളിലുണ്ടായ ക്ഷാമം 1947 വരെ തുടർന്നു. അന്ന് പത്തു മില്ല്യൻ ആളുകളുടെ ജീവനാണ് അപഹരിച്ചത്.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഹരിത വിപ്ലവം കൊണ്ടു വന്ന സമ്പൽ സമൃദ്ധിയിൽ മിക്ക രാജ്യങ്ങളും ഭക്ഷ്യസ്വയംപര്യാപ്തത കൈവരിച്ചു. എന്നാൽ തുടർച്ചയായ കീടനാശിനി പ്രയോഗവും ഭൂഗർഭ ജലത്തിന്റെ അമിതോപയോഗവും വിളനിലങ്ങളെ നശിപ്പിക്കുകയും തൻമൂലം പ്രതീക്ഷിച്ച ഫലം കിട്ടാതെ വരുകയും വിളനിലങ്ങൾ തരിശാകുകയും ചെയ്യുന്നു.

1993-ൽ ഏറ്റവും വലിയ ആഫ്രിക്കൻ രാജ്യമായ സുഡാനിലുണ്ടായ ക്ഷാമമാണ് ലോകജനതയുടെ മനസ്സാക്ഷിയുടെ കണ്ണുകൾ തുറപ്പിച്ചത്. ഭക്ഷണത്തിനു വേണ്ടി ഇഴഞ്ഞു നീങ്ങുന്ന കറുത്തുമെലിഞ്ഞ ഒരു പെൺകുട്ടിയുടെ രൂപവും കഴുകന്റെ കൊക്കുകളും ഒരിക്കലും വിസ്മരിക്കാനാവാത്തവണ്ണം മനുഷ്യമനസ്സുകളിൽ തറഞ്ഞു കയറിയ ചിത്രമാണ്.

എന്നാൽ ഇനി ലോകത്തെ ഗ്രസിക്കാനൊരുങ്ങുന്ന ക്ഷാമത്തിനു കാരണങ്ങൾ പലതാണ്. ഒന്നാമത്തെ കാരണമായി കരുതുന്നത് ആഗോളതാപനമാണ്. ആഗോളതാപനമെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാതെയുള്ള വികസിതരാഷ്ട്രങ്ങളുടെ ദുർനടപടികളും വികസ്വരരാഷ്ട്രങ്ങളുടെ തത്രപ്പാടും ആഗോളതാപനത്തിന്റെ ആക്കം കൂട്ടുന്നു. ആഗോളതാപനത്തിന്റെ അനന്തരഫലമായി ഉണ്ടാകുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ ലോകത്തിലെ ഭക്ഷ്യ ധാന്യ സംഭരണത്തെ കാര്യമായി തന്നെ ബാധിക്കും.

അവധി വ്യപാരങ്ങളുടെ ഊഹകച്ചവടം ഭക്ഷ്യവസ്തുക്കളുടെ വില സാധാരണക്കാരുടെ കൈപ്പിടിയിൽ ഒതുങ്ങാത്തതാക്കി ഉയർത്തി ഭക്ഷ്യദൗർലഭ്യത്തെക്കുറിച്ചു പ്രകമ്പനം കൊള്ളിക്കുന്ന പ്രചരണം കൂടിയായപ്പോൾ ഭക്ഷ്യ സാധനങ്ങളുടെ അവധി വ്യാപാരം കൂടുതൽ സജീവമാകുകയും വില വർദ്ധിക്കുകയും ചെയ്തു. ഈ വിലകയറ്റം ചില കുടിലബുദ്ധികളുടെ സങ്കൽപ്പസൃഷ്ടിമാത്രമാണ്.

അവധി വ്യാപാരത്തിന്റെ പ്രകടമായ ഉദാഹരണമാണ് പഞ്ചസാരയുടേത്. 2006-2007 വർഷങ്ങളിൽ ഇന്ത്യയും ബ്രസീലും കൂടി ഉത്പാദിപ്പിച്ച പഞ്ചസാര ലോകത്തെ മുഴുവൻ മധുരിപ്പിക്കാൻ വേണ്ടതിലും എത്രയോ അധികമായിരുന്നു. എന്നിട്ടും കമ്പോളത്തിൽ പഞ്ചസാരയുടെ വിലയ്ക്ക് വർദ്ധനവുതന്നെ.

ഇന്നത്തെ ഭക്ഷ്യക്ഷാമത്തിനു പ്രധാനകാരണമായി എല്ലാവരും ചൂണ്ടികാണിക്കുന്നത് ജൈവ ഇന്ധനവ്യവസായത്തിന്റെ ശീഘ്രവളർച്ചയാണ്. ആഗോളതാപനത്തിനു പരിഹാരമായിട്ടാണ് ജൈവ ഇന്ധനങ്ങളുടെ രംഗപ്രവേശനമെങ്കിലും ഇപ്പോൾ ഈ വ്യവസായം ഭൂമുഖത്തുശേഷിക്കുന്നവനങ്ങളെ മുഴുവൻ കൃഷി ഭൂമിയാക്കി മാറ്റുകയാണ്.

ഒരു വശത്ത് സുഡാൻ, എത്യോപ്യ തുടങ്ങിയ സ്ഥലങ്ങളിൽ ഭക്ഷ്യവസ്തുക്കൾക്ക് തീവ്രമായ ക്ഷാമവും പട്ടിണി മരണങ്ങളും തുടരുമ്പോൾ മറുവശത്ത് യൂറോപ്പ്, ബ്രസീൽ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ ഈ ഭക്ഷ്യധാന്യങ്ങൾ ഊർജ്ജ രംഗത്ത് ധൂർത്തടിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നു. ഇങ്ങനെ തുടരുകയാണെങ്കിൽ ലോകം മുഴുവനും ക്ഷാമത്തിന്റെ കരാളഹസ്തങ്ങളിൽ അകപ്പെടും തീർച്ച.



**Rohith T.S.**
1st Functional English


# A Stranger



To a stranger
Whom I have never met
Whom I don't want to meet
Who counselled me to the reality
Who made me realize
There were truths beyond our knowledge
Colleagues called me a psycho
Their words pierced my heart
But instead of failure
I found a new wave of energy
To go deep into the realms
Where many have entered
But have never come out
And I realized…….

രശ്മി എം.ആർ.
മൂന്നാം വർഷ ഇക്കണോമിക്സ്

# ഇനിയും വാൽമീകി...?



ഈ യുഗം വാഴുന്നത് കിരാതന്മാർ
മാംസക്കൊതിയോടെ...
രക്താർത്തിയോടെ...
ആ കാട്ടാളനൃത്തം ആടിത്തിമിർക്കുമ്പോൾ
കേൾക്കാം ശൈശവത്തിന്റെ രോദനങ്ങൾ
മുലപ്പാലിന്റെ മണം മായാത്തവർ
മുലയൂട്ടാൻ തുടങ്ങുമ്പോൾ
മാതൃത്വം വെറും കൗതുകം മാത്രമാകുന്നു
ഈ യുഗത്തിന് അന്ത്യം വരുത്താൻ
ഇനിയും പിറക്കുമോ അവതാരങ്ങൾ?
അതോ...?
ഈ നികൃഷ്ടതകൾക്കെല്ലാം ഒടുവിൽ
ഇനിയും ജനിക്കുമോ വാൽമീകിമാർ...?



സൗമ്യ രാജ്
രണ്ടാം വർഷ സുവോളജി

# ജാതയോഗം




മരണക്കിടക്കയിൽ,
കൈരേഖകൾ നോക്കി അവൾ കിടന്നു.
തെളിഞ്ഞു നിവർന്ന ആയൂർരേഖ
നൂൽവണ്ണത്തിൽ ശ്വാസകോശത്തിലെത്തുന്ന
തളർന്ന വായുവിന്റെ ബലത്തിൽ
പിന്നെയും പരതി
കൈവെള്ളയിൽ എവിടെയെങ്കിലും
ഒരു കറുത്തപുള്ളി?
ഇല്ല, തെളിഞ്ഞ ആകാശം പോലെ...
മുറുകിയ ശ്വാസതാളത്തിലും ഓർത്തു
ജാതകത്തിലും ആയുസ്സ് എൺപതാണ്
ഇത്, ഈ വേദന
കാലപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ
കല്ലിലുടക്കിയ പൊങ്ങുതടിയുടേതാണ്.
ഒഴുക്കിന്റെ ശക്തിയിൽ തടി
ഇനിയും ദൂരങ്ങൾ താണ്ടും
കണ്ണുകളിൽ മൂടൽമഞ്ഞ് കട്ടപിടിക്കുന്നു
ഒരു പിടി വായു,
പറന്നുയരുവാനായി
കൊക്കിൽ കിടന്നു പിടയുന്നു
ബന്ധനങ്ങൾ പറന്നകലട്ടെ,
വായ് തുറന്നുകൊടുത്തു
ചിറകടി മാത്രം കാതിൽ മുഴങ്ങി...
ഇരുണ്ട നിശബ്ദത തളം കെട്ടി

- ശാന്തം -




**Nevin Jose Antony**
1 st Functional English

# Shame



"GANG RAPE"
Two severe syllables
Implied in her presence
Perpetuate the assault...
Public's prying eyes
Segregate her the victim
But, the criminals have
Already main streamed
Their caste is a classics shield
"Dalit Girl Raped"
Is much too common place
Humiliation gnaws
the sixteen year old
Gory scars on a wrecked body
same as a constant reminder
of disgrace, helplessness
Brutal Condolences
declared for the sake
of dear old formality
Comfort seems remote
A retreating fantasy
Bravely in search of
a definite solution
and an elusive purification,
She takes the *Agnipariksha*
the ancient medicine for shame
Alas!, her death is an irrevocable side effect.



# മൃത്യുഞ്ജയം



RCC PRO സുരേന്ദ്രൻ ചുനക്കര.

എഡിറ്റോറിയൽ ബോർഡ്

ഒരു സിംഫണിയുടെ മാധുര്യത്തോടെ സ്വച്ഛമായി ഒഴുകുകയാണ് ജീവിതം. താളബദ്ധമായി, ശ്രുതിമധുരമായി, ഓരോ നിമിഷവും ആനന്ദത്തോടെ... ഇടയ്ക്കെങ്ങോ, ഒരു മാത്ര എവിടെയോ പിഴച്ചു. ഇപ്പോൾ ജീവിതത്തിന്റെ സിംഫണിക്ക് പഴയ മധുരമില്ല. ഭീകരത മാത്രം; മുന്നിൽ ഒരു തുരങ്കം രൂപപ്പെട്ടിരിക്കുന്നു. മരണത്തിലേക്കുള്ള പാതയാണത്. പിറകിൽ നിഴലുപോലെ മരണം. ജീവിക്കാൻ കൊതിക്കുന്ന മനുഷ്യനെഇഞ്ചിഞ്ചായി കൊന്ന്, ശരീരത്തിൽ പടർന്നു പിടിക്കുകയാണ് മാരകങ്ങളിൽ മാരകമായ രോഗം; കാൻസർ. മനുഷ്യരാശി എന്നും ഭയപ്പെടുന്ന കാൻസർ. ദൈവം തിരിഞ്ഞു നോക്കാൻ മടിക്കുന്ന ഒരു ലോകമുണ്ട്. കാറ്റിനുപോലും നിസംഗതയുടെയും നിർവ്വികാരതയുടെയും മണമുള്ള ലോകം. ജീവിതം എന്തെന്നറിയാത്ത പിഞ്ചുകുട്ടികൾ ഇവിടെയുണ്ട്, ഏതോ ജന്മത്തിൽ ചെയ്തുപോയ പാപത്തിന്റെ ഫലം അനുഭവിക്കാൻ വിധിക്കപ്പെട്ട ജന്മങ്ങൾ. ഇവിടെ നമുക്ക് നിഴലായി മരണമുണ്ട്. തിരുവനന്തപുരം RCC. റീജിയണൽ കാൻസർ സെന്റർ.

ഒരു പട്ടാള ആക്രമണത്തെ മനസ്സിൽ ഉപമിക്കുക. മുന്നോട്ട് നീങ്ങുവാൻ പട്ടാളക്കാർക്ക് സിഗ്നലുകൾ ലഭിക്കണം, ആഹാരം വേണം, ആയുധങ്ങൾ വേണം, കരുത്ത് വേണം. ഇതു തന്നെയാണ് ക്യാൻസറും. കോശങ്ങൾക്ക് വളരുവാൻ സിഗ്നൽ ലഭിക്കുന്നു. ഇവയിലേക്ക് രക്തയോട്ടം സുഗമമാക്കുന്നത് ശരീരത്തിൽ പടർന്നു പിടിച്ച് ഇഞ്ചിഞ്ചായി അത് ശരീരത്തെ കാർന്നു തിന്നുന്നു. എത്രയോ പ്രതിഭകൾ ഈ തീയിൽ എരിഞ്ഞില്ലാതായിരിക്കുന്നു. അറിയപ്പെടാത്ത എത്ര പേർ. മരണത്തിന്റെ അപായമണി മുഴക്കി ഓരോ ജീവിതവും ചവിട്ടിയരച്ച് ഇതിന്റെ നീരാളി പിടുത്തം ശക്തമാകുന്നു.

മനുഷ്യശരീരത്തിൽ 250-ഓളം തരത്തിൽ അർബുദം ഉണ്ടാകാം. കാൻസർ രോഗികളുടെ എണ്ണ

ത്തിൽ 2 മുതൽ 5 ശതമാനം വർധനവ് ഓരോ വർഷവും പ്രതീക്ഷിക്കുന്നു. സ്തനാർബുദവുമായി സ്ത്രീകളും, ശ്വാസകോശത്തിലും തൊണ്ടയിലും വായിലുമുണ്ടാകുന്ന ക്യാൻസറുമായി പുരുഷന്മാരും ഇതിന് കീഴടങ്ങുന്നു.

**കാൻസർ**

ശരീരത്തിലെ കോശങ്ങളുടെ നിയന്ത്രിതവും, സ്വാഭാവികവുമായ വിഭജനരീതിയിലുണ്ടാകുന്ന മാറ്റമാണ് അർബുദം. കോശവിഭജനം നിയന്ത്രണാതീതമാകുന്നതോടെ കോശങ്ങൾ അതിവേഗം പെരുകി മുഴകളാകുന്നു. അപായകരമായ മുഴകൾ (Malignant tumours) കാൻസറായി കാണപ്പെടുന്നു. മുഴകളിലെ കോശങ്ങൾ, രക്തത്തിലോ മറ്റ് കോശസമൂഹത്തിലോ കടന്നുചെന്ന് രോഗം വ്യാപിപ്പിക്കുന്നു.

**ജീനുകൾ**

രണ്ട് തരം ജീനുകളെ ശ്രദ്ധിക്കുക. എല്ലാവരിലുമുള്ള പ്രോട്ടോ ഓങ്കോ ജീൻ, കാൻസറിനു സഹായമാകുന്നവയാണ്. ഇവയെ നിയന്ത്രിച്ചു നിർത്തുന്ന ജ53 സപ്രസ്സർ ജീനുകൾ. ഇവയിലൊന്നിന് താളം പിഴച്ചാൽ നിങ്ങൾ രോഗിയാകുന്നു.

**പുകവലി, മദ്യപാനം**

പുകവലിയും മദ്യപാനവുമുൾപ്പെടെയുള്ള ശീലങ്ങളും തെറ്റായ ഭക്ഷണരീതിയും സപ്രസർ ജീനിന്റെ ജനിതകവ്യതിയാനത്തിന് കാരണമാകുകയും, പ്രോട്ടോ ഓങ്കോ ജീനിന് കരുത്തേകുകയും ചെയ്യുന്നു. ശ്വാസകോശത്തിലും, തൊണ്ടയിലും കാൻസർ ബാധിച്ചവരിൽ 90 ശതമാനവും പുകവലിക്കാരെന്ന് WHO ചൂണ്ടിക്കാണിക്കുന്നു. വായിലെ കാൻസർ 85% പുകയില ഉത്പന്നങ്ങൾ വരുത്തുന്നവയാണ്. കാൻസർ വിളിച്ചുവരുത്തുന്ന ലെഡ്ഡും നിക്കോട്ടിനും ടാറും അടക്കം 60-ഓളം രാസവസ്തുക്കൾ പുകയിലയിൽ അടങ്ങിയിട്ടുണ്ട്. 5 ശതമാനം മാത്രമാണ് മദ്യപാനം കാൻസറിന് വഴി തെളിക്കുന്നത്. മദ്യം, കൊഴുപ്പ് കൂടിയ ഭക്ഷണം, അമിതവണ്ണം, തെറ്റായ ജീവിതശൈലി എന്നിവയോടൊപ്പം പുകച്ചുരുളുകൾ കൂടി ജീവിതത്തിൽ നിറയുമ്പോൾ കാൻസർ ശരീരത്തിൽ പിച്ചവെയ്ക്കുന്നു.

| | |
|---|---|
| പുകയില | അമിതവണ്ണം |
| വ്യായാമക്കുറവ് | അണുബാധ |

**ചികിത്സകൾ**

അർബുദങ്ങൾ 40% മുൻകൂട്ടി തടയാവുന്നതാണ്. മുൻകൂട്ടി അറിഞ്ഞ് ഭേദമാക്കാവുന്നതാണ് ഓരോ കാൻസറും. എത്ര നേരത്തേ രോഗം കണ്ടെത്താവുന്നോ അത്ര ഫലപ്രദമാണ് ചികിത്സ. ചികിത്സ വൈകുന്ന ഓരോ നിമിഷവും മരണത്തിലേക്ക് നീങ്ങുകയാണ് രോഗികൾ.

കാൻസർ ബാധിച്ച രോഗികൾക്ക് പ്രതീക്ഷയുടെ തിരിനാളമാണ് തിരുവനന്തപുരം R.C.C. രോഗിയുടെ അവസ്ഥയറിഞ്ഞ് ചികിത്സ നൽകുന്ന R.C.C. യിൽ ദിവസേന100 ലധികം പുതിയ രോഗികൾ എത്തുന്നുവെന്ന് R.C.C. യുടെ പബ്ലിക് റിലേഷൻസ് ഓഫീസർ സുരേന്ദ്രൻ ചുനക്കര പറയുന്നു. രോഗിയുടെ സാമ്പത്തിക സ്ഥിതി അടിസ്ഥാനപ്പെടുത്തി പല വിഭാഗങ്ങളായി തിരിച്ചാണ് ഇവിടെ ചികിത്സ നൽകുന്നത്.

**ചികിത്സാരീതി**

കേരളത്തിൽ കാൻസർ രോഗികൾക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല ചികിത്സയാണ് R.C.C. യിലെന്ന് അനുഭവസ്ഥർ. പരിശോധനയിലൂടെ കാൻസറിന്റെ ആഴവും വ്യാപ്തിയും കണ്ടെത്തി വിശദമായ പരിശോധനരോഗികൾക്ക് നൽകുന്നു. സർജറി, കീമോതെറാപ്പി, റേഡിയേഷൻ ചികിത്സ തുടങ്ങിയവയാണ് പ്രധാനമായും നൽകുന്ന കാൻസർ ചികിത്സകൾ.

നിഴൽപോലെ മരണമുണ്ടെങ്കിലും കാൻസർ മാറാവ്യാധിയോ പകർച്ചവ്യാധിയോ അല്ലയെന്ന തെറ്റിദ്ധാരണ ആദ്യം മാറേണ്ടതുണ്ട്. കാൻസർ രോഗികൾക്ക് ആവശ്യം സഹതാപമല്ല. മറിച്ച് സാന്ത്വനവും സ്നേഹവും കരുതലുമാണ്. ഒപ്പം മികച്ച ചികിത്സയും.

പ്രതിവർഷം 12,000 ൽപരം രോഗികൾ ഉൾപ്പെടെ ഒന്നരലക്ഷത്തോളം കാൻസർ രോഗികൾക്കാണ് R.C.C. യിൽ ചികിത്സ നൽകുന്നത്. 50% രോഗികൾക്ക് സൗജന്യ ചികിത്സയും 30 ശതമാനം രോഗികൾക്ക് സൗജന്യ നിരക്കിലുള്ള ചികിത്സയും ഇവിടെ ലഭ്യമാണ്. കാൻസർ രോഗികൾക്കായി ആനുകൂല്യ പദ്ധതികളും RCC യിലുണ്ട്. കാൻസറിന്റെ ഭീമമായ ചിലവുകളിൽനിന്ന് രക്ഷപ്പെടാൻ രോഗികൾക്ക് വലിയൊരു സഹായഹസ്തമാണിത്. 500 രൂപയുടെ പദ്ധതിയിൽ ചേരുന്നവർക്ക് ഭാവിയിൽ രോഗബാധയുണ്ടായാൽ 50,000/- രൂപയുടെ ചികിത്സ വരെ സൗജന്യമായി RCC യിൽ ലഭ്യമാകുമെന്നും RCC PRO സുരേന്ദ്രൻ ചുനക്കര.

**ജീവിതത്തിലേക്ക് ഒരു കാഴ്ച**

ദൈവത്തിന് ഇടയ്ക്കെങ്ങോ സംഭവിച്ച കൈയബദ്ധങ്ങളാണ് RCC യിൽ എത്തിച്ചേരുന്നതെന്ന് സംശയമില്ല. മികച്ച ശുചിത്വം പാലിക്കുന്ന ആശുപത്രിയുടെ പീഡിയാട്രിക് വാർഡിലൂടെയും പാലിയേറ്റീവ് കെയർ വാർഡിലൂടെയും കഴിയുമെങ്കിൽ നിങ്ങളൊന്ന് നടന്നു നോക്കുക. തുടർന്ന് ആശ്വാസത്തോടെ നിങ്ങൾക്ക് ചിരിക്കുവാൻ സാധിക്കുമെങ്കിൽ, സംശയമില്ല, നിങ്ങൾ ജീവിക്കാൻ പഠിച്ച വ്യക്തി തന്നെ.



**Deepak C. Menon**
1st B.Com

# A Blessed Woman



If you have tears to shed;
Give all your woes to her
She will fill them with the blood of her heart
For she is in love with pain!


Collect all the withered petals in your life
And give them to her, my friend
She will wet them with the blood of her heart
And keep them fresh for you!

If you are in darkness
Give all of it to her
And she will give you a beacon of light
To guide you in your thoughts!

Give her the thorns in your path
And she will give you,
All the softness of her heart
To set your feet upon!

വീണ സുധാകരൻ
രണ്ടാം സെമസ്റ്റർ സുവോളജി

# മരിക്കാത്ത ഓർമ്മകൾ



കുളിരൂറുന്ന വെളുപ്പാൻകാലം
നീർമാതളപന്തലിൻ-
ചുവടെ, തനിയെ...
ഒരു മഞ്ഞുതുള്ളി നെറ്റിയിൽ പതിച്ചു
ഞാൻ സ്വപ്നത്തിൽ നിന്നുണർന്നു
ഞാനറിയുന്നു
എന്തെല്ലാം ഓർമ്മകൾ മറികടന്നെന്ന്
പക്ഷെ ഓർമ്മകൾ മാഞ്ഞപ്പോൾ
വീണ്ടും ഞാൻ തനിയെ...
കിനാവുകൾ മഴയായ് പൊഴിയുമ്പോൾ
ഓർമ്മകൾ വീണ്ടും പൂക്കുന്നു.

ശരണ്യ എം.ടി.
ഒന്നാം വർഷ സുവോളജി

# കഥ



നയനമൊരു മുഖത്തിന്റെ കഥപറയും

മുഖമൊരു മനസിന്റെ കഥപറയും

മനസ്സൊരു മനുഷ്യന്റെ കഥപറയും

മനുഷ്യനൊരു ജീവിതത്തിന്റെ കഥപറയും

ജീവിതം മറ്റുള്ളവരുടെ കഥപറയും

കഥ തുടരും അവസാനമില്ലാതെ



# അഥർവം

**അനില എം.**
ഒന്നാം വർഷ ഫംഗ്ഷണൽ ഇംഗ്ലീഷ്

അഥർവം വിലക്കപ്പെട്ട കനിയായി കരുതുന്ന ഒരു പശ്ചാത്തലത്തിൽ ജനിച്ചതിനാലാകണം, അഥർവത്തെക്കുറിച്ചറിയാനുള്ള ആകാംക്ഷ മറ്റുപലരേപോലെ തന്നെ എന്നെയും ലൈബ്രറിയിലെ അഥർവസംഹിതയിൽ എത്തിച്ചു. പുസ്തകം കൈയ്യിലെടുത്ത് വരുന്നത് കണ്ടപ്പോൾ എന്റെ ഒരു പ്രിയമിത്രം ഉപദേശിച്ചു. " മന്ത്രങ്ങൾ ഉറക്കെ വായിക്കേണ്ട, കഷ്ടകാലം നേരത്ത് വല്ലതും ഫലിച്ചാലോ?

വേദത്തിനെനാലായി വിഭജിച്ചിട്ടുണ്ട്. യജ്ഞത്തെ മുൻനിർത്തിയാണിത്. യജ്ഞങ്ങൾക്ക് നാല് ഋത്വിക്കുകളെ ആവശ്യമുണ്ട്

1. ഹോതാവ്
2. അധ്വര്യു
3. ഉദ്ഗാതാവ്
4. ബ്രഹ്മൻ

ദേവകളെ ആഹ്വാനം ചെയ്യുന്ന ഹോതാവിന് ഋഗ്വേദവും, യജ്ഞങ്ങളെ സമ്പാദിക്കുന്ന അധ്വര്യുവിന് യജുർവേദവും ഉച്ചത്തിൽ ഗാനോച്ചാരണം ചെയ്യേണ്ട ഉദ്ഗാതാവിന് സാമവേദവും, യജ്ഞത്തിന്റെ അദ്ധ്യക്ഷപദം സ്വീകരിച്ച് യജ്ഞത്തിന്റെയാകെ നിരീക്ഷണം നടത്തേണ്ട ബ്രഹ്മന് മേൽപറഞ്ഞ ത്രയിയും അവയിൽ പ്രതിപാദിക്കാത്ത പലവിഷയങ്ങളെക്കുറിച്ചും ഒരവലോകനം നൽകുന്ന അഥർവവും

അഥർവവേദത്തിന്റെ ദ്രഷ്ടാവ് അഥർവൻ എന്ന ഋഷിയാണ്. അഥർവ വേദത്തിലെ മന്ത്രങ്ങളധികവും യജ്ഞത്തോടനുബന്ധിച്ചവയല്ല. യജ്ഞത്തിനുണ്ടാവുന്ന വിഘ്നങ്ങൾ നിവാരണം ചെയ്യാനുദ്ദേശിച്ചുള്ളവയാണ്. 5849 മന്ത്രങ്ങളാണ് അഥർവവേദത്തിലുള്ളത്. ഇവയിൽ 1200 ഋക്കുകൾ ഋഗ്വേദത്തിൽ നിന്നെടുത്തവയാണ്. ഈ സംഹിതയിലെ അതായത് മന്ത്രഭാഗത്തിലെ

ആറിലൊരു ഭാഗം ഗദ്യവുമാണ്. അഥർവവേദത്തിന് ഒൻപത് ശാഖകളുള്ളതിൽ രണ്ടെണ്ണംമാത്രമെ കണ്ടുകിട്ടിയിട്ടുള്ളൂ. നാഗരബ്രാഹ്മണർ മാത്രമെ അഥർവം പഠിക്കാറുള്ളൂ.

അഥർവവേദത്തിൽ മുഴുവൻ നീചകർമ്മങ്ങളല്ല മറിച്ച് മനുഷ്യകുലത്തിന്റെ നൻമയ്ക്കായുള്ള പ്രാർത്ഥനകളും അടങ്ങിയിട്ടുണ്ട്.

ഭൗമപരമായ പല ശാസ്ത്രസത്യങ്ങളും തത്വങ്ങളും അഥർവത്തിലുണ്ട്.

ഈ ഭൂമി എല്ലാവർക്കും സ്വന്തമല്ല, മറിച്ച് ഭൂമിക്ക് എല്ലാവരും സ്വന്തമാകുന്നു എന്ന ആശയം പൃഥ്വി സൂക്തത്തിലാണ് വരുന്നത്. ഭൂമിയുടെ മഹത്വം ഇത്രയേറെ കണ്ടറിഞ്ഞ സൂക്തം വേറെയില്ലതന്നെ.

ജൈവസാങ്കേതികതയോട് അഥർവം എന്നും യോജിച്ച സമന്വയങ്ങൾ പുലർത്തിപ്പോരുന്നു. അതുപോലെതന്നെ പ്രകൃതിയിലെ ഇതരപ്രതിഭാസങ്ങളായ സൂര്യൻ, ചന്ദ്രൻ, ഉഷസ്സ്, മനസ്സ്, നക്ഷത്രങ്ങൾ, ഇടിമിന്നലുകൾ ഇവയെക്കുറിച്ചും അതാത് പ്രതിഭാസങ്ങൾക്ക് പിന്നിലെ ദൈവികവും ജൈവികവുമായ വസ്തുതകളെക്കുറിച്ചും അഥർവം എടുത്തുകാട്ടുന്നു. ഭൂമിയിലും ആകാശത്തിലും ജലത്തിലും ഔഷധത്തിലും വനസ്പതികളിലും ഈ ജഗത്തിലെല്ലായിടത്തും ശാന്തി തന്നെ പുലരട്ടെ എന്നും സൂര്യനും അഗ്നിയും ജലവും മനുഷ്യന് ശാന്തിദായകങ്ങളായ അവസ്ഥകളും പോഷകയുക്തങ്ങളായ വസ്തുതകളും എല്ലായ്പ്പോഴും കരഗതമാകട്ടെയെന്നും ആശംസിക്കുന്നു.

ഒരു വലിയ ശാസ്ത്ര സത്യത്തെതന്നെ വേദം വെളിവാക്കുന്നു.

"അത്രാഹഗോരമന്വത
നാമത്വഷ്ടൂരപീച്യം
ഇത്ഥാ ഇന്ദ്രമസോ ശൃഹേ."

(ചന്ദ്രമണ്ഡലമാകുന്ന ഗ്രഹത്തിൽ സൂര്യരൂപമാകുന്ന ഗ്രഹത്തിൽ സൂര്യരൂപമാകുന്ന ഇന്ദ്രൻതന്നെ രശ്മി രൂപത്തിൽ വിരാജിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ചയുടെ കേവലം നാനൂറ് വർഷങ്ങളായീട്ടേ ഈ സത്യം വെളിവാക്കിയിട്ടുള്ളൂ. പക്ഷേ വേദ ഋഷി എത്രയോ യുഗങ്ങൾക്കുമുമ്പേ ഈ സത്യം വേദത്തിലൂടെ പറഞ്ഞിരിക്കുന്നു)

അഥർവ ബ്രഹ്മൻ ചികിത്സയെ നാലായി തിരിക്കുന്നു.

1. അഥർവണി - യോഗികളും, തപോനിഷ്ഠരുമായ ദിവ്യന്മാർ ഔഷധമില്ലാതെ രോഗത്തെ മാറ്റുന്ന ചികിത്സ
2. ആംഗിരസി - ഹോർമോൺ ചികിത്സ
3. ദൈവി - പഞ്ചഭൂതോപാസന
4. മനുഷ്യജാ - ഔഷധങ്ങൾ, നിർണ്ണയം, അഥർവണി ഇന്ന് ഏറെ പ്രചുര പ്രചാരം നേടിയതാണ്. റെയ്ക്കി, പ്രാണിക് ഹീലിംഗ്, ഹിപ്നോതെറാപ്പി, ലോഗോതെറാപ്പി, മനഃശാസ്ത്രവിശകലനം (Psychoanalysis) പാസ്സിംഗ് മുതലായവ അഥർവവേദാന്തർഗതമായ രോഗശമനരീതികളാകുന്നു.

എട്ടുചക്രങ്ങളും ഒമ്പത് ദ്വാരങ്ങളും കൂടിയതാണ് മനുഷ്യശരീരമെന്ന് വേദം. രോഗനിവാരണത്തിന് മനസ്സിന്റെ ശാന്തതയ്ക്ക് വലിയ പ്രാധാന്യം കൽപിച്ചവരായിരുന്നു അഥർവണീയ ചികിത്സാകാരന്മാർ.

" ശരീരം സത്യസംജ്ഞത
വ്യാധീനാമായോ മതഃ "

" ത ഏതേ മനഃ ശരീരാ f ധിഷ്ഠാനാ ഃ
എന്ന് സുശ്രുതനും

ഒരേ സമയം ശരീര-മനോവ്യാപാരങ്ങളുടെ ആശ്രിതത്വത്തെക്കുറിച്ച് പറയുന്നുണ്ട്. ആയുർവേദം ഋഗ്വേദത്തിന്റെ ഉപവേദമാണെങ്കിലും അഥർവത്തിൽ ആയുർവേദസംബന്ധിയായ മന്ത്രങ്ങൾ ധാരാളം അടങ്ങിയിരിക്കുന്നു എന്നാൽ അഥർവവേദത്തിന്റെ ഉപവേദം സ്ഥാപത്യ ( technology) മാകുന്നു.

ഔഷധനിർമ്മാണം, ഔഷധനിർണ്ണയം യന്ത്രജ്ഞൻ, വാസ്തുപശില്പി, ജ്യോതിശ്ശാസ്ത്രജ്ഞൻ(astronomy) എന്നീ നിലകളിലും അഥർവൻ പ്രയോഗകർത്താവാണ്. അഥർവൻ നിർണ്ണയിക്കുന്ന ചില പ്രാചീനഔഷധങ്ങളാണ്.

1. ദശവൃക്ഷ - അലർജിക്ക്
2. പ്രാശം - ധാതുക്ഷയത്തിന്
3. പിപ്പലി - പനിക്ക്, നീർവീഴ്ചയ്ക്ക്
4. പൃശ്നിപർണ്ണാ - യോനിസംബന്ധമായത്
5. രോഹിണി - ഒടിഞ്ഞ എല്ലുകൾ കൂടിച്ചേർക്കുന്നത്
6. ലാക്ഷാ - ത്വക്‌രോഗത്തിന്, ആന്റിസെപ്റ്റിക്
7. സഹസ്രചക്ഷു - ആയിരം ഇലകൊണ്ട് തയ്യാറാക്കുന്ന ഉത്തമ ഔഷധം

ഇവയുടെ സംയോഗ പ്രയോഗ സൂത്രങ്ങളാണ് ആയൂർവേദത്തിലുള്ളത്. ആയൂർവേദത്തെ എട്ടു അംഗങ്ങളായി വിഭജിച്ചത് ധന്വന്തരിയാണ്.

ഒരു കാര്യം നാം തിരിച്ചറിയേണ്ടത് വേദോപനിഷത്തുകളിൽ ആചാര്യന്മാർ യാതൊരു യന്ത്രത്തിന്റെയും സഹായം കൂടാതെ അഗാധമായ ജ്ഞാനം കൊണ്ടും തപസ്സുകൊണ്ടും കണ്ടുപിടിച്ചു വിവരിച്ചിട്ടുള്ള പ്രകൃതിതത്വങ്ങൾ തന്നെയാണ് പിന്നീടുള്ള ശാസ്ത്രജ്ഞന്മാർ ഇന്ന് യന്ത്രോപകരണങ്ങളുടെ സഹായത്തോടെ കണ്ടുപിടിച്ച് വിവരിക്കുന്നത്.

**Sarika T.C.**
1st Functional English

# Being your mother



The subtle breathing of my baby
And the sweet smiling in her nap
The way she lay being so cozy
My finger amidst hers so teeny on my lap

This was for which I waited,
Counting the days tantamount to years
Her papa's fingers feeling her grow in my belly
Hours at a time, bringing in my eyes, joy filled tears.

For what could I wish more?
I'm a creator of an image
Which is godly, elegant and perfectly pure
In which the life and beauty of the whole universe merge.

A peaceful warmth could I feel in my veins
Spreading from that soft, pinkish palm
As if I'll never in my life know any pains
And be always this much blissful, secure and calm

# Being Mother



Many a moments to cherish do I owe to you
And keep them as souvenir in my soul
Right from the first, when I knew your presence in me was true
And blushed to tell him about it all

The months we spent adorning the cradle
Learning lullabies and selecting dolls and toys
Was for this time, when we achieve you, to fondle
Can see you toddle and hear your baby voice

May the zephyr be your companion
Let the sun and stars guard you
May you have both courage and passion
To survey nature's banes and boons with eyes deep blue

You my infant have done on me wonders
And made me recollect, I too once was a child
I now regret committing ungrateful blunders
To, my parents, towards which, they showed eyes-blind

My view of the world has become quite anew
I've learned to imagine hope and dream
I now can experience something, about which only mothers knew
You child are my teacher and now the beaconing beam.

**The Chalakudy**
**Service Co-operative Bank** Ltd., No. R 192
H.O. Chalakudy - 680 307

ചാലക്കുടിയുടെ ബാങ്ക് .......... ചാലക്കുടിക്കാരുടെ ബാങ്ക്

H.O. ചാലക്കുടി
0480 - 2701266, 2704968

Br.പോട്ട
0480 - 2704655

ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് Ltd. No. R 192

വി.എൽ. ജോൺസൺ
പ്രസിഡണ്ട്

എം. പി. ശ്രീനിവാസൻ
സെക്രട്ടറി

# ആദിതാളം



**ജിസ്സിമോൾ കെ.ബി.**
രണ്ടാം വർഷ രസതന്ത്രം



ജീവന്റെ ആദിതാളം തേടിയുള്ള യാത്രയായിരുന്നു ഇതുവരെ. പക്ഷെ കണ്ടെത്തിയില്ല. എന്തുകൊണ്ടാണ് അത് കണ്ടെത്താൻ കഴിയാഞ്ഞത്? അങ്ങനെയൊന്നുണ്ടോ? ഈ താളവും ഒരുപക്ഷേ സംഗീതത്തിൽ ലയിച്ചിരിക്കാം. സംഗീതത്തിന്റെ ശ്രുതിയും ഈ താളവും തമ്മിൽ എന്തോ ഒരു ബന്ധമുണ്ട്. അതും കണ്ടെത്തണമെന്നുണ്ടായിരുന്നു. എന്നാൽ ഒന്നിനും സാധിച്ചില്ല.

സംഗീതത്തിന്റെ സരിഗമപധനിസ അറിയാത്ത താനെങ്ങനെ ആദിതാളം കണ്ടെത്തും എന്നായിരുന്നു പലരുടെയും ചോദ്യം. സംഗീതമെന്തെന്നറിയാത്ത താൻ അതൊന്നുകൂടി ആലോചിക്കേണ്ടിയിരിക്കുന്നു എന്നും തോന്നിപ്പോയ നിമിഷങ്ങളുണ്ട്. അപ്പോഴെല്ലാം മനസ്സിൽനിന്നുതന്നെ ഉത്തരവും വന്നു. അറിവില്ലാത്ത വിഷയത്തെപ്പറ്റി അറിയാനാണ് ശ്രമിക്കേണ്ടത്. അറിയില്ല എന്നു പറഞ്ഞു മാറിയിരുന്നാൽ ഒന്നും നടക്കില്ല.

പല ലോകവും ചുറ്റി. പലരേയും കണ്ടു. എന്നാൽ ഒന്നും ഫലവത്തായില്ല. ആദ്യം ഞാൻ സന്ദർശിച്ചത് ഒരു ബുദ്ധയോഗിയെയാണ്. അദ്ദേഹം ചോദിച്ചത് ഈശ്വരനെന്താണെന്നാണ്? ആദ്യം അതു പഠിക്കാൻ പറഞ്ഞു. എങ്ങനെയെന്ന് അറിയില്ലെന്ന് പറഞ്ഞപ്പോൾ അദ്ദേഹം എന്നോട് മടങ്ങിക്കൊള്ളാൻ പറഞ്ഞു. അങ്ങനെഅവിടെ നിന്നും തിരിച്ചു.

ഈശ്വരൻ സാധാരണ ക്ഷേത്രങ്ങളിലും പള്ളികളിലും കുടികൊള്ളുന്നുവെന്ന വിശ്വാസമായിരുന്നു ആദ്യം എനിക്കുണ്ടായിരുന്നത്. അതുകൊണ്ട് ഞാനൊരു തീർത്ഥയാത്ര നടത്തി. ആ യാത്രയിൽ പല യോഗീശ്വരന്മാരെ കണ്ടു. അവരുമായുള്ള സംസാരസമ്പർക്കത്തിൽനിന്നും കുറേയേറെ പഠിച്ചു. എങ്കിലും ഈശ്വരൻ എന്നതിന് ഒരു നിർവ്വചനം എനിക്കു കണ്ടെത്താനായില്ല. പക്ഷേ ഒരിക്കലും എന്റെ ലക്ഷ്യം അതായി

രുന്നില്ല. ആദിതാളം അതു മാത്രമായിരുന്നു മനസ്സുമുഴുവൻ. പോയിടത്തെല്ലാം അതിനായി തിരഞ്ഞു. കിട്ടിയില്ല. അന്വേഷിച്ചതെല്ലാം അതിനെക്കുറിച്ചായിരുന്നു. പക്ഷേ കണ്ടെത്തിയില്ല. ജീവിതം പിന്നെയും വിരസമായി തോന്നി.

ആ വിരസതയിലും മനസ്സിലെ ലക്ഷ്യം ഉണർന്നു തന്നെ കിടപ്പുണ്ടായിരുന്നു. അതിനാൽ ശരീരവും ഉണർന്നു പ്രവർത്തിക്കേണ്ടിയിരുന്നു. ശരിയായ യാത്ര ഇത്രനാളായും തുടങ്ങിയില്ല എന്നു തോന്നി.

വീണ്ടും പഴയ യാത്ര - മുമ്പത്തേതിനേക്കാളും ശക്തമായി ആ ആഗ്രഹം മനസ്സിലുണ്ടായിരുന്നു. അതിനാൽ കൂടുതൽ ഗഹനമായ യാത്രയ്ക്കൊരുങ്ങി. ഗഹനമായ പഠനങ്ങളും ചർച്ചകളും. ഇടയിൽ ഒരു ദിവസം കൃഷ്ണനെകാണുവാനായി ഗുരുവായൂരെത്തി. അവിടെവെച്ച് ഒരു പഴയ സ്നേഹിതനെകണ്ടു. സുഹൃത്തിന്റെ ഭാര്യയും ഒരുവയസ്സായ മകളുമുണ്ടായിരുന്നു കൂടെ. അവരുടെ കല്ല്യാണത്തിനു കണ്ടശേഷം ഇന്നാണ് പിന്നെ കാണുന്നത്. ഭാര്യയുടെ കയ്യിലുണ്ടായിരുന്ന കുഞ്ഞ് അമ്മേ അമ്മേ എന്നു വിളിച്ച് കരയുകയായിരുന്നു. ആ കരച്ചിൽ കേട്ടപ്പോൾ എന്തോ എന്റെ മനസ്സിൽ കൊത്തിവലിച്ചു. എന്താണെന്നറിയില്ല. ഒരസ്വസ്ഥത.

അങ്ങനെ ഞങ്ങൾ തൊഴുതു മടങ്ങി. സുഹൃത്തിന്റെ ക്ഷണപ്രകാരം കാപ്പി കുടിക്കാനായി ഒരു ഹോട്ടലിൽ കയറി.

അപ്പോഴും കുഞ്ഞ് കരയുന്നുണ്ടായിരുന്നു. അതിന്റെ അമ്മേയെന്നുള്ള വിളി എന്റെ മനസ്സിനൊരു ഭാരമായിത്തീർന്നു. എന്താണ് അങ്ങനെസംഭവിക്കുന്നത് എന്നെനിക്ക് മനസ്സിലായില്ല.


കുറച്ചുനേരം സംസാരിച്ചിരുന്നതിനുശേഷം ഞങ്ങൾ പിരിഞ്ഞു.

പിരിഞ്ഞതിനുശേഷവും ആ കുഞ്ഞിന്റെ കരച്ചിൽ എന്റെ മനസ്സിനെവല്ലാതെ പിടിച്ചുലച്ചു. അപ്പോൾ തുടങ്ങിയതാണ് ഈ മനോവേദന. ഗുരുവായൂർ വിടുന്നതിനുമുമ്പ് കുറേ സന്യാസിമാർ അമ്പലത്തിലേക്ക് പോകുന്നതു കണ്ടു. അവർ തൊഴുതിറങ്ങി വരുന്നതും കാത്ത് ഞാൻ അവിടെത്തന്നെ നിന്നു. ഒരു ഒന്നരമണിക്കൂർ കഴിഞ്ഞപ്പോൾ അവർ തിരിച്ചിറങ്ങി. അവരെ തടഞ്ഞുനിർത്തിക്കൊണ്ട് ഞാൻ എന്റെ ആവശ്യം ഉന്നയിച്ചു. അവർക്കിടയിൽ നേതാവെന്നു തോന്നിയ ഒരാൾ എന്നോടു പറഞ്ഞു: "ഉത്തരവും നിന്റെയുള്ളിൽത്തന്നെയുണ്ട്. സമാധാനമായി വീട്ടിൽ ചെന്നിരുന്ന് ആലോചിക്കൂ. പക്ഷേ ആ മറുപടി എനിക്കു തൃപ്തിയായില്ല. ഞാൻ എന്റെ അന്വേഷണം ആരാഞ്ഞു. അദ്ദേഹം ചോദിച്ചു: "യഥാർത്ഥ ഈശ്വരൻ ആരാണെന്നറിയാമോ" ഇല്ലെന്ന് ഞാൻ തലയാട്ടി. അദ്ദേഹം പറഞ്ഞു: "യഥാർത്ഥ ദൈവത്തെ നീ ഇതുവരെയും കണ്ടെത്തിയില്ല. അതാണ് നിനക്കു പറ്റിയ കുഴപ്പം. വീട്ടിൽ ചെന്ന് സമാധാനമായി ആലോചിക്കൂ. നിന്റെ അന്വേഷണത്തിൽ നിനക്കു അപ്പോൾ ഫലം ലഭിക്കും." അവർ അവിടെനിന്നും മറഞ്ഞു. ആ വഴിവക്കിൽ ഞാൻ കുറെനേരം നിന്നു എന്തിനെന്നറിയാതെ. പിന്നെ തീരുമാനിച്ചു വീട്ടിലേക്ക് പോകാമെന്ന്. അങ്ങനെഉച്ചയ്ക്ക് വീട്ടിലെത്തി. മുറ്റത്ത് ആരെയും കണ്ടില്ല. അകത്ത് അടുക്കളയിൽ അമ്മയിരുപ്പുണ്ടായിരുന്നു. മൂന്നാലുമാസമായി എല്ലാവരേയും കണ്ടിട്ടും എല്ലാവരും കണ്ടിട്ടും കണ്ടവഴിക്ക് അമ്മയുടെ പൊട്ടിക്കരച്ചിലും പരിഭവം പറച്ചിലും. ചേടത്തി അവിടെയുണ്ടായിരുന്നു. ചേട്ടൻ എന്തോ അത്യാവശ്യകാര്യത്തിനായി പുറത്തുപോയിരിക്കുകയായിരുന്നു. അച്ഛൻ പറമ്പിലും ഞാൻ കുളികഴിഞ്ഞ് വേഷം മാറി വന്നപ്പോഴേക്കും അച്ഛനും എത്തി. ഒന്നുരണ്ട് വിശേഷം പറച്ചിലിനുശേഷം ഞാനെന്റെ മുറിയിൽ ചെന്നിരുന്നാലോചനതുടങ്ങി. പെട്ടെന്ന് അമ്മേ അമ്മേ എന്നുള്ള വിളി ഞാൻ വീണ്ടും കേട്ടു. അമ്പലത്തിൽവെച്ചു കേട്ട അതേ വിളി. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി ചേട്ടന്റെ 2 വയസ്സുള്ള പുത്രി ഉച്ചയുറക്കത്തിൽ കരയുന്നതാണെന്ന്. ചേട്ടത്തി അവളെ ആശ്വസിപ്പിക്കുന്ന ശബ്ദവും കേട്ടു. ആ മനോഭാരം വീണ്ടും വന്നു. ആ സമയത്ത് അമ്മ മുറിയിലേക്ക് വന്നു. എന്നിട്ടു ചോദിച്ചു ഊണാണോ ചായയാണോ ഇപ്പോൾ വേണ്ടത്. ആ ശബ്ദം മുമ്പത്തേതിനേക്കാൾ ശക്തമായതുപോലെ തോന്നി. എന്റെ മനോഭാരം കുറഞ്ഞുവരുന്നതായും അനുഭവപ്പെട്ടു. ഞാൻ അമ്മയെ തന്നെ കുറെനേരം നോക്കിയിരുന്നു. എന്റെ അന്വേഷണം അതിന്റെ അന്തിമഘട്ടത്തിലേക്ക് അടുക്കുകയായിരുന്നു. പെട്ടെന്ന് ഒരു ഉൾവിളിപോലെയെനിക്കു തോന്നി. മാതാവും പിതാവുമല്ലെ യഥാർത്ഥ ഈശ്വരൻ. അതെ. അമ്മേ എന്നുള്ള വിളിയല്ലേ ജീവന്റെ ആദിതാളം. അതെ. ആ വിളിയിലല്ലേ ജീവനും ആത്മാവും ജീവിതവും കിടക്കുന്നത്. അതെ. പെട്ടെന്ന് ഞാൻ ചാടിയെണീറ്റു. അമ്മ ഞെട്ടിപ്പോയി. "എനിക്കിനി ഒന്നും വേണ്ട."



**Jesna K.A.**
2nd B.Com

# No Answer




The entery of my heart trembles in my ears.
The overlight of memories shroud my eyes.
The fragrance of rememberence breaches my nose.
The unspoken words twitter under my tongue.
All if happens
but once again never!
Today is the night of dreams
Where I fly are the spheres of normality
Chances none... of shouldn't be!
Is my aims night artplay my dream soon
Is realise my aim & trust in them
But of line in my dream but those are worthless
As it trusts like a honourable
So breathful, so lovely
But no breath, me life
Why it happens?
I thought and thought
Answers none though! Deep in the silence
Heard the beats of my heart
I land my ears
Waiting for a reply
Yet again my heart just skid away
putting me in trouble again.
Like a riddle without an answer for ears
but I realised
'No man's without a heart'
No lifes without dreams'



അനു
ഒന്നാം വർഷ ഫിസിക്സ്

# മരണത്തിന്റെ ബ്രാന്റ്



അയാളുടെ ജീവിതം ആർഭാടപൂർണ്ണമായിരുന്നു.
പീറ്റർ ഇംഗ്ലണ്ടിന്റെ വസ്ത്രങ്ങൾ.
റീബോക്കിന്റെ ഷൂസ്.
റേസോയുടെ വാച്ച്.

എന്നിട്ടുമെന്തേ,
റോഡരികിൽ വണ്ടിയിടിച്ചു മരിച്ചുകിടക്കുന്ന അയാളിൽ നിന്നും
എല്ലാവരും അറപ്പോടെ മുഖം വെട്ടിച്ചു കളയുന്നത്?



ഈ യാത്ര തീരുന്നത് ഇവിടെയാണ്.
പിൻതിരിഞ്ഞു നോക്കാൻ ഭയം തോന്നുന്നു,
തിരിച്ചറിയാതെ പോയ
അമ്മയുടെ കരുതൽ പിന്നിട്ട വഴിയിൽ
ഇപ്പോഴുമുണ്ടെന്ന വിശ്വാസത്തിൽ
എന്റെ ശ്വാസം നിന്നുകൊള്ളട്ടെ.
എന്നെ നയിച്ച കാറ്റിനോടെനിക്കു പരാതിയില്ല,
ആരെയും ആശ്രയിച്ചില്ലെന്ന
എന്റെ മിഥ്യയെ തകർത്തവനാണു നീ.
പക്വതയുടെ വെറും മുഖംമൂടിയായിരുന്നു.
എന്റെ നരച്ച താടിയെന്നെന്നെ
ഓർമ്മിപ്പിച്ചവനാണു നീ.
ഇത്രകാലം ഏതെല്ലാമോ വഴികളിലൂടെ
അലക്ഷ്യമായി എത്ര കാഴ്ചകൾ.
അർത്ഥമില്ലാത്ത നിറങ്ങൾ തീർത്ത ചിത്രങ്ങൾ.
പല ശബ്ദങ്ങൾ.
ഓരോന്നും നിശ്ശബ്ദതയൽ ഒടുങ്ങുമ്പോഴും
പക്ഷേ ഒരു ചോദ്യം വീണ്ടും വീണ്ടും
മുഴങ്ങിക്കേൾക്കുന്നു.
ഈ കണ്ടതെല്ലാം ഇതുവരെ കേട്ടതും
അറിഞ്ഞതുമെല്ലാം ഇതെന്തൂട്ടായിരുന്നു...
ദെന്തൂട്ടായിരുന്നു.



ഇത് സാക്ഷാത്ക്കാരമാണ്,

മനസ്സിൽ, സർഗ്ഗാത്മകത നാമ്പിട്ടു തുടങ്ങിയ

കാലത്തോളം പഴക്കമുള്ള

സ്വപ്നത്തിന്റെ സാക്ഷാത്ക്കാരം...

നന്ദി...

നമ്മുടെ തെക്കനച്ചന്, അനിലച്ചന്,

തങ്കച്ചൻ സാറിന്, അരവിന്ദ സാറിന്

സഹായഹസ്തങ്ങൾ നീട്ടിയ മറ്റദ്ധ്യാപകർക്ക്...

അക്കൗണ്ടന്റ് ഡേവിസേട്ടന്, ആന്റോച്ചേട്ടന്,

ഓഫീസിലെ എല്ലാ ജീവനക്കാർക്ക്,

സുവോളജി റിസർച്ച് ലാബിലെ മോൻസിയേട്ടന്...

ക്യാമ്പസിനപ്പുറം എന്നും കൂടെയുണ്ടായിരുന്ന

ഷോൺ ചേട്ടന്, അജോ ചേട്ടന്, റാമേട്ടന്,

ഷിനി ചേട്ടന്, നവാസിക്കയ്ക്ക്, സക്കീർ മാഷിന്,

ശരത്തിന്റെ പാപ്പന്, ദിലീപ് സാറിന്,

ശ്രീമതി റിനിതാ രാജിന്, റീലി മിസ്സിന്...

പരസ്യം തന്ന് സഹായിച്ച

സ്ഥാപനങ്ങൾക്ക്, വ്യക്തികൾക്ക്...

മാഗസ്സിന് ഊടും പാവും നെയ്ത സോജുവേട്ടന്,

അനൂപേട്ടന്, ശരത്തേട്ടന്...

വെല്ലുവിളികളിൽ നെഞ്ചോടു

ചേർന്നുനിന്ന കൂട്ടുകാർക്ക്...


സർവ്വോപരി

തളർച്ചകളിൽ ഫിനിക്സ് പക്ഷിയെപ്പോലെ

പറന്നുയരാൻ കരുത്ത് നൽകിയ

സർവ്വശക്തനായ ഈശ്വരന്...

# നന്ദി...



# Editorial Board


Prof. A.J. Thankachan
Staff Editor


Mahesh R.
Student Editor


Dr. B.P. Aravinda
Staff Editor


Vivek E.C.
Sub Editor


Ajith Johnson
Sub Editor


Nevin Jose Antony
Sub Editor


Shruthi K.S.
Sub Editor

# Advertisement Committee


Prince Pereira


Tony Tom


Sarath


Mohamed Kifil


Babito Thomas


Prasanth


Justin Jose


Robin Alby


Kiran P.G.